KOTTAYAM PUBLIC LIBRARY

Call No. 320.532 Acc. No. 11135

Author ഷോച്ചി, ലിയു

Title എങ്ങനെ നല്ല കമ്മ്യൂണിസ്റ്റാ

൧൧൨

# എങ്ങനെ നല്ല കമ്മ്യൂണിസ്റ്റാകാം

ഷി ട്ടൂതിയത്ത്

ല്യൂഷാവോചി

# എങ്ങനെ

# നല്ല കമ്മ്യൂണിസ്റ്റാകാം?

★

ഗ്രന്ഥകർത്താ:

ല്യൂഷാ വോച്ചി

★

പ്രസാധകന്മാർ:

പ്രഭാതം പ്രിൻററിങ്ങ് &
പബ്ലിഷിങ്ങ് കമ്പനി (പ്രൈവററ്) ലിമിററഡ്
കോഴിക്കോട്ട്.

വില 1ക. 25 ന.പ.

KOTTAYAM
NATIONAL BOOK STALL
SPCS LTD.

| | | |
|---|---|---|
| ...ാംപതിപ്പ് | 1000 | 1952 നവംബർ |
| രണ്ടാംപതിപ്പ് | 2000 | 1953 ഫെബ്രുവരി |
| മൂന്നാംപതിപ്പ് | 3000 | 1954 മേയ് |
| നാലാംപതിപ്പ് | 1000 | 1959 മേയ് |


320.532


ആവശ്യപ്പെടുക:

**പ്രഭാത് ബുക്ക്ഹൗസ്,**

എറണാകുളം, തിരുവനന്തപുരം, ആലപ്പുഴ, കൊല്ലം,

കോഴിക്കോട്, കണ്ണൂർ.

സരസ്വതി പ്രസ്സ്, കോഴിക്കോട്—1.

# ഗ്രന്ഥകർത്താവിനെപ്പററി

ലിയൂഷാവോ-ചി, ചൈനീസ് ജനാധിപത്യറിപ്പബ്ളിക്കിലെ കേന്ദ്രജനകീയഗവണ്മെൻറിൻെറ വൈസ്-ചെയർമാനും, ചൈനയിലെ കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ കേന്ദ്രകമ്മിററി സിക്രട്ടരിയേററിലെ ഒരു മെമ്പറും, ചൈനീസ്വിപ്ലവപ്രസ്ഥാനത്തിൻേറയും ട്രെയിഡ്യൂണിയൻ പ്രസ്ഥാനത്തിൻേറയും നേതാക്കളിൽ ഒരാളുമാണ്.

ലിയൂഷാവോ-ചി ഹ്യൂനാൻപ്രവിശ്യയിൽ നിങ്ങ്സിങ് ജില്ലയിൽ 1898-ൽ ജനിച്ചു. 1920-ൽ അദ്ദേഹം ചൈനയിലെ സോഷ്യലിസ്റ്റ് യൂത്ത്ലീഗിൽ (ചൈനീസ് കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ മുൻഗാമി) ചേർന്നു. ആ വർഷത്തിൽത്തന്നെയാണ് ആ സംഘടന സ്ഥാപിതമായതു്. 1921-ൽ ചൈനീസ് കമ്മ്യൂണിസ്റ്റ്പാർട്ടി സ്ഥാപിതമാവുകയും, അതേവർഷംതന്നെ ലിയൂഷാവോ-ചി പാർട്ടിയിൽചേരുകയും ചെയ്തു. 1922-ലെ വസന്തകാലത്തു് ഇന്നത്തെ "അഖില ചൈനാ ലേബർഫെഡറേഷൻെറ" മുൻഗാമിയായ "ചൈനീസ് ലേബർസംഘടന" സിക്രട്ടരിയേററിലേക്ക് അദ്ദേഹം നിയമിതനായി.

അക്കാലം മുതല്ക്കു് 1927-ലെ വിപ്ലവത്തിൻെറ പരാജയംവരെ ലിയൂഷാവോ-ചി ചൈനയിലെ വിപ്ലവപരമായ ട്രേഡ്യൂണിയൻ പ്രസ്ഥാനത്തെ നയിച്ചു.

1927-ലെ വിപ്ലവത്തിൻെറ പരാജയത്തിനുശേഷം ലിയൂഷാവോ-ചി ഒളിവിൽപോകയും അവിടെനിന്നു് ട്രേഡ്യൂണിയൻപ്രസ്ഥാനത്തെ നയിക്കുകയും ചെയ്തു, 1932-ലെ ശരൽകാലത്തു്, അദ്ദേഹം,കിയാങ്സിലെ വിപ്ലവതാവളത്തി

ലേക്കപോയി, വിമോചിതപ്രദേശങ്ങളിലെ തൊഴിലാളപ്രസ്ഥാനത്തിൻെറ ചുമതല ഏററെടുത്തു,

1932-42 വരെ ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേന്ദ്രകമ്മററിയുടെ വടക്കൻബ്യൂറോ-യുടേയും, മദ്ധ്യസമതല ബ്യൂറോ-യുടേയും മദ്ധ്യചൈനാബ്യൂറോ-യുടേയും സെക്രട്ടറിയെന്ന നിലയിൽ അദ്ദേഹം തുടച്ചയായി സേവനമനുഷ്ഠിച്ചു.

1932-മുതൽക്കു്, ലിയൂഷാവോ-ചി ചൈനീസ് കമ്യൂണിസ്റ്റുപാർട്ടിയുടെ കേന്ദ്രക്കമ്മിററിയുടെ പൊളിററിക്കൽ ബ്യൂറോയിലെ മെമ്പറായിരുന്നിട്ടുണ്ടു്. 1943-മുതൽക്കു്, അദ്ദേഹം ചൈനീസ് കമ്മ്യൂണിസ്റ്റുപാർട്ടിയുടെ കേന്ദ്രക്കമ്മിററി സിക്രട്ടറിയേററിലെ മെമ്പറും 'ചൈനീസ് ജനകീയവിപ്ലവ സൈനികകൗൺസിലിൻെറ' വൈസ്-ചെയർമാനുമാണു്,

1949-ഒക്ടോബർ ഒന്നാംതീയതി ചൈനീസ് ജനകീയ റിപ്പബ്ളിക് സ്ഥാപിക്കപ്പെട്ടപ്പോൾ, ലിയൂഷാവോ-ചി കേന്ദ്രജനകീയഗവണ്മെൻറിൻെറ വൈസ്-ചെയർമാനായും 1959-ൽ ചെയർമാനായും തിരഞ്ഞെടുക്കപ്പെട്ടു.

'എങ്ങനെ നല്ല കമ്മ്യൂണിസ്റ്റാകാം?' എന്ന ഗ്രന്ഥം കൂടാതെ 'പാർട്ടിയ്ക്കുള്ളിലെ സമരങ്ങളെപ്പററി,' 'സാർവ്വദേശീയ വാദവും ദേശീയവാദവും' പാർട്ടിയെപററി * എന്നീ ഗ്രന്ഥങ്ങളും സുപ്രധാനങ്ങളായ മററു പല ലേഖനങ്ങളും അദ്ദേഹം നിർമ്മിച്ചിട്ടുണ്ടു്.

---

*ഈ പുസ്തകങ്ങളെല്ലാം മലയാളത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ടു്. (പ്രസാധകന്മാർ)

# എങ്ങനെ നല്ല കമ്മ്യൂണിസ്റ്റാകാം?

## അദ്ധ്യായം ഒന്നു്

## മുഖവുര

സഖാക്കളേ! ഞാൻ നിങ്ങളോടു മാപ്പുചോദിച്ചുകൊള്ളട്ടെ. നിങ്ങൾക്കു് ഒരു ക്ലാസ്സുതരണമെന്നു നിങ്ങൾ എന്നോടാവശ്യപ്പെട്ടിട്ടു് നാളുകൾ പലതുകഴിഞ്ഞു. പക്ഷേ ഇന്നുമാത്രമേ എനിക്കു വന്നുചേരുവാൻ സാധിച്ചുള്ളു. ഇന്നു ഞാൻ സംസാരിക്കുവാൻപോകുന്ന സംഗതി കമ്യൂണിസ്റ്റ് പാർട്ടിമെമ്പറന്മാരുടെ വിദ്യാഭ്യാസമാണു്. പാർട്ടിയെ ശക്തിപ്പെടുത്തുകയും ഉറപ്പിക്കുകയും ചെയ്യുകയെന്ന അടിസ്ഥാനപരമായ കടമ നമ്മെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിൽ ഈ സംഗതിയെക്കുറിച്ചു സംസാരിക്കുന്നതു് വിഫലമാകാനിടയില്ലെന്നു ഞാൻ കരുതുന്നു. ഞാൻ പ്രതിപാദിക്കാൻപോകുന്ന വിഷയത്തെ പല ഭാഗങ്ങളായി വിഭജിക്കുവാനാഗ്രഹിക്കുന്നു. അതുകൊണ്ടു് അവയിൽ ഒരു ഭാഗത്തെപ്പററി മാത്രമാണ് ഞാനിന്നു സംസാരിക്കുന്നതു്. മററു ഭാഗങ്ങൾ അടുത്തപ്രാവശ്യം പറഞ്ഞുകൊള്ളാം. ചെറുപ്പക്കാരായ പുതിയ സഖാക്കൾക്കു ഞാൻ പ്രതിപാദിക്കുന്ന കാര്യങ്ങൾ വ്യക്തമാകണമെങ്കിൽ ചില പ്രത്യേക സംഗതികളെക്കുറിച്ചു് ആവശ്യമായ വിശദീകരണങ്ങളും ഉദാഹരണങ്ങളും നൽകേണ്ടിയിരിക്കുന്നു. അതുകൊണ്ടു്, എൻെറ പ്രഭാഷണം വളരെ സംക്ഷിപ്തമാക്കാൻ സാദ്ധ്യമല്ല. പ്രാരംഭത്തിൽതന്നെ ഈയൊരു സംഗതി വ്യക്തമാക്കിക്കൊള്ളട്ടെ.

## കമ്യൂണിസ്റ്റ് പാർട്ടിമെമ്പറന്മാർ എന്തിന്ന സ്വയം വിദ്യാഭ്യാസം നടത്തണം?

സഖാക്കളേ! കമ്യൂണിസ്റ്റ് പാർട്ടിയിലെ മെമ്പറന്മാർ എന്തിന്ന് ആശയപരമായും സാംസ്കാരികമായും മററും സ്വയം വിദ്യാഭ്യാസം നടത്തണം?

മനുഷ്യൻ ലോകത്താവിർഭവിച്ചതു മുതല്ക്കുതന്നെ, ജീവിക്കുന്നതിന്നുവേണ്ടി, അവൻെറ ജീവിതത്തിന്ന് ആവശ്യമായ ഉപയോഗസാധനങ്ങൾ ഉല്പാദിപ്പിക്കുവാൻവേണ്ടി, അവന്ന പ്രകൃതിയോടെതിരിട്ട സമരം ചെയ്യേണ്ടിവന്നിട്ടുണ്ട്.

"എങ്ങിനെയായാലും, ജീവിക്കുവാനാവശ്യമായ സാധനങ്ങൾ ഉല്പാദിപ്പിക്കുവാൻവേണ്ടി മനുഷ്യർ പ്രകൃതിയോടേററുമുട്ടി സമരംചെയ്യുകയും പ്രകൃതിയെ തങ്ങൾക്കനുകൂലമായി ഉപയോഗപ്പെടുത്തുകയും ചെയ്യുന്നുണ്ട്. പക്ഷേ, മനുഷ്യർ പരസ്പരം അകന്നുനിന്നുകൊണ്ടല്ല, വ്യക്തികൾ ഒററയ്ക്കൊററയ്ക്കുമല്ല, നേരെമറിച്ച്, പൊതുവായി, ഗ്രൂപ്പുകളായി, സംഘങ്ങളായിച്ചേർന്നുകൊണ്ടാണ് അവർ പ്രകൃതിയോടേററുമുട്ടുന്നതും അതിനെ ഉപയോഗപ്പെടുത്തുന്നതും. അതുകൊണ്ട്, ഉല്പാദനമെന്നുപറഞ്ഞാൽ, അത് എല്ലാ കാലഘട്ടങ്ങളിലും എല്ലാ പരിതഃസ്ഥിതികളിലും സാമൂഹ്യമായ ഉല്പാദനമാണ്. ആവശ്യസാധനങ്ങളുടെ ഉല്പാദനത്തിൽ മനുഷ്യർ ഒരുതരത്തിലല്ലെങ്കിൽ മറെറാരുതരത്തിലുള്ള പരസ്പരബന്ധങ്ങളിലേപ്പെടുന്നു, ഒരുതരത്തിലല്ലെങ്കിൽ മറെറാരുതരത്തിലുള്ള ഉല്പാദനബന്ധങ്ങളിലേപ്പെടുന്നു" (സി. പി. എസ്സ്. യു.) ബി.

ഇപ്രകാരം, മനുഷ്യർ ഉല്പാദനത്തിന്നുവേണ്ടി പ്രകൃതിയ്ക്കെതിരായി നടത്തിയിട്ടുള്ള സമരം സ്വഭാവത്തിൽ സാമൂഹ്യമാണ്. മനുഷ്യർ സാമൂഹ്യജീവികളെന്ന നിലയിൽ പ്രകൃതിയ്ക്കെതിരായി നടത്തിയിട്ടുള്ള സമരമാണതു്. പ്രകൃതിയ്ക്കെതിരായി നടത്തുന്ന ഇടതടവില്ലാത്ത ഈ സമരത്തിന്നിടയിലാണു മനുഷ്യർ തുടർച്ചയായി പ്രകൃതിയെ മാററിക്കൊണ്ടിരുന്നതു്; അതേസമയം തങ്ങളിൽതന്നെയും മാററംവരുത്തുന്നതു്, പരസ്പരബന്ധങ്ങളിലും മാററം വരുത്തിക്കൊണ്ടിരിക്കുന്നതു്. സാമൂഹ്യജീവികളായ മനുഷ്യർ പ്രകൃതിയ്ക്കെതിരായി നടത്തുന്ന നീണ്ട സമരത്തിനിടയിലാണ് അവരുടെ ശരീരാവയവ

No-11136

ങ്ങളും (കൈയ്, കാല്, ശരീരസ്ഥിതി മുതലായവ) സാമൂഹ്യബന്ധങ്ങളും, സമുദായഘടനകളും, തലച്ചോറും, ആദർശങ്ങളും, ആശയങ്ങളുമാകത്തന്നെ തുടർച്ചയായി മാറുകയും വളരുകയും ചെയ്യുന്നതു്. ഇതിനു കാരണം:

"ഉല്പാദനത്തിന്റെ ഒന്നാമത്തെ സ്വഭാവം, അതു ദീർഘകാലം ഒരേനിലയിൽത്തന്നെ നില്ക്കുന്നില്ലെന്നുള്ളതും എല്ലായ്പോഴും മാറിക്കൊണ്ടും വളർന്നുകൊണ്ടുമിരിക്കുന്നുവെന്നുള്ളതുമാണ്. കൂടാതെ, ഉല്പാദനരീതിയിലുണ്ടാകുന്ന മാററങ്ങൾ, സാമൂഹ്യക്രമത്തിലും, സാമൂഹ്യാശയങ്ങളിലും, രാഷ്ട്രീയവീക്ഷണങ്ങളിലും, രാഷ്ട്രീയസ്ഥാപനങ്ങളിലും ഒട്ടാകെ അനിവാര്യമായി മാററങ്ങളാവശ്യപ്പെടുന്നു" (സി. പി. എസ്സ്. യു.) ബി.

മൃഗങ്ങളിൽനിന്നുമുള്ള ഒരു പരിണാമവിശേഷമാണ് മനുഷ്യൻ. ആദികാലങ്ങളിൽ, മനുഷ്യന്റെ ജീവിതരീതിയും, സാമൂഹ്യഘടനയും, ആശയസംഹിതയുമെല്ലാം ഇന്നു കാണുന്നതിൽനിന്നു വളരെ വ്യത്യസ്തമായിരുന്നു. അതുപോലെ തന്നെ ഭാവികാലങ്ങളിലും അവന്റെ ജീവിതരീതിയും സാമൂഹ്യഘടനയും ആശയസംഹിതയുമെല്ലാം ഇന്നു കാണുന്നതിലും വ്യത്യസ്തമായിത്തന്നെയിരിക്കുകയും ചെയ്യും.

മനുഷ്യപ്രകൃതിയും മനുഷ്യസമുദായവും ചരിത്രപരമായ പരിണാമഗതിയുടെ ഒരു രൂപമാണ്. അവ നിരന്തരം വളർന്നുകൊണ്ടും, മാറിക്കൊണ്ടുമിരിക്കുന്നു; സമരത്തിന്റെ ഗതിക്രമത്തിനിടയിൽ അവ തുടർച്ചയായി മാറിയിട്ടുണ്ട്, ഇനിയും മാററാൻ കഴിയും.

മനുഷ്യസമുദായം ഒരു പ്രത്യേക ചരിത്രപരമായ ഘട്ടം വരെ വളർന്നെത്തിയപ്പോൾ 'വർഗ്ഗസമുദായം' ഉടലെടുത്തു. അതുമുതല്ക്കു വർഗ്ഗസമുദായത്തിലുള്ള ആളുകൾ ഒരു നിർദ്ദിഷ്ടവർഗ്ഗത്തിൽപ്പെട്ടവരായി നിലനിന്നുപോന്നു. മാർക്സിസ്റ്റ് തത്വശാസ്ത്രത്തിന്റെ തത്വങ്ങളനുസരിച്ച് മനുഷ്യരുടെ സാമൂഹ്യസത്തയാണ് അവരുടെ ആശയസംഹിതയെ നിർണ്ണയിക്കുന്നതു്. അങ്ങനെ ഒരു വർഗ്ഗസമുദായത്തിൽ, മനുഷ്യരുടെ ആശയസംഹിത ഒരു പ്രത്യേക സാമൂഹ്യവർഗ്ഗത്തിന്റെ ആശയങ്ങളെ പ്രതിനിധീകരിക്കുന്നു. ഒരു വർഗ്ഗസമുദായത്തിൽ തുടരെ

വർഗ്ഗസമരങ്ങളുണ്ടാകുന്നുണ്ട്. ഇങ്ങനെ, പ്രകൃതിക്കെതിരായ നിരന്തരസമരത്തിനിടയിലും, സമുദായത്തിനുള്ളിലുള്ള നിരന്തരവർഗ്ഗസമരത്തിനിടയിലും മനുഷ്യർ പ്രകൃതിയെ മാററുന്നു, സമുദായത്തെ മാററുന്നു, അതേസമയം തങ്ങളുടെ സ്വന്തം ആശയങ്ങളെത്തന്നെയും മാററിത്തീർക്കുന്നു.

മാർക്സ് ഒരിക്കൽ തൊഴിലാളികളോടു പറഞ്ഞു: "നിലവിലിരിക്കുന്ന സാമൂഹ്യബന്ധങ്ങളെ മാററിത്തീർക്കുന്നതിനു വേണ്ടി മാത്രമല്ല; പിന്നെയോ, നിങ്ങളെത്തന്നെ സ്വയം മാററിത്തീർക്കുന്നതിനുവേണ്ടിയും രാഷ്ട്രീയഭരണഭാരം ഏറെറടുത്തുനടത്താൻ കഴിവുള്ള വാസനാസമ്പന്നരാകാൻവേണ്ടിയും പതിനഞ്ചോ, ഇരുപതോ, അമ്പതോ വർഷത്തെ നീണ്ടകാലത്തെ ആഭ്യന്തരവും സാർവ്വദേശീയവുമായ യുദ്ധങ്ങളിലൂടെ നിങ്ങൾക്കു കടന്നുപോകേണ്ടിവരും."

മററുതരത്തിൽ പറഞ്ഞാൽ, മനുഷ്യർ അവരിൽ മാററമുണ്ടാക്കുന്നതു് പ്രകൃതിക്കെതിരായി അവർ നടത്തുന്ന സമരത്തിനിടയിൽ മാത്രമല്ല, നിരന്തരമായ സാമൂഹ്യസമരത്തിൽ കൂടിയുമാണ്, തൊഴിലാളിവർഗ്ഗത്തിനു തങ്ങളേയും നിലവിലുള്ള സമുദായത്തേയും മാററിപ്പണിയുന്നതിനു ദീർഘകാലത്തെ സാമൂഹ്യസമരത്തിൽക്കൂടി ബോധപൂർവ്വം കടന്നുപോകേണ്ടതുണ്ടു്.

മാററം ആവശ്യമായവരും മാററാൻ കഴിയുന്നവരുമാണ് തങ്ങളെന്നു മനുഷ്യർ മനസ്സിലാക്കണം. തങ്ങൾ മാററമില്ലാത്തവരും, പരിപൂർണ്ണരും, പരിശുദ്ധരും, മാററത്തിനു് അതീതരുമാണെന്നു മനുഷ്യർ സ്വയം കരുതരുതു്; മാററം ആവശ്യമാണെന്നു കരുതുന്നതു് കുറച്ചിലല്ല, കാരണം പ്രകൃതിപരവും സാമൂഹ്യവുമായ പരിണാമത്തിൻെറ അനിവാര്യനിയമങ്ങൾക്കു് അനുയോജ്യമായ ഒന്നാണതു്; അല്ലാത്തപക്ഷം, മനുഷ്യർക്കു പുരോഗമനംതന്നെ സാദ്ധ്യമല്ല.

കമ്മ്യൂണിസ്റ്റ്കാരായ നാം ആധുനികചരിത്രത്തിൽ ഏററവും പുരോഗമിച്ച വിപ്ലവകാരികളും അതേസമയം സമുദായത്തേയും ലോകത്തേയും മാററുന്നതിൽ പോരാടുകയും മുന്നോട്ടുനീക്കുകയുംചെയ്യുന്ന ശക്തിയുമാണു്. ഇന്നു ലോകത്തു വിപ്ലകാരികളുണ്ടാകാതിരിക്കുവാൻ തരമില്ല, കാരണം, എതിർവി

പ്ലവകാരികൾ ഇന്നും നിലനില്ക്കുന്നതുതന്നെ. അതുകൊണ്ട് എതിർവിപ്ലവകാരികൾക്കുനേരെ വിട്ടുവീഴ്ചയില്ലാത്ത സമരം നടത്തുകയാണ് വിപ്ലവകാരികളുടെ നിലനില്പിനും വളർച്ചയ്ക്കും അത്യാവശ്യമായ ഉപാധി. അപ്രകാരമുള്ള ഒരു സമരം നടത്താതിരിക്കുകയാണെങ്കിൽ അവരെ വിപ്ലവകാരികളെന്നു വിളിക്കാൻവയ്യ; മാത്രമല്ല, അവക്കു പുരോഗമിക്കുവാനും വളരുവാനും സാധിക്കുന്നതുമല്ല. എതിർവിപ്ലവകാരികൾക്കുനേരെയുള്ള ഈ ഇടതടവില്ലാത്ത സമരംവഴിക്കാണ് കമ്മ്യൂണിസ്റ്റ്പാർട്ടിമെമ്പർമാർ മനുഷ്യസമുദായത്തേയും ലോകത്തേയും അതേസമയം തങ്ങളെത്തന്നേയും മാററിത്തീക്കുന്നതു്.

ഒരു കമ്മ്യൂണിസ്റ്റ്പാട്ടിമെമ്പർ, വിവിധരംഗങ്ങളിൽ വെച്ചു് എതിർവിപ്ലവത്തിന്നെതിരായി നടത്തുന്ന സമരം മുഖേന തന്നിൽ മാററം വരുത്തുന്നു. അതിൻെറയത്ഥം ഒരാൾക്കു സ്വന്തം പുരോഗതി നേടുന്നതിനും സ്വന്തം വിപ്ലവഗുണത്തേയും വിപ്ലവകലയേയും ഉയർത്തുന്നതിനും താഴെപ്പറയുന്ന രണ്ടു വശങ്ങളുടെ ഏകീകരണം ആവശ്യമാണെന്നാണ്: അതായതു്, പ്രായോഗികസമരത്തിൽ കാച്ചിയെടുക്കലും, ആശയങ്ങളെ വളത്തലും. പുതുതായിവന്ന ഒരാൾക്കു് ഏതു സ്ഥിതിവിശേഷത്തേയും നേരിടാൻതക്ക പക്വതയും പരിശീലനവും സിദ്ധിച്ച ഒരു വിപ്ലവകാരിയാകുന്നതിനു ദീർഘകാലത്തെ വിപ്ലവസമരങ്ങളിലൂടെ ഉരുക്കുപോലെ ഉറക്കണം, വിദ്യാഭ്യാസം കിട്ടണം; അതായതു്, ദീർഘകാലത്തെ പരിഷ്ക്കരണത്തിലൂടെ കടന്നുപോകണം. താരതമ്യേന പരിചയംകുറഞ്ഞ ഒരു വിപ്ലവകാരി ശത്രുവിനെക്കുറിച്ചും, തന്നെക്കുറിച്ചും, സാമൂഹ്യവളച്ച്യുടേയും വിപ്ലവത്തിൻേറയും നിയമങ്ങളെക്കുറിച്ചും യഥാത്ഥത്തിൽ അവഗാഢമായ അറിവുനേടാൻ അപ്പോഴും കഴിവുള്ളവനായിരിക്കയില്ല. കാരണം, അയാൾ പഴയ സമുദായത്തിൽ വളന്നുവന്നവനാണ്, അതുകൊണ്ട്, സ്വതേതന്നെ അയാൾ പഴയ സമുദായത്തിലുള്ള വിവിധാശയങ്ങളുടേയും, അബദ്ധധാരണകളുടേയും ശീലങ്ങളുടേയും അവശിഷ്ടങ്ങൾ കൂടെക്കൊണ്ടുവരുന്നുണ്ട്; പോരെങ്കിൽ അയാൾക്കു് ഇപ്പോഴും വേണ്ട അനുഭവം ഉണ്ടായിട്ടില്ല; വളരെക്കാലത്തെ വിപ്ലവപരിചയം നേടിയിട്ടില്ല.

ഈ നില മാറുന്നതിന്, ചരിത്രത്തിൽനിന്നും (പൂർവ്വി കന്മാരുടെ അനുഭവത്തിൽനിന്നും) വിപ്ലവപരമായ അനുഭ വങ്ങൾ പഠിക്കുന്നതിനു പുറമേ അയാൾ അന്നന്നുള്ള വിപ്ല വപ്രവർത്തനങ്ങളിൽ നേരിട്ടു പങ്കുകൊള്ളുകയും വേണം. ഈ വിപ്ലവപ്രവർത്തനത്തിൽ, അതായതു്, പലതരത്തിലുള്ള എ തിർവിപ്ലവശക്തികൾക്കെതിരായ സമരത്തിനിടയിൽ അ യാൾ തൻെറ വ്യക്തിപരമായ കർമ്മകുശലതയെ വളർത്തുകയും, പഠനത്തിലും വിദ്യാഭ്യാസത്തിലുമുള്ള യത്നങ്ങളെ ഇരട്ടിപ്പി ക്കുകയും വേണം. അപ്പോൾമാത്രമേ സ്വന്തം അനുഭവങ്ങ ളിൽനിന്നു ക്രമേണ പഠിക്കുന്നതിനും സമുദായവളർച്ചയുടേയും വിപ്ലവത്തിൻേറയും നിയമങ്ങളെ കൂടുതൽ ആഴത്തിൽ മന സ്സിലാക്കുന്നതിനും അയാൾക്കു കഴിയൂ; ശത്രുവിനേയും തന്നെ പ്പററിയും മനസ്സിലാക്കുന്നതിനും, തൻെറതന്നെ പഴയ ആശ യങ്ങളിലും ശീലങ്ങളിലും അബദ്ധധാരണകളിലും കടന്നുകൂ ടിയിട്ടുള്ള തെററിനെ കണ്ടുപിടിക്കുന്നതിനും അവയെ തിരു ത്തുന്നതിനും അയാൾ ശക്തനാവൂ; സ്വന്തം ബോധത്തിൻേറ യും വിപ്ലവഗുണങ്ങളുടേയും വിപ്ലവരീതികളുടേയും മററും നിലവാരത്തെ ഉയർത്തുന്നതിന് അയാൾക്കു കഴിയൂ. അതു കൊണ്ടു്, തന്നെത്തന്നെ മാററിത്തീർക്കുന്നതിനും തൻെറ ബോ ധത്തിൻെറ നിലവാരത്തെ ഉയർത്തുന്നതിനും ഒരു വിപ്ലവകാ രി വിപ്ലവപ്രവർത്തനത്തിൽനിന്നും സ്വയം ഒററപ്പെട്ടു നില്ക്കു കയോ സ്വയം വിദ്യാഭ്യാസം നടത്താനും പ്രായോഗികാനുഭ വങ്ങളിൽനിന്നു് (തൻേറയും അന്യരുടേയും) പഠിക്കുവാനുള്ള സ്വന്തം പരിശ്രമങ്ങളെ ഉപേക്ഷിക്കുകയോ ചെയ്യാൻ പാട്ടുള്ള തല്ല. ഈ ഒടുവിൽ പറഞ്ഞ സംഗതി കാര്യമായെടുക്കുന്നി ല്ലെങ്കിൽ ഒരു വിപ്ലവകാരിക്കു്, തന്നെ വളർത്തുകയെന്ന കാ ര്യം അസാദ്ധ്യമായിത്തന്നെ ഭവിക്കും.

ഉദാഹരണമായി, പല കമ്മ്യൂണിസ്റ്റ് പാർട്ടി മെമ്പറന്മാ രും ഏതെങ്കിലുമൊരു വിപ്ലവപരമായ ബഹുജനസമര ത്തിൽ ഒത്തൊരുമിച്ചു പങ്കെടുക്കുന്നുണ്ടു്, ഒരേവിപ്ലവപ്രവ ർത്തനംതന്നെ അവർ നടത്തുന്നുമുണ്ടു്, എങ്കിലും അവസാനം അവരിൽ അതു ചെലുത്തുന്ന സ്വാധീനം തീരെ വ്യത്യസ്തമാ യിരുന്നുവെന്നുവരാം. ചിലർ വളരെവേഗം മുന്നോട്ടു കയറി

യെന്നും, പണ്ടേ പിന്നോക്കംനില്ക്കുന്ന ചിലർ മററുള്ളവരോടൊപ്പമെത്തിയെന്നും വരാം. വേറെചിലർ വളരെ സാവധാനത്തിൽമാത്രമേ പുരോഗമിക്കുന്നുള്ളുവെന്നും വരാം. എന്നാൽ മററുചിലരാകട്ടെ, സമരത്തിനിടയ്ക്കു് ആടിക്കളിക്കാൻപോലും തുടങ്ങിയെന്നുവരാം—വിപ്ലവപ്രവർത്തനം അവരെ മുന്നേറുവാൻതക്ക കഴിവുള്ളവരാക്കുന്നതിന്നു പകരം പിന്നോക്കം തള്ളുകയാണു് ചെയ്യുക. എന്താണിതിനെല്ലാം കാരണം?

വേറെയുമുദാഹരണമുണ്ടു്, നമ്മുടെ പാർട്ടിമെമ്പർമാരെ സംബന്ധിച്ചേടത്തോളം ഒരു കഠിനപരീക്ഷണമായിത്തീന്നിട്ടുള്ളതും, പാർട്ടിമെമ്പർമാക്കിടയിലും ബഹുജനങ്ങൾക്കിടയിൽപോലും അങ്ങേയററം പുരോഗമനപരവും ക്രിയാത്മകവുമായ സ്വാധീനശക്തി ഉളവാക്കീട്ടുള്ളതുമായ ആ ദീർഘയാത്രയിൽ നമ്മുടെ പാർട്ടിമെമ്പറന്മാരിൽ അനേകംപേർ പങ്കെടുത്തിട്ടുണ്ടു്. എന്നാലും അവരിൽ ഒരു ചെറുന്യൂനപക്ഷത്തെ സംബന്ധിടത്തോളം അതു നേരേ വിപരീതഫലമാണുണ്ടാക്കിയതു്. ആ ദീർഘയാത്രയുടെ കഠിനസമരത്തിലൂടെയും പത്തുവർഷത്തെ ആഭ്യന്തരസമരത്തിലൂടെയും കടന്നുപോയശേഷം ഈ കഠിനസമരത്തെക്കുറിച്ചു് അവർ ഭയപ്പെടാൻ തുടങ്ങി. അങ്ങനെ അവർ യുദ്ധത്തിൽനിന്നും പിൻവാങ്ങി കടന്നുകളയാൻ ശ്രമിച്ചു. അവസാനം പുറമേനിന്നുമുള്ള പ്രേരണമൂലം അവർ വിപ്ലവഅണികളിൽ നിന്നുതന്നെ വിട്ടുപോയി. അനേകം പാർട്ടി മെമ്പറന്മാർ ആ ദീർഘയാത്രയിൽ പങ്കെടുത്തുവെങ്കിലും അവരുടെമേൽ വന്നുചേന്ന സ്വാധീനബലവും തന്മൂലം സിദ്ധിച്ച ഫലങ്ങളും അത്രയേറെ വ്യത്യസ്തങ്ങളായിരുന്നു. എന്താണിതിനെല്ലാം കാരണം? ഇതിന്നു കാരണം:

ഈ പാർട്ടിമെമ്പർമാർ വ്യത്യസ്തങ്ങളായ വിപ്ലവഗുണമുള്ളവരും, വിപ്ലവപ്രവർത്തനത്തിന്നിടയിൽ വിഭിന്നഗതികളിൽ വളന്നുവന്നിട്ടുള്ളവരുമായിരുന്നുവെന്നുള്ളതാണു്. വിപ്ലവപ്രവർത്തനത്തിലുള്ള അവരുടെ സ്വന്തം യത്നങ്ങളിലും, സ്വയം വളത്തുന്നതിൻെറ തോതിലും രീതിയിലും അവർ വ്യത്യസ്തതയുള്ളവരായിരുന്നുവെന്നുള്ളതാണു്. വിപ്ലവകാരികൾ ആർജ്ജിച്ചിട്ടുള്ള വ്യത്യസ്തഗുണങ്ങൾകൊണ്ടും

സ്വയം വളൎത്താനുള്ള യത്നങ്ങളുടെ വ്യത്യാസംകൊണ്ടും തികച്ചും വ്യത്യാസപ്പെട്ട അഥവാ വിപരീതമായ ഫലങ്ങളും സ്വാധീനവും, ഉളവായെന്നു വരും. ഇതു നിങ്ങളുടെ ഈ വിദ്യാലയത്തിൽപോലും കാണാം. സ്കൂളിൽ നിങ്ങൾക്കെല്ലാവക്കും ഒരേതരത്തിലുള്ള വിദ്യാഭ്യാസവും പരിശീലനവുമാണു് കിട്ടുന്നതു്. എന്നിരുന്നാലും, വിഭിന്നഗുണങ്ങളാലും, അനുഭവങ്ങളാലും, സാംസ്കാരികനിലവാരങ്ങളാലും, സ്വന്തം കഴിവുകളുടെ വ്യത്യാസങ്ങളാലും സ്വയം വിദ്യാഭ്യാസത്തിന്റെ ക്രമരീതികളുടെ വൈപരീത്യങ്ങളാലും നിങ്ങൾക്കു വ്യത്യസ്തങ്ങളായ അഥവാ വിപരീതങ്ങളായ ഫലങ്ങൾ ലഭിച്ചുവെന്നു വരാം. യെനാനിലുള്ള സ്റ്റഡിക്ലാസ്സുകളിൽവെച്ചു വേണ്ടത്ര പഠനവും പരിശീലനവും സിദ്ധിച്ചതിനുശേഷവും ചുരുക്കം ചിലയാളുകൾ വിപ്ലവത്തിൽനിന്നും വിട്ടുപോയ വിവരം നിങ്ങൾ നേരിട്ടറിഞ്ഞിട്ടുള്ളതാണല്ലോ? ഇതിനും കാരണമൊന്നാണു്. അതുകൊണ്ടു്, ഒരു വിപ്ലവകാരിയെസ്സംബന്ധിച്ചേടത്തോളം സ്വയം മാററാനും വളരാനും, സ്വന്തപരിശ്രമവും സ്വയംവിദ്യാഭ്യാസവും വിപ്ലവസമരത്തിനിടയ്ക്കുള്ള പഠനവും ആവശ്യമാണു്, അനുപേക്ഷണീയമാണു്.

വളരെക്കാലത്തെ വിപ്ലവസമരത്തിൽ ഉരുക്കുപോലെ ഉറച്ച എല്ലാ വിപ്ലവകാരികൾക്കും ഒരു നല്ല അനുഭവജ്ഞാനമുള്ള വിപ്ലവകാരിയായി വളരുവാൻ കഴിഞ്ഞില്ലെന്നുവരും, കാരണം; അയാളുടെ സ്വന്തശ്രമങ്ങളും സ്വയം വിദ്യാഭ്യാസവും വേണ്ടത്രയില്ലാത്തതുതന്നെ. എന്നാൽ, വളരെ നല്ല അനുഭവജ്ഞാനമുള്ള വിപ്ളവകാരികളാവുന്നതിൽ ജയംനേടിയിട്ടുള്ളവരെല്ലാം നിശ്ചയമായും ദീൎഘകാലം വിപ്ളവസമരത്തിലിടപെട്ടു് ഉരുക്കുപോലുറക്കുകയും സ്വയം വിദ്യാഭ്യാസം നടത്തുകയും ചെയ്തിട്ടുള്ളവരായിരിക്കണം. അതുകൊണ്ടു്, നമ്മുടെ പാൎട്ടിമെമ്പറന്മാൎക്കു് രാഷ്ട്രീയമായി അചഞ്ചലരായ ഉയൎന്ന വിപ്ളവകാരികളായിത്തീരുന്നതിനു്, ബഹുവിധ ദുരിതങ്ങളുടേയും വിഷമതകളുടേയും ഇടയ്ക്കുനിന്നുകൊണ്ടു് ബഹുജനങ്ങൾനടത്തുന്ന വിപ്ളവസമരത്തിൽ പങ്കെടുക്കുന്നതിന്നിടയ്ക്കു് ഉരുക്കുപോലെ ഉറയ്ക്കണം, പുതിയതിനെ കാണാനുള്ള കാഴ്ച നഷ്ടപ്പെടരുതു്, സ്വയം വിദ്യാഭ്യാ

KOTTAYAM PUBLIC LIBRARY

സം ശക്തിപ്പെടുത്തണം, തങ്ങളുടെ ചിന്താശക്തി വളൎത്തണം.

കൺഫ്യൂഷ്യസ്സ് പറഞ്ഞു:

"പതിനഞ്ചാമത്തെ വയസ്സിൽ എന്റെ മനസ്സ് പഠനവിഷയത്തിൽ വ്യാപൃതമായിരുന്നു. മുപ്പതിൽ, ഞാൻ ദൃഢതയുള്ളവനായി. നാല്പതിൽ, എനിക്കു യാതൊരു സംശയവും അവശേഷിച്ചിരുന്നില്ല. അമ്പതിൽ, ഞാൻ ദൈവകല്പനയറിഞ്ഞു. അറുപതിൽ, എന്റെ കാതു് സത്യത്തെ സ്വീകരിക്കാനുള്ള അനുസരണയോടുകൂടിയ ഒരു ഉപകരണമായിരുന്നു. എഴുപതിൽ നീതിയെ അതിലംഘിക്കാതെതന്നെ എനിക്ക് എന്റെ ഹൃദയത്തിന്റെ അഭിലാഷങ്ങളെ പിന്തുടരാൻ കഴിഞ്ഞു."

ഇവിടെ കൺഫ്യൂഷ്യസ് താൻ ഉരുക്കുപോലെ ഉറച്ചതിന്റേയും സ്വയം ജ്ഞാനം നേടിയതിന്റേയും ക്രമാനുഗതമായ വളർച്ചയെ വിവരിക്കുകയായിരുന്നു. താൻ ജന്മനാതന്നെ ഒരു ഋഷിയായിരുന്നുവെന്നു് അദ്ദേഹം സ്വയമഭിമാനിക്കുന്നേയില്ല.

മെൻഷ്യസ്സ് പറഞ്ഞു:

"ദൈവം ഏതെങ്കിലുമൊരു മനുഷ്യനെ ഒരു മഹത്തായ ചുമതല ഏല്പിക്കാൻ തുടങ്ങുമ്പോൾ, ആദ്യമേതന്നെ, പീഡാനുഭവങ്ങളെക്കൊണ്ടു് അവന്റെ മനസ്സിനെ ക്ലേശിപ്പിക്കുകയും, അവന്റെ മാംസപേശികളേയും അസ്ഥികളേയും കഷ്ടപ്പാടിനു വിധേയമാക്കുകയും ചെയ്യുന്നു. അവന്റെ ശരീരത്തെ വിശപ്പിനു കാഴ്ചവെക്കുകയും അവനെ അങ്ങേയററം ദാരിദ്ര്യത്തിനു കീഴ്പ്പെടുത്തുകയും ചെയ്യുന്നു. അവന്റെ ദൈനംദിന കൃത്യങ്ങളെ കുഴപ്പത്തിലാക്കുന്നു. ഈ പരീക്ഷണരീതികളെക്കൊണ്ടു് ദൈവം അവന്റെ ചിന്തയെ ഉത്തേജിപ്പിക്കുകയും, സ്വഭാവത്തെ ദൃഢപ്പെടുത്തുകയും കഴിവുകേടുകളെ പരിഹരിക്കുകയും ചെയ്യുന്നു."

മഹാനായ ഒരാൾക്കു് അവശ്യം കടന്നുപോകേണ്ട ഉരുക്കുപോലെ ഉറയ്ക്കലിന്റേയും സ്വയം വിദ്യാഭ്യാസത്തിന്റേയും പരിണാമഗതിയെയാണു് മെൻഷ്യസ്സും സൂചിപ്പിക്കുന്നതു്. കമ്മ്യൂണിസ്റ്റ്പാർട്ടിമെമ്പറന്മാക്കു് ഈ ലോകത്തെ

മാററുകയെന്ന മുമ്പെങ്ങും നേരിട്ടിട്ടില്ലാത്ത മഹത്തായ ചുമതലയാണ് വഹിക്കേണ്ടതായിട്ടുള്ളതു്; അതുകൊണ്ടു്, അവക്ക് ഇത്തരം ഉരുക്കൾപോലെ ഉറയ്ക്കുന്നതിലൂടെയും സ്വയം വിദ്യാഭ്യാസത്തിലൂടെയും കടന്നുപോകേണ്ടതു് കൂടുതലാവശ്യമാണു്.

കമ്മ്യൂണിസ്റ്റ്പാർട്ടിയംഗങ്ങളുടെ വളർച്ച ഒരു വിപ്ലവാത്മകമായ വളർച്ചയാണു്. വിപ്ലവപ്രവർത്തനങ്ങളിൽനിന്നോ അദ്ധ്വാനിക്കുന്ന ബഹുജനസഞ്ചയങ്ങളുടെ, വിശേഷിച്ചും തൊഴിലാളിവർഗ്ഗത്തിൻെറ പ്രായോഗികമായ വിപ്ലവപ്രസ്ഥാനത്തിൽനിന്നോ സ്വയം വേറിട്ടുനിന്നുകൊണ്ടു് നമുക്ക് നമ്മെ വളർത്തുവാൻ സാദ്ധ്യമല്ല. നമ്മെ വളർത്തുകയെന്നതിൻെറ ഏകലക്ഷ്യം വിപ്ലവപ്രവർത്തനത്തിൻെറ താല്പര്യങ്ങളെ സഹായിക്കുകയും ബഹുജനങ്ങളുടെ പ്രായോഗികവിപ്ലവപ്രസ്ഥാനത്തെ കൂടുതൽ ഫലപ്രദമായി നയിക്കുകയുമാണു്. കമ്മ്യൂണിസ്റ്റ്പാർട്ടി അംഗങ്ങളെ വളർത്തുന്നതും സാമൂഹ്യപ്രവർത്തനത്തിൽനിന്നും വേറിട്ടുനില്ക്കുന്ന ആദ്ധ്യാത്മികവും ഔപചാരികവും അപ്രായോഗികവുമായ വിദ്യാഭ്യാസവും തമ്മിലുള്ള വ്യത്യാസം ഇതിലാണു സ്ഥിതിചെയ്യുന്നതു്. ഇതിനെക്കുറിച്ചു് ചുരുങ്ങിയ വിവരണംകൂടി പിന്നീടു ഞാൻ തന്നുകൊള്ളാം.

ശ്രമകരവും, വിഷമംപിടിച്ചതും വിജയിക്കാത്തതുമായ വിപ്ലവപ്രവർത്തനത്തിൽകൂടി മാത്രമല്ല, പിന്നെയോ, അനുകൂലവും വിജയപ്രദവും വിജയിക്കുന്നതുമായ വിപ്ലവപ്രവർത്തനങ്ങളിൽകൂടിയും നമ്മുടെ പാർട്ടിമെമ്പറന്മാർ സ്വയം ഉരുക്കപോലെ ഉറയ്ക്കണം, തങ്ങളുടെ സ്വയംവിദ്യാഭ്യാസത്തെ ഊർജ്ജിതമാക്കണം. ചില പാർട്ടിമെമ്പറന്മാർ ജയവും നേട്ടങ്ങളുംകൊണ്ടു് സന്തുഷ്ടചിത്തരാകുമ്പോൾ സമചിത്തത പാലിക്കാൻ ശക്തരല്ലാതാവുകയും മതിമറന്നുപോവുകയും ചെയ്യുന്നുണ്ടു്. ജയവും നേട്ടങ്ങളും, ബഹുജനങ്ങളുടെയിടയിൽ അവർക്കുള്ള ഒരുമാതിരി പ്രശസ്തിയും അതുപോലെ ബഹുജനങ്ങൾ നല്കുന്ന അഭിനന്ദനവും അവരെ വിവേകശൂന്യരും, ഗർവ്വിഷ്ഠരും, ഉദ്യോഗസ്ഥമേധാവികളും ചിലപ്പോൾ ചാഞ്ചാടുന്നവരും അഴിമതിക്കാരും നശിച്ചവരുമാക്കുന്നു; അങ്ങ

ന്ന അവരുടെ പഴയ വിപ്ലവബോധം തീരെ കളഞ്ഞുകളി ക്കുന്നു.

പലപ്പോഴും നമ്മുടെ പാർട്ടിയംഗങ്ങളിൽ ഒററയും തെ ററയും കാണാറുള്ള സംഗതികളാണിവ. പാർട്ടിയ്ക്കുള്ളിൽത ന്നെ ഇത്തരം സംഭവവികാസങ്ങൾ നിലനില്ക്കുന്നതു് പാർട്ടി മെമ്പറന്മാക്ക് ഗൗരവമേറിയ ഒരു മുന്നറിയിപ്പാണു്. കാര ണം, ഈ സംഗതി കഴിഞ്ഞ തലമുറകളിലെ വിപ്ലവകാരിക ളുടെയിടയിലും ഉണ്ടായിരുന്ന ഒരു അനിവാര്യസംഭവവികാ സമായിരുന്നു. എന്നാൽ ഇതിനെ നമ്മുടെ പാർട്ടിക്കുള്ളിൽ ഒരിക്കലും വെച്ചുപൊറുപ്പിക്കുന്നതല്ല. പഴയ തലമുറകളിലെ വിപ്ലവകാരികൾ, വിപ്ലവത്തിൻെറ വിജയത്തിനും നേട്ടങ്ങ ൾക്കും മുമ്പു്, സ്വന്തം വിജയത്തിനും നേട്ടങ്ങൾക്കും മുമ്പു്, പുരോഗമനവാദികളും മറ്റിതരുമായ ബഹുജനങ്ങളുടെ താല്പ ര്യങ്ങളെ പ്രതിനിധീകരിക്കുന്നതിനും സ്വന്തം വിപ്ലവബോ ധം തണുത്തുപോകാതെ നിലനിറുത്തുന്നതിനും ശക്തരായി രുന്നു, എന്നാൽ വിപ്ലവവും അവർതന്നെയും വിജയത്തി ൻെറ മുടിചൂടിയതോടെ പലപ്പോഴും അവർ അഴിമതിക്കാ രും ഉദ്യോഗസ്ഥമേധാവികളും അധഃപതിച്ചവരുമായിട്ടുണ്ടു്, അവരുടെ വിപ്ലവബോധവും പുരോഗമനസ്വഭാവവും കള ഞ്ഞുകളിച്ചിട്ടുണ്ടു്, വിപ്ലവത്തിനും സാമൂഹ്യപരിണാമത്തി നും തടസ്സക്കാരായിത്തീന്നിട്ടുണ്ടു്.

കഴിഞ്ഞ നൂറുകൊല്ലക്കാലത്തിനിടയ്ക്കു്, അഥവാ ഈ അടുത്ത അമ്പതുവഷക്കാലത്തിനിടയ്ക്കു് ചൈനയിലെ അനേ കം വിപ്ലവകാരികൾ, അവക്ക് കുറച്ചൊക്കെ വിജയം ലഭി ക്കയും അവർ ചുമതലയുള്ള സ്ഥാനങ്ങളിലേയ്ക്കു് ഉയത്തപ്പെ ടുകയും ചെയ്തതോടെ അഴിമതിയുടേയും അധഃപതനത്തിൻേറ യും ലക്ഷണങ്ങൾ കാണിക്കുവാൻ തുടങ്ങിയതു് നമുക്കറിയാം. കഴിഞ്ഞ തലമുറകളിലെ വിപ്ലവകാരികളുടെ വർഗ്ഗാടിസ്ഥാന ത്തിൻെറ ഫലമായിട്ടാണിതുണ്ടായതു്. എന്തുകൊണ്ടെന്നാൽ കഴിഞ്ഞകാലത്തെ വിപ്ലവകാരികൾ ചൂഷകവർഗ്ഗത്തെ പ്രതി നിധീകരിക്കുന്നവരായിരുന്നു. അതുകൊണ്ടു്, അവർ തങ്ങളു ടെ വിപ്ലവം വിജയിച്ചുവെന്നു കണ്ടപ്പോൾ സ്വാഭാവികമാ യും ചൂഷിതരായ ബഹുജനങ്ങളുടെനേക്ക തിരിഞ്ഞു് അവ രെ അമത്താനൊരുമ്പെട്ടു; വിപ്ലവത്തിൻെറ തുടന്നുള്ള പുരോ

ഗതിക്കും സാമൂഹ്യപരിവത്തനത്തിനും നേരിട്ട തടസ്സക്കാരാവുകയും ചെയ്യു. കഴിഞ്ഞകാലത്തെ വിപ്ലവകാരികൾ വിപ്ലവത്തിൻെറ വിജയത്തിനുശേഷം അഴിമതിക്കാരും ഉദ്യോഗസ്ഥമേധാവികളും ആയിത്തീരുകയും അധഃപതിച്ച് വിപ്ലവഗുണങ്ങൾ കളഞ്ഞുകുളിക്കുകപോലും ചെയ്യുകയും ഉണ്ടാകുമെന്നുള്ളതു് ഒരു അനിവാര്യനിയമമാണു്.

എന്നാലും ഇതു് കമ്മ്യൂണിസ്റ്റ്കാരായ നമ്മെ സംബന്ധിച്ചിടത്തോളം ശരിയല്ല, ശരിയാകാനുംവയ്യ. നാം പ്രതിനിധീകരിക്കുന്ന തൊഴിലാളിവർഗ്ഗം ആരെയും ചൂഷണംചെയ്യുന്ന ഒരു വർഗ്ഗമല്ലാത്തതുകൊണ്ടു് അവക്കു് വിപ്ലവത്തെ അവസാനംവരെ നയിക്കാനും മനുഷ്യവർഗ്ഗത്തെ മുഴവനും പൂർണ്ണമായി മോചിപ്പിക്കുവാനും അവസാനം മനുഷ്യസമുദായത്തിലുള്ള എല്ലാത്തരം അഴിമതികളേയും സ്വേച്ഛാപ്രഭുത്വത്തേയും, അധഃപതനത്തേയും തുടച്ചുനീക്കുന്നതിനും സാധിക്കും. അവക്കു്, അഴിമതിയുടേയും സ്വേച്ഛാപ്രഭുത്വത്തിൻേറയും അധഃപതനത്തിൻേറയും എല്ലാ രൂപങ്ങൾക്കുമെതിരായി സന്ധിയില്ലാത്ത സമരം നടത്തുന്നതിനാവശ്യമായ നിഷ്കൃഷ്ടശിക്ഷണവും ഉറച്ച സംഘടനയുമുള്ള ഒരു ഭരണകൂടവും പാർട്ടിയും കെട്ടിപ്പടുക്കുന്നതിനും, പാർട്ടിയുടേയും ഭരണകൂടത്തിൻേറയും പരിശുദ്ധിയെ സംരക്ഷിക്കുവാൻവേണ്ടി, തങ്ങളുടെ പ്രവത്തനത്തിൽ അഴിമതിക്കാരും ഉദ്യോഗസ്ഥമേധാവികളും അധഃപതിച്ചവരുമായ വ്യക്തികളെ (അവർ എത്രതന്നെ വലിയ ആളുകളാണെങ്കിലും) പാർട്ടിയിൽനിന്നും ഭരണകൂടത്തിൽനിന്നും ഇടതടവില്ലാതെ പുറത്താക്കി ശുദ്ധീകരിക്കാനും കഴിയും.

തൊഴിലാളിവർഗ്ഗത്തിൻെറ വിപ്ലവപ്പാർട്ടിയുടെ ഈ മുഖ്യസ്വഭാവം കഴിഞ്ഞകാലത്തെ മററു യാതൊരു വിപ്ലവപ്പാർട്ടികളിലും കണ്ടിരുന്നില്ല, കാണാനിടയുമില്ല. അതുകൊണ്ടു്, നമ്മുടെ പാർട്ടിമെമ്പറന്മാർ ഈ മുഖ്യസ്വഭാവത്തെ വ്യക്തമായും മനസ്സിലാക്കുകയും വിപ്ലവം വിജയിക്കുകയും പല നേട്ടങ്ങളുമുണ്ടാകുകയും ചെയ്യുന്നതിനിടയ്ക്കും, നമ്മുടെ ജനസ്വാധീനത്തിനും അധികാരശക്തിക്കും അളവററ ഉയർച്ചയുണ്ടാകുന്ന സമയത്തും നമ്മുടെ സ്വയംവിദ്യാഭ്യാസത്തെ ഊർജ്ജിതപ്പെടുത്തുവാനും, നമ്മുടെ വിപ്ലവഗുണങ്ങളുടെ പരിശുദ്ധിയെ

സംരക്ഷിക്കാനും പ്രത്യേകം ശ്രദ്ധിക്കുകയും ചെയ്യേണ്ടതായു ണ്ട്; അങ്ങനെ വിജയശ്രീലാളിതരായശേഷം അധഃപതിച്ച പഴയ വിപ്ലവകാരികളുടെ വഴിക്കു പോകാതിരിക്കാൻ നാം അവസാനംവരെ കരുതിയിരിക്കണം.

ഇപ്രകാരമുള്ള വിപ്ലവപരമായ ദൃഢീകരണവും വിദ്യാഭ്യാസവും നമ്മുടെ പാർട്ടിമെമ്പറന്മാരിൽ ഓരോരുത്തക്കും വേണ്ടതാണ്; വിശേഷിച്ചും, തൊഴിലാളിവർഗ്ഗത്തിൽപ്പെടാത്ത പുതിയ പാർട്ടിമെമ്പറന്മാരെ സംബന്ധിച്ചിടത്തോളം ഈ രണ്ടു കടമകളും വളരെയധികം പ്രാധാന്യമർഹിക്കുന്നവയാണ്. എന്തുകൊണ്ടാണ് തൊഴിലാളിവർഗ്ഗത്തിൽപ്പെടാത്ത പുതിയ പാർട്ടിമെമ്പറന്മാക്ക് ഈ രണ്ടുകാര്യങ്ങളും വിശേഷപ്രാധാന്യമുള്ളതെന്നു പറയുന്നത്? കാരണം (1) അത്തരം പാർട്ടിമെമ്പറന്മാർ തൊഴിലാളിവർഗ്ഗത്തിൽനിന്നും വന്നിട്ടുള്ളവരല്ലെന്നുള്ളതുതന്നെ. "തൊഴിലാളിവർഗ്ഗത്തിൽനിന്നും വന്നിട്ടുള്ള പാർട്ടിമെമ്പറന്മാക്ക് തൊഴിലാളിവർഗ്ഗത്തിന്റേതായ സഹജഗുണങ്ങളുണ്ട്" എന്ന് ലെനിൻ പറഞ്ഞിട്ടുണ്ട്. മററു വർഗ്ഗങ്ങളിൽനിന്നും വന്നിട്ടുള്ള പാർട്ടിമെമ്പറന്മാക്ക് ആ വർഗ്ഗങ്ങളുടേതായ സഹജഗുണങ്ങളുണ്ടാവുമെന്നു വ്യക്തം. ഇന്ന് അവർ കമ്മ്യൂണിസ്റ്റാശയങ്ങളെ സ്വീകരിച്ചിട്ടുണ്ടെങ്കിലും ഇപ്പോഴും കുറെയൊക്കെ കമ്മ്യൂണിസ്റ്റല്ലാത്ത ചിന്താഗതികളേയും ശീലങ്ങളേയും വച്ചുപുലർത്തുന്നവരാണ്. (2) അവർ പുതിയ പാർട്ടിമെമ്പറന്മാരായതുകൊണ്ടുതന്നെ; ഇപ്പോഴും വേണ്ടുവോളം വിപ്ലവപരമായ ദൃഢീകരണം കിട്ടിയിട്ടുള്ളവരല്ല. അതുകൊണ്ട്, അവക്ക് നല്ല വിപ്ലവകാരികളായിത്തീരണമെങ്കിൽ വിപ്ലവസമരങ്ങളിൽ പങ്കെടുത്ത് ഉരുക്കുപോലെ ഉറയ്ക്കുകയും സ്വയം പഠിച്ചു വളരുകയും വേണം.

വിപ്ലവപരമായ ദൃഢീകരണവും സ്വയംവിദ്യാഭ്യാസവും എല്ലാ പാർട്ടിമെമ്പറന്മാക്കും അവശ്യമാവശ്യമായ സംഗതികളാണ്; അവർ തൊഴിലാളിവർഗ്ഗത്തിൽപ്പെടാത്ത പുതിയ മെമ്പറന്മാരോ പഴക്കമുള്ളവരോ തൊഴിലാളിവർഗ്ഗത്തിൽതന്നെയുള്ളവരോ ആകട്ടെ, എല്ലാവക്കുമത്യാവശ്യമാണ്. കാരണം, നമ്മുടെ കമ്മ്യൂണിസ്റ്റ് പാർട്ടി ആകാശത്തുനിന്നും പൊട്ടിവീണതല്ല, നേരേമറിച്ച് ചൈനീസ്സമുദായത്തിൽനിന്നുതന്നെ മുളയെടുത്തുയർന്നതാണ്, ചൈനയിലെ

ഈ പഴയ ചീഞ്ഞുനാറിയ സമുദായത്തിൽനിന്നു വന്നവരാണു്. നമ്മുടെ പാട്ടിമെമ്പറന്മാർ, ഇന്നും ആ സമുദായത്തിലാണവർ ജീവിക്കുന്നതു്. അതുകൊണ്ടു്, നമ്മുടെ പാട്ടിയംഗങ്ങളിൽ ഏറെക്കുറെ ആ പഴയ സമുദായത്തിന്റെ അവശിഷ്ടങ്ങളായ ആശയഗതികളും ശീലങ്ങളും കടന്നുകൂടിയിട്ടുണ്ടു്; അവർ പഴയ സമുദായത്തിന്റെ എല്ലാ വൃത്തികെട്ട വശങ്ങളോടും നിരന്തരം ബന്ധപ്പെട്ടാണ് കഴിയുന്നതും. തൊഴിലാളിവർഗ്ഗത്തിന്റെ മുന്നണിപ്പടയെന്ന നിലയ്ക്കു് നമ്മുടെ ശുദ്ധിയെ വളർത്തുന്നതിനും സുരക്ഷിതമാക്കുന്നതിനുംവേണ്ടി, നമ്മുടെ സാമൂഹ്യഗുണങ്ങളേയും വിപ്ലവനൈപുണ്യത്തേയും ഉയർത്തുന്നതിനുവേണ്ടി നമുക്കിനിയും എല്ലാവിധത്തിലും ദൃഢീകരണവും സ്വയംവിദ്യാഭ്യാസവും ആവശ്യമാണു്.

അതുകൊണ്ടാണു് കമ്മ്യൂണിസ്റ്റ്പാട്ടിമെമ്പറന്മാർ സ്വയം വിദ്യാഭ്യാസം നടത്തണമെന്നു പറയുന്നതു്.

## മാർക്സിന്റേയും എംഗെൽസിന്റേയും ലെനിന്റേയും സ്റ്റാലിന്റേയും ഉത്തമശിഷ്യരാകാൻ ശ്രമിക്കുക

ഒരു കമ്മ്യൂണിസ്റ്റ്പാട്ടിമെമ്പറാകുന്നതിനു് പാട്ടിഭരണഘടനയിൽ നിബന്ധനചെയ്തിട്ടുള്ള യോഗ്യതകളുണ്ടായിരിക്കണമെന്നു മാത്രമേയുള്ളു—അതായതു്, പാട്ടിയുടെ നിയമങ്ങളും പരിപാടികളും അംഗീകരിക്കുക, പാട്ടിമെമ്പർഷിപ്പിനു വച്ചിട്ടുള്ള വരി, ലെവി മുതലായവ കൃത്യമായി കൊടുക്കുക, പാട്ടിയുടെ ഏതെങ്കിലുമൊരു ഘടകത്തിൽ ചേർന്നു് തനിക്കു നൽകുന്ന കടമകൾ നിർവ്വഹിക്കുക—ഇത്രയും ചെയ്യുവാൻ സന്നദ്ധതയുള്ള ഏതൊരാൾക്കും പാട്ടിയിൽ അംഗമാകാം. എല്ലാ മെമ്പറന്മാക്കും വേണ്ടതായ ഏററവും കുറഞ്ഞ യോഗ്യതകളാണ് മേൽപറഞ്ഞവ. ഈ യോഗ്യതകളില്ലാത്ത യാതൊരാൾക്കും പാട്ടിമെമ്പറാകാൻ സാദ്ധ്യമല്ല. എന്നാൽ നമ്മുടെ പാട്ടിമെമ്പറന്മാരിൽ ഓരോ ആളും ഏററവും കുറഞ്ഞ യോഗ്യതമാത്രമുള്ളവരായിരുന്നാൽ പോരാ, അതുകൊണ്ടു് അവർ തൃപ്തിപ്പെടരുതു്; പിന്നെയോ, മുന്നേറാൻ ശ്രമിക്കണം, സ്വന്തം ബോധവും മാർക്സിസം-ലെനിനിസജ്ഞാനവും നിരന്തരം ഉയർത്തണം. ഇതും പാട്ടിയോടും വിപ്ലവത്തോടുമുള്ള ഒരു സുപ്രധാന കടമയാണു്, ഇതിൽനിന്നും പാട്ടിയിലുള്ള

യാതൊരാൾക്കും ഒഴിഞ്ഞുമാറാവുന്നതല്ല. അടുത്തംഗീകരിച്ചു സോവിയററുയൂണിയനിലെ കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ ഭരണ ഘടനയിൽ ഇതും ഒരു പുതിയ കടമയായി ചേർത്തിട്ടുണ്ട്. പക്ഷേ, ഈ കടമ തൃപ്തികരമായി നിർവ്വഹിക്കുന്നതിന് നമ്മുടെ പാർട്ടിമെമ്പറന്മാർ അവരുടെ ദൃഢീകരണത്തേയും വിദ്യാഭ്യാസത്തേയും ഊർജ്ജിതപ്പെടുത്തണം.

അതുകൊണ്ട്, പാർട്ടിമെമ്പറന്മാരുടെ ദൃഢീകരണത്തിൻേറയും വിദ്യാഭ്യാസത്തിൻേറയും ലക്ഷ്യം ഏററവും ചുരുങ്ങിയ യോഗ്യതയായാൽ പോരാ, അങ്ങേയററത്തെ യോഗ്യതതന്നെയായിരിക്കണം. ഈ പരമാവധി യോഗ്യത തിട്ടപ്പെടുത്തുന്ന കാര്യം ഇന്ന് വിഷമമാണ്. എങ്കിലും, മാർക്സ്, എംഗൽസ്, ലെനിൻ, സ്റ്റാലിൻ എന്നീ വിപ്ളവാചാര്യന്മാരുടെ ജീവിതകാലം മുഴവനുമുള്ള ലേഖനങ്ങളും, പ്രവൃത്തികളും, നേട്ടങ്ങളും, ഗുണവിശേഷങ്ങളും നമുക്ക് മാതൃകയായും നമ്മുടെ വിദ്യാഭ്യാസത്തിൻെറ മാനദണ്ഡമായും നമ്മുടെ മുമ്പിലുണ്ട്. വിദ്യാഭ്യാസം എന്ന പദംകൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നതു് മാർക്സ്, എംഗൽസ്, ലെനിൻ, സ്റ്റാലിൻ എന്നീ ലോകാചാര്യന്മാരുടെ അതേ നിലവാരത്തിലേയ്ക്കു് എല്ലാവിധത്തിലും നമ്മുടെ യോഗ്യതകളെ ഉയർത്തുകയെന്നു മാത്രമാണ്. നമുക്ക് ആ ആചാര്യന്മാരുടെ ഉത്തമശിഷ്യരായിത്തീരുവാൻ ശ്രമിക്കാം. സുപ്രീം സോവിയററിലേയ്ക്കുള്ള തിരഞ്ഞെടുപ്പിൽ ചെയ്ത പ്രസംഗത്തിൽ സഖാവു് സ്റ്റാലിൻ പറഞ്ഞു:

"വോട്ടറന്മാർ, അതായതു് ബഹുജനങ്ങൾ, അവരുടെ ഡെപ്യൂട്ടികളോടാവശ്യപ്പെടണം അവർ അവരുടെ കൃത്യനിർവ്വഹണത്തിനു പോന്നവരായിരിക്കണമെന്നു്; അവരുടെ പ്രവർത്തനത്തിൽ അവർ രാഷ്ട്രീയപണ്ഡിതമൂഢന്മാരുടെ നിലവാരത്തിലേയ്ക്കു താണുപോകരുതെന്നു്; അവർ വഹിക്കുന്ന ഉദ്യോഗങ്ങളിൽ ലെനിൻമാതൃകയിലുള്ള രാഷ്ട്രീയനേതാക്കന്മാരായിരിക്കണമെന്നു്; പൊതുജനപ്രതിനിധികളെന്ന നിലയ്ക്കു് അവർ ലെനിനെപ്പോലെതന്നെ വ്യക്തതയും നിശ്ചയവും ഉള്ളവരായിരിക്കണമെന്നു്; ലെനിനെപ്പോലെതന്നെ യുദ്ധത്തിൽ ഭയമില്ലാത്തവരും ജനശത്രുക്കളോടു ദാക്ഷിണ്യമില്ലാത്തവരും ആയിരിക്കണമെന്നു്; കാര്യങ്ങൾ കുഴപ്പത്തിലേ

ഷ്ടം നീങ്ങിത്തുടങ്ങുമ്പോഴും വല്ല ആപത്തും അന്തരീക്ഷത്തിൽ നിഴലിച്ചുകാണുമ്പോഴും അവർ ലെനിനെപ്പോലെതന്നെ യാതൊരു ബേജാറും ബേജാറിൻെറ ലാഞ്ഛനയും കൂടാത്തവരായിരിക്കണമെന്നു്; എല്ലാ വശങ്ങളും കണ്ടുകൊണ്ടുള്ള കാഴ്ചപ്പാടും അനുകൂലപ്രതികൂലസ്ഥിതികളെ തൂക്കിനോക്കലും ആവശ്യമായ കുഴഞ്ഞുമറിഞ്ഞ പ്രശ്നങ്ങൾക്കു തീരുമാനമുണ്ടാക്കുന്നതിൻ അവർ ലെനിനെപ്പോലെതന്നെ വിവേകബുദ്ധിയും സുചിന്തനവുമുള്ളവരായിരിക്കണമെന്നു്; ലെനിനെപ്പോലെതന്നെ അവർ ശുദ്ധബുദ്ധികളും സത്യസന്ധരുമായിരിക്കണമെന്നു്; ലെനിൻ ചെയ്തതുപോലെ അവർ സ്വന്തം ജനതയെ സ്നേഹിക്കണമെന്നു്."

എങ്ങനെയാണു് ലെനിനിൽനിന്നും പഠിക്കേണ്ടതു് എന്നതിനെക്കുറിച്ചുള്ള ഒരു ചെറുവിവരണമാണിതു്, ലെനിൻെറ ഉത്തമശിഷ്യൻെറ ഒരു ചെറിയ ചിത്രം. കമ്മ്യൂണിസ്റ്റ് പാർട്ടിമെമ്പറന്മാരുടെ വിദ്യാഭ്യാസം ലെനിൻെറ ഇത്തരമൊരു ഉത്തമശിഷ്യനാകാൻ തക്കവണ്ണം ലെനിനിൽനിന്നും വഴിയാംവണ്ണം പഠിക്കുന്നതിനുവേണ്ടിയുള്ളതാണു്.

മാർക്സു്, എംഗത്സ്, ലെനിൻ, സ്റ്റാലിൻ എന്നിവരെപ്പോലെയുള്ള വിപ്ലവമഹാബുദ്ധിശാലികളുടെ മഹത്തായ ഗുണങ്ങൾ എല്ലാവക്കും സമ്പാദിക്കാൻ സാദ്ധ്യമല്ലെന്നും നമ്മുടെ സ്വന്തം ഗുണങ്ങളെ അവരുടെ ഗുണങ്ങളുടെ നിലവാരത്തിലേയ്ക്കു് ഉയത്തുക അസാദ്ധ്യമാണെന്നും ചിലർ പറയുന്നു. മാർക്സും, എംഗൽസും, ലെനിനും, സ്റ്റാലിനും ജന്മനാതന്നെ അമേയപ്രഭാവശാലികളായ അവതാരപുരുഷന്മാരാണെന്നു് അവർ കണക്കാക്കുന്നു. ഇങ്ങനെ പറയുന്നതു ശരിയാണോ? ശരിയല്ലെന്നാണു് എൻെറ പക്ഷം.

നമ്മുടെ സഖാക്കൾ, തൊഴിലാളിവർഗ്ഗത്തിൻെറ മോചനത്തിനുവേണ്ടി പൊരുതുന്ന മുന്നണിപ്പടയാണെന്ന നിലയിൽ, ആത്മാത്ഥതയോടുകൂടിയും നിശ്ചയദാർഢ്യത്തോടും ബോധപൂർവ്വമായും ഇടവിടാതെയും നിലകൊള്ളുന്ന കാലത്തോളം അവക്കു് യഥാത്ഥമായ കമ്യൂണിസ്റ്റ് ജീവിതവീക്ഷണവും ലോകവീക്ഷണവും ഉണ്ടായിരിക്കുന്ന കാലത്തോളം തൊഴിലാളിവർഗ്ഗത്തിൻേറയും ബഹുജനങ്ങളുടേയും ഇന്നത്തെ മഹത്തായ ഗംഭീരവിപ്ലവപ്രസ്ഥാനങ്ങളിൽനിന്നു് അവർ

ഒരു നിമിഷംപോലും ഒററപ്പെടാതെ നില്ക്കുന്ന കാലത്തോളം, പഠിക്കാനും സ്വയം ഉരുക്കുപോലെ ഉറപ്പിക്കാനും പരിശീലനം നേടാനും ഭഗീരഥശ്രമം നടത്തുന്ന കാലത്തോളം, അവക്കു സ്വന്തം ഗുണവിശേഷങ്ങളെ ഉയത്തുവാൻ തികച്ചും കഴിയും; ലെനിനെപ്പോലെ 'വ്യക്തതയും നിശ്ചയവുമുള്ളവ' രാകാം; ലെനിനെപ്പോലെ 'യുദ്ധത്തിൽ ഭയമില്ലാത്തവരും ജനശത്രുക്കളോട്ട് ദയാദാക്ഷിണ്യമില്ലാത്തവരുമാകാം; വിഷമതകളും ആപത്തുകളും നേരിടുന്ന ഘട്ടത്തിൽ ലെനിനെപ്പോലെ 'യാതൊരു ബേജാറും ബേജാറിൻെറ ലാഞ്ഛനയും കൂടാത്തവരാ'കാം; ലെനിനെപ്പോലെ 'ഋജുബുദ്ധികളും സത്യസന്ധരു'മായിത്തീരും; ലെനിനെപ്പോലെ 'ജനങ്ങളെ സ്നേഹിക്കുവാൻ' അവക്കു കഴിവുണ്ടാകും; കൂടാതെ, നമ്മുടെയിടയിലെ സാധാരണ സഖാക്കൾ ഇന്നു മാർക്സിനും, എംഗത്സിനും, ലെനിനും, സ്റ്റാലിനും ഉണ്ടായിരുന്നതുപോലുള്ള അത്ര മഹത്തായ സാമത്ഥ്യവും അത്ര വിപുലമായ ശാസ്ത്രീയജ്ഞാനവും പഠിക്കാനുള്ള അത്തരമൊരു സാഹചര്യവും സഹനശക്തിയുമില്ലാത്തവരാണെങ്കിലും, നമ്മുടെ കൂട്ടത്തിലുള്ള വളരെയധികം സഖാക്കളും മാർക്സും, എംഗൽസും, ലെനിനും, സ്റ്റാലിനും ചെയ്തിട്ടുള്ളതുപോലെ തൊഴിലാളിവിപ്ലവസിദ്ധാന്തപഠനത്തിൽ അത്തരം അവഗാഢമായ വ്യുല്പത്തി നേട്ടമെന്നു പ്രതീക്ഷിക്കാൻ വയ്യെങ്കിലും, കുഴപ്പംപിടിച്ച പ്രശ്നങ്ങൾക്കു പരിഹാരം കാണുന്നതിലും എല്ലാ വീക്ഷണകോണങ്ങളിൽനിന്നും പ്രശ്നങ്ങളെപ്പററി പരിചിന്തനം ചെയ്യുന്നതിലും എല്ലാ അനുകൂലപ്രതികൂലങ്ങളേയും വിവേചിച്ചറിയുന്നതിലും മാർക്സിസ്റ്റ്-ലെനിനിസ്റ്റ്രീതിയും സമീപനവും പ്രയോഗിക്കാൻ അവക്കു തീച്ചയായും കഴിയും. മറെറാരുവിധത്തിൽ പറഞ്ഞാൽ നാം മിനക്കെട്ടു പഠനം നടത്തുന്നതിനും, സ്വയം ഉരുക്കുപോലെ ഉറപ്പിക്കുന്നതിനും പരിശീലനം നേടുന്നതിനും ദൃഢപ്രതിജ്ഞരായിരിക്കുന്ന കാലത്തോളം, ബഹുജനങ്ങളുടെ വിപ്ലവപ്രസ്ഥാനങ്ങളിൽനിന്നും സ്വയം വേർപെടുത്താത്ത കാലത്തോളം, മാർക്സിസം—ലെനിനിസത്തിൻെറ രീതിയെ കൈകാര്യം ചെയ്യുന്നതിൽ പാടവം സമ്പാദിക്കുന്ന കാലത്തോളം, നാം ലെനിൻമാതൃകയിലുള്ള രാഷ്ട്രീയപ്രവത്തകന്മാരുടെ നിലവാരത്തിലേയ്ക്കു നമ്മുടെ വിപ്ലവഗുണങ്ങളെ

ഉയത്ത്രവാൻ ശക്തരാവും; നമ്മുടെ പ്രവത്തനത്തിലും സമരത്തിലും മാർക്സിൻേറയും എംഗത്സിൻേറയും ലെനിൻേറയും സ്റ്റാലിൻേറയും ശൈലി ഉപയോഗിക്കുന്നതിനു് അതായത്, 'ലെനിൻമാതൃകയിലുള്ള രാഷ്ട്രീയപ്രതിനിധി'കളാകുന്നതിനു്—'രാഷ്ട്രീയപണ്ഡിതമൂഢന്മാരുടെ നിലവാരത്തിലേയ്ക്കു താഴുന്നതിനല്ല'—നാം തികച്ചും ശക്തരായിത്തീരും.

മെൻഷ്യസ്സ് പറഞ്ഞു: "*എല്ലാ മനുഷ്യക്കും 'യാവോ' വിനെപ്പോലെയോ 'ഷുണ്ണി'നെപ്പോലെയോ ആകാൻ സാധിക്കു"മെന്നു്. മേൽപറഞ്ഞതും ഇതും ഒരേസംഗതിയാണു്. മാർക്സ്, എംഗത്സ്, ലെനിൻ, സ്റ്റാലിൻ എന്നിവരെപ്പോലെയുള്ള മഹാന്മാരായ വിപ്ലവകാരികളുടെ ഗുണഗണങ്ങളെ നാം ആദ്യം കാണുമ്പോൾ സ്വയം നിരാശപ്പെട്ടു വഴിപ്പെട്ടുകയോ മുമ്പോട്ടുപോകാൻ മടിക്കുകയോ ചെയ്യാറുന്നതല്ല. അപ്രകാരം ചെയ്യുന്നതു് 'രാഷ്ട്രീയപണ്ഡിതമൂഢനായിത്തീരലാണു്"; ചിത്രംകൊത്തുവാനുപകരിക്കാത്ത ഒരു ജീണ്ണിച്ച മരക്കഷണമാകുന്നതിനു തുല്യമാണു്; വെറുമൊരു 'മൺഭിത്തി' യാകുന്നതിനു തുല്യമാണു്. +

മാർക്സ്, എംഗത്സ്, ലെനിൻ, സ്റ്റാലിൻ എന്നീ വിപ്ലവാചാര്യന്മാരിൽനിന്നും പഠിക്കുന്ന കാര്യത്തിൽ പലതരക്കാരായ ആളുകളും പലവിധത്തിലുള്ള നിലപാടാണു സ്വീകരിച്ചുപോരുന്നതു്.

ഇതിലൊന്നാമത്തെ കൂട്ടർ മാർക്സിസം-ലെനിനിസത്തിൻെറ സാരാംശത്തിലേയ്ക്കു ചുഴിഞ്ഞുനോക്കാതെയാണു് മാർക്സിൽനിന്നും ലെനിനിൽനിന്നും പഠിക്കുന്നതു്. എന്നാൽ അവക്കു കിട്ടുന്നതോ മാർക്സിസം-ലെനിനിസത്തിൻെറ ഒരു

---

* 'യാവോ'യും 'ഷുണ്ണും' പരോപകാരനിഷ്ഠകൊണ്ടും ബുദ്ധിമഹത്വംകൊണ്ടും പുരാതനചൈനീസ് ചരിത്രത്തിൽ പ്രതിഷ്ഠ ലഭിച്ചിട്ടുള്ള രണ്ടു പൗരാണികാചാര്യന്മാരാണു്.

+ 'കൺഫ്യൂഷ്യൻ സാഹിത്യസമാഹാരം' എന്ന പുസ്തകത്തിൻെറ ഒമ്പതാമദ്ധ്യായം: "സെയ്യൂ" പകൽസമയത്തു് ഉറങ്ങുന്നവനായതുകൊണ്ടു്, കൺഫ്യൂഷ്യസ്സ് പറഞ്ഞു: "ജീണ്ണിച്ച തടിക്കഷണം ചിത്രം കൊത്തുവാനുപകരിക്കയില്ല. ഒരു മൺഭിത്തിയിൽ കുമ്മായക്കരണ്ടി പിടിക്കുകയില്ല. ഈ 'സെയ്യൂ'—ഞാനയാളെ ശാസിച്ചതുകൊണ്ടു് എന്താണു പ്രയോജനം?"

അല്പജ്ഞാനം മാത്രം. അവർ മാർക്സിസ്റ്റ്-ലെനിനിസ്റ്റ് സാഹിത്യങ്ങൾ ആവത്തിച്ചാവത്തിച്ചു വായിക്കുന്നുണ്ടെങ്കിലും, മാർക്സ്, എംഗത്സ്, ലെനിൻ, സ്റ്റാലിൻ എന്നിവരുടെ മുൻകൂട്ടി തയ്യാറാക്കിയ പലേ തത്വങ്ങളും നിഗമനങ്ങളും കാണാപ്പാഠം പഠിക്കുന്നുണ്ടെങ്കിലും പ്രത്യക്ഷവും പ്രായോഗികവുമായ പ്രശ്നങ്ങളെ പരിഹരിക്കുന്നതിനുള്ള മാർഗ്ഗമായി അവയെ ഉപയോഗപ്പെടുത്തുവാൻ അവക്കു കഴിവില്ല. ഈ തത്വങ്ങളും നിഗമനങ്ങളും കുറിച്ചെടുത്തു തത്തകളെപ്പോലെ ഉരുവിടുന്നതുകൊണ്ടുമാത്രം അവർ തൃപ്തരാണ്. അവർ മാർക്സിസം—ലെനിനിസത്തിൻെറ കൊടിക്കീഴിലാണു പ്രവത്തിക്കുന്നതെങ്കിലും, തങ്ങളാണു 'തനി' മാർക്സിസ്റ്റുകളെന്നു സ്വയമഭിമാനിക്കുന്നുണ്ടെങ്കിലും അവർ യഥാത്ഥ മാർക്സിസ്റ്റുകളെന്നു മാത്രമല്ല അവരുടെ പ്രവത്തനരീതികൾ മാർക്സിസം-ലെനിനിസത്തിനു കടകവിരുദ്ധവുമാണ്.

ലെനിൻെറ അമ്പതാമത്തെ ജന്മദിനത്തിൻെറ സ്മാരകമായി എഴുതിയ ഒരു ലേഖനത്തിൽ സഖാവ് സ്റ്റാലിൻ ഇപ്രകാരമെഴുതി: "മാർക്സിസ്റ്റുകാരിൽ രണ്ടുതരക്കാരുണ്ട്. രണ്ടുകൂട്ടരും മാർക്സിസം_ലെനിനിസത്തിൻെറ കൊടിക്കീഴിൽ പ്രവത്തിക്കുന്നവരാണെന്നും 'കലർപ്പില്ലാത്ത' മാർക്സിസ്റ്റുംകാരാണെന്നും സ്വയമഭിമാനിക്കുന്നുണ്ട്. എങ്കിലും, അവക്കു തമ്മിൽ യാതൊരു സാമ്യവുമില്ല. കൂടാതെ, അവരെ വേർതിരിക്കുന്ന അഗാധമായ ഒരു ഗത്തമുണ്ട്. എന്തുകൊണ്ടെന്നാൽ, ഇരുകൂട്ടരുടേയും പ്രവത്തനരീതികൾ ഒന്നു മറെറാന്നിനു നേരെ വിപരീതമാണ്.

"ഒന്നാമത്തെ ഗ്രൂപ്പുകാർ മാർക്സിസത്തെ പൊതുവിൽ ബാഹ്യമായിമാത്രം, വെറുമൊരു ചടങ്ങായിമാത്രം, സ്വീകരിക്കുന്നതിൽ സ്വയമൊതുങ്ങിനില്ക്കുന്നു. മാർക്സിസത്തിൻെറ സാരാംശം ഗ്രഹിക്കുന്നതിനുള്ള കഴിവില്ലാഞ്ഞിട്ടോ ആഗ്രഹമില്ലാത്തതുകൊണ്ടോ, മാർക്സിസത്തെ യാഥാത്ഥ്യത്തിലേക്കു ഭാഷാന്തരം ചെയ്യുന്നതിനു കഴിവില്ലാഞ്ഞിട്ടോ ആഗ്രഹമില്ലാഞ്ഞിട്ടോ അവർ മാർക്സിസത്തിൻെറ ജീവത്തായ വിപ്ലവസിദ്ധാന്തങ്ങളെ ജീവനില്ലാത്ത നിരത്ഥകപ്രമാണങ്ങളായി രൂപാന്തരപ്പെടുത്തുന്നു. അവർ അവരുടെ പ്രവത്തനങ്ങൾക്കു അടിസ്ഥാനമാക്കുന്നതു് അനുഭവമല്ല, പ്രായോഗികപ്രവത്തന

ത്തിൻെറ പാഠങ്ങളല്ല, നേരേമറിച്ച് മാർക്സിൽനിന്നുമുള്ള ഉദ്ധരണികളാണ്. വസ്തുനിഷ്ഠ യാഥാത്ഥ്യങ്ങളെ ശരിയായി വിശകലനം ചെയ്യുന്നതിൽനിന്നുമല്ല അവക്ക് അവരുടെ അനുമാനങ്ങളും നിർദ്ദേശങ്ങളും ലഭിക്കുന്നതു്. പിന്നെയോ സാദൃശ്യങ്ങളിൽനിന്നും ചരിത്രപരമായ പ്രതിച്ഛായകളിൽനിന്നുമാണ്. വാക്കിനും പ്രവൃത്തിക്കുമിടയ്ക്കുള്ള വൈപരീത്യമാണ് ഈ ഗ്രൂപ്പിൻെറ പ്രധാന രോഗം."

മാർക്സിൽനിന്നും ലെനിനിൽനിന്നും പഠിക്കുന്നതിനുള്ള ഒരു രീതിയാണിതു്.

ഒന്നാംഗ്രൂപ്പിൽപെട്ടയാളുകൾ ഒരുകാലത്ത് ചൈനീസ് കമ്മ്യൂണിസ്റ്റ്പാർട്ടിക്കുള്ളിൽ ധാരാളമുണ്ടായിരുന്നു. അവരുടെയിടയിലുള്ള തീരെ വൃത്തികെട്ടയാളുകൾ മേൽപറഞ്ഞവരേക്കാൾ കൊള്ളരുതാത്തവരായിരുന്നു. വാസ്തവത്തിൽ, അവക്ക മാർക്സിസം-ലെനിനിസം വഴിയാംവണ്ണം പഠിക്കണമെന്ന ഉദ്ദേശംതന്നെ ഒരിക്കലുമുണ്ടായിരുന്നില്ല. മാർക്സിൻേറയും ലെനിൻേറയും മഹത്തായ തൊഴിലാളിവർഗ്ഗസ്വഭാവത്തെപ്പററിയും ഉൽകൃഷ്ടഗുണങ്ങളെപ്പററിയും അവക്ക ചിന്തയേയില്ലായിരുന്നു. അവർ മാർക്സിൻേറയും ലെനിൻേറയും ചില ശൈലികളെ വെറും പൊള്ളയായ രീതിയിൽ അനുകരിക്കാൻ ശ്രമിച്ചു; ചില മാർക്സിസ്റ്റ്-ലെനിനിസ്റ്റ് സാങ്കേതികപദങ്ങളെ ഒന്നും നോക്കാതെ പെറുക്കിയെടുത്തു, തങ്ങൾ ചൈനയിലെ മാർക്സും ലെനിനുമാണെന്നു സ്വയം നടിച്ചു, പാർട്ടിക്കുള്ളിൽ മാർക്സും ലെനിനുമാണെന്നു ഞെളിഞ്ഞു, മാത്രമോ, മാർക്സിനേയും ലെനിനേയുമെന്നപോലെ നാം ഇവരെ ബഹുമാനിക്കണമെന്നും 'നേതാക്കന്മാരായി' പിന്താങ്ങണമെന്നു അവരിൽ ഭക്തിവിശ്വാസങ്ങളർപ്പിക്കണമെന്നും പാർട്ടിമെമ്പറന്മാരോടാവശ്യപ്പെടാനുള്ള അവിവേകംപോലും അവർ പ്രദർശിപ്പിച്ചു. തന്നത്താൻ 'നേതാക്കന്മാരായി' അവരോധിക്കുന്നതിനുള്ള ഔദ്ധത്യംപോലും അവർ പ്രദശിപ്പിച്ചു. മററുള്ളവർ അവരെ ശുപാശ്ചെയ്യുവാൻ കാത്തുനില്ക്കാതെ ചുമതലയുള്ള സ്ഥാനങ്ങളിലേയ്ക്കു വലിഞ്ഞുകയറി, ഗോത്രാധിപന്മാരെപ്പോലെ ഉത്തരവുകൾ പുറപ്പെടുവിക്കയും പാർട്ടിയെ പഠിപ്പിക്കാനൊരുങ്ങുകയും പാർട്ടിക്കുള്ളിലുള്ളതു് എല്ലാം ദുരുപയോഗപ്പെടുത്തുകയും പാർട്ടി

മെമ്പറന്മാരെ കരുതിക്കൂട്ടി എതിർക്കുകയും ശിക്ഷിക്കുകയും കുതിരകയറുകയുംചെയ്തു ഇത്തരമാളുകൾക്ക് മാർക്സിസവും ലെനിനിസവും "പഠിക്കണമെന്നോ" മാർക്സിസം-ലെനിനിസത്തെ സാക്ഷാൽക്കരിക്കുന്നതിനുവേണ്ടി സമരം ചെയ്യണമെന്നോ ഉദ്ദേശമില്ലായിരുന്നുവെന്നു മാത്രമല്ല, അതിലുമേറെ അവർ പാർട്ടിക്കുള്ളിലെ അവസരവാദികളും കമ്മ്യൂണിസത്തിൻെറപേരിൽ വഞ്ചന നടത്തുന്ന കരിങ്കാലികളും ദല്ലാളന്മാരുമായിരുന്നു. പാർട്ടിക്കുള്ളിലുള്ള ഇത്തരമാളുകളെ നമ്മുടെ പാർട്ടിമെമ്പറന്മാർ കഠിനമായി എതിർക്കേണ്ടതും, തൊലിയുരിച്ചുകാട്ടേണ്ടതും, ഇരുണ്ട വിസ്മൃതിയിലാഴ്ത്തി അവരെ കുഴിച്ചുമൂടേണ്ടതുമാണെന്നുള്ളതിൽ യാതൊരു സംശയവുമില്ല. ഇപ്പോൾതന്നെ നമ്മുടെ പാർട്ടിമെമ്പറന്മാർ അവരെ കുഴിച്ചുമൂടിക്കഴിഞ്ഞിട്ടുണ്ട്. എങ്കിലും ഇത്തരമാളുകൾ പാർട്ടിക്കുള്ളിൽ ഇനിയും തീരെയില്ലെന്നു പൂർണ്ണമായി വിശ്വസിക്കാൻ നമുക്കു കഴിയുമോ? തീർച്ചയായും നമുക്ക് അങ്ങനെ പറയാറായിട്ടില്ല.

ആദ്യത്തേതിലും വളരെ വ്യത്യസ്തരാണു രണ്ടാമത്തെ കൂട്ടർ. അവർ പ്രഥമമായും പ്രധാനമായും തങ്ങളെ മാർക്സിൻേറയും എംഗത്സിൻേറയും ലെനിൻേറയും സ്റ്റാലിൻേറയും ശിഷ്യരായി കണക്കാക്കുന്നു, മാർക്സിനേയും എംഗത്സിനേയും ലെനിനേയും സ്റ്റാലിനേയും ഇന്നു നാം അറിയുന്ന രൂപത്തിലാക്കിത്തീർത്ത വിപ്ലവത്തിനേയും, വിപ്ലവസ്പിരിററിനേയും പ്രവർത്തനരീതികളേയും സ്വായത്തമാക്കുന്നതിനു അവർ ശ്രമിക്കുകയും ചെയ്യുന്നു. അവർ മാർക്സിൻേറയും എംഗത്സിൻേറയും ലെനിൻേറയും സ്റ്റാലിൻേറയും വ്യക്തിവൈശിഷ്ട്യങ്ങളേയും തൊഴിലാളിവർഗ്ഗത്തിൻെറ മോചനത്തിനുവേണ്ടി പൊരുതീട്ടുള്ള വിപ്ലവകാരികളാണെന്ന നിലയിലുള്ള അവരുടെ യോഗ്യതകളേയും ബഹുമാനിക്കയും സാക്ഷാൽക്കരിക്കയും ചെയ്യുന്നു. വിപ്ലവസമരത്തിനിടയിൽതന്നെ സ്വന്തം കഴിവുകളെ വളർത്തുവാൻ മിനക്കെട്ടു ശ്രമിക്കയും, മാർക്സിസം-ലെനിനിസത്തിൻെറ വിപ്ലവസ്പിരിട്ടിന് അനുഗുണമായിട്ടാണോ തങ്ങൾ കാര്യങ്ങളെ കൈകാര്യം ചെയ്യുന്നതും ജനങ്ങളോട് പെരുമാറുന്നതുമെന്നു സ്വയം പരിശോധിച്ചുനോക്കുകയും ചെയ്യുന്നു. അതുപോലെതന്നെ അവർ മാർക്സിസിൻേറയും,

എംഗൽസിൻേറയും ലെനിഃൻേറയും സ്റ്റാലിൻേറയും ലേഖനങ്ങളും ഗ്രന്ഥങ്ങളും ആവൎത്തിച്ചു വായിക്കുന്നു, പക്ഷേ, ജീവത്തായ യാഥാൎത്ഥ്യങ്ങളെ വിശകലനം ചെയ്യുന്നതിലാണ് അവർ പ്രധാനമായി ഊന്നുന്നതു്. അവർ ജീവിക്കുന്ന കാലഘട്ടത്തിലും രാജ്യത്തിലുമുള്ള തൊഴിലാളിവൎഗ്ഗത്തെ നേരിടുന്ന സ്ഥിതിയുടെ എല്ലാവശങ്ങളുടേയും സവിശേഷസ്വഭാവങ്ങളെപ്പററി ആഴമായി ചിന്തിക്കുകയും അതിൽനിന്നും സ്വന്തം നിഗമനങ്ങളെടുക്കുകയും ചെയ്യുന്നു. മാൎക്സിസം-ലെനിനിസത്തിൻെറ തത്വങ്ങളേയും അനുമാനങ്ങളേയും മനഃപാഠമാക്കുന്നതുകൊണ്ടുമാത്രം അവർ തൃപ്തിപ്പെടുന്നില്ല; നേരേമറിച്ചു്, മാൎക്സിസം-ലെനിനിസത്തിന്മേൽ അടിയുറച്ചുനില്ക്കുന്നതിനും മാൎക്സിസം-ലെനിനിസത്തിൻെറ പ്രവൎത്തനരീതിയിൽ നൈപുണ്യം സമ്പാദിക്കുന്നതിനും അവയെ പ്രായോഗികമാക്കുന്നതിനും ശ്രമിക്കുന്നു; അങ്ങനെ എല്ലാ വിപ്ലവസമരങ്ങളേയും ഊൎജ്ജിതമായി നയിക്കാനും നിലവിലുള്ള സ്ഥിതിഗതികളെ മാററുന്നതിനും, അതേസമയം തങ്ങളെത്തന്നെ മാററിതീൎക്കുന്നതിനും അവർ കാൎയ്യമായി ശ്രമിക്കുന്നു. അവരുടെ എല്ലാ പ്രവൎത്തനങ്ങൾക്കും മുഴുവൻ ജീവിതത്തിനും വഴികാട്ടിയായി നില്ക്കുന്നതു മാൎക്സിസം-ലെനിനിസത്തിൻെറ തത്വങ്ങളാണ്. അവരുടെ പ്രവൎത്തനങ്ങളുടേയും ജീവിതത്തിൻേറയും ഏകലക്ഷ്യം—തൊഴിലാളിവൎഗ്ഗത്തിൻെറ വിജയം, ദേശീയമോചനം, മനുഷ്യവൎഗ്ഗത്തിൻെറ മോചനം, കമ്മ്യൂണിസത്തിൻെറ വിജയം ഇതല്ലാതെ മറെറാന്നുമല്ല.

സഖാവു് സ്റ്റാലിൻ പറഞ്ഞിട്ടുണ്ടു്;

"നേരെമറിച്ചു് രണ്ടാമത്തെ ഗ്രൂപ്പിൽപെട്ടവർ, പ്രമുഖപ്രാധാന്യം നല്കുന്നതു മാൎക്സിസത്തെ കേവലം ബാഹ്യമായി അംഗീകരിക്കുന്നതിനല്ല; എന്നാൽ അതിനെ സാക്ഷാല്ക്കരിക്കുന്നതിനാണ്; അതിനെ യാഥാൎത്ഥ്യമായി രൂപാന്തരപ്പെടുത്തുന്നതിനാണ്; ഈ ഗ്രൂപ്പുകാർ അവരുടെ ശ്രദ്ധയെ മുഖ്യമായും കേന്ദ്രീകരിക്കുന്നതു് അന്നത്തെ സ്ഥിതിക്കു് ഏററവും പററിയരീതിയിൽ മാൎക്സിസത്തെ സാക്ഷാത്കരിക്കുന്നതിനുള്ള മാൎഗ്ഗങ്ങളും ഉപായങ്ങളും നിൎണ്ണയിക്കുന്നതിലും പരിതഃസ്ഥിതി മാറുന്തോറും ഈ മാൎഗ്ഗങ്ങളേയും മാററുന്നതിലുമാണ്—'മാൎക്സിസ്റ്റു്'കാൎക്കു ലോകത്തെ വ്യാഖ്യാനിക്കുന്നതുകൊണ്ടുമാത്രം തൃ

പ്പിപ്പെട്ടുകഴിയാൻ സാദ്ധ്യമല്ല, പിന്നെയോ വളരെയധികം മുന്നോട്ടുപോവുകയും ലോകത്തെ മാററുകയും വേണം' എന്ന 'മാർക്സിന്റെ വചനം ഇവക്കു തികച്ചും ബാധകമാക്കാവുന്നതാണു്. ഈ ഗ്രൂപ്പുകാർ ബോൾഷെവിക്കുകാർ അഥവാ കമ്മ്യൂണിസ്റ്റുകാർ എന്നറിയപ്പെടുന്നു.

മാർക്സ്, എംഗത്സ്, ലെനിൻ, സ്റ്റാലിൻ എന്നീ വിപ്ലവാചാര്യന്മാരിൽനിന്നു പഠിക്കുന്നതിനെക്കുറിച്ചുള്ള മറെറാരു നിലപാടാണിതു്.

ഈ രണ്ടാമത്തെ നിലപാടാണു ശരിയായിട്ടുള്ളതു്. മാർക്സിസം-ലെനിനിസം പഠിക്കുന്നതിനെക്കുറിച്ചുള്ള ഈ യൊരു നിലപാടു സ്വീകരിക്കുന്നതുകൊണ്ടുമാത്രമേ ഒരാൾക്കു "വരച്ചതു കടുവാ, കാഴ്ചയിൽ പട്ടി" എന്ന രൂപത്തിലുള്ള തെററുപററാതിരിക്കുന്നതിനും മാർക്സ്, എംഗത്സ്, ലെനിൻ, സ്റ്റാലിൻടൈപ്പിലുള്ള ഒരു തൊഴിലാളിവർഗ്ഗകമ്മ്യൂണിസ്റ്റുവിപ്ലവകാരിയാകത്തക്കവണ്ണം സ്വന്തം യോഗ്യതകളെ വളർത്തുവാനും കഴിയൂ.

തന്നത്താൻ വളർത്തുന്നതിനുള്ള ശ്രമം മിനക്കെട്ടു തുടന്നുകൊണ്ടിരിക്കുന്നവരും മാർക്സിന്റേയും, എംഗത്സിന്റേയും, ലെനിന്റേയും, സ്റ്റാലിന്റേയും വിശ്വസ്തശിഷ്യരുമായ ആളുകൾ മാർക്സിസ്റ്റ്-ലെനിനിസ്റ്റ് നിലപാടും പ്രവർത്തനരീതിയും ഗ്രഹിക്കുകയും, മാർക്സും, എംഗത്സും, ലെനിനും, സ്റ്റാലിനും ചെയ്തിട്ടുള്ള അതേരീതിയിൽ വിപ്ലവകാലത്തു തൊഴിലാളിവർഗ്ഗത്തെ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾക്കു പരിഹാരം കാണുകയും ചെയ്യുന്നതിൽമാത്രമാണു് ശ്രദ്ധ കേന്ദ്രീകരിക്കുന്നതു്. ഇതിനുപുറമേ പാർട്ടിയ്ക്കുള്ളിലുള്ള അവരുടെ സ്ഥാനവും അന്തസ്സും ഉയന്നതോ താണതോയെന്നു അവർ തീരെ ഗണിക്കാറില്ല, അവർ ചൈനയുടെ മാർക്സും, ലെനിനും ആണെന്നു് അവകാശപ്പെടുകയോ അവർ, മാർക്സിനേയും ലെനിനേയും ബഹുമാനിക്കുന്നതുപോലെ മററുള്ളവർ തങ്ങളേയും ആദരിക്കണമെന്നാവശ്യപ്പെടുകയോ അത്തരം വ്യാമോഹം വച്ചുപുലർത്തുകയോ ഒരിയ്ക്കലും ചെയ്യാറില്ല. അത്തരം സ്ഥാനമാനം വേണമെന്നു് അവർ ആഗ്രഹിക്കുന്നില്ലെന്നുമാത്രമല്ല, അവക്കറിയാം, അപ്രകാരം

വിചാരിക്കുന്നതു മാർക്സിനേയും ലെനിനേയും വഞ്ചിയ്ക്കലായിരിക്കുമെന്നും രാഷ്ട്രീയപണ്ഡിതമൂഢന്മാരുടെ നിലവാരത്തിലേയ്ക്കു് അധഃപതിക്കുകയായിരിക്കുമെന്നും. എന്നുവരികിലും, അവരുടെ ഈദൃശമായ മനോഭാവംകൊണ്ടും വിപ്ലവസമരത്തിലുള്ള ധൈര്യവും എതിരില്ലാത്ത കഴിവുംകൊണ്ടുതന്നെ അവർ പാർട്ടി അണികളിൽനിന്നു സ്വമേധയാ ബഹുമതിയും പിന്തുണയും സമ്പാദിക്കുന്നു.

സഖാക്കളേ! സ്വയം വിദ്യാഭ്യാസത്തിൽ മാർക്സിനേയും, എംഗത്സിനേയും, ലെനിനേയും, സ്റ്റാലിനേയും മാതൃകയായെടുക്കുന്നതും അവരുടെ എത്രയും വിശ്വസ്തരായ ഒന്നാംതരം ശിഷ്യരായിത്തീരുകയെന്നതും തീച്ചയായും അത്ര എളുപ്പമുള്ള കാര്യങ്ങളല്ല. തൊഴിലാളിവർഗ്ഗത്തിന്റെ മോചനത്തിനു വേണ്ടിയുള്ള ഉഗ്രമായ സമരത്തിൽ ഇരുമ്പുപോലുറച്ച ഇച്ഛാശക്തിയും നിശ്ചയദാർഢ്യവും അതിനാവശ്യമാണു്. മാർക്സിസം-ലെനിനിസം പഠിക്കുന്നതിനും ബഹുജനങ്ങളുടെ വിപ്ലവസമരത്തിനിടയ്ക്കും ജീവിതത്തിന്റെ എല്ലാ വശങ്ങളിലും ഉരുക്കുപോലുറയ്ക്കുന്നതിന്നും സ്വയം വിദ്യയഭ്യസിക്കുന്നതിന്നും സ്വന്തം ജീവിതമാകെ ഉഴിഞ്ഞുവെയ്ക്കേണ്ടതായിട്ടുണ്ടു്

## വിദ്യാഭ്യാസത്തിന്റെ വിവിധവശങ്ങളും രീതികളും

സഖാക്കളേ! മാർക്സിന്റെയും, എംഗത്സിന്റെയും ലെനിന്റെയും; സ്റ്റാലിന്റെയും ഏററവും വിശ്വസ്തരായ ഒന്നാന്തരം ശിഷ്യരായിത്തീരുന്നതിനു് തൊഴിലാളിവർഗ്ഗത്തിന്റെയും ബഹുജനസഞ്ചയത്തിന്റെയും നീണ്ടകാലത്തെ മഹത്തായ വിപ്ലവസമരത്തിനിടയ്ക്കു് നമ്മുടെ ജീവിതത്തിന്റെ എല്ലാ വശങ്ങളിലും നാം വിദ്യാഭ്യാസം നടത്തേണ്ടതായിട്ടുണ്ടു്. മാർക്സിസം-ലെനിനിസത്തിന്റെ സിദ്ധാന്തങ്ങളിലും അതിനെ പ്രയോഗത്തിൽ വരുത്തുന്നതിലും വിപ്ലവകരമായ സമരതന്ത്രത്തിലും, അടവുകളിലും മാർക്സിസം-ലെനിനിസത്തിന്റെ വീക്ഷണഗതിയും പ്രവർത്തനരീതികളുമനുസരിച്ചു് പലതരത്തിലുള്ള പ്രശ്നങ്ങളെ പഠിക്കുന്നതിലും കൈകാര്യംചെയ്യുന്നതിലും; ആദർശത്തിലും സന്മാർഗ്ഗനിഷ്ഠയിലും, പാർട്ടിഐക്യത്തിലും പാർട്ടിയ്ക്കുള്ളിലെ സമരത്തിലും അച്ചടക്കത്തിലും; അക്ഷീണപ്രവർത്തനത്തിലും പ്രവർത്തനശൈലിയിലും; പലതരക്കാ

LIBR

രായ ആളുകളുമായി സമത്ഥമായി പെരുമാറുന്നതിലും ബഹുജനങ്ങളുമായി സഹകരണത്തിലും; പലതരത്തിലുള്ള ശാസ്ത്രീയ ജ്ഞാനത്തിലും അങ്ങനെ എല്ലാററിലും നാം വിദ്യാഭ്യാസം ചെയ്യേണ്ടതായിട്ടുണ്ട്. നാമെല്ലാവരും കമ്മ്യൂണിസ്റ്റ് പാർട്ടി മെമ്പറന്മാരാണ്, അതുകൊണ്ടുതന്നെ നമുക്കെല്ലാവക്കും പൊതുവിൽ ഒരു വിദ്യാഭ്യാസമുണ്ട്. എന്നാൽ ഇന്നു നമ്മുടെ പാട്ടി മെമ്പറന്മാക്ക തമ്മിൽതന്നെ അതിവിപുലമായ പല വ്യത്യസ്ഥകളുമുണ്ട്. അതേ രാഷ്ട്രീയബോധത്തിൻെറ നിലവാരത്തിലും, പ്രവത്തനത്തിലും, സ്ഥാനമാനങ്ങളിലും, സാസ്കാരികനിലവരത്തിലും, സമരാനുഭവത്തിലും, സാമൂഹ്യമായ ഉത്ഭവത്തിലും വളരെ വിപുലമായ വ്യത്യസ്തത നമ്മുടെയിടയിൽ നിലനില്ക്കുന്നുണ്ട്. അതുകൊണ്ട് പൊതുവിദ്യാഭ്യാസത്തിനു പുറമേ വിവിധ ഗ്രൂപ്പുകൾക്കും ഓരോ സഖാവിന്നും പ്രത്യേകമായ വിദ്യാഭ്യാസം ആവശ്യമായിരിക്കുന്നു.

അതുകൊണ്ട്, വിദ്യാഭ്യാസത്തിന്നു വ്യത്യസ്തമായ രീതികളും രൂപങ്ങളും ഉണ്ടായിരിക്കുകതന്നെ വേണം. ഉദാഹരണമായി, നമ്മുടെ സഖാക്കളിൽ പലരും അവരുടെ പ്രവത്തനത്തെയും ചിന്തയേയും അന്നന്നു പരിശോധിക്കുന്നതിനായി ഒരു ഡയറി സൂക്ഷിക്കുകയും അല്ലെങ്കിൽ ചെറിയ പോസ്റ്ററുകളിൽ അവരുടെ വ്യക്തിപരമായ കുറവുകളേയും അവക്കു നേടാൻ കഴിയുമെന്നു വിശ്വാസമുള്ള കാര്യങ്ങളേയും കുറിച്ചു വെയ്ക്കുകയും അതു് അവരുടെ താമസസ്ഥലത്തോ പണിസ്ഥലത്തോ തങ്ങൾ മാതൃകയായി കണക്കാക്കുന്ന ആളിൻെറ ചിത്രത്തോടുകൂടി പതിക്കുകയും അതിനെപ്പററി വിമശിക്കുവാനും പരിശോധിക്കുവാനും മററു സഖാക്കളോടാവശ്യപ്പെടുകയും ചെയ്യുന്നു. പുരാതന ചൈനയിൽ വിദ്യാഭ്യാസത്തിനുള്ള പല രീതികളുമുണ്ടായിരുന്നു. കൺഫ്യൂഷ്യസിൻെറ ശിഷ്യനായ 'ട്സെൻങ്ടസു എന്ന മഹാൻ പറഞ്ഞിട്ടുള്ളതു് ദിവസം "മൂന്നു പ്രാവശ്യം വീതം ഞാൻ എന്നെപ്പററി ചിന്തിക്കാറുണ്ട്" എന്നാണ്. 'ദി ബുക്ക് ഓഫ് ഓഡ്സ്' എന്ന സ്തുതിഗീതഗ്രന്ഥത്തിൽ ഇപ്രകാരം പറയുന്നു: "ഒരു പൊൻപണിക്കാരൻ മുറിക്കുകയും രാവുകയും ചിത്രംകൊത്തുകയും മിനുക്കുകയും ചെയ്യുന്നതുപോലെ ഒരാൾതന്നെ നന്നാക്കുവാൻ ശ്രമിക്കണം." മറെറാരു രീതിയുണ്ടായിരുന്നതു്, സ്വയം

ചിന്തിച്ചു് സ്വയം പരിശോധിക്കുക"യും "സാധാരണയായി ഉപയോഗിക്കുന്ന ഡസ്കിന്റെയൊ മേശയുടേയൊ വലതുവശത്തോ അല്ലെങ്കിൽ അരപ്പട്ടയിന്മേലൊ അവനവന്റെ നടപടിനിയമങ്ങളെ ദിവസേന ഓർമ്മിപ്പിക്കുന്ന കുറിവചനങ്ങൾ എഴുതിച്ചേർത്തു സൂക്ഷിക്കു"യുമാണു്; ചൈനയിലെ കൺഫ്യൂഷ്യൻ ചിന്താഗതിക്കാരായ പണ്ഡിതന്മാൎക്കു് അവരുടെ ശരീരത്തേയും മനസ്സിനേയും വളൎത്തുന്നതിലുള്ള അനവധി രീതികളുണ്ടായിരുന്നു. ഓരോ മതത്തിനും അതിന്റേതായ പലേ വിദ്യാഭ്യാസരീതികളും രൂപങ്ങളുമുണ്ടു്. 'ദി ഗ്രേററ് ലേർണിങ്ങ്"* (മഹൽജ്ഞാനം) എന്ന കൺഫ്യൂഷ്യൻ ഗ്രന്ഥത്തിൽ, "വസ്തുതകളെ ആരായുക, വിജ്ഞാനത്തെ വിപുലമാക്കുക, വിചാരശുദ്ധി, ആത്മപരിശോധന, അരോഗദൃഢഗാത്രത, കുടുംബക്രമീകരണം, രാജ്യത്തിന്റേയും ഭരണകൂടത്തിന്റേയും ക്രമസമാധാനപാലനം" എന്നെല്ലാം പറഞ്ഞിട്ടുള്ളതിന്റേയും അൎത്ഥം ഇതുതന്നെയാണു്. ഒരാൾക്കു പുരോഗതി നേടണമെങ്കിൽ അയാൾ സ്വയം വിദ്യാഭ്യാസവും പഠനവും തുടൎന്നു നടത്താൻ കാൎയ്യമായും ഊൎജ്ജിതമായും പരിശ്രമിക്കണമെന്നു് ഇതെല്ലാം കാണിക്കുന്നു. എങ്കിലും മേൽപറഞ്ഞ രീതികളിലും രൂപങ്ങളിലും പലതും നമുക്കു സ്വീകാൎയ്യമല്ല. കാരണം അവയിൽ മിക്കതും ആദ്ധ്യാത്മികവും ബാഹ്യരൂപപ്രധാനവും അരൂപവും സാമൂഹ്യപ്രവൎത്തനത്തിൽനിന്നു വേർപെടുത്തിയിട്ടുള്ളവയുമാണു്. ഈ പണ്ഡിതന്മാരും മതവിശ്വാസികളും അവനവന്റെ സ്വന്തം മുൻകൈയ്ക്കുള്ള സ്ഥാനത്തെ ഉള്ളതിലധികം വലുതാക്കിപ്പറയുന്നു. കാരണം, തങ്ങളുടെ സാമാന്യ'സദുദ്ദേശങ്ങൾ' നിലനിൎത്തുകയും ഭക്തിയോടെ മൗനപ്രാൎത്ഥന നടത്തുകയും ചെയ്യുന്ന കാലത്തോളം സാമൂഹ്യവും വിപ്ലവപരവുമായ പ്രവൎത്തനത്തിൽനിന്നൊററപ്പെട്ട സാഹചൎയ്യങ്ങളിൽ ഇന്നത്തെ സ്ഥിതിഗതികളെ മാററുന്നതിനും, സമുദായത്തേയും തങ്ങളേയും മാററിത്തീൎക്കുന്നതിനും സാധിക്കുമെന്നാണു് അവരുടെ വിചാരം. ഇതു് തീൎച്ചയായും അസംബന്ധമാണു്. ഈ വിധ

* 'മഹത്ജ്ഞാനം' എന്ന ഗ്രന്ഥം കൺഫ്യൂഷ്യൻ ശിഷ്യപരമ്പരയാൽ സമാഹരിക്കപ്പെട്ടിട്ടുള്ളതും കൺഫ്യൂഷ്യൻ ധൎമ്മസിദ്ധാന്തങ്ങൾ ആദ്യമായി പഠിക്കാൻ തുടങ്ങുന്നവരെ നന്മയിലേക്കു കടത്തിവിടുന്ന പടിവാതിലുമാണെന്നു പറയപ്പെടുന്നു.

ത്തിൽ നമുക്കു സ്വയംവിദ്യാഭ്യാസം നടത്താൻ സാദ്ധ്യമല്ല. നാം ഭൗതികവാദികളാണു്, പ്രായോഗികപ്രവൎത്തനത്തിൽനിന്നും വേറിട്ടുനിന്നുകൊണ്ടു് നമുക്കു വിദ്യാഭ്യാസം സാദ്ധ്യമല്ല.

നമ്മെ സംബന്ധിച്ചിടത്തോളം ഏററവും മുഖ്യമായിട്ടുള്ളതു് ഏതു പരിതഃസ്ഥിതിയിലും വിവിധവിഭാഗക്കാരായ ബഹുജനങ്ങളുടെ, അതാതു സന്ദൎഭത്തിൽ വിവിധരൂപത്തിലുള്ള വിപ്ലവസമരങ്ങളിൽനിന്നു വേറിട്ടുനില്ക്കാൻ പാടില്ലെന്നുള്ളതാണു്. കൂടാതെ, ചരിത്രപരമായ വിപ്ലവാനുഭവങ്ങളെ നാം വകയിരുത്തുകയും അതിൽനിന്നു സാദരം പഠിക്കുകയും പഠിച്ചതിനെ പ്രയോഗത്തിൽ വരുത്തുകയും ചെയ്യണമെന്നുള്ളതാണു്. അതായതു്, കഴിഞ്ഞകാലത്തെ വിപ്ലവത്തിൻെറ അനുഭവങ്ങളിലും, ഇന്നത്തെ പ്രത്യക്ഷപരിതഃസ്ഥിതിയിലും, പുതിയ അനുഭവങ്ങളിലും, അടിയുറച്ചുനിന്നുകൊണ്ടു നമ്മുടെ സ്വന്തം പ്രവൎത്തനത്തിനിടക്കു നാം ഉരുക്കുപോലെ ഉറപ്പിക്കുവാനും സ്വയംവിദ്യാഭ്യാസം നടത്താനും ശ്രമിക്കണം. നമ്മുടെ സ്വയംവിദ്യാഭ്യാസവും ദൃഢീകരണശ്രമവും വിപ്ലവപ്രവൎത്തനത്തിനല്ലാതെ മറെറാന്നിനുംവേണ്ടിയല്ല. അതായതു്, മാൎക്സിസം-ലെനിനിസത്തിൻെറ നിലപാടും, പ്രവൎത്തനരീതിയും, ചൈതന്യവും മനസ്സിലാക്കുന്നതിനു നാം സവിനയം ശ്രമിക്കയും മാൎക്സും, എംഗൽസും, ലെനിനും, സ്റ്റാലിനും എങ്ങിനെയാണു് ജനങ്ങളോടു പെരുമാറിയിരുന്നതെന്നു ധരിക്കയും വേണം. ഇതെല്ലാം മനസ്സിലാക്കിക്കഴിഞ്ഞാൽ ഉടനെതന്നെ സ്വന്തം പ്രവൃത്തിയിൽ അവയെ പ്രയോഗിക്കാൻ നോക്കണം, അതായതു് നമ്മുടെ സ്വന്തം ജീവിതത്തിലും, വാക്കിലും, അനുഷ്ഠാനത്തിലും, പ്രവൃത്തിയിലും. കൂടാതെ, നാം അവയെ മുറുകെപ്പിടിക്കുകയും അവക്കെതിരായി നമ്മുടെ ആശയങ്ങളിലുള്ള എല്ലാ വൃത്തികേടുകളേയും കലവറകൂടാതെ തിരുത്തുകയും ശുദ്ധീകരിക്കയും ചെയ്യണം. അങ്ങനെ നമ്മുടെ സ്വന്തം തൊഴിലാളിവൎഗ്ഗകമ്മ്യൂണിസ്റ്റ് ആശയഗതിയേയും ഗുണവിശേഷങ്ങളേയും ശക്തിപ്പെടുത്തണം. അതായതു്, നമ്മുടെ സഖാക്കളുടേയും ബഹുജനങ്ങളുടേയും വിമൎശനങ്ങളും അഭിപ്രായങ്ങളും വളരെ വിനയത്തോടെ നാം ശ്രദ്ധിച്ചു കേൾക്കുകയും, നമ്മുടെ ജീവിതത്തിലും

പ്രവൎത്തനത്തിലും വന്നുചേരുന്ന പ്രായോഗികപ്രശ്നങ്ങളെ സസൂക്ഷ്മം പഠിച്ചറിയുകയും, നമ്മുടെ പ്രവൎത്തനത്തെത്തന്നെ നേർവഴിക്കു തിരിക്കുവാൻ സ്വന്തം അനുഭവങ്ങളേയും നാം മുമ്പ് പഠിച്ചിട്ടുള്ള പാഠങ്ങളേയും ഏത്രയും ശ്രദ്ധയോടെ സംഗ്രഹിക്കുകയും വേണം. അതുകൊണ്ടും പോരാ ഇപ്പറഞ്ഞതിന്റെയെല്ലാമടിസ്ഥാനത്തിൽ മാർക്സിസം-ലെനിനിസത്തെക്കുറിച്ചുള്ള ശരിയായ ധാരണ നമുക്കു വന്നിട്ടുണ്ടോയെന്നും, മാർക്സിസം-ലെനിനിസത്തിന്റെ പ്രവൎത്തനരീതിയെ നാം ശരിയായി പ്രയോഗിച്ചിട്ടുണ്ടോയെന്നും നമ്മുടെ കുറവുകളേയും കുറവുകളേയും കണ്ടറിയുകയും തിരുത്തുകയും ചെയ്തിട്ടുണ്ടോയെന്നും നാം പരിശോധിച്ചു തീർച്ചപ്പെടുത്തണം. അതേസമയം, നമുക്കു നല്ലതുപോലെ ബോദ്ധ്യമായിക്കഴിഞ്ഞിട്ടുള്ള പുതിയ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ നോക്കിയാൽ ഏതേതുവിധത്തിലാണു മാർക്സിസം-ലെനിനിസത്തിന്റെ പ്രത്യേക നിഗമനങ്ങളെ കൂട്ടിച്ചേർക്കാനും പുഷ്ടിപ്പെടുത്താനും വളർത്താനുമുള്ളതെന്നും നാം ആരായണം. അതായത്, മാർക്സിസം-ലെനിനിസത്തിന്റെ സാർവ്വലൗകികസത്യങ്ങളെ നാം വിപ്ലവത്തിന്റെ പ്രായോഗികപ്രവൎത്തനവുമായി കൂട്ടിയിണക്കണം.

ഇവയായിരിക്കണം കമ്മ്യൂണിസ്റ്റ് പാർട്ടിമെമ്പറന്മാരായ നമ്മുടെ സ്വയംവിദ്യാഭ്യാസത്തിന്റെ രീതികൾ. അതായത്, നമ്മുടെ സ്വയംവിദ്യാഭ്യാസത്തിന്നു നാം മാർക്സിസം-ലെനിനിസത്തിന്റെ രീതികളുപയോഗപ്പെടുത്തണം. ഇത്തരത്തിലുള്ള സ്വയംവിദ്യാഭ്യാസം സാമൂഹ്യ പ്രവൎത്തനങ്ങളിൽനിന്നു ഒറ്റപ്പെട്ടുനില്ക്കുന്നതും അദ്ധ്യാത്മികവുമായ മറ്റു വിദ്യാഭ്യാസരീതികളിൽനിന്നും തികച്ചും വ്യത്യസ്തമാണ്.

ഈ സന്ദർഭത്തിൽ, സ്വയംവിദ്യാഭ്യാസത്തേയും ദൃഢീകരണത്തേയും സംബന്ധിച്ചിടത്തോളം ഉണ്ടായിട്ടുള്ള ചില സൊള്ളലുകളേയും യാന്ത്രികമനോഭാവത്തേയും നമുക്ക് എതിർക്കാതിരിക്കാൻവയ്യ.

ഒന്നാമതായി, പഴയ സമുദായത്തിലെ പഠനവും പരിശീലനവുംകൊണ്ട് നമുക്ക് ഒസ്യത്തായി കിട്ടിയിട്ടുള്ള ഒരു വലിയ രോഗമുണ്ട്, അതിനെ നാം എതിർക്കുകയും നിശ്ശേഷം നശിപ്പിക്കുകയുംവേണം. പ്രയോഗത്തിൽനിന്നും സിദ്ധാന്ത

ത്തെ ഒഴിച്ചുനിൎത്തുന്നതാണു് ആ രോഗം. പഴയ സമുദായത്തിൽ പഠിക്കുകയും പരിശീലിക്കുകയുംചെയ്യുന്ന കാലത്തു് പലയാളുകളും വിചാരിച്ചിരുന്നു പഠിക്കുന്നതൊക്കെയും പ്രായോഗികമാക്കുന്ന കാൎയ്യം അനാവശ്യവും അസാദ്ധ്യവുമാണെന്നു്. പുരാതനഋഷികൾ രചിച്ചിട്ടുള്ള ഗ്രന്ഥങ്ങൾ അവർ ആവൎത്തിച്ചാവൎത്തിച്ചു വായിക്കുന്നുണ്ടെങ്കിലും ഋഷികൾ ചെയ്യാൻ മടിച്ചിരുന്ന പ്രവൃത്തികൾ അവർ ചെയ്തിട്ടുണ്ടു്. ഋഷികൾ പറഞ്ഞിട്ടുള്ളതും എഴുതിവെച്ചിട്ടുള്ളതുമായ എല്ലാ ഗ്രന്ഥങ്ങളിലും അവർ നീതിയും സന്മാൎഗ്ഗവുമാണു് പ്രവചിച്ചിട്ടുള്ളതെങ്കിലും അതൊന്നും വകവയ്ക്കാതെ ഈ വിശ്വാസികൾ എല്ലാക്കാൎയ്യത്തിലും ക്രൂററൻകൊള്ളക്കാരെപ്പോലെയും വഞ്ചകന്മാരെപ്പോലെയുമാണു് പ്രവൎത്തിച്ചിട്ടുള്ളതു്. "ഗ്രന്ഥചതുഷ്ടയം" എന്നും "അഞ്ചു വിശിഷ്ടഗ്രന്ഥങ്ങൾ" * എന്നും പേരുള്ള ഗ്രന്ഥങ്ങൾ എല്ലാവരും വായിക്കേണ്ടതാണെന്നു കാണിച്ചു ചില "ഉയൎന്ന ഉദ്യോഗസ്ഥന്മാർ" ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടു്. എങ്കിലും അവർ അവരുടെ ദൈനംദിനഭരണകൃത്യങ്ങളിൽ കണ്ണിൽ ചോരയില്ലാതെ അക്രമപ്പിരിവുകൾ നടത്തുന്നു; ഭ്രാന്തുപിടിച്ചവരെപ്പോലെ കൈക്കൂലിയും അഴിമതിയും കൊള്ളയും നടത്തുന്നു. എന്തിനു്, നീതിക്കും സന്മാൎഗ്ഗത്തിനുമെതിരായി എന്തും ചെയ്യുവാനവർ മടിക്കുന്നില്ല. ചിലയാളുകൾ "മൂന്നു ജനകീയതത്വങ്ങൾ" ആവൎത്തിച്ചു വായിക്കുന്നുണ്ടു്. 'ഡോക്ടർ സൺയാത്സെന്നിന്റെ മരണപത്രം' അവൎക്കു കാണാതെ ചൊല്ലാൻ കഴിയും, എങ്കിലും അവർ ജനങ്ങളെ അടിച്ചമൎത്തി മൎദ്ദിച്ചിട്ടുണ്ടു്, നമ്മോടു തുല്യനിലയിൽ പെരുമാറിയ രാഷ്ട്രങ്ങളെ എതിൎത്തിട്ടുണ്ടു്, അതേസമയം ദേശീയശത്രുക്കളോടു് സന്ധിചെയ്യാനും കീഴടങ്ങാനും മടിച്ചിട്ടില്ല. ഒരിക്കൽ പഴയ കൂറുകാരനായ ഒരു പണ്ഡിതൻ എന്നോടു പറഞ്ഞതു് അദ്ദേഹത്തിനു കൺഫ്യൂഷ്യസിന്റെ സിദ്ധാന്തങ്ങളിൽ ഒന്നുമാത്രമേ പ്രവൃത്തിയിൽ വരുത്താൻ കഴിഞ്ഞിട്ടുള്ളുവെന്നാണു്. അതായതു് "അയാൾക്കു് ആഹാരം ഒരിക്കലും സ്വാദുകൂടിയതായി

* 'ഗ്രന്ഥചതുഷ്ടയം, അഞ്ചു വിശിഷ്ടഗ്രന്ഥങ്ങൾ' ഇവ കൺഫ്യൂഷൻ ധൎമ്മസംഹിതയിലെ തത്വശാസ്ത്രം, ചരിത്രം, കവിത മുതലായവ അടങ്ങിയിട്ടുള്ള ഒമ്പതു ചൈനീസ് പുരാണഗ്രന്ഥങ്ങളാണു്.

ട്ടില്ല, നുറുക്കിയ ഇറച്ചി ഒരിക്കലും കൂടുതൽ നന്നായിട്ടില്ല.'' മററു പ്രമാണങ്ങളൊന്നും അദ്ദേഹത്തിന്ന് അനുഷ്ഠിക്കാൻ കഴിഞ്ഞിട്ടില്ലെന്നും അനുഷ്ഠിക്കാനുദ്ദേശിക്കുന്നില്ലെന്നും അദ്ദേഹം എന്നോടു പറഞ്ഞു പിന്നെന്തുകൊണ്ടാണ് അവർ ഇപ്പോഴും വിദ്യാഭ്യാസം നടത്തുന്നതു്, ഋഷിയുടെ വചനങ്ങളെ പഠിക്കുന്നതു്? അവയെ പൊടിപ്പിനും തൊങ്ങലിനും ഉപയോഗിക്കുന്നതിനുപുറമേ ഇക്കൂട്ടരുടെ ഉദ്ദേശം താഴെ പറയുന്നവയായിരുന്നു: (1) ദൂഷിതവൎഗ്ഗത്തെ മൎദ്ദിച്ചൊതുക്കുന്നതിന്ന് ഋഷിവചനങ്ങളെ ഉപയോഗപ്പെടുത്തുക, സാംസ്കാരികമായി പിന്നോക്കംനില്ക്കുന്ന ജനസംഖ്യയത്തെ പറഞ്ഞുപററിക്കുന്നതിനും ഒതുക്കി നിറുത്തുന്നതിനും നീതിധൎമ്മബോധത്തെ ഉപയോഗപ്പെടുത്തുക. (2) അങ്ങനെ ഭേദപ്പെട്ട ഗവണ്മെൻറുദ്യോഗങ്ങൾ കൈവശപ്പെടുത്താനും പണവും പ്രതാപവും നേടുവാനും കുടുംബത്തിനു കീൎത്തിയുണ്ടാക്കാനും പരിശ്രമിക്കുക. ഈ ഉദ്ദേശ്യങ്ങൾക്കുപുറമേ ഋഷിവചനങ്ങൾ ഇവരുടെ പ്രവൃത്തികളെ യാതൊരുതരത്തിലും നിയന്ത്രിച്ചിട്ടില്ല. പഴയസമുദായത്തിലെ 'പണ്ഡിതന്മാരും' 'വിദ്വാന്മാരും' തങ്ങൾ ആരാധിച്ചിരുന്ന ഋഷിമാരോടു് അംഗീകരിച്ച മനോഭാവവും നൽകിയ പ്രതിഫലവും ഇങ്ങിനെയൊക്കെയായിരുന്നു. നിശ്ചയമായും കമ്മ്യൂണിസ്റ്റ്പാർട്ടിമെമ്പറന്മാരായ നമുക്കു മാർക്സിസം-ലെനിനിസം പഠിക്കുന്നതിലും പുരാതനരായ ഋഷിമാരിൽനിന്നും ലഭിച്ചിട്ടുള്ള ഒന്നാംതരവും ഉപയോഗപ്രദവുമായ സിദ്ധാന്തങ്ങളഭ്യസിക്കുന്നതിലും ഇത്തരം മനോഭാവം സ്വീകരിക്കുക സാധ്യമല്ല. നമ്മുടെ വാക്കും പ്രവൃത്തിയും ഒരുപോലെയിരിക്കണം. നാം സത്യസന്ധന്മാരും ആത്മാൎത്ഥതയുള്ളവരുമാണ്. നമുക്കു നമ്മെയും ജനങ്ങളേയും നമ്മുടെ പൂർവ്വികരേയും വഞ്ചിക്കാൻ സാദ്ധ്യമല്ല കമ്യൂണിസ്റ്റ്പാർട്ടിമെമ്പറന്മാരായ നമ്മുടെ ഒരു ഉത്തമസ്വഭാവവും മഹത്തായ ഗുണവുമാണിതു്.

സഖാക്കളെ! പഴയ സമുദായത്തിൻെറ ആ ദൂഷിച്ച പാരമ്പര്യങ്ങൾ ഇന്നും നമ്മിൽ സ്വാധീനം ചെലുത്തുന്നുവെന്നു വരാവുന്നതല്ലേ? അവ ഇപ്പോഴും നമ്മുടെമേൽ സ്വാധീനം ചെലുത്തുന്നുണ്ടു്. ഉയൎന്ന ഉദ്യോഗം കിട്ടുമെന്നു വിചാരിച്ചിട്ടോ പണം സമ്പാദിച്ചുകളയാമെന്നു കരുതിയോ

അന്യരെ ചൂഷണംചെയ്യുന്നതിന്നുവേണ്ടിയോ മാർക്സിസം പഠിക്കാൻ ശ്രമിക്കുന്നവരായി നിങ്ങളുടെ കൂട്ടത്തിൽ ആരുംതന്നെ ഉണ്ടായിരിക്കുകയില്ല. മനുഷ്യൻ മനുഷ്യനെ ചൂഷണംചെയ്യുന്ന സമ്പ്രദായത്തെ നശിപ്പിക്കുന്നതിന്നു വേണ്ടിയാണു് നിങ്ങൾ മാർക്സിസം പഠിക്കുന്നതു്. എങ്കിലും, നിങ്ങൾ പഠിച്ചിട്ടുള്ള പ്രകാരംതന്നെയാണു് ജീവിച്ചിട്ടുള്ളതെന്നു് ഉറപ്പുപറയാൻ എനിക്കു നിവൃത്തിയില്ല. താഴെ പറയുംവിധം വിചാരിക്കുന്നവരായി നിങ്ങളുടെ കൂട്ടത്തിൽ ആരും കാണുകയില്ലേ? അതായതു്, തങ്ങളുടെ വിചാരങ്ങളും, വാക്കുകളും, പ്രവൃത്തികളും, ജീവിതവുമെല്ലാം മാർക്സിസം ലെനിനിസത്തിന്റെ തത്വങ്ങളാൽ ഭരിക്കപ്പെടേണ്ടതല്ലെന്നും തങ്ങളഭ്യസിച്ച തത്വങ്ങളെല്ലാംതന്നെ പ്രായോഗികമാക്കേണ്ടതില്ലെന്നും വിചാരിക്കുന്നവരായി നിങ്ങളുടെ കൂട്ടത്തിൽ ആരും കാണുകയില്ലേ? കൂടാതെ പ്രമോഷൻ കിട്ടുന്നതിനും തന്നത്താൻ ഞെളിയുന്നതിനും യശസ്സു സമ്പാദിക്കുന്നതിന്നുംവേണ്ടിയാണു് തങ്ങൾ മാർക്സിസം ലെനിനിസവും അതിന്റെ അഗാധസിദ്ധാന്തങ്ങളും പഠിക്കുന്നതെന്നു വിചാരിക്കുന്നവരായി നിങ്ങളിലാരുംതന്നെയില്ലേ? ഇപ്രകാരം വിചാരിക്കുന്നവരായി നിങ്ങളുടെ കൂട്ടത്തിൽ ആരും കാണുകയില്ലെന്നു തീർത്തുപറയാൻ എനിക്കു നിവൃത്തിയില്ല. എന്നിരുന്നാലും ഇത്തരം ചിന്താഗതി മാർക്സിസത്തിനു യോജിച്ചതല്ല, അതു് സൂചിപ്പിക്കുന്നതു് മാർക്സിസ്റ്റുസിദ്ധാന്തത്തിനും പ്രയോഗത്തിനുമിടയ്ക്കു് ഒരു വിടവുണ്ടെന്നാണു്. മാർക്സിസ്റ്റു് സിദ്ധാന്തമഭ്യസിക്കുന്നതിനെക്കുറിച്ചു നമുക്കു് ആക്ഷേപമില്ല, എന്നുതന്നെയല്ല നാം സിദ്ധാന്തമഭ്യസിക്കുകതന്നെവേണം. പക്ഷേ നാം പഠിച്ചിട്ടുള്ളതു പ്രയോഗത്തിൽ വരുത്തിയേ മതിയാകൂ. പഠിച്ചതിനെ പ്രയോഗത്തിൽ വരുത്തുന്നതിന്നുവേണ്ടി മാത്രമാണു നാം പഠിക്കുന്നതു്. നാം പഠിക്കുന്നതു പാർട്ടിക്കുവേണ്ടിയും വിപ്ലവത്തിന്റെ വിജയത്തിന്നുവേണ്ടിയുമാണു്.

ഉദാഹരണമായി, 'സിദ്ധാന്തത്തെ പ്രയോഗവുമായി കൂട്ടിയിണക്കുക' എന്ന മുദ്രാവാക്യം നിങ്ങൾ കൂടെക്കൂടെ മുഴക്കാറുണ്ടു്, പക്ഷേ നിങ്ങൾ പഠിച്ചിട്ടുള്ള സിദ്ധാന്തത്തെ പ്രായോഗികമാക്കാൻ നിങ്ങൾതന്നെ ശ്രമിച്ചിട്ടുണ്ടോ? മാർ

ക്ലിസം-ലെനിസത്തിൻെറ തത്വങ്ങളുമായി യാതൊരു ചൊരുത്തവും ഇല്ലാത്ത രീതിയിൽ പ്രവത്തനം നടത്തുന്ന ചിലർ ഇന്നും നിങ്ങളുടെ കൂട്ടത്തിലില്ലേ? സിദ്ധാന്തവും പ്രയോഗവും തമ്മിൽ കൂട്ടിയോചിപ്പിക്കുന്നതിനെക്കുറിച്ച്, താഴെപ്പറയും വിധം ധരിക്കുന്ന ആളുകൾ ഇപ്പോഴും നിങ്ങളുടെയിടയിലുമുണ്ടെന്നു തോന്നുന്നു: മററുള്ളവർ എങ്ങനെയാണു് സിദ്ധാന്തത്തെ പ്രയോഗത്തോടു കൂട്ടിയിണക്കുന്നതെന്നറിയാനായി ഈ സ്കൂളിൽ പങ്കെടുക്കാത്തവർ പുറമേനിന്നു വന്നു് അവരുടെ സ്വന്തം അനുഭവങ്ങളെക്കുറിച്ചു റിപ്പോർട്ടുചെയ്യണമെന്നു് നിങ്ങളാവശ്യപ്പെടുന്നു. ഇതു തീച്ച്യയായും സിദ്ധാന്തത്തേയും പ്രയോഗത്തേയും കൂട്ടിയിണക്കൽതന്നെയാണു്, പക്ഷെ, അതു് അവരുടെയാണു് നിങ്ങളുടെതല്ല. ഈ മുദ്രാവാക്യം നിങ്ങൾ മുഴക്കുന്നതിൻെറ അത്ഥം നിങ്ങൾ പഠിക്കുന്ന സിദ്ധാന്തവുമായി നിങ്ങളുടെ സ്വന്തം പ്രവത്തനത്തെ കൂട്ടിയിണക്കണമെന്നായിരിക്കണമെന്നു് ഞാൻ വിചാരിക്കുന്നു. ഈ സംഗതി ഇത്തരത്തിൽ നിങ്ങൾ മനസ്സിലാക്കുന്നില്ലെങ്കിൽ നിങ്ങൾ ഈ മുദ്രാവാക്യം മുഴക്കുന്നതിലെന്തത്ഥമാണുള്ളതു്? ഞാൻ വേറൊരുദാഹരണം തരാം. നിങ്ങൾ, സ്വയം ഉരുക്കുപോലെ ഉറപ്പിക്കുന്നതിൻെറ ആവശ്യകതയെപ്പററി പല മുദ്രാവാക്യങ്ങളും വിളിച്ചുപറഞ്ഞിട്ടുണ്ടു്. എന്നാൽ ഞാൻ ചോദിക്കട്ടെ, യഥാത്ഥ പരീക്ഷണഘട്ടം വന്നുചേന്നപ്പോഴോ, എതിർപ്പിനെ നേരിടേണ്ടിവന്നപ്പോഴോ, അല്ലെങ്കിൽ ഏതെങ്കിലുംതരത്തിലുള്ള വിമശനത്തിനും ശിക്ഷയ്ക്കും പൊതുജനാഭിപ്രായത്തിൻെറ നിർബ്ബന്ധത്തിനും ഭൂരിപക്ഷം ആളുകളുടേയും തെറോ ശരിയോ ആയ മേൽനോട്ടത്തിനും വിധേയരാകേണ്ടിവന്നപ്പോഴോ തങ്ങൾ ഉരുക്കുപോലെ ഉറച്ചിട്ടില്ലെന്നു്, അല്ലെങ്കിൽ ഉറപ്പുസമ്പാദിക്കുന്നതിനുവേണ്ടി പരീക്ഷണത്തിലൂടെ കടന്നുപോകാൻ കഴിവില്ലാത്തവരാണെന്നു് സ്വയം തെളിയിച്ചിട്ടുള്ള ചില ആളുകൾ നിങ്ങളുടെ കൂട്ടത്തിൽതന്നെയില്ലേ? ഒരു കമ്മ്യൂണിസ്റ്റ്പാർട്ടിമെമ്പറിനു് ഉരുക്കുപോലത്തെ ഇച്ഛാശക്തിയും വ്യക്തമായ നിലപാടും മററുമുണ്ടായിരിക്കണമെന്ന കാര്യം അവർ മറന്നേകളയുന്നു. എന്തുചെയ്യണമെന്നറിയാതെ അവർ പരുങ്ങിനില്ക്കുന്നതായി കണ്ടിട്ടുണ്ടു്. ദൃഢീകരണത്തേയും സ്വയംവിദ്യാഭ്യാസത്തേ

യും പററിയുള്ള സൊള്ളലിന്നു് ഇതെല്ലാം ഉദാഹരണങ്ങളല്ലേ?

വാസ്തവത്തിൽ, ഒരു മാർക്സിസ്ററുസ്കൂളിൽ നിങ്ങൾക്കു ലഭിക്കുന്ന പരിശീലനവും നിങ്ങൾ സമ്പാദിക്കുന്ന വിദ്യാഭ്യാസവും ദൃഢീകരണത്തിന്റേയും വിദ്യാഭ്യാസത്തിന്റേയും രൂപഭേദങ്ങൾതന്നെയാണു്. സ്കൂളിൽവെച്ചുള്ള പഠനവും പരിശീലനവും മുഖേന നിങ്ങളെ പ്രയോജനമുള്ള കേഡറുകളായും പാർട്ടിപ്രവർത്തകന്മാരായും വളർത്തുന്നതിനുവേണ്ടിയാണു് ഞങ്ങൾ പരിശ്രമിക്കുന്നതു്, അല്ലാതെ ചില വരട്ടുസിദ്ധാന്തവും, മാർക്സിസ്റ്റ്-ലെനിനിസ്റ്റ് പദപ്രയോഗങ്ങളും സൂത്രങ്ങളും നിങ്ങളുടെ തലയിൽ കുത്തിച്ചെലുത്താനല്ല. കൂടാതെ, നിങ്ങളെ തെററുകൂടാതെ ചിന്തിക്കാൻ കഴിവുള്ള കേഡറുകളാക്കിത്തീർക്കുന്നതിനും, നിങ്ങൾക്കൊരു ഉറച്ച ഇച്ഛാശക്തിയുണ്ടാക്കുന്നതിനും, നിങ്ങൾക്കു് എല്ലാത്തരത്തിലുമുള്ള കുഴഞ്ഞ പ്രശ്നങ്ങളേയും പ്രായോഗികമായി പരിഹരിക്കുന്നതിനു കഴിവുണ്ടാക്കുന്നതിനും നിങ്ങൾ സ്വയം ഉരുക്കുപോലെ ഉറപ്പിക്കുകയും വിദ്യാഭ്യാസം നടത്തുകയും ചെയ്യണമെന്നു് ഞങ്ങളാഗ്രഹിക്കുന്നു. എന്നുവരികിലും, സ്കൂളിൽ പഠിക്കുന്നതു് ഉരുക്കുപോലെ ഉറപ്പിക്കുന്നതിനുള്ള വഴിയല്ലെന്നും സ്വയംവിദ്യാഭ്യാസവും ഉരുക്കുപോലെയുള്ള ഉറപ്പും നേടുന്നതിനു് ഒരാൾ സ്കൂൾവിട്ടിട്ടു് പ്രായോഗികപ്രവർത്തനം സ്വീകരിക്കണമെന്നും പറയുന്നതു ഞാൻ പലപ്പോഴും കേട്ടിട്ടുണ്ടു്. സഖാക്കളേ, ദൃഢീകരണവും വിദ്യാഭ്യാസവും ജീവിതകാലം മുഴുവൻ നീണ്ടുനില്ക്കുന്നതും നാനാമുഖവുമായ ഒരു കടമയാണു്. എല്ലായിടത്തും എല്ലാ കാലഘട്ടങ്ങളിലും എല്ലാ പ്രശ്നങ്ങളെ സംബന്ധിച്ചും ഇതാവശ്യമാണു്. കമ്മ്യൂണിസ്റ്റ് പാർട്ടിമെമ്പറന്മാർ പ്രധാനമായും ബഹുജനങ്ങളുടെ പ്രായോഗികസമരത്തിൽക്കൂടിത്തന്നെ സ്വയം ഉരുക്കുപോലെ ഉറപ്പിക്കുകയും വിദ്യാഭ്യാസം നടത്തുകയും ചെയ്യണമെന്നുള്ള വസ്തുതയെ നാം നിഷേധിക്കുന്നില്ലെങ്കിലും, ചില പ്രത്യേക കാലഘട്ടങ്ങളിലും, പ്രത്യേകസ്ഥലങ്ങളിലും, ചില പ്രത്യേക സംഗതികളെ അടിസ്ഥാനമാക്കിയും മാത്രമേ—അല്ലാതെ മററു സന്ദർഭങ്ങളിലും, സ്ഥലങ്ങളിലും മററു കാര്യങ്ങളെ അടി

സ്ഥാനമാക്കിയുമല്ല—ദൃഢീകരണവും വിദ്യാഭ്യാസവും സാധിക്കു എന്നു പറയാവുന്നതല്ല.

അതായതു്, സ്വയംവിദ്യാഭ്യാസത്തിൻെറ പ്രശ്നത്തെ സംബന്ധിച്ച അലൗകികവാദത്തേയും സൊള്ളലിനേയും യാന്ത്രികമനോഭാവാത്തയും നാം എതിക്കുന്നു. അതായതു്, സ്വയം ഉരുക്കുപോലെ ഉറപ്പിക്കാനുള്ള പരീക്ഷണത്തിലൂടെ് നമുക്കു കടന്നുപോകാൻ കഴിയണം. പാട്ടിക്കുള്ളിലും പുറമേയുമുള്ള സമരങ്ങളിൽവെച്ചും, ബഹുജനങ്ങൾക്കിടയിലും, പാട്ടിവിദ്യാലയത്തിൽവെച്ചും നാം സ്വയം ഉരുക്കുപോലെ ഉറപ്പിക്കണം. വിജയത്തിൻേറതും പരാജയത്തിൻേറതുമായ എല്ലാ പരിതഃസ്ഥിതികളിലുംവെച്ച് നാം പഠിപ്പും സ്വയംവിദ്യാഭ്യാസവും നടത്തണം.

## പാർട്ടിമെമ്പറന്മാരുടെ മാർക്സിസ്റ്റ്-ലെനിനിസ്റ്റ് സിദ്ധാന്തപഠനവും ആശയപരമായ വിദ്യാഭ്യാസവും തമ്മിലുള്ള ബന്ധം

നമ്മുടെ കമ്മ്യൂണിസ്റ്റ്പാട്ടിയംഗങ്ങളുടെ ഇടയിൽ താരതമ്യേന പ്രാബല്യത്തിലിരിക്കുന്ന ഒരു ചിന്താഗതി താഴെപ്പറയുന്നതാണ്. ദൃഢവും കലപ്പില്ലാത്തതുമായ ഒന്നാംതരം പ്രോലിറേററിയൻ കമ്മ്യൂണിസ്റ്റ്നിലപാടിനു്, ഒരു കമ്മ്യൂണിസ്റ്റ്പാട്ടിമെമ്പക്ക് മാർക്സിസം-ലെനിനിസത്തിൻെറ സിദ്ധാന്തത്തിലും പ്രവത്തനരീതിയിലുമുള്ള ധാരണയോടും നൈപുണ്യത്തോടും യാതൊരു ബന്ധവുമില്ല. അവരുടെ വഗ്ഗപരമായ നിലപാട് അത്രയധികം ഉറപ്പുള്ളതല്ലെങ്കിലും, അവരുടെ ആശയഗതി അത്രയധികം കറയററതല്ലെങ്കിലും (അവർ ഇപ്പോഴും മററു വഗ്ഗങ്ങളുടെ ആശയാവിശിഷ്ടങ്ങളെ വച്ചുപുലത്തുന്നവരും സ്വാത്ഥതല്പരരും സ്വകായ്യസ്വത്തിനോട്ട് താല്പയ്യമുള്ളവരുമാണെങ്കിലും) അവക്ക് മാർക്സിസം-ലെനിനിസത്തിൻെറ സിദ്ധാന്തവും രീതിയും തികച്ചും മനസ്സിലാക്കുന്നതിനും സ്വായത്തമാക്കുന്നതിനും കഴിയുമെന്നു് അവർ കരുതുന്നു. ചില സഖാക്കൾ വിചാരിക്കുന്നു, മാർക്സിസം-ലെനിനിസത്തിൻെറ സിദ്ധാന്തവും പ്രവത്തനരീതികളും, ഒരാളുടെ ബുദ്ധിശക്തിയും കഴിവും പഠിപ്പുംകൊണ്ടുമാത്രം പൂണ്ണ

മായി ഗ്രഹിക്കാൻ സാധിക്കുമെന്നു്. സഖാക്കളേ! ഈ ചിന്താഗതി തെററാണു്:

'മിത്തിൻ' എന്ന സോവിയററ് വൈജ്ഞാനികൻ പറയുന്നതു് വളരെ ശരിയാണു്.

— "സാധാരണയുടെ ആഴത്തിലുള്ള വ്യത്യസ്തതകൾക്കു് വർഗ്ഗപരമായ ഒരു വിശദീകരണമാവശ്യമാണു്. ഉദാഹരണത്തിനു്, ഇന്നത്തെ കാലഘട്ടത്തിൽ, മുതലാളിത്തം ക്ഷയോന്മുഖമായിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ, ഒരു ബൂർഷ്വാതത്വചിന്തകൻ വളരെ വാസനാസമ്പന്നനായിരിക്കാം; എങ്കിലും അയാളുടെ സൃഷ്ടിപരമായ കഴിവും, പരിണാമനിയമങ്ങളെപ്പററി ആണ്ടിറങ്ങിച്ചെന്നു് അറിവുസമ്പാദിക്കുവാനുള്ള അയാളുടെ പ്രാപ്തിയും അയാളുടെ വർഗ്ഗസ്വഭാവത്താലും അയാൾ പ്രതിനിധീകരിക്കുന്ന വർഗ്ഗത്തിൻെറ യാഥാസ്ഥിതികത്വത്താലും സങ്കുചിതമാക്കപ്പെട്ടിരിക്കുന്നു. ഭാവിയെ നേരത്തേകൂട്ടി കാണാനുള്ള ബൂർഷ്വാസിയുടെ അപ്രാപ്തി സാമൂഹ്യപരിണാമത്തിൻെറ സംഭവവികാസങ്ങളെപ്പററിയുള്ള ബൂർഷ്വാചിന്തകന്മാരുടെ ധാരണയുടെ ആഴത്തെ കുറയ്ക്കുകയും അതിരുകളെ ചുരുക്കുകയും ചെയ്യുന്നു. അവർക്കു് എത്രതന്നെ കഴിവുകളുണ്ടെങ്കിലും, ചരിത്രമാകുന്ന നാടകരംഗത്തിൽനിന്നും മറഞ്ഞുപോയിക്കൊണ്ടിരിക്കുന്ന പഴയ വർഗ്ഗങ്ങളിലുള്ള ചിന്തകന്മാർ യഥാർത്ഥത്തിൽ അഗാധമായ ശാസ്ത്രീയനിഗമനങ്ങളേയും കണ്ടുപിടിത്തങ്ങളേയും ആവിഷ്കരിക്കത്തക്ക നിലയിലല്ല വർത്തിക്കുന്നതു്. ഈ മാർക്സിസ്റ്റ് സത്യം സയൻസിൻേറയും തത്വശാസ്ത്രത്തിൻേറയും വളർച്ചയുടെ മുഴുവൻ ചരിത്രത്താലും സ്ഥിരീകരിക്കപ്പെട്ടിട്ടുണ്ടു്," (മാർക്സിസത്തിൻെറ തത്വശാസ്ത്രവും ചരിത്രശാസ്ത്രവും, ഒന്നാംഭാഗം, റഷ്യൻപതിപ്പ്, പേജ് 285.)

മാർക്സിസം-ലെനിനിസം തൊഴിലാളിവിപ്ലവത്തിൻെറ ശാസ്ത്രമാണു്. തൊഴിലാളിവർഗ്ഗനിലപാട് പൂർണ്ണമായി സ്വീകരിക്കുന്നവർക്കും തൊഴിലാളിവർഗ്ഗത്തിൻെറ ആശയങ്ങളെ സ്വന്തമായി കൈക്കൊള്ളുന്നവർക്കും മാത്രമേ അതു് തികച്ചും മനസ്സിലാക്കുന്നതിനും അതിൽ നൈപുണ്യം സമ്പാദിക്കുന്നതിനും കഴിയൂ. തൊഴിലാളിവർഗ്ഗത്തിൻെറ ഉറച്ച നിലപാടും കലർപ്പില്ലാത്ത ആശയഗതിയും ഇല്ലാത്ത യാതൊരാൾക്കും,

അയാളുടെ ബുദ്ധിശക്തിയും മിനക്കെട്ട പഠിപ്പുംകൊണ്ടുമാത്രം തൊഴിലാളിവർഗ്ഗത്തിൻെറ മാർക്സിസ്റ്റ്തത്വശാസ്ത്രം ശരിയായി മനസ്സിലാക്കുന്നതിനും അതിൽ പ്രാവീണ്യം സമ്പാദിക്കുന്നതിനും സാധിക്കുന്നതല്ല. ഇതൊരു തുറന്ന സത്യമാണ്. അതുകൊണ്ട്, മാർക്സിസം-ലെനിനിസത്തിൻെറ സിദ്ധാന്തവും രീതിയും പഠിക്കുന്ന കാര്യത്തിൽ നമ്മുടെ ആശയപരമായ വിദ്യാഭ്യാസവും ദൃഢീകരണവും ഏകകാലത്ത് തുടരേണ്ടതാവശ്യമാണ്. കാരണം, മാർക്സിസം ലെനിനിസത്തിൻെറ സിദ്ധാന്തവും പ്രവൎത്തനരീതിയും അല്ലാതെ നമ്മുടെ വിചാരങ്ങളേയും പ്രവൃത്തികളേയും നേർവഴി നയിക്കുന്നതിന് മറെറാന്നുമില്ല; അതുകൊണ്ട് നമ്മുടെ ആശയപരമായ വിദ്യാഭ്യാസവും അസാദ്ധ്യമായിത്തീരും. ഇതുരണ്ടും അത്രയധികം അടുത്തു ബന്ധപ്പെട്ടവയും അവിഭാജ്യങ്ങളുമാണ്.

മാർക്സിസ്ററുതിയറി പ്രത്യേക ശ്രദ്ധയോടെ പഠിച്ചുകൊണ്ടിരിക്കുന്നവരോട് താരതമ്യപ്പെടുത്തിനോക്കുമ്പോൾ മാർക്സിസം-ലെനിനിസത്തിൻെറ സിദ്ധാന്തങ്ങളിൽ വളച്ചുകുറവായ തൊഴിലാളിവർഗ്ഗത്തിൽനിന്നു ഉയൎന്നുവന്ന ഒന്നാംതരം പാർട്ടിമെമ്പറന്മാരെ നാം പലപ്പോഴും കണ്ടുമുട്ടിയിട്ടുണ്ട്. മാർക്സിസ്റ്റ്-ലെനിനിസ്റ്റ്ഗ്രന്ഥങ്ങളിൽനിന്നു ചില ഉദ്ധരണികളോ വിശ്വാസപ്രമാണങ്ങളോ കാണാതെചൊല്ലാൻ പറഞ്ഞാൽ അതിൽ അവർ അത്ര സാമൎത്ഥ്യം കാണിച്ചില്ലെന്നുവരാം. എന്നാൽ മാർക്സിസം-ലെനിനിസത്തിൻെറ സിദ്ധാന്തങ്ങൾ പഠിക്കാൻ തുടങ്ങുന്ന സന്ദൎഭത്തിൽ അവക്കു മനസ്സിലാകുന്ന ഭാഷയിൽ കാര്യങ്ങൾ കരുതിക്കൂട്ടി വിശദീകരിച്ചുകൊടുക്കുന്നപക്ഷം, വിദ്യാൎത്ഥിവിഭാഗത്തിൽപ്പെട്ട മെമ്പറന്മാരേക്കാൾ അവരുടെ താല്പര്യം കൂടുതൽ തീക്ഷ്ണവും അവരുടെ ധാരണ കൂടുതൽ അവഗാഢവുമാണെന്നു പലപ്പോഴും കാണാം. ഉദാഹരണമായി, മാർക്സിൻെറ മൂലധനം എന്ന ഗ്രന്ഥത്തിൽ മിച്ചവിലയെ സംബന്ധിച്ച സിദ്ധാന്തം വിവരിക്കുന്ന അദ്ധ്യായം ചില പാർട്ടിമെമ്പറന്മാൎക്കു മനസ്സിലാക്കുവാൻ വളരെയധികം വിഷമം കാണുന്നുണ്ട്. എന്നാൽ അതേസമയം തൊഴിലാളിവർഗ്ഗത്തിൽപ്പെട്ട മെമ്പറന്മാൎക്കു ആ വിഷയം അത്ര വിഷമമല്ല. കാരണം, ഉല്പാദനം നടത്തുമ്പോൾ ഓരോ ഘട്ടത്തിലും മുതലാളിമാർ ശമ്പ

ളവും ജോലിസമയവും നിശ്ചയിക്കുന്നതെങ്ങിനെ, ലാഭമുണ്ടാക്കുന്നതും ഉല്പാദനത്തെ വീണ്ടും വീണ്ടും വികസിപ്പിക്കുന്നതുമെങ്ങിനെ എന്നൊക്കെ തൊഴിലാളികൾ നേരിട്ടു മനസ്സിലാക്കിയിട്ടുണ്ട്. അതുകൊണ്ട്, മററു പാർട്ടിമെമ്പറന്മാരേക്കാൾ തൊഴിലാളികൾക്കു് മാർക്സിൻെറ മിച്ചവിലസിദ്ധാന്തം കൂടുതൽ ആഴത്തിൽ മനസ്സിലാക്കുന്നതിനു കഴിയുമെന്നതിനു് ധാരാളമനുഭവങ്ങളുണ്ട്. വിശേഷിച്ചും, മാർക്സിസം-ലെനിനിസത്തിൻെറ തത്വങ്ങൾക്കു് കൂടുതലനുയോജ്യമായവിധത്തിലും കൂടുതൽ ശരിയായും വിവിധ പ്രായോഗികപ്രശ്നങ്ങളെ കാണുന്നതിലും കൈകാര്യം ചെയ്യുന്നതിലും മററുള്ളവരേക്കാൾ കഴിവുള്ളവരാണു് അവരെന്നു പലപ്പോഴും തെളിയിക്കുന്നുമുണ്ട്. എന്തുകൊണ്ട് ഇതങ്ങനെ സംഭവിക്കുന്നു? എന്തുകൊണ്ടെന്നാൽ അവക്കു തനി തൊഴിലാളിവർഗ്ഗപരവും കമ്മ്യൂണിസ്ററുമായ ഉറച്ച നിലപാടും ആശയങ്ങളുമുണ്ട്, സംഗതികളുടെനേരെ വസ്തുനിഷ്ഠമായ വീക്ഷണമുണ്ട് മാത്രമല്ല, അവരുടെ മനസ്സിൽ മുൻകൂട്ടിയുണ്ടാക്കിയ യാതൊരു ധാരണകളുമല്ല, സ്വകാര്യപ്രശ്നങ്ങളെ സംബന്ധിച്ചോ, അശുദ്ധ സംഗതികളെക്കുറിച്ചോ യാതൊരു മനോവിഷയങ്ങളുമില്ല. അതുകൊണ്ട് അവക്കു് പെട്ടെന്നുതന്നെ സംഗതികളുടെ യാഥാർത്ഥ്യങ്ങളെ കാണുന്നതിനും യാതൊരു സംശയവും പ്രയാസവും കൂടാതെതന്നെ സത്യത്തെ ധൈര്യപൂർവ്വം ഉയർത്തിപ്പിടിക്കുന്നതിനും കഴിയുന്നു.

കമ്മ്യൂണിസ്റ്റ്പാർട്ടിമെമ്പറന്മാരായ നമ്മുടെയിടയിൽ ഇപ്പോഴും വളരെ അറുത്തുമുറിച്ചതും സുദൃഢവുമായ വർഗ്ഗനിലപാടില്ലാത്ത, ശരിയും ശുദ്ധവുമായ ആശയഗതിയില്ലാത്ത, പഴയ സമുദായത്തിലേയും മററു വർഗ്ഗങ്ങളുടേയും പലതരത്തിലുള്ള ആശയങ്ങളുടേയും, ശീലങ്ങളുടേയും, അബദ്ധവിശ്വസങ്ങളുടേയും അവശിഷ്ടങ്ങൾ ഇപ്പോഴും ബാക്കിയുള്ള, ഇപ്പോഴും വ്യക്തിതാല്പര്യങ്ങളും സ്വകാര്യോദ്ദേശങ്ങളും എല്ലാത്തരം സ്വത്തുമോഹങ്ങളും സ്വാർത്ഥവിചാരങ്ങളും വെച്ചുപുലർത്തുന്ന ആളുകളുണ്ടെങ്കിൽ, ലെനിനിസത്തിൻെറ സിദ്ധാന്തങ്ങളും പ്രവർത്തനരീതിയും അഭ്യസിക്കുവാൻ തുടങ്ങുമ്പോൾ ഈവക സംഗതികളും മാർക്സിസം-ലെനിനിസത്തിൻെറ തത്വങ്ങളും നിഗമനങ്ങളും തമ്മിൽ നിശ്ചയമായും സംഘട്ടനമു

ണ്ടാകും. അങ്ങനെ വരുമ്പോൾ അവർ ഒന്നുകിൽ അവരുടെ ആവക കാര്യങ്ങളോടുപോരാടി അവയെ നീക്കാൻ ശ്രമിക്കുകയോ അല്ലെങ്കിൽ അവരുടെ പഴയ അബദ്ധധാരണകൾക്ക് പററിയവിധം മാർക്സിസം ലെനിനിസത്തിൻെറ തത്വങ്ങളേയും നിഗമനങ്ങളേയും ദുർവ്യാഖ്യാനം ചെയ്യാൻ ശ്രമിക്കുകയോ ചെയ്യുന്നുവരാം. ഇതു് അവരെ മാർക്സിസം-ലെനിനിസം പഠിക്കുന്നതിൽനിന്നു് വിലക്കുന്നു. അങ്ങനെ മാർക്സിസം-ലെനിനിസത്തിൻെറ സാരാംശത്തിലേയ്ക്കു് ആണ്ടിറങ്ങുന്നതിനും ഒരു സവിശേഷവർഗ്ഗസ്വഭാവത്തോടുകൂടിയ മാർക്സിസം-ലെനിനിസത്തിൻെറ സാരമായ സത്തു് ഉൾക്കൊള്ളുന്നതിനും, ആ സാരമായ സത്തിനെ അവരുടെ സ്വന്തം ആയുധമായി എടുക്കുന്നതിനും അവർ അശക്തരായിത്തീരും. കാരണം, അവരുടെ പഴയ വർഗ്ഗതത്വശാസ്ത്രവുമായി ഇതിനു യാതൊരു പൊരുത്തവുമില്ല.

കൂടാതെ തൊഴിലാളി വിപ്ലവത്തിനിടയ്ക്കു് അവക്കു പലതരത്തിലുള്ള പ്രായോഗികപ്രശ്നങ്ങളെ കൈകാര്യംചെയ്യേണ്ടതായി വരുമ്പോൾ പലപ്പോഴും മാർക്സിസം-ലെനിനിസത്തിൻെറ അടിസ്ഥാനമാക്കി ഈ പ്രശ്നങ്ങളെ തീരുമാനിക്കുന്നതു് അവരുടെ പഴയ ശീലങ്ങളോടും അബദ്ധവിശ്വാസങ്ങളോടും പൊരുത്തപ്പെടാതെയും അവരുടെ സ്വകാര്യതാല്പര്യങ്ങൾക്കു് പ്രതികൂലമായും വരും ഇത്തരം സന്ദർഭങ്ങളിൽ, സിസ്സാരതയും സ്ഥിരതയില്ലായ്മയും സംശയങ്ങളും ആടിക്കളിയും അവരിൽ പൊന്തിവരുന്നു. പ്രശ്നങ്ങളെ തെററുകൂടാതെ യഥോചിതം വസ്തുനിഷ്ഠമായി കൈകാര്യം ചെയ്യുന്നതിനോ സത്യത്തെ വിഷമതകൂടാതെ നോക്കിക്കാണുന്നതിനോ ധൈര്യപൂർവ്വം ഉയർത്തിപ്പിടിക്കുന്നതിനോ അവർ ശക്തരായിത്തീരുകയില്ല അറിഞ്ഞോ അറിയാതെയോ സത്യത്തെ മൂട്ടിവെക്കുകയും ദുർവ്യാഖ്യാനിക്കുകയും ചെയ്യുന്നതുവരെ അവർ പോയെന്നുവരും. സഖാക്കളെ, ഇത്തരം ഉദാഹരണങ്ങൾ തീരെ ദുർല്ലഭമോ അപൂർവ്വമോ അല്ല, സാധാരണ സംഭവങ്ങളാണു്.

അതുകൊണ്ടു് നമുക്കു് പറയാൻ കഴിയും: കമ്മ്യൂണിസ്റ്റു് പാർട്ടിയിലെ ഒരു മെമ്പക്കു തൊഴിലാളിവർഗ്ഗത്തിൻേറതായ വ്യക്തവും സുദൃഢവും തെററില്ലാത്തതും കറയററതുമായ നില

പാട്ടം തത്വശാസ്ത്രവും ഇല്ലെങ്കിൽ നിശ്ചയമായും അയാൾക്ക് മാർക്സിസം-ലെനിനിസത്തിന്റെ സിദ്ധാന്തവും പ്രവർത്തന രീതിയും മുഴുവൻ മനസ്സിലാക്കുന്നതിന്നും. അതിൽ വിദഗ്ദ്ധനായിത്തീരുന്നതിനും അതിനെ സ്വന്തം വിപ്ലവസമരത്തിന്റെ ആയുധമാക്കിത്തീർക്കുന്നതിനും സാദ്ധ്യമല്ല.

അതുകൊണ്ട് കമ്മ്യൂണിസ്റ്റ്പാർട്ടിമെമ്പറന്മാരുടെ വിദ്യാഭ്യാസത്തിൽ പ്രഥമമായും പ്രധാനമായും ഊന്നേണ്ടത് മറെറല്ലാ വിദ്യാഭ്യാസങ്ങൾക്കും അടിസ്ഥാനമായ ആശയ വിദ്യാഭ്യാസമാണ്. ഇതിനെക്കുറിച്ച് ഞാൻ അടുത്ത അദ്ധ്യായത്തിൽ പ്രതിപാദിച്ചുകൊള്ളാം.

# പാർട്ടിമെമ്പറന്മാരുടെ ആശയപരമായ വിദ്യാഭ്യാസം

സഖാക്കളേ! കമ്മ്യൂണിസ്റ്റ് പാർട്ടിഅംഗങ്ങളുടേ ആശയപരമായവിദ്യാഭ്യാസത്തെപ്പററി പ്രതിപാദിക്കുമ്പോൾ, നമ്മുടെ ചില പാർട്ടിയംഗങ്ങളുടെ ചിന്താഗതിയിൽ പ്രകടമായിട്ടുള്ള ചില പ്രത്യേക പ്രതിഭാസങ്ങളുടെ അടിസ്ഥാനത്തിൽ ഈ പ്രശ്നത്തെ പരിശോധിക്കുന്നതിനു ഞാൻ ശ്രമിക്കാം. ഇതുസംബന്ധമായി ഞാൻ സംസാരിക്കാൻ പോകുന്നതു പാർട്ടിമെമ്പറന്മാരുടെ ഏററവും അടിസ്ഥാനപരമായ ആശയഗതിയെപ്പററിയാണ്.

മൊത്തത്തിൽ, ആശയപരമായ വിദ്യാഭ്യാസമെന്നാലെന്താണ്? അതു് പ്രധാനമായും തൊഴിലാളിവർഗ്ഗത്തിൻെറ ആശയഗതിയും മററുള്ള ആശയഗതികളും തമ്മിൽ നമ്മുടെ മനസ്സിൽ നടക്കുന്ന സമരമാണെന്നാണ് ഞാൻ കരുതുന്നതു്; ഒരുവശത്തു്, കമ്മ്യൂണിസ്റ്റ് ജീവിതവീക്ഷണവും കമ്മ്യൂണിസ്റ്റ് ലോകവീക്ഷണവും മറുവശത്തു മറെറല്ലാജീവിതവീക്ഷണങ്ങളും ലോകവീക്ഷണങ്ങളും തമ്മിൽ മനസ്സിൽ നടക്കുന്ന സമരമാണതു്; രണ്ട് ആശയങ്ങൾതമ്മിലുള്ള സമരം: പാർട്ടിമെമ്പറന്മാരുടെ വ്യക്തിഗതതാല്പര്യങ്ങളും ലക്ഷ്യങ്ങളും, പാർട്ടിയുടേയും ജനങ്ങളുടേയും താല്പര്യങ്ങളും ലക്ഷ്യങ്ങളും തമ്മിലുള്ള ഒരു സമരം.

ഇതു് ഒരു നിശ്ചിതസമുദായത്തിലെ ഭിന്നവർഗ്ഗങ്ങളുടെ സാമ്പത്തികവും രാഷ്ട്രീയവുമായ ആവശ്യങ്ങളെ പ്രതിഫലിപ്പിക്കുന്ന പരസ്പര വിരുദ്ധങ്ങളായ ആശയങ്ങളുടെ ഒരു സമരമാണെന്നാണ് ഞാൻ കണക്കാക്കുന്നതു്. ഈ സമരത്തിൻെറ ഫലം, നമ്മുടെ പാർട്ടിമെമ്പറന്മാരുടെ ആശയഗതിയെസംബന്ധിച്ചിടത്തോളം, തൊഴിലാളിവർഗ്ഗത്തിൻെറ ആശയഗതി മറെറല്ലാ ആശയഗതികളേയും ജയിക്കുകയും സമൂലനാശം വരുത്തുകയും ചെയ്യുകയെന്നുള്ളതായിരിക്കും; കമ്മ്യൂണിസ്റ്റ് ജീവിതവീക്ഷണവും ലോകവീക്ഷണവും മറെറല്ലാ ജീവിതവീക്ഷണത്തെയും ലോകവീക്ഷണത്തെയും ജയിക്കുകയും സമൂലനാശം വരുത്തുകയും ചെയ്യുകയെന്നതായിരിക്കും; പാർട്ടിയു

ടേയും വിപ്ലവത്തിൻേറയും മാത്രമല്ല, തൊഴിലാളിവർഗ്ഗത്തിൻേറയും മനുഷ്യസമുദായത്തിൻേറയും മോചനത്തിൻേറയും പൊതുവായ താല്പര്യങ്ങളും ലക്ഷ്യങ്ങളും പാർട്ടിമെമ്പറന്മാരുടെ വ്യക്തിഗതതാല്പര്യങ്ങളേയും ലക്ഷ്യങ്ങളേയും കീഴടക്കുകയും ഉൾക്കൊള്ളുകയും ചെയ്യുകയെന്നതായിരിക്കും. ഫലം മറിച്ചാണു് തെളിയിക്കുന്നതെങ്കിൽ, അതിൻെറയർത്ഥം ആദ്യത്തേതു രണ്ടാമത്തേതിനെ കീഴ്പ്പെടുത്തിക്കളയുകയും പാർട്ടിമെമ്പർ പുറകോട്ടടിക്കുകയും ഒരു കമ്മ്യൂണിസ്റ്റ്കാരനെന്ന നിലയിലുള്ള അയാളുടെ യോഗ്യതകൾ ശിഥിലമായിത്തീരുകയും ചെയ്യുകയെന്നുള്ളതാണു്. പാർട്ടിയംഗങ്ങളായ നമ്മെ സംബന്ധിച്ചിടത്തോളം നിശ്ചയമായും ഇതു ഭയങ്കരവും ആപൽക്കരവുമായ ഒരനുഭവമായിരിക്കും.

പാർട്ടിക്കുള്ളിലും പുറത്തുമുള്ള ആശയപരവും രാഷ്ട്രീയവും സാമ്പത്തികവുമായ എല്ലാ സമരങ്ങളുടേയും ഇടക്കാണു് കമ്മ്യൂണിസ്റ്റ്കാരായ നാം നമ്മുടെ സ്വന്തം ആശയങ്ങളെ കാച്ചിയെടുക്കുകയും വിപ്ലവത്തിൻെറ വസ്തുതകളെ ഗ്രഹിക്കുകയും ചെയ്യുന്നതു്. അതേസമയം വിപ്ലവപ്രവർത്തനത്തിൽ നിന്നും നാം സംഭരിച്ച അനുഭവങ്ങളെ എപ്പോഴും നാം വകയിരുത്തുകയും ഉൾക്കൊള്ളുകയും നമ്മുടെ സ്വന്തം ആശയങ്ങൾ മാർക്സിസം-ലെനിനിസത്തോടും തൊഴിലാളിവർഗ്ഗത്തിൻെറ മോചനത്തിനുവേണ്ടിയുള്ള സമരത്തിൻെറ താല്പര്യങ്ങളോടും തികച്ചും യോജിച്ചതാണോ എന്നു പരിശോധിക്കുകയും വേണം. ഇത്തരത്തിലുള്ള പഠനവും പര്യാലോചനയും സ്വയംപരിശോധനയും നടത്തുന്ന അവസരത്തിൽത്തന്നെ നമ്മുടെ എല്ലാ തെററായ ആശയങ്ങളേയും തുടച്ചുമാററുകയും കമ്മ്യൂണിസത്തിൻെറ താല്പര്യങ്ങൾക്കു് എതിരായിത്തീരുന്ന തീരെ അസ്പഷ്ടമായ ആശയത്തെപ്പോലും മുളയിലേ നുള്ളിക്കളയുകയും ചെയ്യുകയെന്നുള്ളതാണു് ആശയപരമായ വിദ്യാഭ്യാസംകൊണ്ടു നാമുദ്ദേശിക്കുന്നതു്. അതും ആശയപരമായ സ്വയംദൃഢീകരണത്തിൻെറ ഒരു രൂപവിശേഷമാണു്.

സഖാക്കളെ! നിങ്ങൾക്കറിവുള്ളതുപോലെ, മനുഷ്യൻെറ എല്ലാ പ്രവൃത്തികളും അവൻെറ ആശയഗതിയാൽ ഭരിക്കപ്പെടുന്നവയാണു്. കൂടാതെ ഓരോ മനുഷ്യനും അ

വന്റെ ആശയങ്ങൾക്കും പ്രവൃത്തികൾക്കും പൊതുവഴികാട്ടിയായി സ്വന്തം ജീവിതവീക്ഷണവും ലോകവീക്ഷണവുമുണ്ട്. അതുകൊണ്ട്, ആശയപരമായ വിദ്യാഭ്യാസം നിർവഹിക്കുന്ന കാര്യത്തിൽ കമ്മ്യൂണിസ്റ്റ്കാരായ നാം, ഒന്നാമതായും, നമ്മുടെ ജീവിതവീക്ഷണത്തേയും ലോകവീക്ഷണത്തേയും വ്യക്തമായും വേർതിരിച്ചുകാണണം; കാരണം, നമ്മുടെ എല്ലാ ആശയങ്ങളും പ്രവർത്തനങ്ങളും നമ്മുടെ ജീവിതവീക്ഷണത്തോടും, ലോകവീക്ഷണത്തോടും ബന്ധപ്പെട്ടാണു കിടക്കുന്നത്.

## കമ്മ്യൂണിസമെന്നതു മനുഷ്യവർഗ്ഗത്തിന്റെ ചരിത്രത്തിൽ മഹത്തരവും ഏററവും മികച്ചുനിൽക്കുന്നതുമായ കാര്യമാണെന്ന് മനസ്സിലാക്കേണ്ടതത്യാവശ്യമാണ്

കമ്മ്യൂണിസ്റ്റുകാരായ നമ്മുടെ ജീവിതവീക്ഷണവും ലോകവീക്ഷണവും തൊഴിലാളിവർഗ്ഗത്തിന്റെ ആശയസംഹിതയുടെ വ്യവസ്ഥയെ പ്രതിനിധീകരിക്കുന്നതായിരിക്കണം. അവ കമ്മ്യൂണിസ്റ്റ്ജീവിതവീക്ഷണവും ലോകവീക്ഷണവുമാകുന്നുവെന്നു മാത്രമല്ല കമ്മ്യൂണിസ്റ്റ്കാരായ നമ്മുടെ പ്രവർത്തനരീതികൂടിയാകുന്നു. ഈ വിഷയം മാർക്സിസ്റ്റ്-ലെനിനിസ്റ്റ് സാഹിത്യങ്ങളിലും വിശിഷ്യ തത്വശാസ്ത്രസംബന്ധമായി മാർക്സും ലെനിനുമെഴുതിയിട്ടുള്ള ഗ്രന്ഥങ്ങളിലും വളരെ ദീർഘമായി പ്രതിപാദിച്ചിട്ടുള്ളതുകൊണ്ടും നിങ്ങൾതന്നെ അതിനെപ്പററി വളരെയധികം പഠിച്ചിട്ടുള്ളതുകൊണ്ടും അതിനെക്കുറിച്ച് ഇന്നു ഞാൻ യാതൊന്നും പറയാനുദ്ദേശിക്കുന്നില്ല. നമ്മുടെ മൌലികലക്ഷ്യമായ കമ്മ്യൂണിസത്തെപ്പററി നാമെങ്ങനെ മനസ്സിലാക്കണം—മൊത്തത്തിൽ, എന്താണു കമ്മ്യൂണിസം, കമ്മ്യൂണിസ്റ്റ്കാരായ നാം അതിനെ എങ്ങനെ അഭിവൃദ്ധിപ്പെടുത്തണം? എന്നതിനെപ്പററി ഞാൻ സംക്ഷേപമായി സംസാരിക്കാം.

കമ്മ്യൂണിസ്റ്റ്പാർട്ടിമെമ്പറന്മാരായ നമ്മുടെ ഏററവും മൌലികവും സാമാന്യവുമായ കടമയെന്താണ്? എല്ലാവരും മനസ്സിലാക്കുന്നതുപോലെ, കമ്യൂണിസം സ്ഥാപിക്കുമെന്നുള്ളതാണ്, ഇന്നത്തെ ലോകത്തെ ഒരു കമ്മ്യൂണിസ്റ്റ്ലോകമായി

മാററുകയെന്നുള്ളതാണു് നമ്മുടെ കടമ. ഒരു കമ്മ്യൂണിസ്റ്റ് ലോകം നല്ലതോ ചീത്തയോ? നമ്മളെല്ലാം മനസ്സിലാക്കുന്നതു് അതു വളരെ നല്ലതാണെന്നാണു്. അത്തരമൊരു ലോകത്തിൽ ചൂഷകരോ മർദ്ദകരോ ജന്മികളോ മുതലാളികളോ സാമ്രാജ്യവാദികളോ ഫാസിസ്ററുകളോ ഉണ്ടായിരിക്കയില്ല. മർദ്ദിതരും ചൂഷിതരുമായ ആളുകളുണ്ടായിരിക്കയില്ല. അന്ധതയും അജ്ഞതയും അപരിഷ്കൃതത്വവുമുണ്ടായിരിക്കുന്നതല്ല. അത്തരമൊരു സമുദായത്തിൽ, എല്ലാ മനുഷ്യജീവികളും നിഃസ്വാത്ഥമതികളും ഉന്നതസംസ്കാരവും സാങ്കേതികപരിജ്ഞാനവുമുള്ള പ്രതിഭാശാലികളുമായ കമ്മ്യൂണിസ്റ്റുകാരായിത്തീരും. പരസ്പരം സഹായിക്കണമെന്നും സ്നേഹിക്കണമെന്നുമുള്ള മനോഭാവം മനുഷ്യരുടെയിടയിൽ പ്രബലപ്പെട്ടുവരും. പരസ്പരവഞ്ചന, പരസ്പരവൈരം, തമ്മിലടി, കൊലപാതകം മുതലായ യുക്തിരഹിതമായ നടപടികൾ യാതൊന്നും ഉണ്ടായിരിക്കയില്ല, നിശ്ചയമായും അത്തരമൊരു സമുദായം മനുഷ്യവർഗ്ഗത്തിൻെറ ചരിത്രത്തിൽ ഏററവും നല്ലതും ഏററവും സുന്ദരവും ഏററവും മികച്ചതുമായ ഒരു സമുദായമായിരിക്കും. അത്തരത്തിലുള്ള ഒരു സമുദായം നല്ലതല്ലെന്നു് ആരുപറയും? ഇവിടെ ഒരു ചോദ്യമുദിക്കുന്നു: കമ്മ്യൂണിസ്റ്റുസമുദായം കെട്ടിപ്പടുക്കുവാൻ കഴിയുമോ? 'കഴിയും' എന്നാണു് നമ്മുടെ ഉത്തരം. ഇതിനെക്കുറിച്ചു് മാർക്സിസം-ലെനിനിസത്തിൻെറ മുഴുവൻ സിദ്ധാന്തവും സംശയത്തിനിടമില്ലാത്തവിധം ശാസ്ത്രീയമായ ഒരു വിശദീകരണം നൽകുന്നുണ്ടു്. മനുഷ്യസമുദായത്തിൻെറ വർഗ്ഗസമരത്തിൻെറ ഏററവും ഒടുവിലത്തെ ഫലമെന്ന നിലയ്ക്കു് അത്തരമൊരു സമുദായം സംഭവിച്ചേതീരൂ എന്നുകൂടി അതു വ്യക്തമാക്കുന്നുണ്ടു്. യു. എസ്സ്. എസ്സ്. ആറിലെ സോഷ്യലിസ്റ്റുവിജയവും വസ്തുനിഷ്ഠമായ തെളിവു നമുക്കു തന്നിട്ടുണ്ടു്. അതുകൊണ്ടു്, നമ്മുടെ കടമ കഴിയുന്നത്ര വേഗം മനുഷ്യസമുദായചരിത്രത്തിൽ യാതൊന്നിൻെറ സാക്ഷാൽക്കരണം അനിവാര്യമാണോ ആ കമ്മ്യൂണിസ്റ്റുസമുദായത്തെ സാക്ഷാൽക്കരിക്കുകയെന്നുള്ളതാണു്.

ഇതാണു് ഒരുവശം. ഇതാണു് നമ്മുടെ ആദർശം. മറെറാരു വശമുള്ളതു നാം മനസ്സിലാക്കണം; അതായതു്, ക

മ്മ്യൂണിസത്തെ സാക്ഷാൽക്കരിക്കാൻ കഴിയും. സാക്ഷാൽക്കരിക്കുകതന്നെ വേണം എന്ന വാസ്തവം ഉണ്ടെങ്കിലും, ഇപ്പോഴും ശക്തിയേറിയ ശത്രുക്കളെയാണ് അതു നേരിടുന്നതു്. ആ ശത്രുക്കളെ പരിപൂർണ്ണമായും അവസാനമായും എല്ലാ തുറകളിലും തോല്പിച്ചല്ലാതെ, കമ്മ്യൂണിസത്തെ സാക്ഷാൽക്കരിക്കാൻ സാധ്യമല്ല. ഇങ്ങനെ കമ്മ്യൂണിസമെന്നതു നീണ്ടുനില്ക്കുന്നതും ക്ലേശകരവും പ്രയാസമേറിയതും എന്നാൽ അവസാനം വിജയകരവുമായ ഒരു സമരത്തിന്റെ കാര്യമാണ്, പദ്ധതിയാണ്. അപ്രകാരമുള്ള ഒരു സമരംകൊണ്ടല്ലാതെ കമ്മ്യൂണിസമുണ്ടാകാനേ പോകുന്നില്ല. നിശ്ചയമായും, ഈ സമരം ചിലയാളുകൾ പറഞ്ഞിട്ടുള്ളതുപോലെ, യാദൃച്ഛികമായ ഒരു സാമൂഹ്യസംഭവമോ പ്രകൃത്യാതന്നെ വഴക്കാളികളായ ചില കമ്യൂണിസ്റ്റ്കാർ സൃഷ്ടിച്ചുവിടുന്ന കുതന്ത്രങ്ങളോ അല്ല; നേരെമറിച്ച്, വർഗ്ഗസമുദായത്തിന്റെ വളർച്ചയുടെ ഗതിക്രമത്തിനിടയിൽ ഉണ്ടാകുന്ന അനിവാര്യമായ ഒരു സംഭവമാണ്. ഒഴിച്ചുകൂടാത്ത ഒരു വർഗ്ഗസമരമാണതു്, കമ്യൂണിസ്റ്റ്പാർട്ടിയുടെ ജനനം, സമരത്തിൽ കമ്യൂണിസ്റ്റ്കാർ പങ്കുകൊള്ളുന്നതു്, അവരുടെ സംഘടന, സമരനായകത്വം എന്നിതെല്ലാം സാമൂഹ്യവളർച്ചയുടെ നിയമങ്ങളനുസരിച്ചുതന്നെ ഉളവാകുന്നതും അനിവാര്യവുമായ സംഭവങ്ങളാണ്. എന്തുകൊണ്ടെന്നാൽ, സാമ്രാജ്യവാദികളും ഫാസിസ്റ്റ്കളും ജന്മികളും മുതലാളിമാരും—ചുരുക്കത്തിൽ, ചൂഷകന്മാർ—മനുഷ്യസമുദായത്തിലെ ബഹുഭൂരിപക്ഷത്തേയും ചൂഷിതരും മർദ്ദിതരുമായ അവർക്കു ജീവിക്കുവാൻ കഴിയാതാവത്തക്കവണ്ണം, മർദ്ദനങ്ങൾക്കും ചൂഷണങ്ങൾക്കുമെതിരായി സംഘടിക്കയല്ലാതെ മററു പോംവഴിയില്ലെന്നു വരത്തക്കവിധം—അല്ലാത്തപക്ഷം അവർക്ക് ജീവിക്കുവാനും വളരുവാനും സാദ്ധ്യമല്ല—അത്ര്യധികം മർദ്ദിക്കയും ചൂഷണംചെയ്യുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് ഈ സമരം തികച്ചും സ്വാഭാവികവും ഒഴിച്ചുകൂടാൻപാടില്ലാത്തതുമായ ഒരു സംഭവമാണ്. ഒരുവശത്തു്, നാം മനസ്സിലാക്കേണ്ടതു് കമ്മ്യൂണിസമെന്നതു് മനുഷ്യവർഗ്ഗത്തിന്റെ ചരിത്രത്തിൽ ഏററവും മഹത്തായ ഒരു ആദർശമാണെന്നാണ്; കാരണം കമ്മ്യൂണിസം വർഗ്ഗഭേദങ്ങളെ അവസാനമായി നശിപ്പിക്കും, മനുഷ്യവർഗ്ഗത്തെ ഒന്നടങ്കം മോചിപ്പിക്കും,

മനുഷ്യസമുദായത്തെ ചരിത്രം ഇന്നുവരെ കണ്ടിട്ടില്ലാത്തവിധം ആനന്ദത്തിൻെറ പാരമ്യത്തിലേയ്ക്കു് ഉയൎത്തും. മറുവശത്തു്, നാം മനസ്സിലാക്കേണ്ടതു് കമ്മ്യൂണിസമെന്നതു് ഏററവും പ്രയാസമേറിയതും ഉന്നതവുമായ ഒരു ലക്ഷ്യമാണെന്നാണു്; കാരണം, കമ്മ്യൂണിസത്തിനു് അങ്ങേയററം ശക്തിമാനായ ഒരു ശത്രുവിനോട്, ചൂഷകവർഗ്ഗങ്ങളോട് ജനങ്ങളുടെയിടയിൽ അവക്കുള്ള എല്ലാ സ്വാധീനശക്തികളോടും പാരമ്പൎയ്യങ്ങളോടും കീഴ്‌വഴക്കങ്ങളോടുമൊപ്പം—പൊരുതി ജയം നേടാനുണ്ടു്.

മഹത്തായ തൊഴിലാളിവർഗ്ഗത്തിലും ചൂഷിതരും മർദ്ദിതരുമായ ബഹുജനസഞ്ചയത്തിലും വിശ്വസിച്ചുകൊണ്ടും ബഹുജനങ്ങളുടെ വിപ്ലവസമരങ്ങളെ നയിക്കുന്നതിലും സമുദായത്തെ കമ്മ്യൂണിസമെന്ന മഹത്തായ ലക്ഷ്യത്തിലേയ്ക്കു് വളൎത്തിക്കൊണ്ടുവരുന്നതിലും മാർക്സിസം—ലെനിനിസത്തിൻെറ സമരതന്ത്രവും അടവും എടുത്തുപയോഗിച്ചുകൊണ്ടും കമ്മ്യൂണിസ്റ്റ്പാൎട്ടി അവസാനവിജയം നേടുമെന്നുള്ളതു് നിസ്സംശയമാണു്. ഇതെന്തുകൊണ്ടെന്നാൽ മനുഷ്യസമുദായത്തിൻെറ സാമൂഹ്യപരിവൎത്തനത്തിൻെറ ചരിത്രപരമായ ഗതി കമ്മ്യൂണിസ്റ്റ്സമുദായത്തിലേയ്ക്കു മുന്നേറിക്കൊണ്ടിരിക്കുകയാണു്, ലോകതൊഴിലാളിവർഗ്ഗത്തിൻെറയും ചൂഷിതരും മർദ്ദിതരുമായ ബഹുജനങ്ങളുടേയും അണികളിൽ മഹത്തായ വിപ്ലവശക്തികൾ ഉറങ്ങിക്കിടപ്പുണ്ടു്—അവയെ മൊത്തത്തിൽ കൂട്ടിയിണക്കി സംഘടിപ്പിച്ചു് സമരസന്നദ്ധമാക്കിയാൽമതി ചൂഷകവർഗ്ഗങ്ങളിൽപ്പെട്ട എല്ലാ പിന്തിരിപ്പൻശക്തികളേയും പരാജയപ്പെടുത്തുന്നതിനും ലോകമൊന്നടങ്കമുള്ള മുതലാളിത്തത്തെ വകവരുത്തുന്നതിനും അവയ്ക്കു ശക്തിയുണ്ടു്; കൂടാതെ കമ്മ്യൂണിസ്റ്റ്പാൎട്ടിയും തൊഴിലാളിവർഗ്ഗവും ഉയൎന്നുകൊണ്ടും വളൎന്നുകൊണ്ടുമിരിക്കുന്ന ശക്തികളുമാണു്. "ഉയൎന്നുകൊണ്ടും വളൎന്നുകൊണ്ടുമിരിക്കുന്ന ശക്തികൾ മാത്രമാണു് അജയ്യമായിട്ടുള്ളതു്" (സി. പി. എസ്സ്. യു.) ചൈനയിലെ കമ്മ്യൂണിസ്റ്റ്പാൎട്ടിയുടെ മുഴുവൻ ചരിത്രംകൊണ്ടും, സാൎവ്വദേശീയ കമ്മ്യൂണിസ്റ്റ്പാൎട്ടിയുടേയും തൊഴിലാളിപ്രസ്ഥാനങ്ങളുടേയും ഇന്നുവരെയുള്ള ചരിത്രംകൊണ്ടും ഇതിനെ പൂൎണ്ണമായും തെളിയിക്കാൻ കഴിയും.

ഇന്നത്തെ നിലവെച്ചുനോക്കുമ്പോൾ, കമ്മ്യൂണിസം ഇ
പ്പോൾതന്നെ ഭൂലോകത്തിന്റെ ആറിലൊരുഭാഗമായ സോ
വിയററുയൂനിയനിൽ ഒരു മഹത്തായ വിജയം നേടിക്കഴി
ഞ്ഞിട്ടുണ്ടു്. ലോകത്തുള്ള എല്ലാ രാജ്യങ്ങളിലേയും കമ്മ്യൂ
ണിസ്റ്റ്പ്രസ്ഥാനങ്ങൾ തീവ്രശക്തിയോടെ വളൎന്നു വികസി
ച്ചുകൊണ്ടിരിക്കയാണു്. മാർക്സിസ്റ്റ്--ലെനിനിസ്റ്റ്സിദ്ധാ
ന്തമാകുന്ന ആയുധം ധരിച്ചു പോരാടാൻ കഴിവുള്ള കമ്മ്യൂ
ണിസ്റ്റ്പാൎട്ടികൾ ഇന്നു് എല്ലാ രാജ്യങ്ങളിലും സ്ഥാപിക്ക
പ്പെട്ടുകഴിഞ്ഞിട്ടുണ്ടു്, ലോകതൊഴിലാളിവൎഗ്ഗത്തിന്റേയും
ചൂഷിതരും മർദ്ദിതരുമായ ബഹുജനസഞ്ചയത്തിന്റേയും
ശക്തി നിരന്തരസമരങ്ങളിൽ അതിവേഗത്തിൽ അണിനിര
ത്തപ്പെട്ടുകൊണ്ടിരിക്കുന്നു, ഏകോപിക്കപ്പെട്ടുവരുന്നു. അതു
കൊണ്ടു്, കമ്മ്യൂണിസം ഇന്നു ലോകമൊട്ടാകെയുള്ള ശക്തി
മത്തും അജയ്യവുമായ ഒരു ശക്തിയായിത്തീൎന്നിട്ടുമുണ്ടു്. ഈ
ശക്തി നിരന്തരം വളൎന്നുകൊണ്ടും അഭിവൃദ്ധിപ്പെട്ടുകൊണ്ടു
മിരിക്കയും അവസാനം പൂൎണ്ണവിജയം കരസ്ഥമാക്കുകയും
ചെയ്യുമെന്നുള്ളതിൽ കടുകിടയ്ക്കു് സംശയത്തിനവകാശമില്ല.
ഇതൊക്കെയാണെങ്കിലും, സാൎവ്വദേശീയപിന്തിരിപ്പൻശക്തി
കളുടേയും ചൂഷകവൎഗ്ഗങ്ങളുടേയും ശക്തി ഇപ്പോഴും നമ്മളുടേ
തിനേക്കാൾ തുലോം ശക്തിമത്തും തല്ക്കാലത്തേയ്ക്കു് പലവിധ
ത്തിലും പ്രബലപ്പെട്ടുകൊണ്ടിരിക്കയുമാണു്. അതുകൊണ്ടു്,
ശത്രുക്കളെ അടിയറപറയിക്കുന്നതിനുമുമ്പു് നമുക്കു നീണ്ടകാ
ലത്തെ കഠിനവും വളഞ്ഞുപിരിഞ്ഞതും പ്രയാസമേറിയതുമാ
യ സമരത്തിലൂടെ കടന്നുപോകേണ്ടതുണ്ടു്.

ചൂഷകവൎഗ്ഗങ്ങൾ ആയിരമായിരം വൎഷങ്ങളോളം മനു
ഷ്യവൎഗ്ഗത്തിന്റെമേൽ ഭരണംനടത്തിയിട്ടുള്ളതുകൊണ്ടു്
സൂൎയ്യനുതാഴെയുള്ള എല്ലാം പിടിച്ചടക്കി തങ്ങളെ അങ്ങേയ
ററം ശക്തരാക്കുമാത്രമല്ല ചെയ്തിട്ടുള്ളതു്; പിന്നെയോ? ചൂഷി
തവൎഗ്ഗങ്ങളുടെമേലും സമുദായത്തിലുള്ള എല്ലാ ജനങ്ങളുടെ
മേലും അങ്ങേയററം ദുഷിച്ച ഒരു സ്വാധീനശക്തി ചെലു
ത്തിയിട്ടുമുണ്ടു്. ഈ സ്വാധീനശക്തികൾ അപരിഷ്കൃതത്വം,
അജ്ഞത, സ്വാൎത്ഥത, പരസ്പരവഞ്ചന, പരസ്പരവൈരം,
കൊലപാതകം തുടങ്ങിയ സമുദായത്തിലുള്ള എല്ലാ ദോഷ
ങ്ങൾക്കും വഴിതെളിക്കുന്നു. ഈ വിശേഷത ഒരു വൎഗ്ഗസമു

ദായത്തിൽ, വിശേഷിച്ചും ചരക്കുല്പാദനത്തെ അടിസ്ഥാനമാക്കിയ സാമ്പത്തികവ്യവസ്ഥയുള്ള ഒരു സമുദായത്തിലും, പ്രത്യേകം സംഭവിക്കുന്ന ഒന്നാണു്. ചൂഷകവർഗ്ഗങ്ങൾ തങ്ങളുടെ സ്വന്തം വർഗ്ഗതാല്പര്യങ്ങളേയും വർഗ്ഗവാഴ്ചയേയും സംരക്ഷിക്കുന്നതിനുവേണ്ടി പടച്ചുവിട്ടിട്ടുള്ള അനിവാര്യസ്ഥിതിയാണിതു് കാരണം, ചൂഷിതവർഗ്ഗങ്ങളിൽപ്പെട്ട ജനസഞ്ചയങ്ങളുടേയും കോളോണിയൽജനതകളുടേയും അപരിഷ്കൃതത്വം, അജ്ഞത, ഭിന്നിപ്പ്, അനൈക്യം എന്നിവ കൂടാതെ ചൂഷകവർഗ്ഗങ്ങൾക്ക് ചൂഷകരെന്ന തങ്ങളുടെ നില വച്ചുപുലത്തുവാൻ അസാദ്ധ്യമായിത്തീരും. അതുകൊണ്ടു്, വിജയം കരസ്ഥമാക്കുന്നതിനു് ചൂഷകവർഗ്ഗങ്ങൾക്കെതിരായി മാത്രമല്ല, ബഹുജനസഞ്ചയങ്ങൾക്കിടയിൽ ചൂഷകവർഗ്ഗങ്ങൾക്കുള്ള ചിരസഞ്ചിതമായ സ്വാധീനശക്തികൾക്കെതിരായും, അവരുടെ പരിഷ്കൃതാശയഗതിയ്ക്കും ഭാവനകൾക്കുമെതിരായും മൂച്ചയേറിയ സമരം നാം നടത്തണം. അങ്ങനെ ചൂഷകവർഗ്ഗങ്ങളെ പരാജയപ്പെടുത്താൻ കഴിവുള്ള നിലവാരത്തിലേക്കു ജനങ്ങളുടെ ബോധത്തെ ഉയർത്തണം, അവരെ ഏകോപിപ്പിക്കണം. കമ്മ്യൂണിസത്തിനുവേണ്ടിയുള്ള സമരത്തിൽ നമ്മെ അഭിമുഖീകരിക്കുന്ന വിഷമത ഇതിലാണു സ്ഥിതിചെയ്യുന്നതു്.

സഖാക്കളേ! ചിലയാളുകൾ ഭാവിക്കുന്നതുപോലെ ബഹുജനവിഭാഗങ്ങൾ എല്ലാവിധ ബോധവും ഉള്ളവരും സംഘടിതരും ചൂഷകവർഗ്ഗങ്ങളുടേയും അപരിഷ്കൃതചിന്തകളുടേയും പിടിയിൽനിന്നും വിമുക്തരും ആയിരുന്നുവെങ്കിൽ വിപ്ലവത്തിന്റെ കാര്യത്തിൽ പിന്നെന്തു വിഷമതകളാണു ശേഷിക്കുന്നതു്? ചൂഷകവർഗ്ഗങ്ങളുടെ അത്തരം സ്വാധീനതകൾ വിപ്ലവത്തിനു വളരെമുമ്പ് ഉണ്ടെന്നുതന്നെയല്ല, വിപ്ലവത്തിന്റെ വിജയത്തിനുശേഷവും ചൂഷിതവർഗ്ഗങ്ങൾ ചൂഷകവർഗ്ഗങ്ങളെ അവരുടെ രാഷ്ട്രീയാധികാരസ്ഥാനത്തുനിന്നും പിഴുതെറിഞ്ഞതിനുശേഷവും വളരെക്കാലത്തേയ്ക്കു് അവ തുടന്നു നിലനില്ക്കും. ഒന്നാലോചിച്ചുനോക്കൂ: മനുഷ്യസമുദായത്തെ ഒന്നടങ്കം മോചിപ്പിക്കുന്നതിനും നവീകരിക്കുന്നതിനും, ചൂഷകവർഗ്ഗങ്ങളേയും അവക്കു ജനങ്ങളുടെയിടയിലുള്ള സ്വാധീനശക്തികളേയും അവസാനമായി നശിപ്പിക്കുന്നതി

നും, ലക്ഷക്കണക്കിലുള്ള ചെറുതരം ചരക്കുല്പാദകന്മാരെ പരിഷ്കരിക്കുന്നതിനും, വർഗ്ഗങ്ങളെ അവസാനമായി ഇല്ലാതാക്കുന്നതിനും, ക്രമേണക്രമേണയായി പഴയരീതിയിലുള്ള എല്ലാ മാമൂലുകളോടും പാരമ്പര്യങ്ങളോടും അപരിഷ്കൃതചിന്തകളോടുംകൂടിയ വർഗ്ഗസമുദായത്തിൽ ആയിരമായിരം വർഷങ്ങളായി ജീവിച്ചുപോരുന്ന മനുഷ്യവർഗ്ഗത്തെ ഉദ്ധരിക്കുന്നതിനും (ഇത്തരം വർഗ്ഗസമുദായത്തിൽ മനുഷ്യർ പരസ്പരം മത്സരിക്കയും കൊല്ലുകയും ചെയ്യുന്നു. അങ്ങനെ സ്വാത്ഥവിചാരങ്ങളേയും മാമൂലുകളേയും പരസ്പരവഞ്ചനകളേയും വൈരത്തേയും സൃഷ്ടിക്കുന്ന വിവിധവർഗ്ഗങ്ങളായി ഭാഗിക്കപ്പെട്ടിരിക്കുന്നു), അങ്ങിനെ ഏററവും ഉയന്ന ബുദ്ധിവിശേഷവും നിഃസ്വാത്ഥതയും വളരെ ഉയന്ന നിലവാരത്തിലുള്ള സംസ്കാരവും സാങ്കേതികപരിജ്ഞാനസമ്പത്തുമുള്ള ഒരു കമ്മ്യൂണിസ്റ്റ് മനുഷ്യവർഗ്ഗമായി ഉയത്തുന്നതിനു, നാമൊരുമ്പെട്ടുകയാണെങ്കിൽ കുഴഞ്ഞുമറിഞ്ഞതും വിഷമമേറിയതുമായ എത്രയെത്ര കടമകളും സമരങ്ങളും നാമേറെറടുത്തു നടത്തേണ്ടതുണ്ട്?

ലെനിൻ പറഞ്ഞു:

"വർഗ്ഗങ്ങളെ നിമ്മാർജ്ജനംചെയ്യുകയെന്നാൽ ജന്മികളേയും മുതലാളികളേയും പുറത്താക്കുകയെന്നുമാത്രമല്ല അത്ഥം—താരതമ്യേന അനായാസമായി നാം അതു വിവൃഹിച്ചിട്ടുണ്ട്; ചെറുതരം ചരക്കുല്പാദകന്മാരെയുംകൂടി നിമ്മാർജ്ജനംചെയ്യണമെന്നുകൂടിയാണ്; അവരെ നിശ്ശേഷം തുടച്ചുനീക്കാനോ അടിച്ചമത്താനോ സാദ്ധ്യമല്ല; നാമവരോടു രഞ്ജനയിൽ വത്തിക്കണം; വളരെക്കാലത്തെ സാവധാനവും ജാഗ്രതയോടുകൂടിയതുമായ സംഘടനാപ്രവത്തനംകൊണ്ടുമാത്രമേ അവരെ പുതുതായി രൂപപ്പെടുത്തുവാനും പുതുതായി വിദ്യാഭ്യാസംചെയ്യിക്കാനും കഴിയൂ. തൊഴിലാളിവർഗ്ഗത്തിൽ കടന്നുകൂടി അവരെ വഴിതെററിക്കുന്നതും തൊഴിലാളിവർഗ്ഗത്തിനിടയിൽ പെററിബൂർഷ്വാ കാട്ടുകേറിത്തരം, ഭിന്നിപ്പ്, വ്യക്തിവാദം, മാറിമാറിയുള്ള ഉന്മേഷവും മട്ടപ്പും എന്നീ ദോഷങ്ങളെ ഇളക്കിവിട്ട് തുടരെയുള്ള അധഃപതനങ്ങൾക്കിടയാക്കുന്നതുമായ പെററിബൂർഷ്വാപരിതഃസ്ഥിതികൊണ്ട് അവർ തൊഴിലാളിവർഗ്ഗത്തെ എല്ലാവശത്തുകൂടിയും

വലയം ചെയ്യുന്നു. ഇതിനെ തടയുന്നതിനു് തൊഴിലാളിവർഗ്ഗത്തിൻെറ രാഷ്ട്രീയപാർട്ടിക്കുള്ളിൽ വളരെകൃത്യമായ കേന്ദ്രീകരണവും അച്ചടക്കവും ആവശ്യമാണു്, തൊഴിലാളിവർഗ്ഗത്തിൻെറ സംഘടനാപരമായ കടമ (അതിൻെറ മുഖ്യകടമയാണതു്) ശരിയായും ഫലപ്രദമായും വിജയകരമായും നിറവേററാൻ അത്യാവശ്യമാണു്..........കോടിക്കണക്കിലുള്ള ആളുകളുടെ ശീലത്തിൻെറ ശക്തി ഏററവും ഭയങ്കരമായ ഒരു ശക്തിയാണു്.......... കോടിക്കണക്കിലുള്ള ചെറുകിട ഉടമകളെ.......പരാജയപ്പെടുത്തുന്നതിനേക്കാൾ ആയിരംമടങ്ങു് എളുപ്പമാണു്. കേന്ദ്രീകൃതമായ വൻകിടബൂർഷ്വാസിയെ തോല്പിച്ചു തുന്നംപാടിയ്ക്കുകയെന്നുള്ളതു്; അവർ അവരുടെ സാധാരണവും ദൈനികവും അദൃശ്യവും പിടികിട്ടാത്തതും നൈരാശ്യകരവുമായ പ്രവത്തനംകൊണ്ടു് ബൂർഷ്വാസിക്കു് ആവശ്യമായതും ബൂർഷ്വാസിയെ പൂവ്വസ്ഥിതിയിലാക്കുന്നതിനു് ഉപകരിക്കുന്നതുമായ അതേ ഫലങ്ങളെത്തന്നെ ഉണ്ടാക്കുന്നു"

ലെനിൻ തുടരുന്നു:

"ബൂർഷ്വാസിയുടെ എതിർപ്പു്" അതിനെ ഒരു രാജ്യത്തു മാത്രമാണെങ്കിലും അട്ടിമറിച്ചതിനുശേഷം പതിന്മടങ്ങു വർദ്ധിച്ചിരിക്കുന്നു. അതിൻെറ ശക്തി സാർവദേശീയമൂലധനത്തിൻെറ ഉറപ്പിൽ മാത്രമല്ല സ്ഥിതിചെയ്യുന്നതു്, അതിൻെറ സാർവദേശീയബന്ധങ്ങളുടെ ഉറപ്പിലും സ്ഥായിത്വത്തിലും മാത്രമല്ല, ചെറുകിട ഉല്പാദനത്തിൻെറ ശീലശക്തിയിലും ഉറപ്പിലുംകൂടിയാണു്. എന്തുകൊണ്ടെന്നാൽ, ദുർഭാഗ്യവശാൽ, ചെറുകിട ഉല്പാദനം ഇപ്പോഴും ധാരാളമായും ലോകമൊട്ടാകെ വ്യാപിച്ചുകിടക്കുന്ന ഒന്നാണു്, അതു മുതലാളിത്തത്തേയും ധനികവർഗ്ഗത്തേയും തുടർച്ചയായി, ദിവസേന, മണിക്കൂർതോറും, സ്വയമേവ, വൻതോതിൽ സൃഷ്ടിച്ചുവിടുന്നു. ഇപ്പറഞ്ഞ കാരണങ്ങളാലെല്ലാം തൊഴിലാളിവർഗ്ഗത്തിൻെറ സർവ്വാധിപത്യം വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണു്, മാത്രമല്ല നീണ്ടകാലത്തെ വാശിയേറിയതും ധീരോദാത്തവുമായ ജീവന്മരണസമരംകൂടാതെ സ്ഥിരോത്സാഹവും അച്ചടക്കവും ചങ്കുറപ്പും വിട്ടുവീഴ്ചയില്ലായ്മയും മാനസികൈക്യവും

വേണ്ടതായ സമരംകൂടാതെ, ബൂർഷ്വാസിയുടെമേൽ വിജയം വരിക്കുക അസാദ്ധ്യം തന്നെയാണു്."

സോവിയററുയൂണിയനിലെ ഒക്ടോബർവിപ്ലവത്തിൻെറ വിജയത്തിനുശേഷം രണ്ടുവർഷം കഴിഞ്ഞതാണു് ലെനിൻ ഇതെഴുതിയതു്. (ഏററവും വിഷമം പിടിച്ച ഈ കടമ സോവിയററുയൂണിയനിൽ ഇന്നു പരിഹരിക്കപ്പെട്ടുകഴിഞ്ഞിട്ടുണ്ടു്) എങ്കിലും വിപ്ലവത്തിൻെറ വിജയത്തിനുശേഷവും തൊഴിലാളിവർഗ്ഗത്തിനു വിഷമമേറിയ കടമ നിറവേററുവാനുണ്ടു്, കാരണം നമ്മുടെ വിപ്ലവം ചരിത്രത്തിലുള്ള മററെല്ലാ വിപ്ലവങ്ങളെക്കാളും തുലോം വ്യത്യസ്തമാണു്. ഉദാഹരണത്തിനു്, ബൂർഷ്വാവിപ്ലവം, ഭരണാധികാരം പിടിച്ചെടുക്കുന്നതോടുകൂടി അവസാനിക്കുന്നു, എന്നാൽ തൊഴിലാളിവർഗ്ഗത്തിനു്, രാഷ്ട്രീയമോചനവും വിജയവുമെന്നുവെച്ചാൽ വിപ്ലവത്തിൻെറ പ്രാരംഭം മാത്രമേ ആകുന്നുള്ളു. രാഷ്ട്രീയസ്വാതന്ത്ര്യം നേടിയതിനുശേഷവും വമ്പിച്ച കടമകൾ പിന്നെയും മുമ്പിൽ ശേഷിക്കുകയാണു്.

ലെനിൻ ഇതുകൂടി പറയുന്നു;

"ബൂർഷ്വാവിപ്ലവത്തിനു് ഒരു കടമമാത്രമേ നേരിടേണ്ടതായിവരുന്നുള്ളു—പഴയ സമുദായത്തിൻെറ എല്ലാ ചങ്ങലകളേയും പൊട്ടിച്ചെറിഞ്ഞു്, പുറംതള്ളി, നശിപ്പിക്കുക, ഈ കടമ മുഴമിച്ചുകഴിഞ്ഞിട്ടുള്ള ഏതു ബൂർഷ്വാവിപ്ലവവും അതിനു ചെയ്യാനുള്ളതെല്ലാം ചെയ്തുകഴിഞ്ഞിരിക്കും; കാരണം ബൂർഷ്വാവിപ്ലവം മുതലാളിത്തത്തിൻെറ വളർച്ചയെ അങ്ങേയററം ശക്തിപ്പെടുത്തുന്നു. സോഷ്യലിസ്റ്റ്വിപ്ലവം തികച്ചും ഒരു വ്യത്യസ്തനിലയിലുള്ളതാണു്. ചരിത്രത്തിലെ ഒരു വഴിതിരിയൽഘട്ടത്തിൻെറ ഫലമായി, കൂടുതൽ പിന്നോക്കംനില്ക്കുന്ന ഒരു രാജ്യമാണു് സോഷ്യലിസ്റ്റ്വിപ്ലവത്തിൽ ഏർപ്പെടുവാൻ നിർബ്ബന്ധിതമായിത്തീരുന്നതു്, പഴയ മുതലാളിത്തബന്ധത്തിൽനിന്നും സോഷ്യലിസ്റ്റ്ബന്ധത്തിലേക്കു കടക്കുകയെന്നതു് കൂടുതൽ വിഷമംപിടിച്ച കാര്യമായിരിക്കും. ഇവിടെ പഴയതിനെ നശിപ്പിക്കുകയെന്ന കടമയോടുകൂടി പുതിയതും മുമ്പെങ്ങും കണ്ടിട്ടില്ലാത്തതുമായ ഒരു വിഷമമേറിയ കടമ—സംഘടനാപരമായ കടമ കൂടുതലായുണ്ടു്."

അതുകൊണ്ടു്, വിപ്ലവത്തിന്റെ വിജയത്തിനുശേഷവും തൊഴിലാളിവർഗ്ഗത്തിനു വിഷമമേറിയ കടമകൾ നിർവ്വഹിക്കാനുണ്ടു്, അതിനാൽ, കമ്യൂണിസമെന്നതു് 'ഒരു നൂററാണ്ടുകാലത്തോളം നീണ്ടുനില്ക്കുന്ന ഒരു മഹത്തായ കടമ'യോടു സദൃശമാണു്, 'ഒററയടിയ്ക്കു കമ്യൂണിസം നടപ്പിലാക്കാൻ ഒരിക്കലും സാദ്ധ്യമല്ല.' ഭിന്നരാജ്യങ്ങളിലെ തൊഴിലാളിവർഗ്ഗത്തിനു കമ്യൂണിസ്റ്റ് സമുദായത്തെ അവസാനമായി സ്ഥാപിക്കാൻ കഴിയുന്നതിനുമുമ്പ് പ്രസ്ഥാനത്തിന്റെ വളർച്ചയുടെ വിവിധദശകളെ തരണംചെയ്യുവാനുണ്ടു്, വിവിധ ശത്രുക്കളെ തോല്പിച്ചു കീഴടക്കുവാനുണ്ടു്. ഉദാഹരണത്തിനു്, ചൈന ഇന്നു് ഒരു ബൂർഷ്വാസ്വഭാവമുള്ള ജനാധിപത്യവിപ്ലവത്തിന്റെ ഘട്ടത്തിലാണു സ്ഥിതിചെയ്യുന്നതു്. അതിന്റെ ശത്രുക്കൾ ചൈനയ്ക്കെതിരായി ആക്രമണം നടത്തുന്ന സാമ്രാജ്യത്വവും അതിനോടു കൂട്ടുകെട്ടിലേർപ്പെട്ടിരിക്കുന്ന ഫ്യൂഡൽ ശക്തികളുമാണു്. ബൂർഷ്വാസ്വഭാവമുള്ള വിപ്ലവം മുഴമിക്കാൻകഴിയുന്നതിനുമുമ്പു് ഈ ശത്രുക്കളെ തോല്പിച്ചു കീഴടക്കിക്കഴിഞ്ഞിരിക്കണം. ഇന്നത്തെ കാലഘട്ടത്തിൽ, ചെറുകിട ഉല്പാദകന്മാരുടെ വമ്പിച്ച വിഭാഗങ്ങൾ വിപ്ലവത്തിന്റെ വളരെ വലിയ ഒരു പ്രേരകശക്തിയായിത്തീരുന്നുണ്ടു്. നമ്മുടെ രാജ്യത്തിനു് ക്രമാനുഗതമായ മാററത്തിൽക്കൂടെ കമ്യൂണിസ്റ്റ് സമുദായത്തിലേയ്ക്കു് അവസാനമായി കടന്നുകൂടാൻ കഴിയുന്നതിനുമുമ്പ് സോഷ്യലിസ്റ്റ് പുനഃസംവിധാനത്തിന്റെ വളരെ നീണ്ട ഒരു കാലഘട്ടത്തെ തരണംചെയ്യേണ്ടതുണ്ടു്.

സഖാക്കളെ! കമ്മ്യൂണിസം സ്ഥാപിക്കുകയെന്നുള്ളതാണു നമ്മുടെ ഏററവും മൌലികമായ കടമ. അതുകൊണ്ടു്, കമ്മ്യൂണിസത്തെ നേരിട്ടുകൊണ്ടിരിക്കുന്ന മേൽപ്രസ്താവിച്ച വിധത്തിലുള്ള വിവിധ പ്രതിബന്ധങ്ങളെ കീഴടക്കുകയെന്നുള്ളതു് സ്വാഭാവികമായും കമ്മ്യൂണിസ്റ്റ്കാരായ നമ്മുടെ ഭാരിച്ച കടമയാണു്.

കമ്മ്യൂണിസമെന്നതു് അത്രയധികം മഹത്തും പ്രതിബന്ധം നിറഞ്ഞതുമായ ഒരു ലക്ഷ്യമാണെന്നുള്ളതുകൊണ്ടുതന്നെ കമ്മ്യൂണിസം സ്ഥാപിക്കുന്നതിന്റെ സാദ്ധ്യതയിൽ വിശ്വാസം നശിച്ചുപോയതുനിമിത്തം കമ്മ്യൂണിസത്തെപ്പററി സംശയിക്കുന്നവരാ കമ്മ്യൂണിസ്പക്ഷത്തുനിന്നും പിന്മാ

ണമെന്നാഗ്രഹിക്കുന്നവരോ ആയ വളരെയാളുകൾ (നീതിബോധമുള്ളവരും സത്യാന്വേഷകരുമായ ആളുകളെപ്പററിയാണു നാമിവിടെ സംസാരിക്കുന്നതു്) ഇന്നുമുണ്ടു്. മനുഷ്യസമുദായത്തെ വളൎത്തുവാനും നിസ്സീമമായ വിശുദ്ധിയുള്ള ഒരു കമ്മ്യൂണിസ്റ്റുമനുഷ്യസമുദായമാക്കി മാററുവാനും മേല്പറഞ്ഞ വിഷമതകളേയും പ്രതിബന്ധങ്ങളേയും ജയിച്ചു കീഴടക്കുവാനും കഴിയുമെന്നു് അവർ വിശ്വസിക്കുന്നില്ല. അഥവാ അവർ അത്തരം വിഷമതകളെ മുൻകൂട്ടി അനുഭവിച്ചറിഞ്ഞിട്ടുള്ളവരല്ല, അതുകൊണ്ടു് വിഷമങ്ങളെ നേരിട്ടുമ്പോൾതന്നെ അവർ ദോഷൈകദൃക്കുകളും നിരാശിതരും ചഞ്ചലമനസ്കരുമായിത്തീരുന്നു.

കമ്മ്യൂണിസ്റ്റുകാരായ നാം മനുഷ്യവൎഗ്ഗത്തിൻെറ ഏററവും മഹത്തായ ധൈൎയ്യവും വിപ്ലവപരമായ മനോദാർഢ്യവും സമ്പാദിക്കണം. ഓരോ പാൎട്ടിമെമ്പറും മനുഷ്യസമുദായത്തിൻെറ ചരിത്രത്തിൽ മുമ്പെങ്ങുമുണ്ടായിട്ടില്ലാത്തതും വമ്പിച്ചതുമായ ഈ കടമയെ—കമ്മ്യൂണിസത്തെ സാക്ഷാൽക്കരിക്കുകയെന്ന കടമയെ—ഭരമേല്ക്കുന്നതിനെക്കുറിച്ചു സന്തോഷത്തോടും ഗൗരവപൂൎവ്വമായും തീരുമാനമെടുക്കണം. കമ്മ്യൂണിസത്തെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന വിഷമതകളെ നാം വ്യക്തമായും കാണുമ്പോൾ ഒട്ടുംതന്നെ ഭയപ്പെടാറില്ല, കാരണം വിപ്ലവത്തിലേയ്ക്കു ലക്ഷക്കണക്കിനു് ആളുകളെ ആകൎഷിച്ചുകൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ ഈ പ്രതിബന്ധങ്ങളെ നിശ്ചയമായും അതിജീവിക്കുന്നതിനു കഴിയുമെന്നു നാം വ്യക്തമായും മനസ്സിലാക്കുന്നുണ്ടു്. കമ്മ്യൂണിസം 'ഒരു നൂററാണ്ടുകാലത്തെ അദ്ധ്വാനംകൊണ്ടു്' സാധിക്കേണ്ട കാൎയ്യമാണെന്നു നമുക്കു വ്യക്തമായുമറിയാം. ചരിത്രപരമായ പരിവൎത്തനം നമ്മിൽ ചുമത്തിയിട്ടുള്ള മഹത്തായ കടമ നാം നിർവഹിച്ചേ മതിയാവൂ. മഹത്തായ ബഹുജനസഞ്ചയങ്ങളുടെ പിന്തുണ നമുക്കുണ്ടു്. നമ്മുടെ ഈ തലമുറയിൽതന്നെ കമ്മ്യൂണിസത്തിനുവേണ്ടിയുള്ള കടമയുടെ ഒരു വലിയ പങ്കു് നാം നിർവഹിക്കയും അതിൻെറ അവസാന പൂൎത്തീകരണം വരുന്ന തലമുറയ്ക്കു വിട്ടുകൊടുക്കയും വേണം. സഖാക്കളേ! കമ്മ്യൂണിസ്റ്റുകാരായ നമ്മുടെ മഹത്തായ ദർശനത്തോടും ധീരതയോടും കിടപിടിക്കത്തക്ക ഒരൊററ വീരപ്പു

രുഷനെപ്പോലും മനുഷ്യസമുദായത്തിൻെറ കഴിഞ്ഞകാലചരിത്രത്തിലെ ഏട്ടുകളിൽ കണ്ടിട്ടില്ല. ഈ സംഗതിയിൽ നമുക്ക നമ്മെപ്പററി അഭിമാനിക്കാൻ എല്ലാ ന്യായവും ഉണ്ടു്.

പടിഞ്ഞാറൻയൂറോപ്പിലുള്ള പണ്ഡിതനായ ഒരു ബൂഷ്വാജീവചരിത്രകാരനെ ഞാനോക്കുന്നു. അദ്ദേഹമൊരിക്കൽ സോവിയററുയൂണിയൻ സന്ദർശിച്ചപ്പോൾ സഖാവ് സ്റ്റാലിനോടു ചോദിച്ചു: റഷ്യയിലെ 'മഹാനായ പീററിനോടു്' (പീററർ ദ് ഗ്രേററ്) ലെനിനെ താരതമ്യപ്പെടുത്തി പറയുന്നതിനെക്കുറിച്ചു് അദ്ദേഹം എന്തു വിചാരിക്കുന്നുവെന്നു്. അതിനു് സ്റ്റാലിൻെറ പറുപടി—"ഒരു മഹാസമുദ്രത്തിലെ ജലപ്പെരുപ്പത്തിനോടു് ലെനിനെ നാം കണക്കാക്കുകയാണെങ്കിൽ 'പീററർ ദ് ഗ്രേററ്' അതിലെ ഒരു നീർത്തുള്ളിമാത്രമായിരിക്കും"—എന്നായിരുന്നു. സഖാക്കളേ! തൊഴിലാളിവർഗ്ഗത്തിനുവേണ്ടി നിലകൊള്ളുന്ന ഒരു കമ്യൂണിസ്റ്റുനേതാവിനും ഫ്യൂഡൽ ബൂഷ്വാവർഗ്ഗത്തിനുവേണ്ടി നിലകൊള്ളുന്ന ഒരു നേതാവിനും തമ്മിൽ അവക്കു് ചരിത്രത്തിലുള്ള സ്ഥാനത്തെ അടിസ്ഥാനമാക്കിനോക്കിയാൽ അത്തരം താരതമ്യമാണുള്ളതു്. ഈ താരതമ്യപഠനത്തിൽനിന്നും കമ്യൂണിസത്തിൻെറ വിജയത്തിനും മനുഷ്യവർഗ്ഗത്തിൻെറ ഒട്ടാകെയുള്ള മോചനത്തിനുംവേണ്ടി പടപൊരുതുന്ന ഒരു നേതാവ് എത്രയും മഹോന്നതനും ഒരുപിടി ചൂഷകരുടേയും ഇത്തിക്കണ്ണികളുടേയും താല്പര്യത്തിനുവേണ്ടി സമരംചെയ്യുന്ന ഒരു നേതാവ് തീരെ നിസ്സാരനുമാണെന്നു നമുക്ക കാണാൻ കഴിയും.

കമ്യൂണിസ്റ്റുപാർട്ടിമെമ്പറന്മാക്കു് മഹത്തരങ്ങളായ ആശയങ്ങളുണ്ടു്. മഹത്തരങ്ങളായ സമരലക്ഷ്യങ്ങളുണ്ടു്. 'സ്ഥൂലയാഥാർത്ഥ്യങ്ങളെ പരിശോധിച്ചു സത്യം കണ്ടെത്തുന്നതിലുള്ള' വമ്പിച്ച പ്രായോഗികബോധമുണ്ടു്. കമ്യൂണിസ്റ്റുകാരായ നമ്മുടെ സ്വഭാവലക്ഷണങ്ങൾ ഇവയൊക്കെയാണു്.

സഖാക്കളേ! നിങ്ങൾ മഹത്തരങ്ങളും മഹോന്നതങ്ങളുമായ ആദർശങ്ങൾ കരസ്ഥമാക്കുകമാത്രം ചെയ്യുകയും എന്നാൽ 'സ്ഥൂലയാഥാർത്ഥ്യങ്ങളിൽനിന്നും സത്യംകണ്ടെത്തുന്നതിനുള്ള' മനോഭാവമില്ലാത്തവരും കലപ്പില്ലാത്ത പ്രായോഗിക

പ്രവൎത്തനം കൃത്യമായി നടത്താത്തവരുമായിരിക്കുകയുമാണെങ്കിൽ, നിങ്ങൾ നല്ല കമ്മ്യൂണിസ്റ്റ്കാരല്ല. നിങ്ങൾക്ക് വെറും സ്വപ്നദർശികളും വായാടികളും പണ്ഡിതമാന്യന്മാരുമാകാനേ കഴിയൂ. നേരേമറിച്ച്, നിങ്ങൾ പ്രായോഗികപ്രവൎത്തനം മാത്രം ചെയ്യുകയും എന്നാൽ മഹത്തരങ്ങളും മഹോന്നതങ്ങളുമായ കമ്മ്യൂണിസ്റ്റാദൎശങ്ങൾ കരസ്ഥമാക്കാതിരിക്കുകയുമാണ് ചെയ്യുന്നതെങ്കിലും നിങ്ങളൊരു നല്ല കമ്മ്യൂണിസ്റ്റുകാരനല്ല, ഒരു സാധാരണപ്രവൎത്തകൻ മാത്രമാണ്. ഉന്നതങ്ങളായ കമ്മ്യൂണിസ്റ്റാശങ്ങയങ്ങളെ പ്രായോഗികപ്രവൎത്തനവും സ്ഥൂലയാഥാൎത്ഥ്യങ്ങളിൽനിന്നു സത്യം കണ്ടുപിടിക്കാനുള്ള മനോഭാവവുമായി കൂട്ടിയിണക്കുന്നവനാണ് ഒരു നല്ല കമ്മ്യൂണിസ്റ്റുപാൎട്ടിമെമ്പർ.

കമ്മ്യൂണിസ്റ്റാദൎശം സുന്ദരമാണ്. നിലവിലുള്ള മുതലാളിത്തലോകമോ വിരൂപമായിരിക്കുന്നു. വ്യക്തമായും അതിന്റെ വൈലക്ഷണ്യം ഹേതുവായിട്ടുതന്നെ മനുഷ്യരിൽ ബഹുഭൂരിപക്ഷവും അതിനെ മാററണമെന്നും മാററിയേ മതിയാവൂ എന്നും വിചാരിക്കുന്നു. ലോകത്തിനു മാററംവരുത്തുന്ന കാൎയ്യത്തിൽ നമുക്കു യാഥാൎത്ഥ്യത്തിൽനിന്നുമകന്നുനില്ക്കാനോ യാഥാൎത്ഥ്യത്തെ അവഗണിക്കാനോ സാദ്ധ്യമല്ല; യാഥാൎത്ഥ്യത്തിൽനിന്നും ഒഴിഞ്ഞുമാറാനോ വിലക്ഷണമായ യാഥാൎത്ഥ്യത്തിനു് (യാഥാർത്ഥ്യാഭാസത്തിനു്) കീഴടങ്ങാനോ നമുക്കു സാദ്ധ്യമല്ല. നാം യാഥാൎത്ഥ്യത്തിനോടു പററിച്ചേരണം, അതിനെ സാക്ഷാല്ക്കരിക്കണം, യാഥാൎത്ഥ്യത്തിൽ ജീവിച്ചുവളരുന്നതിനു ശ്രമിക്കണം, യാഥാൎത്ഥ്യാഭാസത്തിനെതിരായി പൊരുതുകയും നമ്മുടെ ആദൎശങ്ങളെ സാക്ഷാല്ക്കരിക്കുന്നതിലേക്കു യാഥാൎത്ഥ്യത്തെ രൂപാന്തരപ്പെടുത്തുകയും വേണം. അതുകൊണ്ടു്, കമ്മ്യൂണിസ്റ്റ്പാർട്ടിമെമ്പറന്മാരായ നാം നമ്മോടു് അടുത്ത സമ്പൎക്കത്തിലിരിക്കുന്ന ആളുകളിൽനിന്നും നമുക്കു ഉടനടി ഏറെറടുക്കാൻ കഴിയുന്ന പ്രവൎത്തനത്തിൽനിന്നും തുടങ്ങിക്കൊണ്ടു് ഇന്നത്തെ ലോകത്തെ മാററാനുള്ള മഹത്തായ കമ്മ്യൂണിസ്റ്റുപ്രവൎത്തനം ആരംഭിക്കണം. ഇവിടെ ചില യുവസഖാക്കൾ പലപ്പോഴും ചെയ്തിട്ടുള്ള ചില തെററുകളെ —യാഥാർത്ഥ്യത്തിൽനിന്നും ഒഴിഞ്ഞുമാറുന്നതിനോ അതിനെ അവഗണിക്കുന്നതിനോ ഉള്ള അവരുടെ ശ്രമങ്ങളെ—

എനിക്കു് വിമശിക്കേണ്ടതുണ്ടു്. അവക്കു് ഉന്നതാദശങ്ങളുള്ളതു് നല്ല കാര്യമാണു്. എന്നാൽ, ഹോ—'ആ സ്ഥലം അത്ര 'സുമാറില്ല, ഈ സ്ഥലം അത്ര ഗുണമില്ല, ഈ മാതിരി പ്രവത്തനം ഗുണമില്ല, ആ മാതിരി പ്രവത്തനം ഗുണമില്ല' എന്നൊക്കെ അവർ പലപ്പോഴും പരാതിപ്പെടാറുണ്ടു്. ഉരസലൊന്നുംകൂടാതെ 'ലോകത്തെ മാററിത്തീക്കുന്നതിന' തങ്ങളെ ശക്തരാക്കത്തക്കവെണ്ണം അവർ മാതൃകാസ്ഥലങ്ങളും മാതൃകാപരമായ പ്രവത്തനങ്ങളും കിട്ടാൻവേണ്ടി എക്കാലവും തിരഞ്ഞുനടക്കുന്നു. എന്നാലും, അത്തരം നല്ല സ്ഥലങ്ങളും നല്ല പ്രവത്തനവും അവരുടെ മോഹനസങ്കല്പത്തിലല്ലാതെ ഈ ലോകത്തിലില്ല.

കമ്മ്യൂണിസലക്ഷ്യത്തെപ്പററിയുള്ള എന്റെ ധാരണ ഇതാണു്: 'അതു് നമ്മുടെ ആജീവനാന്തപ്രവത്തനമാകുന്നു. നമ്മുടെ ജീവിതവീക്ഷണത്തിന്റേയും ലോകവീക്ഷണത്തിന്റേയും ഏററവും പ്രധാനമായ ഭാഗംകൂടിയാണതു്. നമ്മുടെ ജീവിതകാലം മുഴുവനുമുള്ള പ്രവത്തനങ്ങൾ ഇതിനുവേണ്ടിയാണു്, മറെറാന്നിനുമല്ല.'

## ഒരു പാർട്ടിമെമ്പറുടെ വ്യക്തിഗതതാല്പര്യങ്ങളെ പാർട്ടിയുടെ താല്പര്യത്തിനു നിരുപാധികം കീഴ്പ്പെടുത്തൽ

ഒരു കമ്മ്യൂണിസ്ററുകാരൻ അയാളുടെ കമ്മ്യൂണിസ്റ്റ് ജീവിതവീക്ഷണത്തേയും ലോകവീക്ഷണത്തേയും വ്യക്തമായി ഉറപ്പിക്കുന്നതിനുപുറമേ തന്റെ വ്യക്തിഗതതാല്പയ്യങ്ങളും പാർട്ടിയുടെ താല്പയ്യങ്ങളും തമ്മിലുള്ള ശരിയായ ബന്ധത്തെ വ്യക്തമായി നിജപ്പെടുത്തുകയും വേണം. മാർക്സിസ്റ്റ്-ലെനിനിസ്റ്റ്സിദ്ധാന്തംതന്നെ വ്യക്തിഗതതാല്പയ്യങ്ങൾ പാട്ടിയുടെ താല്പയ്യങ്ങൾക്കും, ഭാഗികതാല്പയ്യങ്ങൾ മൊത്തംതാല്പയ്യങ്ങൾക്കും, താല്ക്കാലികതാല്പയ്യങ്ങൾ ചിരസ്ഥായിയായ താല്പയ്യങ്ങൾക്കും, ഒരു രാഷ്ട്രത്തിന്റെ താല്പയ്യങ്ങൾ ലോകത്തിന്റെ മുഴുവൻ താല്പയ്യങ്ങൾക്കും കീഴ്പ്പെടുത്തണമെന്നുള്ളതാണു്.

കമ്മ്യൂണിസ്റ്റ്പാർട്ടി തൊഴിലാളിവർഗ്ഗത്തെ പ്രതിനിധീകരിക്കുന്ന ഒരു രാഷ്ട്രീയപാർട്ടിയാണു്. തൊഴിലാളിവർഗ്ഗത്തിന്റെ മോചനത്തെ സംബന്ധിച്ച താല്പയ്യങ്ങളല്ലാതെ

പാർട്ടിയ്ക്കു് അതിൻെറ സ്വന്തമായ യാതൊരു താല്പര്യങ്ങളും ഉദ്ദേശങ്ങളുമില്ല. ഏതുവിധമായാലും, തൊഴിലാളിവർഗ്ഗത്തിൻെറ അവസാനമോചനമെന്നതു് മനുഷ്യവർഗ്ഗത്തിൻെറ ഒന്നാകെയുള്ള അവസാനമോചനമായിട്ടുതന്നെ വരണം. കാരണം, അദ്ധ്വാനിക്കുന്ന എല്ലാ ജനങ്ങളേയും എല്ലാ ദേശീയജനവിഭാഗങ്ങളേയും, മറുതരത്തിൽ പറഞ്ഞാൽ മനുഷ്യവർഗ്ഗത്തെ ഒന്നടങ്കം മോചിപ്പിക്കുന്നതിനു് തൊഴിലാളിവർഗ്ഗത്തിനു കഴിയുന്നില്ലെങ്കിൽ, അവക്കു് അവരെത്തന്നെ മോചിപ്പിക്കുക സാദ്ധ്യമല്ല. അതുകൊണ്ടു്, തൊഴിലാളിവർഗ്ഗം സ്വന്തം മോചനത്തിനുവേണ്ടിയും സ്വന്തം ജീവിതത്തോതും സ്വന്തം രാഷ്ട്രീയ-സാംസ്കാരിക നിലവാരങ്ങളും ഉയർത്തുന്നതിന്നുവേണ്ടിയും പോരാടുന്നതോടൊപ്പം അദ്ധ്വാനിക്കുന്നവരായ എല്ലാ ജനങ്ങളേയും, മർദ്ദിതരായ എല്ലാ ദേശീയജനവിഭാഗങ്ങളേയും, കൂട്ടോട്ടുകൂടി സഹായിക്കുകയും അവക്കു് നേതൃത്വം കൊടുക്കുകയും വേണം. അതുകൊണ്ടു്, തൊഴിലാളിവർഗ്ഗത്തിൻെറ മോചനത്തിൻെറ താല്പര്യങ്ങൾ മുഴുവൻ മനുഷ്യസമുദായത്തിൻെറയും മർദ്ദിതരായ എല്ലാ ദേശീയജനവിഭാഗങ്ങളുടേയും മോചനത്തിൻെറ താല്പര്യങ്ങളിൽനിന്നു വിഭിന്നമല്ല. അതുകൊണ്ടു്, കമ്യൂണിസ്റ്റുപാർട്ടിയുടെ താല്പര്യങ്ങൾ തൊഴിലാളിവർഗ്ഗത്തിൻേറയും ഒന്നടങ്കമുള്ള മനുഷ്യവർഗ്ഗത്തിൻേറയും മോചനത്തിൻെറ താല്പര്യങ്ങളാണു്. മാത്രമല്ല, അവ കമ്യൂണിസത്തിൻേറയും സാമൂഹ്യപരിണാമത്തിൻേറയും താല്പര്യങ്ങളുമാണു്. അതുകൊണ്ടു്, ഒരു പാർട്ടിമെമ്പറുടെ സ്വന്തം താല്പര്യങ്ങളെ പാർട്ടിതാല്പര്യങ്ങൾക്കു കീഴ്പ്പെടുത്തുകയെന്നു പറഞ്ഞാൽ തൊഴിലാളിവർഗ്ഗത്തിൻേറയും ദേശീയമോചനത്തിൻേറയും താല്പര്യങ്ങൾക്കും കമ്യൂണിസത്തിൻേറയും സാമൂഹ്യപരിണാമത്തിൻേറയും താല്പര്യങ്ങൾക്കും കീഴ്പ്പെടുത്തുകയെന്നത്ഥമാണു്.

ഒരു കമ്യൂണിസ്റ്റുപാർട്ടിമെമ്പക്കു് അയാളുടെ സ്വന്തം താല്പര്യങ്ങളെ ഏതു പരിതഃസ്ഥിതികളിലും കേവലമായും നിരുപാധികമായും പാർട്ടിയുടെ താല്പര്യങ്ങൾക്കു കീഴ്പ്പെടുത്തുവാൻ കഴിയുമോ ഇല്ലയോ എന്നുള്ളതാണു് അയാൾക്കു പാർട്ടിയോടും വിപ്ലവത്തോടും കമ്മ്യൂണിസത്തോടുമുള്ള കൂറിനെ പരീക്ഷിച്ചുനോക്കാനുള്ള ഉരകല്ലു്. കമ്മ്യൂണിസത്തി

ൻെറ സാക്ഷാൽക്കരണം തൊഴിലാളിവർഗ്ഗത്തേയും കമ്മ്യൂണിസ്റ്റ്പാർട്ടിയേയും ആശ്രയിച്ചിരിക്കുന്നതുകൊണ്ട്, തൊഴിലാളിവർഗ്ഗത്തിൻേറയും കമ്മ്യൂണിസ്റ്റ്പാർട്ടിയുടേയും താല്പര്യങ്ങളെ തകരാറാക്കുകയാണെങ്കിൽ നിശ്ചയമായും കമ്മ്യൂണിസം ഒരിക്കലും ഉടലെടുക്കുന്നതല്ല.

എല്ലാ കാലഘട്ടത്തിലും എല്ലാ പ്രശ്നങ്ങളെ സംബന്ധിച്ചും ഒരു കമ്മ്യൂണിസ്ററുപാർട്ടിമെമ്പർ പാർട്ടിയുടെ മുഴുവൻ താല്പര്യങ്ങളേയും കണക്കിലെടുക്കുകയും അവയെ തൻെറ സ്വന്തം താല്പര്യങ്ങൾക്കും പ്രശ്നങ്ങൾക്കും ഉപരിയായി കരുതുകയും വേണം. "പാർട്ടിയുടെ താല്പര്യങ്ങളാണു പരമം" എന്നുള്ളതാണു നമ്മുടെ പാർട്ടിമെമ്പറന്മാരുടെ ഏററവും ഉയന്ന പ്രമാണം. ഓരോ പാർട്ടിമെമ്പറും തൻെറ ആശയഗതിയിൽ ഈ ധാരണ സുദൃഢമായി കെട്ടിപ്പടുക്കണം. ഇതിനെയാണു "പാട്ടിബോധം' എന്നോ, 'പാട്ടിമനോഭാവ'മെന്നോ, "സംഘടനാപരമായ ധാരണ"യെന്നോ നാം പലപ്പോഴും പറയാറുള്ളതു്. അയാളുടെ മനസ്സിൽ പാട്ടിയും പാട്ടിയുടെ താല്പര്യങ്ങളും മാത്രമേ ഏററവും മികച്ചുനില്ക്കുവാൻ പാടുള്ളു, സ്വകാര്യസ്വഭാവമുള്ള യാതൊരു പരിഗണനകളും പാടില്ല. തൻെറ സ്വകാര്യതാല്പങ്ങൾ പാട്ടിയുടെ താല്പര്യങ്ങൾക്കനുരൂപമായതാണോ അഥവാ അവയോടലിഞ്ഞുചേന്നതാണോ എന്നു് അയാൾ ഉറപ്പുവരുത്തണം. അങ്ങനെ തൻെറ സ്വന്തം താല്പര്യങ്ങൾ പാട്ടിയുടെ താല്പര്യങ്ങൾക്കു വിരുദ്ധമായിവരുമ്പോൾ അയാൾക്കു പാർട്ടിയുടെ താല്പര്യങ്ങൾക്കു കീഴ് വഴങ്ങുവാനും സംശയലേശമോ വൈമനസ്യമോ കൂടാതെ സ്വന്തതാല്പര്യങ്ങളെ പാർട്ടിയുടെ താല്പര്യങ്ങൾക്കു ബലികഴിക്കുവാനും കഴിയും. പാർട്ടിയുടെ ലക്ഷ്യത്തിന്നുവേണ്ടി, തൊഴിലാളിവർഗ്ഗത്തിന്നുവേണ്ടി ദേശീയവിമോചനത്തിന്നുവേണ്ടി, മനുഷ്യസമുദായത്തിൻെറ മോചനത്തിന്നുവേണ്ടി സംശയലേശംകൂടാതെയും സുഖബോധത്തോടുകൂടിയും സ്വകാര്യതാല്പര്യങ്ങളേയും ജീവനെപ്പോലും ബലികഴിക്കുകയാണു കമ്മ്യൂണിസ്റ്റുധമ്മത്തിൻെറ ഏററവും ഉയന്ന രൂപം. ഒരു പാർട്ടിമെമ്പറുടെ ഏററവും ഉയന്ന തത്വവിശ്വാസപ്രകടനമാണിതു്. ഒരു പാർട്ടിമെമ്പറുടെ തൊഴിലാളിവർഗ്ഗതത്വ

ശാസ്ത്രത്തിൻെറ പരിശുദ്ധി പ്രത്യക്ഷപ്പെടുന്നതു് ഇങ്ങനെയാണു്.

നമ്മുടെ പാർട്ടിയിൽ പാർട്ടിതാല്പര്യങ്ങളിൽനിന്നന്യമായി വ്യക്തിഗതമായ ഉദ്ദേശങ്ങൾ മെമ്പറന്മാക്ക് ഉണ്ടാകാൻ പാടില്ല. നമ്മുടെ പാർട്ടിമെമ്പറന്മാരുടെ സ്വകാര്യോദ്ദേശങ്ങൾ പാർട്ടിയുടെ താല്പര്യങ്ങളുടെ ഒരു ഭാഗമായിരിക്കാനേ പാടുള്ളു. ഉദാഹരണത്തിനു്, നമ്മുടെ പാർട്ടിമെമ്പറന്മാർ മാർക്സിസ്റ്റം-ലെനിനിസ്റ്റ് സിദ്ധാന്തമഭ്യസിക്കുന്നതിനും സ്വന്തം കഴിവുകളെ വികസിപ്പിക്കുന്നതിനും വമ്പിച്ച ബഹുജനവിഭാഗങ്ങളുടെ വിപ്ലവസമരത്തെ വിജയകരമായി നയിക്കുന്നതിനും പലതരത്തിലുള്ള വിപ്ലവസംഘടനകൾ കെട്ടിപ്പടുക്കുന്നതിനുംമററും ആഗ്രഹിക്കുന്നു. ഇവയൊക്കെയാണു് അവരുടെ സ്വന്തം ഉദ്ദേശങ്ങളെങ്കിൽ അവയെല്ലാം പാർട്ടിയുടെ ഉദ്ദേശങ്ങളുടെ ഭാഗമാണു്, കാരണം അവ പാർട്ടിതാല്പര്യങ്ങളാണു്. പാർട്ടിക്ക് ഇപ്രകാരമുള്ള മെമ്പറന്മാരെയും പ്രവത്തകന്മാരെയും വളരെയധികമാവശ്യമുണ്ടു്. എന്നാൽ ഇതിനുപുറമേ നമ്മുടെ പാർട്ടിമെമ്പറന്മാക്ക് അവരുടെ സ്വന്തമായ സ്വകാര്യപദവി, വ്യക്തിപരമായധീരത മുതലായ സ്വാതന്ത്ര്യോദ്ദേശങ്ങൾ ഉണ്ടാകാൻ പാടില്ല. ഇത്തരം ഉദ്ദേശങ്ങൾ അവക്കുണ്ടെങ്കിൽ അവർ പാർട്ടിയുടെ താല്പര്യങ്ങളിൽനിന്നും വ്യതിചലിക്കാനും അത്രത്തോളം പാട്ടിക്കകത്തെ അവസരവാദികളായിത്തീരാനുമിടയുണ്ടു്.

ഒരു പാട്ടിമെമ്പക്ക് അയാളുടെ ആശയഗതിയിൽ പാട്ടിയുടേയും കമ്മ്യൂണിസത്തിൻേറയും താല്പര്യങ്ങളും ഉദ്ദേശങ്ങളും മാത്രമേയുള്ളുവെങ്കിൽ, അയാൾക്കു പാർട്ടിയുടെ താൽപ്പര്യങ്ങളിൽനിന്നന്യമായി സ്വതന്ത്രമായ സ്വകാര്യോദ്ദേശങ്ങളും പരിഗണനകളും ഇല്ലെങ്കിൽ, കൂടാതെ അയാൾ പക്ഷപാതമില്ലാത്തവനും നിസ്സ്വാത്ഥമതിയുമാണെങ്കിൽ താഴെപ്പറയുന്ന കാര്യങ്ങൾക്കു് അയാൾ കഴിവുള്ളവനായിരിക്കും.

(1) അയാൾക്കു് വളരെ നല്ല കമ്മ്യൂണിസ്ററുധമ്മം അനുഷ്ഠിക്കാൻ കഴിയും. അയാൾക്കു് ഒരു കണിശമായ നിലപാടുള്ളതുകൊണ്ടു് ''ജനങ്ങളെ സ്നേഹിക്കാനും വെറുക്കാനും'' കഴിയും. അയാൾക്കു് സ്വന്തം സഖാക്കളോടും വിപ്ലവകാരി

കളോടും തൊഴിലാളികളോടും കൂറും ഉല്ക്കടസ്നേഹവും പ്രദർശിപ്പിക്കാനും അവരെ നിരുപാധികമായി സഹായിക്കാനും, അവരോട് സമത്വമായി പെരുമാറുന്നതിനും, സ്വന്തം താല്പര്യങ്ങൾ സംരക്ഷിക്കാൻവേണ്ടി അവരിൽ ആരെയും ഒരിക്കലും ഉപദ്രവിക്കാതിരിക്കുവാനും സാധിക്കും. അയാൾക്ക് അവരോട് 'വിശ്വസ്തതയോടും പൊറുപ്പോടും' പെരുമാറുന്നതിനും "തന്നെ മററുള്ളവരുടെ നിലയിൽ കരുതി ജീവിക്കുന്നതിനും" കഴിയും. മററുള്ളവരുടെ പ്രശ്നങ്ങളെ അവരുടെ വീക്ഷണനിലയിൽ നിന്നുകൊണ്ടു കാണുവാനും അവരോടു സഹതാപം കാണിക്കുവാനും കഴിയും. 'മററുള്ളവർ തന്നോടുചെയ്താൽ തനിക്കിഷ്ടപ്പെടാത്ത കാര്യം താൻ മററുള്ളവരോടും ഒരിക്കലും ചെയ്യുന്നതല്ല.' പാർട്ടിയുടേയും തൊഴിലാളിവർഗ്ഗത്തിൻേറയും താല്പര്യങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടിയും മനുഷ്യവർഗ്ഗത്തിൻെറ മോചനത്തിനുവേണ്ടിയും അവരുടെ ഏററവും നീചരായ ശത്രുക്കളോട് നിർദ്ദയമായി ഇടപെടുന്നതിനും വാശിയോടെ സമരം നടത്തുന്നതിനും അവർക്കു കഴിയും. ഒരു ചൈനീസ് പഴഞ്ചൊല്ലിൽ പറയുന്നതുപോലെ, "മറെറല്ലാ മനുഷ്യരും ദുഃഖിക്കാൻ തുടങ്ങുന്നതിനു വളരെമുമ്പുതന്നെ അയാൾ ദുഃഖിക്കയും മറെറല്ലാ മനുഷ്യരും സന്തുഷ്ടരായതിനുശേഷംമാത്രം അയാൾ സന്തോഷിക്കയും ചെയ്യും." പാർട്ടിയ്ക്കകത്തും ബഹുജനങ്ങളുടെയിടയിലും ക്ലേശങ്ങളും കഷ്ടപ്പാടുകളും അനുഭവിക്കുന്നതിന് അയാൾ ഒന്നാമനും സുഖാനുഭവത്തിന് ഒടുവിലത്തെയാളുമായിരിക്കും. തൻെറ നില നല്ലതോ ചീത്തയോയെന്ന് അയാൾ ഒരിക്കലും കണക്കാക്കുകയില്ല, എന്നാൽ, താൻ മററുള്ളവരേക്കാൾ കൂടുതൽ വിപ്ലവപ്രവർത്തനം ചെയ്തിട്ടുണ്ടോയെന്നും കഠിനതരമായി പടവെട്ടിയിട്ടുണ്ടോയെന്നും അയാൾ എപ്പോഴും ശ്രദ്ധിക്കും. കഷ്ടതകൾ നേരിടുന്ന കാലഘട്ടത്തിൽ, അയാൾ ധീരതയോടും പതറാതെയും ഉറച്ചുനിൽക്കുകയും പ്രതിബന്ധങ്ങൾ വന്നുമുട്ടുമ്പോൾ മഹത്തായ ചുമതലാബോധം പ്രകടിപ്പിക്കയും ചെയ്യും. അതുകൊണ്ടു്, പണമോ പദവിയോ മൂലം ചീത്തയാകുന്നതിനെ ചെറുക്കാനും ദാരിദ്ര്യത്തിലും താഴ്ന്നനിലയിലുമാണെങ്കിലും ചാഞ്ചാടാനുള്ള വാസനകളെ എതിർക്കാനും ഭീഷണിയേയും ബലപ്രയോഗത്തേയും വകവെച്ചുകൊടുക്കാ

തിരിക്കുന്നതിനും ആവശ്യമായ ഏററവും വലിയ ദൃഢതയും മനോധൈര്യവും സമ്പാദിക്കാൻ അയാൾക്കു കഴിയും.

(2) ഏററവും വലിയ ധീരത പുലർത്തുന്നതിനും അയാൾ ശക്തനായിരിക്കും. എല്ലാതരം സ്വാർത്ഥചിന്തകളിൽനിന്നും അയാൾ വിമുക്തനായതുകൊണ്ടും 'മനസ്സാക്ഷിക്കു വിരുദ്ധമായി യാതൊന്നും ഒരിക്കലും ചെയ്യിട്ടില്ലാത്തതു'കൊണ്ടും അയാൾക്ക് തൻെറ തെററുകുററങ്ങളെ തുറന്നുകാണിക്കുന്നതിനും ധൈര്യത്തോടെ അവയെ തിരുത്തുന്നതിന്നും യാതൊരു വിഷമവുമില്ല—കുറച്ചുനേരത്തെ ഗ്രഹണത്തിനുശേഷം സൂര്യചന്ദ്രന്മാർ കൂടുതൽ ശോഭയോടും പൂർണ്ണമായും പ്രകാശിക്കുന്നതുപോലെ 'അയാളുടെ ലക്ഷ്യം ഏററവും ന്യായമായതുകൊണ്ട് അയാൾ നിർഭയനാണ്.' അയാൾ സത്യത്തെ ഒരിക്കലും ഭയപ്പെടുന്നില്ല. അയാൾ സത്യത്തെ ധൈര്യപൂർവ്വം ഉയർത്തിപ്പിടിക്കുകയും അതിനെ മററുള്ളവക്കു വ്യാഖ്യാനിച്ചുകൊടുക്കുകയും സത്യത്തിനുവേണ്ടി പടവെട്ടുകയും ചെയ്യുന്നു. അപ്രകാരം ചെയ്യുന്നതു് തല്ക്കാലത്തേക്കു തനിക്കു് പ്രതികൂലമാണെങ്കിലും, സത്യത്തെ ഉയർത്തിപ്പിടിക്കുന്നതുമൂലം പലവിധ എതിർപ്പുകൾക്കും അയാൾ വിധേയനാകാമെങ്കിലും, ബഹുഭൂരിപക്ഷം ജനങ്ങളുടെ എതിർപ്പും തടസ്സവും അയാളെ താൽക്കാലികമായി ഒററപ്പെട്ടുപോകാൻ (മഹനീയമായ അകൽച്ച) നിർബ്ബന്ധിതനാക്കുന്നുവെങ്കിലും, ഇക്കാരണത്താൽ അയാളുടെ ജീവിതം ആപത്തിലകപ്പെട്ടുവെന്നുവന്നേക്കാമെങ്കിൽപോലും, അയാൾ ഒഴുക്കുമുറിച്ചുകേറുന്നതിനും സത്യത്തെ ഉയർത്തിപ്പിടിക്കുന്നതിനും ഒരിക്കലും ഒഴുക്കിൻെറകൂടെ നീന്താൻ സ്വയം അനുവദിക്കാതിരിക്കാനും അയാൾക്കു് കഴിവുണ്ടാകും,

(3) സൂക്ഷ്മമായും ഉചിതമായും പ്രശ്നങ്ങളെ മനസ്സിലാക്കിയും സ്ഥിതിയുടെ യാഥാർത്ഥസ്വഭാവം കണ്ടും മാർക്സിസം-ലെനിനിസത്തിൻെറ സിദ്ധാന്തവും പ്രവർത്തനരീതിയും ഗ്രഹിക്കാൻ അയാൾ ഏററവും പ്രാപ്തനായിരിക്കും. അയാൾക്ക് സുദൃഢവും സ്പഷ്ടവുമായ ഒരു വർഗ്ഗനിലപാടുള്ളതുകൊണ്ട്, കാര്യങ്ങൾ കാണുന്നതിനേയോ സത്യം ധരിക്കുന്നതിനേയോ മാറ്റുകയോ മറക്കുകയോ ചെയ്യുന്ന വ്യക്തിപരമായ ക്ലേശങ്ങളിൽനിന്നും ആഗ്രഹങ്ങളിൽനിന്നും അയാൾ സ്വതന്ത്രനാണ്.

അയാൾക്കു വസ്തുനിഷ്ഠമായ ഒരു നിലപാടുണ്ട്. അയാൾ വിപ്ലവപ്രവൎത്തനത്തിനിടയ്ക്ക് എല്ലാ സിദ്ധാന്തങ്ങളേയും സത്യങ്ങളേയും അസത്യങ്ങളേയും പരീക്ഷിച്ചറിയുന്നു. അയാൾ ആളുകളുടെ ആരാധകനല്ല.

(4) അയാൾക്ക്, അങ്ങേയററം ആത്മാൎത്ഥതയുള്ളവനും സത്യവാനും ഏററവും സന്തുഷ്ടനുമാകാനും കഴിവുണ്ടായിരിക്കും. അയാൾക്കു സ്വാൎത്ഥാഭിലാഷങ്ങൾ ഇല്ലാത്തതുകൊണ്ടും, പാൎട്ടിയിൽനിന്നും യാതൊന്നും മറച്ചുവെയ്ക്കുവാനില്ലാത്തതുകൊണ്ടും, ചൈനീസ് ചൊല്ലിൽ പറയുംപോലെ: മററുള്ളവരോടു പറയാൻ ഭയപ്പെടേണ്ട യാതൊരു സംഗതിയുമില്ല. പാൎട്ടിയുടേയും വിപ്ലവത്തിൻേറയും താല്പൎയ്യങ്ങളല്ലാതെ അയാൾക്കു വിചാരിച്ചു ക്ലേശിക്കുന്നതിനു് സ്വകാൎയ്യങ്ങളായ ലാഭനഷ്ടങ്ങളോ മററു കാൎയ്യങ്ങളോ ഇല്ല.' "പരാശ്രയമില്ലാത്തപ്പോഴും അയാൾക്കു തന്നെത്താൻ രക്ഷിക്കുവാൻ കഴിയും" സ്വതന്ത്രമായും ആരുടേയും മേൽനോട്ടമില്ലാതെയും കാൎയ്യങ്ങളിലിടപെട്ടു പ്രവൃത്തിക്കുമ്പോഴും പല കൊള്ളരുതായ്മകളും ചെയ്യുന്നതിനു് ധാരാളം സന്ദൎഭമുള്ളപ്പോഴും യാതൊരു തെററും ചെയ്യാതിരിക്കുവാൻ അയാൾ പ്രത്യേകം ശ്രദ്ധിക്കുന്നു. എത്ര കൊല്ലം കഴിഞ്ഞു പരിശോധിച്ചാലും ശരി അയാളുടെ പ്രവൃത്തികൾ യാതൊരുവിധത്തിലും പാൎട്ടിയുടെ താല്പൎയ്യങ്ങളോടു പൊരുത്തമില്ലാത്തവയായിരിക്കയില്ല. മററുള്ളവരിൽനിന്നുമുള്ള വിമൎശനങ്ങളെ അയാൾ ഭയപ്പെടുന്നില്ലെന്നുമാത്രമല്ല മററുള്ളവരെ ധൈൎയ്യത്തോടും നിഷ്പക്ഷമായും വിമൎശിക്കുന്നതിനും അയാൾക്കു കഴിയും. അതുകൊണ്ടാണു് അയാൾക്കു നിഷ്കളങ്കനും മുഖം നോക്കാത്തവനും സന്തുഷ്ടനുമാകാൻ സാധിക്കുന്നതു്.

(5) അയാൾ ഏററവും മികച്ച ആത്മാഭിമാനവും അന്തസ്സും സംരക്ഷിക്കാൻ കഴിവുള്ളവനായിരിക്കും പാൎട്ടിയുടേയും വിപ്ലവത്തിൻേറയും താല്പൎയ്യസംരക്ഷണത്തിനുവേണ്ടി അയാൾ അങ്ങേയററം സൗമ്യനും സഹിഷ്ണുവും സന്ധിയ്ക്കു സന്നദ്ധനുമായിരിക്കും മാത്രമല്ല വേണ്ടിവന്നാൽ 'യാതൊരു പകയും കൂടാതെ തന്നെ ഉപദ്രവിച്ചതായി തോന്നാതെ' നാനാതരം അപമാനവും അനീതിയും സഹിക്കാൻപോലും ഒരുങ്ങും. അയാൾക്കു സ്വന്തമായ ലക്ഷ്യങ്ങളോ അഭിലാഷങ്ങളോ ഇ

ല്ലാത്തതുകൊണ്ടു് മററുള്ളവരെ സ്തുതിക്കുകയോ മററുള്ളവർ തന്നെ സ്തുതിക്കണമെന്നാഗ്രഹിക്കയോ, ചെയ്യേണ്ട കാര്യമില്ല. അയാൾക്കു് അന്യരോട്ട സ്വകാര്യമായ യാതൊരാനുകൂല്യത്തിനുമപേക്ഷിക്കുവാനില്ല, അതുകൊണ്ടു് മററുള്ളവരിൽനിന്നും സഹായമഭ്യർത്ഥിക്കുന്നലേശ്ശു് ആരുടേയും മുമ്പിൽ അയാൾക്കു് കുമ്പിടേണ്ട ആവശ്യമില്ല. പാർട്ടിയുടേയും വിപ്ലവത്തിൻേറയും താല്പര്യത്തിനുവേണ്ടിത്തന്നെ തൻെറ ജീവിതത്തേയും ആരോഗ്യത്തേയും രക്ഷിക്കുന്നതിനും, തൻെറ സിദ്ധാന്തപരമായ നിലവാരമുയർത്തുന്നതിനും കഴിവിനെ വർദ്ധിപ്പിക്കുന്നതിനും അയാൾക്കു കഴിയും. എന്നാൽ പാർട്ടിയുടേയും വിപ്ലവത്തിൻേറയും ചില മുഖ്യോദ്ദേശങ്ങളെ സംരക്ഷിക്കുന്നതിനു് അയാൾക്കു് അപമാനങ്ങൾ സഹിക്കുകയും, കനത്ത ഭാരങ്ങൾ ചുമലിൽ വഹിക്കുകയും, അയാൾ സാധാരണ ചെയ്യുവാൻ മടിക്കുന്ന ജോലി ചെയ്യുകയും, വേണമെന്നു വരികയാണെങ്കിൽ, സംശയലേശമെന്യേ ഏററവും വിഷമംപിടിച്ചതും പ്രാധാന്യമർഹിക്കുന്നതുമായ ജോലി അയാൾ കൈയേല്ക്കും, ചുമതലയിൽനിന്നൊഴിഞ്ഞുമാറുകയില്ല.

മനുഷ്യവർഗ്ഗത്തിനു് ഏററവും മഹത്തും ശ്രേഷ്ഠവുമായ എന്തെല്ലാം ഗുണങ്ങളുണ്ടോ അതെല്ലാം ഒരു കമ്മ്യൂണിസ്റ്റ് പാർട്ടിമെമ്പർക്കുണ്ടാകണം. കൂടാതെ അയാൾക്കു് പാർട്ടിയുടേയും തൊഴിലാളിവർഗ്ഗത്തിൻേറയും കണിശവും സ്പഷ്ടവുമായ നിലപാട്ട് (അതായതു്, പാർട്ടീബോധവും വർഗ്ഗസ്വഭാവവും) ഉണ്ടായിരിക്കണം. കമ്മ്യൂണിസത്തിൻെറയും തൊഴിലാളിവർഗ്ഗത്തിൻെറയും ധർമ്മസംഹിതയായതുകൊണ്ടാണു്, നമ്മുടെ ധർമ്മശാസ്ത്രം അത്യുന്നതമായിരിക്കുന്നതു്. കുറേ വ്യക്തികളുടേയോ, അഥവാ ഒരു ചെറിയ വിഭാഗം ചൂഷകന്മാരുടേയോ താല്പര്യങ്ങളെ സംരക്ഷിക്കുന്ന പ്രാകൃതാടിസ്ഥാനത്തിൽ കെട്ടിഉയർത്തിയതല്ല അതു്, നേരേമറിച്ചു് തൊഴിലാളിവർഗ്ഗതാല്പര്യങ്ങളുടെ, മനുഷ്യവർഗ്ഗത്തിൻെറ ഒട്ടാകെ മോചനത്തിൻെറ, സർവ്വനാശത്തിൽനിന്നും ലോകത്തെ രക്ഷിക്കുന്നതിൻെറ, സുഖപൂർണ്ണവും സുന്ദരവുമായ ഒരു കമ്മ്യൂണിസ്റ്റ്ലോകം കെട്ടിപ്പടുക്കുന്നതിൻെറ പുരോഗമനപരമായ അടിസ്ഥാനത്തിലാണു് അതു കെട്ടപ്പെട്ടിരിക്കുന്നതു്. ഏതെങ്കിലും വ്യക്തിയുടേയോ കുറച്ചാളുകളുടേയോ താല്പര്യങ്ങൾക്കുവേ

ണ്ടി ത്യാഗമനുഭവിക്കുയെന്നുള്ളത് ഒരു കമ്മ്യൂണിസ്റ്റ്കാര
നെ സംബന്ധിച്ചിടത്തോളം തീരെ അനർഹവും അനാശാ
സ്യവുമാണ്. എന്നാൽ പാർട്ടിക്കുവേണ്ടിയോ തൊഴിലാളിവ
ർഗ്ഗത്തിനും ദേശീയവിമോചനത്തിനുംവേണ്ടിയോ, അതായത്ു്,
മനുഷ്യവർഗ്ഗത്തിന്റെ ഒട്ടാകെ മോചനത്തിനും സാമൂഹ്യ പ
രിവർത്തനത്തിനും മനുഷ്യസമുദായത്തിലുള്ള കോടിക്കണക്കി
നാളുകളുടെ താല്പര്യങ്ങൾക്കും വേണ്ടിയോ ആണ് ഈ ത്യാഗ
മെങ്കിൽ, എണ്ണമററ കമ്യൂണിസ്റ്റ്പാർട്ടി മെമ്പർമാർ അക്ഷോ
ഭ്യരായി മരണം വരിക്കുന്നതിനും സംശയലേശംകൂടാതെ ഏ
തു ത്യാഗവുമനുഷ്ഠിക്കുന്നതിനും സന്നദ്ധരാകും. കമ്മ്യൂണിസ്റ്റ്
പാർട്ടിമെമ്പറന്മാരിൽ ഭൂരിപക്ഷത്തെ സംബന്ധിച്ചിടത്തോ
ളം, ആവശ്യമാണെങ്കിൽ, 'ഒരു ഉത്തമകാര്യത്തിനുവേണ്ടി ജീ
വൻ അർപ്പിക്കുന്നതും' 'നീതിയ്ക്കുവേണ്ടി മരിക്കുന്നതും' സാധാര
ണമായ ഒരു കാര്യമാണ്. ഇപ്രകാരം ചെയ്യുന്നത് അവർ
ഭ്രാന്തന്മാരായതുകൊണ്ടല്ല, പേരിനും പെരുമയ്ക്കും വേണ്ടിയുമ
ല്ല, നേരെമറിച്ച് സാമൂഹ്യപരിണാമത്തെപ്പററി അവക്കുള്ള
ശാസ്ത്രീയജ്ഞാനത്തിന്റേയും ബോധത്തിന്റേയും ഫലമായി
ട്ടാണ്. ഇതുകൊണ്ടുതന്നേയാണ്, യഥാർത്ഥത്തിൽ, നമ്മുടെ
ധർമ്മസംഹിത ഏററവും മഹത്തും ഏററവും ശാസ്ത്രീയവുമാ
യിരിക്കുന്നത്. വിരുദ്ധവർഗ്ഗങ്ങളുള്ള ഒരു സമുദായത്തിൽ,
ആ വർഗ്ഗങ്ങൾക്കുപരിയായി, സാമാന്യമായ, കൂടുതൽ ശാസ്ത്രീ
യവും മഹത്തുമായ ധർമ്മസംഹിതകളുണ്ടെന്നു പറയുന്നതിനെ
നാം സ്വീകരിക്കാൻ തയ്യാറില്ല. അത് വഞ്ചനാത്മകമായ
ഒരബദ്ധമാണ്. വാസ്തവത്തിൽ അവയെല്ലാം ഒരുപിടി ചൂ
ഷകന്മാരുടെ താല്പര്യങ്ങളെ കാത്തുരക്ഷിക്കുകയെന്ന അടി
സ്ഥാനത്തിലുയന്നിട്ടുള്ളതാണ്. വർഗ്ഗസമരത്തിൽനിന്നുപ
രിയായ ഒരു ധർമ്മമുണ്ടെന്ന ധാരണ എല്ലായ്പ്പോഴും ആത്മീയ
വാദസ്വഭാവത്തോടുകൂടിയതാണ്. ചരിത്രപരമായ ഭൗതി
കവാദത്തിന്റെ ശാസ്ത്രീയാടിസ്ഥാനത്തിൽ ഒരു ധർമ്മശാസ്ത്രം
സൃഷ്ടിച്ചിട്ടുള്ളത് കമ്മ്യൂണിസ്റ്റ്കാരായ നാം മാത്രമാണ്.
തൊഴിലാളിവർഗ്ഗത്തിന്റേയും മനുഷ്യസമുദായത്തിന്റേയും
മോചനത്തിനുവേണ്ടിയുള്ള സമരത്തിന്റെ താല്പര്യങ്ങളെന്ന
ഭൗതികാടിസ്ഥാനത്തിൽ യാതൊരു ഒളിവും മറവുംകൂടാതെ

സ്വന്തം ധർമ്മബോധത്തെ തൃപ്തിപ്പെടുത്തിയിട്ടുള്ളതും കമ്മ്യൂണിസ്റ്റ്കാരായ നാം മാത്രമാണ്.

പാർട്ടിമെമ്പർമാരായ കുറെ വ്യക്തികളുടെ താല്പര്യങ്ങളെ മാത്രമല്ല, അദ്ധ്വാനിക്കുന്നവരായ എല്ലാ ജനങ്ങളുടേയും മനുഷ്യരാശിയുടെ മോചനത്തിന്റേയും താല്പര്യങ്ങളെക്കൂടി കമ്മ്യൂണിസ്റ്റ്പാർട്ടി പ്രതിനിധീകരിക്കുന്നു. പാർട്ടിയുടെ താല്പര്യമെന്നു പറഞ്ഞാൽ വ്യക്തികളായ പാർട്ടിമെമ്പറന്മാരുടെ താല്പര്യങ്ങളുടെ ആകത്തുക മാത്രമല്ല, മുഴുവൻ തൊഴിലാളിവർഗ്ഗത്തിന്റേയും മനുഷ്യസമുദായത്തിന്റെ മോചനത്തിന്റെ താല്പര്യങ്ങളുടേയും ആകത്തുകയാണ്. തൊഴിലാളിവർഗ്ഗത്തിന്റെ താല്പര്യങ്ങളും മനുഷ്യസമുദായത്തിന്റെ മോചനവുമല്ലാതെ കമ്മ്യൂണിസ്റ്റ്പാർട്ടിക്കു് സ്വന്തമായ വേറെ ഉദ്ദേശങ്ങളും താല്പര്യങ്ങളൊന്നുമില്ല. അതുകൊണ്ടു്, കമ്മ്യൂണിസ്റ്റ്പാർട്ടിയെ മെമ്പറന്മാരുടെ സ്വകാര്യതാല്പര്യങ്ങളെപ്പററിമാത്രം ശ്രദ്ധിക്കുന്ന സങ്കുചിതമായ ഒരു സംഘമായി കണക്കാക്കാൻ പാടില്ല. അത്തരം വീക്ഷണഗതി സ്വീകരിക്കുന്നവരായാലും ശരി അവർ കമ്മ്യൂണിസ്റ്റ്കാരല്ല.

തീർച്ചയായും, ഒരു പാർട്ടിമെമ്പർക്ക് അയാളുടെ വ്യക്തിപരമായ താല്പര്യങ്ങളും വ്യക്തിപരമായ വളർച്ചയുമുണ്ടു്. ചില പ്രത്യേക സന്ദർഭങ്ങളിൽ അത്തരം സ്വകാര്യതാല്പര്യങ്ങൾ പാർട്ടിയുടെ താല്പര്യങ്ങളുമായി കൂട്ടിമുട്ടുകയോ അവക്കു വിപരീതമായിത്തീരുകയോ ചെയ്തുവെന്നുവരാം. അത്തരം സന്ദർഭങ്ങളിൽ ഒരു പാർട്ടിമെമ്പർ അയാളുടെ സ്വകാര്യതാല്പര്യങ്ങളെ നിരുപാധികം ബലികഴിക്കണം, അല്ലാതെ തന്റെ താല്പര്യങ്ങളെ നേരിടുന്നതിനു് പാർട്ടിയുടെ താല്പര്യങ്ങളെ ബലികഴിക്കാൻ പാടില്ല. (ഏതു മറക്കു പിന്നിലായാലും, എന്തു് ഒഴികഴിവു പറഞ്ഞിട്ടായാലും) ഒരു പാർട്ടിമെമ്പറുടെ സ്വകാര്യതാല്പര്യങ്ങളും വളർച്ചയും പാർട്ടിയുടെ താല്പര്യങ്ങളുടേയും വളർച്ചയുടേയും ഭാഗമായതുകൊണ്ടു പാർട്ടിയുടേയും വർഗ്ഗത്തിന്റേയും നേട്ടവും വിജയവും ഓരോ പാർട്ടിമെമ്പറുടേയും നേട്ടവും വിജയവുമാണ്. അതുകൊണ്ടു്, പാർട്ടിയുടെ വളർച്ചക്കും ജയത്തിനും നേട്ടങ്ങൾക്കുംവേണ്ടിയുള്ള സമരത്തിലൂടെ മാത്രമേ ഒരു പാർട്ടിമെമ്പർ സ്വയം വളരുമെന്നു് ആശിക്കേണ്ടതുള്ളു, തന്റെ സ്വയംവളർച്ചക്കുവേണ്ടി അയാൾക്കു്

പാർട്ടിയുടെ വളച്ച്ചയിൽനിന്നും വേറിട്ടുനിൽക്കാൻ സാദ്ധ്യമല്ല. ചുരുക്കത്തിൽ, പാർട്ടിയുടെ വളച്ച്ചക്കും ജയത്തിനും നേട്ടത്തിനുംവേണ്ടിയുള്ള സമരത്തിനിടക്കുമാത്രമേ ഒരു പാർട്ടിമെമ്പക്ക് തന്നെത്തന്നെ വളത്തുവാൻ സാധിക്കു; ഇതുകൂടാതെ അയാൾക്ക് സ്വയം വളത്തുവാൻ ഒരുവിധത്തിലും സാദ്ധ്യമല്ല. അതുകൊണ്ട്, ഒരു പാർട്ടിമെമ്പറുടെ സ്വകാര്യതാല്പര്യങ്ങളെ പാർട്ടിയുടെ താല്പര്യങ്ങളോടും വളച്ച്ചയോടും പൂർണ്ണമായും ഏകീഭവിപ്പിക്കാൻ ഓരോ പാർട്ടിമെമ്പക്കും കഴിയണം, കഴിയും.

ഒരാൾ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ചേന്നാൽ, കേവലമൊരു സാധാരണക്കാരനെപ്പോലെയല്ല. അയാൾ തൊഴിലാളിവർഗ്ഗത്തിൻെറ ബോധപൂർണ്ണനായ ഒരു മുന്നണിപ്പടയാളിയാണ്. അയാൾക്കു സ്വന്തം സ്വകാര്യതാല്പര്യങ്ങളുടെമാത്രം ആളായാൽപോരാ. അയാൾ തൊഴിലാളിവർഗ്ഗത്തിൻെറ താല്പര്യങ്ങളേയും ആശയഗതിയേയും ബോധപൂർവ്വം സജീവമായി പ്രതിനിധീകരിക്കുന്ന ആളാണെന്നു തെളിയിക്കണം. അയാൾ തൊഴിലാളിവർഗ്ഗത്തിൻെറ പ്രതിനിധികളിലൊരാളായിക്കഴിഞ്ഞതുകൊണ്ട്, അയാളുടെ സ്വകാര്യതാല്പര്യങ്ങൾ ഒരിക്കലും തൊഴിലാളിവർഗ്ഗത്തിൻേറയും പാർട്ടിയുടേയും താല്പര്യങ്ങൾക്കെതിരായിനില്ക്കാൻ പാടില്ല. പാർട്ടിനേതാക്കന്മാരെയും പ്രവത്തകന്മാരേയും സംബന്ധിച്ചിടത്തോളം പ്രത്യേകിച്ചും അവർ പാർട്ടിയുടേയും തൊഴിലാളിവർഗ്ഗത്തിൻേറയും പൊതുതാല്പര്യങ്ങളുടെ സജീവപ്രതിനിധികളായിത്തീരുകയും അവരുടെ സ്വകാര്യതാല്പര്യങ്ങളേയും ഉദ്ദേശങ്ങളേയും പാർട്ടിയുടേയും തൊഴിലാളിവർഗ്ഗത്തിൻേറയും പൊതുതാല്പര്യങ്ങളിലും ഉദ്ദേശങ്ങളിലും പൂർണ്ണമായി ലയിപ്പിക്കുകയും ചെയ്യേണ്ടതു് സർവ്വോപരിയാവശ്യമാണ്. ചൈനയിലെ ഇന്നത്തെ പരിതഃസ്ഥിതിയനുസരിച്ചു തൊഴിലാളിവർഗ്ഗത്തിനുമാത്രമേ ദേശീയമോചനത്തിൻെറ ഉത്തമപ്രതിനിധിയാകാൻ കഴിവുള്ളൂ. അതുകൊണ്ട്, നമ്മുടെ പാർട്ടിമെമ്പറന്മാർ രാഷ്ട്രത്തിൻെറ ഒട്ടാകെ താല്പര്യങ്ങളെ സംരക്ഷിക്കാൻ കഴിവുള്ള ഉത്തമപ്രതിനിധികളാണെന്നു സ്വയം തെളിയിച്ചിട്ടുണ്ട്.

നമ്മുടെ പാർട്ടിമെമ്പറന്മാരുടെ ശ്രദ്ധ പതിയേണ്ട പ്രശ്നത്തിന്റെ ഒരു ഭാഗമാണിതു്. എന്നാൽ വേറൊരു ഭാഗമുണ്ടു്.

പാർട്ടിയുടെ പൊതുതാല്പര്യങ്ങളുടെ കൂട്ടത്തിൽ ഒരു പാർട്ടിമെമ്പറുടെ സ്വകാര്യതാല്പര്യങ്ങളുംകൂടി ഉൾപ്പെട്ടുന്നുണ്ടെങ്കിലും ആദ്യത്തേതിനു രണ്ടാമത്തേതിന്റെ മുഴുവൻ ഭാഗവും ഉൾക്കൊള്ളുവാൻ സാദ്ധ്യമല്ല. ഒരു പാർട്ടിമെമ്പറുടെ വ്യക്തിത്വത്തെ തീരെ ഇല്ലാതാക്കാൻ ഒരിക്കലും സാദ്ധ്യമല്ലെന്നു മാത്രമല്ല, പാടുള്ളതുമല്ല. എങ്ങനെ ആയാലും ഓരോ പാർട്ടിമെമ്പക്കും ചില സ്വകാര്യപ്രശ്നങ്ങൾ പരിഹരിക്കാനുണ്ടാകും. കൂടാതെ, അയാൾക്കു് എന്നും തന്റെ വ്യക്തിത്വവും പ്രത്യേകകഴിവുമനുസരിച്ച് വളരേണ്ടതുമുണ്ടു്. അതുകൊണ്ടു് പാർട്ടിമെമ്പറന്മാക്കു് പാർട്ടിതാല്പര്യങ്ങളെ ലംഘിക്കാത്ത കാലത്തോളം തങ്ങളുടെ വ്യക്തിപരവും കുടുംബപരവുമായ ജീവിതം നയിക്കുന്നതിനും തങ്ങളുടെ വ്യക്തിത്വത്തേയും പ്രത്യേക കഴിവുകളേയും വളർത്തുന്നതിനും പാർട്ടി അവക്കു് അനുവാദം നൽകുന്നു. കൂടാതെ, സാദ്ധ്യമായ എല്ലാ സാഹചര്യങ്ങളിലും, പാർട്ടിയുടെ താല്പര്യത്തിനു യോജിച്ചപ്രകാരം സ്വന്തം വ്യക്തിത്വത്തേയും പ്രത്യേകകഴിവിനേയും വളർത്തുവാൻ പാർട്ടി ഓരോമെമ്പറേയും സഹായിക്കുകയും തക്കതായ ജോലിയും ജോലിവ്യവസ്ഥകളും നിശ്ചയിച്ചുകൊടുക്കുകയും എല്ലാ സാദ്ധ്യമായ പ്രോത്സാഹനങ്ങൾപോലും നൽകുകയും ചെയ്യും. മാത്രമല്ല, സാദ്ധ്യമായ എല്ലാ സാഹചര്യങ്ങളിലും പാർട്ടിമെമ്പറന്മാരുടെ വ്യക്തിപരവും അത്യന്താപേക്ഷിതവുമായ താല്പര്യങ്ങളെ പാർട്ടി അന്വേഷിക്കുകയും രക്ഷിക്കുകയും ചെയ്യും—ഉദാഹരണത്തിനു്, പാർട്ടി അയാൾക്കു പഠിക്കുന്നതിനും പരിശീലനം നടത്തുന്നതിനുമുള്ള സന്ദർഭങ്ങളുണ്ടാക്കിക്കൊടുക്കുകയും കുടുംബസംബന്ധവും ആരോഗ്യപരവുമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു സഹായിക്കുകയും ചെയ്യും. ആവശ്യമായിവരുന്നപക്ഷം, സഖാക്കളെ സംരക്ഷിക്കുന്നതിന്നു ചില പാർട്ടിപ്രവത്തനങ്ങൾ ഉപേക്ഷിച്ചുവെന്നുവരും. എന്നുവരികിലും ഈ നടപടികളെല്ലാം എടുക്കുന്നതു പാർട്ടിയുടെ ആകെ താല്പര്യങ്ങളെ സംരക്ഷിക്കുകയെന്ന ഒരൊററ ഉദ്ദേശത്തോടുകൂടിയാണു്. കാരണം, പാർട്ടി അതിലെ

മെമ്പറന്മാക്ക് ആവേശത്തോടും വിഷമതകൾ കൂടാതെയും ജോലിചെയ്യുന്നതിന്ന് ആവശ്യമായ, അവക്ക ജീവിക്കുവാനും പ്രവൎത്തിക്കുവാനും വിദ്യാഭ്യാസംചെയ്യുവാനുമുള്ള, ചുരുങ്ങിയ സാഹചര്യങ്ങൾ ഉണ്ടാക്കിക്കൊടുത്തില്ലെങ്കിൽ, പാൎട്ടിയുടെ കടമകൾ നിൎവ്വഹിക്കപ്പെട്ടുവാൻ പോകുന്നില്ല. പാൎട്ടിമെമ്പറന്മാരുടെ പ്രശ്നങ്ങളെ കൈകാൎയ്യംചെയ്യുന്നതിൽ ചുമതലയുള്ള പാൎട്ടിനേതാക്കന്മാർ ഇക്കാൎയ്യത്തിൽ ശ്രദ്ധപതിപ്പിക്കണം. ഇതാണു പ്രശ്നത്തിൻെറ മറെറാരു വശം.

മൊത്തത്തിൽ പറഞ്ഞാൽ ഒരു പാൎട്ടിമെമ്പർ യാതൊരു കലവറയും കൂടാതെ പാൎട്ടിയുടെ താല്പൎയ്യങ്ങൾക്കു കീഴ്പ്പെട്ടു ജീവിക്കണം. അയാൾ തന്നോട്ട് ദയകാണിക്കരുത്, പൊതുക്കാൎയ്യപ്രസക്തനായിരിക്കണം, സ്വകാൎയ്യോദ്ദേശങ്ങളും പരിഗണനകളും ഉണ്ടായിരിക്കരുത്. അയാൾ എല്ലാ കാൎയ്യത്തിലും സ്വന്തംകാൎയ്യംസിന്ദാബാദ്കാരനാകരുത്. പാൎട്ടിയുടെ മുമ്പാകെ അയാൾ വളരെയധികം സ്വന്താവശ്യങ്ങൾ ഉന്നയിക്കുകയോ, ഉദ്യോഗക്കയററം കൊടുക്കുകയോ പ്രശംസിക്കുകയോ ചെയ്യാത്തതിന്നു പാൎട്ടിയെ കുററപ്പെട്ടുത്തുകയോ അരുത്. കൂടാതെ, ഒരു പാൎട്ടിമെമ്പർ, എല്ലാ പരിതഃസ്ഥിതിയിലും, സ്വന്തം കഴിവിൻെറ അങ്ങേയററം ഉപയോഗിച്ചു പഠിക്കുന്നതിന്നും തന്നത്താൻ വളൎത്തുന്നതിനും ധീരതയോടെ സമരംചെയ്യുന്നതിനും മാൎക്സിസം-ലെനിനിസത്തിലുള്ള തൻെറ പരിജ്ഞാനത്തേയും ബോധത്തേയും ഉയൎത്തുന്നതിനും നിരന്തരം യത്നിച്ചേ മതിയാവൂ—അങ്ങനെ അയാൾക്കു പാൎട്ടിക്കും വിപ്ലവത്തിനും കൂട്ടതൽ വലിയ സഹായവും സംഭാവനകളും നല്കാൻ കഴിയണം. പാൎട്ടിമെമ്പറന്മാരുടെ പ്രശ്നങ്ങളിൽ ഇടപെടുന്ന കാൎയ്യത്തിൽ, തൊഴിലാളിവിപ്ലവലക്ഷ്യത്തിനുവേണ്ടിത്തന്നെ, പാൎട്ടിയ്ക്കുവേണ്ടി കൂട്ടതൽ നല്ല സേവനമനുഷ്ഠിക്കാനും തങ്ങളെത്തന്നെ വളൎത്തുന്നതിനും തങ്ങളുടെ അറിവിനെ ഉയൎത്തുന്നതിനും പാൎട്ടിമെമ്പർമാക്കു പ്രാപ്തിയുണ്ടാക്കാൻവേണ്ടി പാൎട്ടിയും പാൎട്ടിനേതാക്കന്മാരും മെമ്പറന്മാരുടെ പ്രവൎത്തനത്തിലും ജീവിതത്തിലും വിദ്യാഭ്യാസത്തിലും പ്രത്യേകം ശ്രദ്ധപതിപ്പിക്കേണ്ടതാണ്. യഥാൎത്ഥത്തിൽ നിസ്സ്വാൎത്ഥതയും പൊതുക്കാൎയ്യപ്രസക്തിയുമുള്ള മെമ്പറന്മാരെ സംബന്ധിച്ചാണെങ്കിൽ പ്രത്യേകിച്ചും ശ്രദ്ധി

ക്കേണ്ടതാണ്. ഈ വിധത്തിൽമാത്രമേ, അതായതു്, രണ്ടു കാര്യങ്ങളിലും ശ്രദ്ധപതിപ്പിക്കയും രണ്ടിനേയും കൂട്ടിയിണക്കുകയും ചെയ്യുന്നതുകൊണ്ടുമാത്രമേ പാർട്ടിക്ക് ഏററവും പ്രയോജനം കിട്ടുകയുള്ളൂ.

## പാർട്ടിക്കുള്ളിലെ പലതരം തെററായ ആശയഗതികൾക്ക് ഉദാഹരണം

സഖാക്കളേ! നാം കമ്മ്യൂണിസ്റ്റ് ജീവിതവീക്ഷണത്തേയും ലോകവീക്ഷണത്തേയും, കമ്യൂണിസത്തെ സംബന്ധിച്ചുള്ള നമ്മുടെ അറിവിനേയും, പാർട്ടിയുടെ താല്പര്യങ്ങളും പാർട്ടിമെമ്പർമാരുടെ താല്പര്യങ്ങളും തമ്മിലുള്ള ശരിയായ ബന്ധത്തേയും, പാർട്ടിമെമ്പറന്മാരുടേയും പ്രവർത്തകന്മാരുടേയും യോഗ്യത നിർണ്ണയിക്കുന്നതിനുള്ള പ്രമാണമെന്ന നിലയിൽ എടുക്കുകയാണെങ്കിൽ, ഒരുവശത്തു നമുക്കു കാണുവാൻ സാധിക്കും, ഈ ഗുണങ്ങളുള്ളവരും മററു പാർട്ടിമെമ്പറന്മാർക്കും കൂടി മാതൃകയാകാൻ കഴിവുള്ളവരുമായ ധാരാളം പാർട്ടിമെമ്പറന്മാരും പ്രവർത്തകന്മാരും ഉണ്ടെന്നു്; എന്നാൽ മറുവശത്തു്, ഇപ്പോഴും ഈ ഗുണങ്ങളില്ലാത്തവരും പലതരത്തിലുള്ള തെററായ ആശയഗതികൾ ഏറെക്കുറെ വെച്ചുപുലർത്തുന്നവരുമായ ചില പാർട്ടിമെമ്പറന്മാരും പ്രവർത്തകന്മാരും ഉണ്ടെന്നും കാണുവാൻ വിഷമമില്ല. നമ്മുടെ സഖാക്കൾ സ്വയം വളർത്താൻ ശ്രമിക്കുമ്പോൾ ശ്രദ്ധിക്കുന്നതിലേക്കു വേണ്ടി പൊതുവിൽ അവയെ ഞാൻ ഇവിടെ പരസ്യമായിത്തന്നെ ചൂണ്ടിക്കാണിക്കാം.

പാർട്ടിമെമ്പറന്മാരുടെ ഇടയിൽ കാണുന്ന അടിസ്ഥാനപരമായി തെററായ ആശയഗതികൾ എന്തെല്ലാമാണു്? അവയെ ഏതാണ്ടു താഴെപ്പറയുംപ്രകാരം രേഖപ്പെടുത്താവുന്നതാണു്.

ഒന്നാമതായി, പാർട്ടിയിൽ ചേർന്നുകഴിഞ്ഞിട്ടുള്ള ആളുകൾ ഭിന്നസമുദായവിഭാഗങ്ങളിൽനിന്നു് വന്നിട്ടുള്ളവരാണെന്നു മാത്രമല്ല ഭിന്നതാല്പര്യങ്ങളും ഉദ്ദേശങ്ങളും കൂടെക്കൊണ്ടുവന്നിട്ടുള്ളവരും ആണു്. മിക്ക മെമ്പറന്മാരും കമ്യൂണിസത്തിൻെറ സാക്ഷാൽകാരത്തിനായി സമരംചെയ്യുന്നതിനു

വേണ്ടിയും തൊഴിലാളിവർഗ്ഗത്തേയും മനുഷ്യരാശിയേയും മോചിപ്പിക്കുകയെന്ന മഹത്തായ ലക്ഷ്യത്തിനുവേണ്ടിയുമാണ് പാർട്ടിയിൽ ചേർന്നിട്ടുള്ളതെങ്കിലും, മററു കാരണങ്ങളാലും ഉദ്ദേശങ്ങളാലും പാർട്ടിയിൽ ചേർന്നിട്ടുള്ള ചില മെമ്പറുന്മാരും ഉണ്ട്. ഉദാഹരണത്തിനു്, പണ്ടു നാം ചെയ്തിട്ടുള്ളപോലെ, 'പ്രാദേശികസ്വേച്ഛാധികാരികളെ അടിച്ചു താഴെയിടുന്നതും ഭൂമി പിടിച്ചെടുത്തു കൃഷികക്ക് വിതരണം ചെയ്യുന്നതുമാണ് കമ്യൂണിസം എന്നാണ് ചില കൃഷികസഖാക്കൾ കണക്കാക്കിയിരുന്നതു്. യഥാർത്ഥകമ്യൂണിസമെന്നാൽ അതിലും കൂടുതലായി എന്തെങ്കിലും ആണെന്നു് അവർ പാർട്ടിയിൽ ചേർന്നപ്പോൾ മനസ്സിലാക്കിയിരുന്നില്ല. ഇന്നാകട്ടെ കമ്മ്യൂണിസ്റ്റ്കാർ പ്രധാനമായും ജപ്പാനെ എതിർക്കുന്നതിനു തീരുമാനിച്ചതുകൊണ്ടും ജാപ്പ്‌വിരുദ്ധ ഐക്യമുന്നണി കെട്ടിപ്പടുക്കാനൊരുങ്ങിയതുകൊണ്ടും പലരും പാർട്ടിയിൽ ചേന്നിട്ടുണ്ട്. വേറെചിലയാളുകൾ അവക്ക് ഈ സമുദായത്തിൽ ജീവിക്കാൻ വകയില്ലാത്തതുകൊണ്ട്—അവക്ക് വ്യാപാരമുണ്ടായിരുന്നില്ല, ജോലിയുണ്ടായിരുന്നില്ല, പഠിക്കാൻ സ്കൂളുണ്ടായിരുന്നില്ല; അവർ കുടുംബത്തിൽനിന്നും രക്ഷപ്പെടുവാൻ, അല്ലെങ്കിൽ, നിർബന്ധിതവിവാഹത്തിൽനിന്നു രക്ഷപ്പെടുവാൻ—ഒരു പോംവഴിയെന്ന നിലയിൽ പാർട്ടിയിൽ ചേന്നവരാണ്. വേറെ ചിലയാളുകൾ പാർട്ടിയുടെ അന്തസ്സിൽ മതിപ്പുണ്ടായിരുന്നതുകൊണ്ടും, ഒരു അവ്യക്തമായ വിധത്തിലാണെങ്കിലും കമ്മ്യൂണിസ്റ്റ്പാർട്ടിക്കു മാത്രമേ ചൈനയെ രക്ഷിക്കാൻ സാധിക്കൂ എന്ന ധാരണയുണ്ടായിരുന്നതുകൊണ്ടും പാർട്ടിയിൽ ചേന്നിട്ടുണ്ട്. ഇനിയും വേറൊരു കൂട്ടരുണ്ട്, അവർ കമ്മ്യൂണിസ്റ്റ്പാർട്ടിയിൽ ചേന്നാൽ, നികുതി ഇളവുചെയ്തുകിട്ടുമെന്നു കരുതിയതുകൊണ്ടോ ഭാവിയിൽ സ്വാധീനശക്തിയുള്ളവരായിത്തീരുമെന്നു വിശ്വസിച്ചതുകൊണ്ടോ അതുമല്ലെങ്കിൽ അവരുടെ ചില ബന്ധുക്കളും സ്നേഹിതന്മാരും അവരെക്കൂടി പാർട്ടിക്കുള്ളിൽ ആകർഷിച്ചു് കയററിയിരുന്നതുകൊണ്ടോ കമ്മ്യൂണിസ്റ്റ്കാരായിത്തീന്നവരാണ്. അത്തരം സഖാക്കൾ വ്യക്തവും ഖണ്ഡിതവുമായ കമ്യൂണിസ്റ്റ് ജീവിതവീക്ഷണവും ലോകവീക്ഷണവും ഇല്ലാത്തവരും ഉറച്ച ഒരു തൊഴിലാളിവർഗ്ഗനിലപാട് സ്വീകരിക്കുന്നതിനു്

കഴിവില്ലാത്തവരും കമ്യൂണിസത്തിൻെറ മഹത്വവും വിഷമതകളും മനസ്സിലാക്കുന്നതിൽ തോൽവിപററുന്നവരും ആയിരിക്കുമെന്നുള്ളതു് വളരെ സ്വാഭാവികമാണു്. അതുകൊണ്ടു്, ചില വഴിതിരിയൽഘട്ടങ്ങളിലും ചില പ്രത്യേക ചുററുപാടുകളിലും അവരിൽ ചിലർ പതറിപ്പോകയും ആളുമാറിപ്പോകയും ചെയ്യുമെന്നുള്ളതും വളരെ സ്വാഭാവികമാണു്. അവർ അവരോടുകൂടെത്തന്നെ പലതരത്തിലും രൂപത്തിലുമുള്ള ആശയഗതികളെ പാർട്ടിക്കുള്ളിലേയ്ക്കു കൊണ്ടുപോന്നിട്ടുള്ളവരാണു്. അതുകൊണ്ടു്, അവരെ പഠിപ്പിക്കുക, ഉറപ്പിക്കുക, സ്വയം വളരുവാൻ പ്രേരിപ്പിക്കുക എന്നിതെല്ലാം അങ്ങേയററം പ്രാധാന്യമേറിയ സംഗതികളാണു്. അല്ലാത്തപക്ഷം അവർക്കു് തൊഴിലാളിവർഗ്ഗത്തിൻെറ മുന്നണിപ്പടയാളികളായിത്തീരുന്നതിനു് ഒട്ടുംതന്നെ സാദ്ധ്യമല്ല.

എങ്കിലും, യാതൊരു വിധത്തിലും അതൊരു ഗൌരവമേറിയ പ്രശ്നമല്ല. കമ്മ്യൂണിസ്റ്റ്പാർട്ടിയിലുള്ള വിശ്വാസംകൊണ്ടു് ചിലർ വരുന്നതു്, ഇന്നത്തെ സമുദായത്തിൽനിന്നും പുറത്തുചാടുന്നതിനുള്ള വഴി കണ്ടെത്തുന്നതിനായി പാർട്ടിയിൽ ചേരുന്നതു, പാർട്ടിയുടെ നയപരിപാടികൾക്കു് പിന്തുണനൽകുന്നതു്—ഇതെല്ലാം തെററാണെന്നു കണക്കാക്കാൻ സാദ്ധ്യമല്ല. പാർട്ടിയെ ആരാഞ്ഞുപിടിച്ചതിൽ അവർ തെററുകാരല്ല. അവസരവാദികളും ശത്രുചാരന്മാരും രാജ്യവഞ്ചകരുമായവരൊഴിച്ചു ബാക്കിയുള്ളവരെ നാം സ്വാഗതം ചെയ്യുന്നു. പാർട്ടിയുടെ പരിപാടിയും ഭരണഘടനയും അവർ സ്വീകരിക്കയും അനുഷ്ഠിക്കയും ചെയ്യണമെന്നു മാത്രം. കമ്മ്യൂണിസത്തെക്കുറിച്ചും പാർട്ടിയുടെ പരിപാടിയേയും ഭരണഘടനയേയും കുറിച്ചും കൂടുതൽ പഠിക്കുന്നതിനും പരിശീലിക്കുന്നതിനും പാർട്ടിയിൽ ചേർന്നതിനുശേഷമേ അവർക്കു സാധിക്കു. കൂടാതെ, പരിശീലനങ്ങളുടെ അടിസ്ഥാനത്തിൽ സമരത്തിനിടയ്ക്കു് തങ്ങളെ വളർത്തുന്നതിനും കൂടുതൽദൃഢത വരുത്തുന്നതിനും നല്ല കമ്മ്യൂണിസ്റ്റ്കാരാക്കിത്തീർക്കുന്നതിനും അവർക്കു സാധിക്കും.

വാസ്തവത്തിൽ, പാർട്ടിയിൽ ചേരുന്നതിനു മുമ്പുതന്നെ അധികമാളുകളെ സംബന്ധിച്ചും കമ്മ്യൂണിസത്തെപ്പററിയും പാർട്ടിയുടെ പരിപാടിയേയും ഭരണഘടനയേയുംപററിയും

ഗാഢമായ അറിവു സമ്പാദിച്ചിരിക്കണമെന്നു ശഠിക്കുക സാദ്ധ്യമല്ല. അതുകൊണ്ടുതന്നേയാണ് (പാർട്ടിയിൽ ചേരുന്നതിനുള്ള വ്യവസ്ഥയെന്ന നിലയിൽ), പാർട്ടിയുടെ പരിപാടിയും ഭരണഘടനയും പൂർണ്ണമായി പഠിക്കുന്നതു് വ്യവസ്ഥയായി അംഗീകരിക്കുന്നതിനു പകരം, പാർട്ടിയുടെ പരിപാടിയേയും ഭരണഘടനയേയും സ്വീകരിക്കണമെന്നുമാത്രം നാം നിഷ്കർഷിക്കുന്നതു്. ഇക്കൂട്ടർക്ക് കമ്മ്യൂണിസത്തെപ്പററി പൂർണ്ണമായ അറിവ് അപ്പോഴും ഇല്ലെങ്കിലും ഇന്നത്തെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിലും വിപ്ലവപ്രസ്ഥാനത്തിലും ഉശിരന്മാരായ പടയാളികളായിത്തീരുന്നതിന് അവക്ക് കഴിയും. കൂടാതെ വിപ്ലവസമരത്തിൻെറ നീണ്ട ഗതിയിൽ തീവ്രമായ പരിശീലനവും വളർത്തലും മുഖേന ഒന്നാംതരം വർഗ്ഗബോധമുള്ള കമ്മ്യൂണിസ്റ്റ്കാരായിത്തീരാനും സാധിക്കും. മാത്രമല്ല, കമ്മ്യൂണിസ്റ്റുപാർട്ടിമെമ്പറന്മാക്ക് പാർട്ടിയിൽനിന്നും വിട്ടുപോകുന്നതിനുള്ള സ്വാതന്ത്ര്യം (പാർട്ടിയിൽ ചേരുന്നതിനു സ്വാതന്ത്ര്യമില്ല) പാർട്ടിഭരണഘടനയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഏതെങ്കിലും ഒരു മെമ്പർ കമ്യൂണിസത്തിൽ ഉറച്ച വിശ്വാസമില്ലാത്തവനാണെങ്കിൽ, പാർട്ടിക്കുള്ളിലെ ജീവിതം വളരെ കണിശമായി നിർവ്വഹിക്കാൻ പ്രാപ്തനല്ലെങ്കിൽ, അഥവാ മറേറതെങ്കിലും കാരണവശാൽ, അയാൾക്കു പാർട്ടിയിൽനിന്നും വിട്ടുപോകുവാൻ സ്വാതന്ത്ര്യമുണ്ടു്. പാർട്ടിരഹസ്യങ്ങളെ പുറത്തുവിടാതിരിക്കുകയും കമ്യൂണിസത്തെ എതിർക്കാതിരിക്കുകയും പാർട്ടിക്കെതിരായി വിനാശകരമായ പ്രവർത്തനങ്ങളിലേർപ്പെടാതിരിക്കുകയും ചെയ്യുന്നിടത്തോളം കാലം ഏതു മെമ്പറേയും വിട്ടുപോകാനും ആ നിലയിൽ നില്ക്കാനും പാർട്ടി അനുവദിക്കുന്നു. പാർട്ടിക്കുള്ളിൽ നുഴഞ്ഞുകയറിയ അവസരവാദികളേയും വഞ്ചകന്മാരേയും സംബന്ധിച്ചിടത്തോളം സ്വാഭാവികമായി നാമവരെ പാർട്ടിയിൽനിന്നും പുറത്താക്കുകതന്നെ ചെയ്യും. ഈവിധത്തിൽ നമ്മുടെ പാർട്ടിയുടെ വിശുദ്ധിയെ കാത്തുരക്ഷിക്കാൻ കഴിയും.

രണ്ടാമതു്, ഇപ്പോഴും ചില പാർട്ടിമെമ്പറന്മാരുടെ ആശയഗതിയിൽ താരതമ്യേന പ്രബലമായ വ്യക്തിചിന്തയും സ്വാർത്ഥതാല്പര്യവും മുഴച്ചുനില്ക്കുന്നതു് കാണാം.

ഇത്തരത്തിലുള്ള വ്യക്തിചിന്ത താഴെ പറയുന്ന വിധങ്ങളിലെല്ലാം പ്രകടമാകുന്നുണ്ട്: ചിലയാളുകൾ, എല്ലാതരത്തിലുമുള്ള സുപ്രധാന പ്രശ്നങ്ങൾക്കും പരിഹാരം കാണുമ്പോൾ അവരുടെ വ്യക്തിതാല്പര്യങ്ങളെ പാർട്ടിയുടെ താല്പര്യങ്ങൾക്കുപരിയായി കണക്കാക്കുന്നു; അഥവാ തങ്ങളുടെ സ്വകാര്യതാല്പര്യങ്ങളെ പരിഗണിച്ച് സ്വന്തം ലാഭനഷ്ടങ്ങളെപ്പററി സദാ പരിതപിച്ചുകൊണ്ടിരിക്കുന്നു; അല്ലെങ്കിൽ ചില സ്വകാര്യോദ്ദേശങ്ങൾ സാധിക്കുന്നതിനു പാർട്ടിപ്രവർത്തനത്തിൽനിന്നു മുതലെടുത്തുകൊണ്ട് അവർ സേവയും ശുപാർശയും നോക്കുന്നു; അതുമല്ലെങ്കിൽ താത്വികമായ ഒരു പ്രശ്നത്തിന്റെ പേരിലോ പാർട്ടിതാല്പര്യങ്ങളുടെ പേരിലോ മററു സഖാക്കൾക്കെതിരായി സ്വന്തം പകവീട്ടുന്നതിനു ശ്രമിക്കുന്നു.

ശമ്പളക്കാര്യം, സൗകര്യങ്ങൾ, സ്വകാര്യജീവിതംസംബന്ധിച്ച മററു കാര്യങ്ങൾ ഇവയുടെ പ്രശ്നം വരുമ്പോൾ അവർ എല്ലായ്പോഴും മററുള്ളവരെ കവച്ചുവെയ്ക്കുന്നതിനും ഏററവും ഉയർന്ന പ്രവർത്തകരോട് സ്വയം താരതമ്യപ്പെടുത്തി മത്സരിക്കുന്നതിനും ആ ഉദ്ദേശങ്ങൾ നേടുന്നതിന് ഏതുപായങ്ങളും എടുത്തുപയോഗിക്കുന്നതിനുമാഗ്രഹിക്കുകയും, അത്തരം കാര്യങ്ങളെക്കുറിച്ചു വീമ്പടിക്കുകയും ചെയ്യുന്നു. എന്നാൽ പ്രവർത്തിക്കേണ്ടതായിവരുമ്പോൾ അവർ തങ്ങളെ കഴിവുകുറഞ്ഞവരോട് ഒപ്പിച്ചുനോക്കുവാനാണ് ആഗ്രഹിക്കുന്നത്. ക്ലേശങ്ങളും ബുദ്ധിമുട്ടുകളും ഉണ്ടാകുമ്പോൾ അവർ അവയെ ഒഴിക്കുവാൻ ശ്രമിക്കുന്നു; ആപൽഘട്ടങ്ങളിൽ, പാർട്ടിയിൽനിന്നും ഓടി തടിതപ്പുവാൻ ശ്രമിക്കുന്നു. പരിചാരകന്മാർ അവർക്ക് ഏററവും കൂടുതൽ വേണം; വീട് അവർക്കു ഏററവും നല്ലതായിരിക്കണം. അവർ നേതാവായി ഞെളിയാനും പാർട്ടിക്കു കിട്ടുന്ന ബഹുമതികളിൽ പങ്കുകിട്ടാനും നോക്കുന്നു. എല്ലാ നല്ലകാര്യങ്ങളും കുത്തകയാക്കുകയും കുഴപ്പംപിടിച്ചതിൽ നിന്നെല്ലാം ഒഴിഞ്ഞുമാറുകയുമാണ് അവരുടെ സമ്പ്രദായം.

സഖാക്കളേ! അത്തരം ആളുകൾ നമ്മുടെ പാർട്ടിയിലുണ്ട്. അവരുടെ തലയിൽ ചൂഷകവർഗ്ഗങ്ങളുടെ ആശയഗതി കുത്തിനിറയ്ക്കപ്പെട്ടിരിക്കുകയാണ്. താഴെ പറയുംവിധത്തിലുള്ള ആശയങ്ങളിൽപോലും അവർ വിശ്വസിക്കുന്നു.

'ഓരോരുത്തനും അവനവനുവേണ്ടി, പിശാചു് ഏററവും ഒടുവിലത്തെ ആളെ പിടിച്ചോട്ടെ', 'മനുഷ്യൻ ഒരു സ്വാത്ഥമതിയായ മൃഗമാണു്', 'ഒരു ശുദ്ധനിസ്സ്വാത്ഥമനുഷ്യൻ ഈ ലോകത്തിലില്ല, ഉണ്ടെങ്കിൽ അയാൾ ശുദ്ധഭോഷനോ പട്ടവിസ്സിയോ ആണു്'. ചൂഷകവഗ്ഗത്തിൻെറ ഇത്തരത്തിലുള്ള എല്ലാ ആശയങ്ങളും അവർ തങ്ങളുടെ സ്വാത്ഥതയേയും വ്യക്തിതാല്പര്യങ്ങളേയും ന്യായീകരിക്കുന്നതിനു് ഉപയോഗപ്പെടുത്തുന്നു.

ഇത്തരത്തിലുള്ള സ്വാത്ഥപരമായ വ്യക്തിവാദം പാർട്ടിക്കുള്ളിൽ താത്വികാടിസ്ഥാനമില്ലാത്ത തക്കങ്ങൾ, കക്ഷിമത്സരങ്ങൾ, സെക്ടേറിയാനിസം, ഡിപ്പാർട്ടമെൻറുമേധാവിത്വം മുതലായ തെററുകളുടെ രൂപത്തിൽ പ്രകടമാകുന്നുണ്ടു്. അതു് പാർട്ടിഅച്ചടക്കത്തെ ഇഷ്ടംപോലെ അവഗണിക്കുന്നതും തുരങ്കംവെയ്ക്കുന്നതുമായ പ്രവൃത്തികളുടെ രൂപത്തിലും വെളിപ്പെടാറുണ്ടു്. യാതൊരു താത്വികാടിസ്ഥാനവുമില്ലാത്ത തക്കങ്ങൾ പൊട്ടിപ്പുറപ്പെടുന്നതു് സ്വകായ്യതാല്പര്യങ്ങളിൽനിന്നുമാണു്. കക്ഷിമത്സരങ്ങളും സെക്ടേറിയാനിസവും പലപ്പോഴും വ്യക്തികളുടേയും ന്യൂനപക്ഷത്തിൻേറയും താല്പര്യങ്ങളെ പാർട്ടിയുടെ താല്പര്യങ്ങൾക്കുപരിയായി വെയ്ക്കുന്നു. ഇത്തരക്കാരായ ആളുകൾ ന്യായവിരുദ്ധമായ കക്ഷിമത്സരങ്ങൾക്കിടയിൽ പാർട്ടിസംഘടനയേയും അച്ചടക്കത്തേയും പലപ്പോഴും കരുതിക്കൂട്ടി തുരങ്കംവെയ്ക്കുകയും, ചിലയാളുകളെ ന്യായരഹിതമായ രീതിയിൽ കരുതിക്കൂട്ടിയെതിക്കുകയും, പരസ്പരം എതിക്കാതിരിക്കുന്നതിനും പരസ്പരം തുണയായി നില്ക്കുന്നതിനും മേനിപറയുന്നതിനും പ്രശംസിക്കുന്നതിനുംവേണ്ടി ന്യായരഹിതമായ വിധത്തിൽ ചില പ്രത്യേകവ്യക്തികളോടു കൂട്ടുകൂടുകയും ചെയ്യുന്നു.

ഇത്തരം വ്യക്തിവാദത്തിൽനിന്നും വ്യത്യസ്തമാണു് പാട്ടിയ്ക്കുള്ളിലെ ഡിപ്പാർട്ടമെൻറുമേധാവിത്വം. ഒരു സഖാവു് ഭാഗികതാല്പര്യങ്ങളെ മാത്രമേ കാണുന്നുള്ളു എന്നതുകൊണ്ടും, പ്രവത്തനത്തിൽ തൻെറ ഭാഗംമാത്രമേ കാണുന്നുള്ളുവെന്നതുകൊണ്ടും, പരിതഃസ്ഥിതിയെ ഒന്നാകെയും മററുള്ളവരുടെ പ്രവത്തനത്തെയും കാണാത്തതുകൊണ്ടുമാണു് പ്രധാനമായും ഡിപ്പാർട്ടമെൻറുമേധാവിത്വം വരുന്നതു്. അതുകൊണ്ടു്, മ

ററുള്ളവരുടെ പ്രവൎത്തനത്തെ തടസ്സപ്പെടുത്തത്തക്കവിധം പ്രവൎത്തനത്തിൽ തൻെറ ഭാഗത്തിൻെറ താല്പൎയ്യങ്ങളെമാത്രം നോക്കുകയെന്ന തെററു് അയാൾ ചെയ്യുന്നു. രാഷ്ട്രീയമായി പറയുകയാണെങ്കിൽ, ഇതു 'ഗിൽഡ്' (പ്രത്യേക സംഘം) മനോഭാവംപോലത്തെ ഒന്നാണു്. ഡിപ്പാർട്ടുമെൻറുമേധാവിത്വമെന്ന തെററുചെയ്യുന്ന സഖാക്കളുടെ കാൎയ്യത്തിലാണെങ്കിൽ അവരുടെ ഉദ്ദേശങ്ങളും തുടക്കവും എപ്പോഴും ചീത്തയാകണമെന്നില്ല. തീൎച്ചയായും ഇതിനെ വ്യക്തിവാദത്തോടു് താരതമ്യപ്പെടുത്തുവാൻ സാധ്യമല്ല. എന്നിരുന്നാലും, വ്യക്തിവാദപരമായ ചിന്താഗതിയുള്ളയാളുകൾ പലപ്പോഴും ഡിപ്പാർട്ടുമെൻറുമേധാവിത്വപരമായ തെററുകൾ ചെയ്യാറുണ്ടു്.

മൂന്നാമതായി, ദുരഭിമാനം, വ്യക്തിപരമായ ധീരത, നേതാവുഞ്ഞെളിയൽ മുതലായ ദുർഗ്ഗുണങ്ങൾ പാർട്ടിയിലുള്ള ഏതാനുംചില സഖാക്കളുടെ ആശയഗതിയിൽ ഇന്നും ഏറെക്കുറെ നിലനില്ക്കുന്നുണ്ടു്.

ഇത്തരം ആശയഗതിയുള്ള ആളുകളുടെ ഒന്നാമത്തെ പരിഗണന അവൎക്കു പാർട്ടിയിലുള്ള സ്ഥാനമാണു്. അവർ നേതാവായി നടക്കുന്നതിനു് ഇഷ്ടപ്പെടുകയും, മററുള്ളവർ തങ്ങളെ സ്തുതിക്കയും അഭിനന്ദിക്കയും ചെയ്യണമെന്നു് ആഗ്രഹിക്കയും ചെയ്യുന്നു. സ്വയം നേതാക്കന്മാരായിത്തീരുന്നതിനു് അവൎക്കു വളരെയധികം മോഹമുണ്ടു്. സ്വന്തം കഴിവിനെ അവർ അതിരു തഞ്ചമായിക്കണക്കാക്കി പ്രവൎത്തിക്കുകയും, ബഹുമതി വേണമെന്നാശിക്കയും സ്വയം നേതാവായി നടിക്കുകയും എല്ലാം സ്വന്തംകൈയ്യിലൊതുക്കിവെയ്ക്കാനാഗ്രഹിക്കുകയും ചെയ്യുന്നു; കൂടാതെ അവർ അസഹിഷ്ണുക്കളുമാണു്. അവർ ദുരഭിമാനം നിറഞ്ഞവരാണു്, മിനക്കെട്ട ജോലികളിൽ മുഴുകാനവരിഷ്ടപ്പെടുന്നില്ല, സാങ്കേതികജോലികൾ ചെയ്യുവാൻ അവൎക്കു മടിയാണു്. അവർ തലക്കനംകൂടിയവരാണു്, അവൎക്കു എന്തെങ്കിലും ഒരു ചെറിയ നേട്ടമുണ്ടാക്കാൻ കഴിഞ്ഞാൽ, അങ്ങേയററം അഹങ്കാരികളായിത്തീരുകയും പ്രമാണിത്തം നടിക്കുകയും തങ്ങളെപ്പോലെ ലോകത്തു് വേറെയാരുമില്ലെന്നു ഭാവിക്കുകയും ചെയ്യുന്നു. മററുള്ളവരുടെ മുമ്പിൽ ചാടിനില്ക്കാനാണു് അവരെപ്പോഴും നോക്കുക. അന്യ

രോടു തുല്യനിലയിലും മര്യാദയായും വിനയത്തോടും പെരുമാറുന്നതിനു് അവർക്കറിയില്ല. അവർ ദുരഭിമാനികളാണു്; മററുള്ളവരോടു പ്രസംഗിക്കാനും നിർദ്ദേശങ്ങൾ നല്കുന്നതിനും പ്രമാണിത്തം നടത്തുന്നതിനുമാണവർക്കിഷ്ടം. അവർ എപ്പോഴും മററുള്ളവരുടെമേൽ ചാടിക്കേററാൻ നോക്കും; മററുള്ളവരിൽനിന്നു് നിർദ്ദേശങ്ങൾ ചെവിക്കൊള്ളാറില്ല, മററുള്ളവരിൽനിന്നും, വിശേഷിച്ചും ബഹുജനങ്ങളിൽനിന്നും വിനയത്തോടെ പഠിക്കാൻ ശ്രമിക്കയോ, മററുള്ളവരിൽനിന്നു വിമർശനങ്ങൾ സ്വീകരിക്കയോ ചെയ്യാറില്ല. അവർ ഉദ്യോഗക്കയററം വേണമെന്നാഗ്രഹിക്കുന്നു, എന്നാൽ തരംതാഴ്ത്തപ്പെടുന്നതു് അസഹ്യമാണു്. 'നല്ലകാലത്തേ' അയാൾക്കു പ്രവർത്തിക്കാൻ കഴിയൂ; 'ചീത്തകാലത്തു്' ഒഴിഞ്ഞുമാറും. അവർക്കു് ആക്ഷേപങ്ങളേയോ അനീതികളേയോ സഹിക്കാൻ ത്രാണിയില്ല, പരിതഃസ്ഥിതികളോടിണങ്ങിക്കഴിയുന്നതിനും അവർ അസമർത്ഥരാണു്. അവർ "ആവശ്യമാണെങ്കിൽ അധികാരം ചെലുത്തുന്നതിനും വേണ്ടിടത്തു പിൻവാങ്ങി നില്ക്കുന്നതിനും കഴിവുള്ള മഹാന്മാരല്ല." അവരുടെ ശുദ്ധമൂലമായ 'പദവിമോഹം' അവർ ഇനിയും ഉപേക്ഷിച്ചിട്ടുള്ളവരല്ല; കമ്മ്യൂണിസത്തിൻെറ പേരിൽ തങ്ങളെ 'മഹാന്മാരും' 'വീരാത്മാക്കളും' ആക്കിത്തീർക്കുന്നതിനു് അവർ ഇപ്പോഴും ശ്രമിക്കുന്നു; മാത്രമല്ല ആ ആഗ്രഹങ്ങളെ സഫലമാക്കുന്നതിനു് എന്തും ചെയ്യാൻ അവർക്കു മടിയില്ല. പക്ഷെ, തങ്ങളുടെ ഉദ്ദേശങ്ങൾ നിവ്വഹിക്കപ്പെടാതെ വരുമ്പോൾ, പാർട്ടിസഖാക്കളിൽനിന്നും എതിർപ്പോ അനുകൂലമല്ലാത്ത പെരുമാററമോ ഉണ്ടാകുമ്പോൾ, അവർ ആടിക്കളിക്കാനിടയുണ്ടെന്ന ആപത്തുണ്ടു്. അത്തരം ആടിക്കളിക്കുന്ന സ്വഭാവംനിമിത്തം പാർട്ടിയുപേക്ഷിച്ചുപോയിട്ടുള്ള മെമ്പറന്മാർ പാർട്ടിയുടെ ചരിത്രത്തിൽ ചില്ലറയല്ല. ഇക്കൂട്ടരുടെ മനസ്സിൽ ചൂഷകവർഗ്ഗങ്ങളുടെ ആശയഗതിയുടെ അവശിഷ്ടങ്ങൾ തങ്ങിക്കിടപ്പുണ്ടു്, അവർക്കു കമ്മ്യൂണിസത്തിൻെറ മഹത്വമറിയാൻ പാടില്ല, മാത്രമല്ല, ഒരു കമ്മ്യൂണിസ്റ്റുകാരൻെറ വിശാലവീക്ഷണവുമവർക്കില്ല.

കമ്മ്യൂണിസ്ററുകാർ സ്വയം തൃപ്തിയിലോ അഹങ്കാരപ്രമത്തതയിലോ മുഴുകിപ്പോകാൻ പാടില്ല. ചില സഖാക്കൾ വളരെ പ്രാപ്തിയുള്ളവരും ചില പ്രവർത്തനങ്ങൾ വിജയകര

മായി നിർവ്വഹിച്ചിട്ടുള്ളവരും മഹത്തായ നേട്ടങ്ങൾ ഉളവാക്കിയിട്ടുള്ളവരുമാണെന്നുതന്നെ വയ്ക്കുക. ഉദാഹരണത്തിനു്, നമ്മുടെ സൈനികോദ്യോഗസ്ഥന്മാർ ആയിരക്കണക്കിന് ആളുകളെ നയിക്കയും വിജയം കൈവരിക്കയും ചെയ്തിട്ടുണ്ട്, അഥവാ പല സ്ഥലങ്ങളിലുമുള്ള നമ്മുടെ പാർട്ടിനേതാക്കന്മാരും ബഹുജനസംഘടനകളിൽ വത്തിക്കുന്ന നേതാക്കന്മാരും അവരുടെ പ്രവത്തനംമുഖേന വളരെ കൂടുതൽ അനുകൂലമായ സ്ഥിതി സൃഷ്ടിച്ചിട്ടുണ്ട്. അവക്കഭിമാനിക്കാവുന്ന 'മഹത്തായ' നേട്ടങ്ങളായിരിക്കാമവയെല്ലാം; പക്ഷേ കമ്മ്യൂണിസമെന്ന ലക്ഷ്യത്തെ മൊത്തത്തിൽ കണക്കാക്കുമ്പോൾ അവരുടെ നേട്ടങ്ങളാകെക്കൂടി അത്ര മഹത്താണോ? അവരുടെ നേട്ടങ്ങൾ "സമുദ്രത്തിലെ കേവലമൊരു നീർത്തുള്ളി"മാത്രമേ ആകുന്നുള്ളു. കമ്മ്യൂണിസ്റ്റ് ലോകവീക്ഷണമുള്ള ഒരാൾക്കു് ഇതിൽ അത്രയ്ക്കഭിമാനിയ്ക്കാനെന്താണുള്ളതു്?

പാർട്ടിമെമ്പറന്മാരിൻ ഓരോ വ്യക്തിയേയും സംബന്ധിച്ചിടത്തോളം സ്വന്തം പദവിയെപ്പററി അത്രയേറെ ബേജാറാകാനെന്തുണ്ട്? ഒരുത്തൻെറ സ്ഥാനം ഒരു ചക്രവത്തിയുടേതിനേക്കാൾ ഉയന്നതാകാൻ തരമില്ല; പക്ഷേ, കമ്മ്യൂണിസത്തിനുവേണ്ടി പടവെട്ടുന്ന ഒരു യോദ്ധാവിൻേറതിനോട് താരതമ്യപ്പെടുത്തിനോക്കിയാൽ ഒരു ചക്രവത്തിയുടെ പദവി കൂടുതൽ ഉയന്നതാണോ? സ്റ്റാലിൻ പറഞ്ഞിട്ടുള്ളതുപോലെ അതു 'സമുദ്രത്തിലെ ഒരു നീർത്തുള്ളി' മാത്രമാണു്. അതുകൊണ്ട് ബേജാറാകാനോ വീമ്പിളക്കാനോ യാതൊന്നുംതന്നെ ഇല്ല.

അതേ, നമ്മുടെ പാർട്ടിയിൽ, കമ്മ്യൂണിസത്തിനുവേണ്ടിയുള്ള സമരത്തിൽ നമുക്കനേകം കമ്മ്യൂണിസ്റ്റ്ധീരന്മാരെയും വിലയും നിലയുമുള്ള എണ്ണമററ പാർട്ടിനേതാക്കന്മാരെയും ബഹുജന നേതാക്കന്മാരേയും ആവശ്യമുണ്ട്. ഇന്നു യഥാത്ഥത്തിൽ പ്രശസ്തരായ വിപ്ലവവീരന്മാരും നേതാക്കന്മാരും വളരെ കുറച്ചുമാത്രമെ നമുക്കുള്ളു. എല്ലാ തുറകളിലും വളരെയധികം കമ്മ്യൂണിസ്റ്റ്‌വിപ്ലവകാരികളേയും നേതാക്കന്മാരേയും ഉരുക്കുപോലെ ഉറപ്പിച്ചു വളത്തിക്കൊണ്ടുവരേണ്ട ആവശ്യമുണ്ട്. നമ്മുടെ ലക്ഷ്യത്തിനു് ഇതു് ഒട്ടും അവഗണിക്കപ്പെടാൻ പാടില്ലാത്ത ഒരു പ്രധാന സംഗതിയാണു്. അതി

ന്നെ നിസ്സാരമായി കരുതുന്നത് ആരായാലും അയാൾക്കു കമ്മ്യൂണിസത്തിൻെറ ലക്ഷ്യം മുന്നോട്ടുകൊണ്ടുപോകേണ്ടതെങ്ങിനെയെന്നറിയില്ല. അതുകൊണ്ടു വിപ്ലവലക്ഷ്യത്തിലേയ്ക്കു പുരോഗമിയ്ക്കുന്നതിൽ നമ്മുടെ പാർട്ടിമെമ്പർമാക്കുള്ള ആഗ്രഹവും ഏകാഗ്രതയും നാം ഇനിയും വളരെയധികം വളർത്തേണ്ടിയിരിക്കുന്നു. ഇന്ന് ഇക്കാര്യത്തിൽ നാം വേണ്ടുവോളമൊന്നും ചെയ്യുവരുന്നില്ല. ഉദാഹരണത്തിനു്, ചില പാർട്ടിമെമ്പറന്മാർ യഥാർത്ഥത്തിൽ കഠിനാദ്ധ്വാനം ചെയ്തു് പഠിക്കാൻ ശ്രമിക്കുന്നില്ലെന്നുള്ളതിലും രാഷ്ട്രീയകാര്യങ്ങളിലും തത്വത്തിലും വേണ്ടത്ര അഗാധമായ താല്പര്യം കാണിക്കുന്നില്ലെന്നതിലും ഈ സംഗതി സ്വയം തെളിഞ്ഞുകാണാം.

അതുകൊണ്ടു്, നാം വ്യക്തിപരമായ വീരകൃത്യങ്ങളേയും നേതാവായി ഞെളിയുന്നതിനേയും എതിക്കുന്നുവെങ്കിലും, നമ്മുടെ മെമ്പറന്മാരുടെയിടയിലുള്ള അത്തരം ഉല്ക്കൃഷ്ടേച്ഛയെ നിശ്ചയമായും എതിക്കുന്നില്ല—കമ്മ്യൂണിസ്റ്റുപാർട്ടിമെമ്പറന്മാക്കുള്ള ഒരമൂല്യമാണിതു്. എന്നാൽ തൊഴിലാളിവർഗ്ഗത്തിൻെറയും കമ്മ്യൂണിസ്റ്റ്കാരുടേയും ഉല്ക്കൃഷ്ടേച്ഛ തൻകാര്യപ്രധാനമായ ഉല്ക്കൃഷ്ടേച്ഛയിൽനിന്നും തികച്ചും വ്യത്യസ്ഥമാണ്. ആദ്യത്തേതു് സത്യത്തെ ആരായുന്നു, അതിനെ ഉയർത്തിപ്പിടിക്കുന്നു, മാത്രമല്ല, ഏററവും ഫലപ്രദമായ രീതിയിൽ സത്യത്തിന്നുവേണ്ടി സമരം ചെയ്യുന്നു. അതിനു് അളവററ വളർച്ചയുടെ ഒരു കാഴ്ചപ്പാടുണ്ടു്, അതു പുരോഗമനസ്വഭാവമുള്ളതാണു്. എന്നാൽ രണ്ടാമത്തേതാകട്ടെ, ഓരോ വ്യക്തിയേയും സംബന്ധിച്ചിടത്തോളം, പുരോഗമനസ്വഭാവത്തിൽ ഏററവും സങ്കുചിതമാണു്; അതിന്നു് യാതൊരു കാഴ്ചപ്പാടുമില്ല. കാരണം, വ്യക്തിയുടെ സ്വകാര്യതാല്പര്യങ്ങളെ രക്ഷിക്കാൻ വേണ്ടി പലപ്പോഴും ബോധപൂർവ്വം അതു് സത്യത്തെ നിഷേധിക്കയോ മറച്ചുപിടിക്കയോ വൈകൃതപ്പെടുത്തുകയോ ചെയ്യുന്നു. അതുകൊണ്ടു്, നമ്മുടെ സഖാക്കൾ മനസ്സിലാക്കണം, കമ്മ്യൂണിസത്തിനുവേണ്ടി നിലകൊള്ളുന്ന യഥാർത്ഥനേതാക്കന്മാരും യോദ്ധാക്കളും ഒരിക്കലും തൻകാര്യപ്രാധാന്യികളാകരുതു്; സ്വയം വീഴരുത്. എല്ലാ നേതാക്കന്മാരും, ദേശീയ നേതാക്കളോ പ്രാദേശിക നേതാക്കളോ ആവട്ടെ, ബഹുജനപിന്തുണകൊണ്ടാണു ജയം നേടിയിട്ടുള്ളത്. അഹംഭാവികളോ

വ്യക്തിപരമായ ധീരതയിൽ തല്പരരോ, നേതാവായി നടക്കുന്നവരോ, വ്യക്തിപരമായ നേതൃത്വമോഹികളോ, ദുരഭിമാനികളോ, ആയവരെ നമ്മുടെ പാർട്ടിയണികൾ തങ്ങളുടെ നേതാക്കളായി സ്വീകരിക്കുകയില്ല. അത്തരം ഒരാളെ നേതാവായി സ്വീകരിക്കണമെന്ന് മററു മെമ്പർമാരോടും ജനങ്ങളോടും ആവശ്യപ്പെടാനോ, അയാളുടെ നേതൃത്വപദവി സംരക്ഷിക്കാനോ യാതൊരു പാർട്ടിമെമ്പർക്കും അധികാരമില്ല ലേശവും സ്വകാര്യതാല്പര്യമില്ലാത്ത, പാർട്ടിയോടു കൂറുള്ള, ഉന്നതമായ കമ്മ്യൂണിസ്റ്റ് ധർമ്മബോധവും ഗുണങ്ങളുമുള്ള മാർക്സിസം-ലെനിനിസത്തിൻെറ സിദ്ധാന്തവും പ്രവർത്തനരീതിയും സ്വാധീനമാക്കാൻ കഴിവുള്ള, അനല്പമായ പ്രായോഗികശേഷിയുള്ള, പാർട്ടിപ്രവർത്തനത്തെ നേരിട്ടു നയിക്കുവാൻ കഴിവുള്ള, ഇടവിടാതെയും കഷ്ടപ്പെട്ടും പഠിക്കയും പുരോഗതി സമ്പാദിക്കുകയും ചെയ്യാൻ ശ്രമിക്കുന്ന അത്തരം പാർട്ടിമെമ്പർമാക്കുമാത്രമേ, പാർട്ടിയുടേയും ബഹുജനങ്ങളുടേയും വിശ്വാസവും പിന്തുണയുമാർജ്ജിക്കുന്നതിനും കമ്മ്യൂണിസത്തിനുവേണ്ടി പടവെട്ടുന്ന വീരയോദ്ധാക്കളും നേതാക്കളുമായിത്തീരുന്നതിനും സാധിക്കൂ.

ഒരു പാർട്ടിമെമ്പർക്ക്. നേതാവോ യോദ്ധാവോ ആരോ, ആകട്ടെ, കമ്മ്യൂണിസത്തിനുവേണ്ടിയുള്ള പ്രവർത്തനത്തിൻെറ ഒരു ഭാഗം മാത്രമേ നിർവ്വഹിക്കുകാൻ കഴിയൂ, അതിനാവശ്യമായ ചുമതലയുടെ ഒരു ഭാഗം മാത്രമേ ഏല്ക്കാൻ കഴിയൂ എന്ന് നമ്മുടെ സഖാക്കൾ ധരിക്കണം. കമ്മ്യൂണിസത്തിൻെറ ലക്ഷ്യം വളരെക്കാലം ലക്ഷക്കണക്കിനാളുകളെസംബന്ധിപ്പിച്ചുകൊണ്ട് കൂട്ടായി നിർവ്വഹിക്കുവാനുള്ള ഒരു കടമയാണ്. ആ കടമ യാതൊരു വ്യക്തിയെക്കൊണ്ടും കുത്തകയായെടുത്തു നടത്തുവാൻ സാദ്ധ്യമല്ല. മാർക്സ്, എംഗത്സ്, ലെനിൻ, സ്റ്റാലിൻ എന്നീ നമ്മുടെ മഹാന്മാരായ നേതാക്കന്മാർപോലും കമ്മ്യൂണിസത്തിനുവേണ്ടിയുള്ള പ്രവർത്തനത്തിൻെറ ഒരു ഭാഗം മാത്രമേ നിർവ്വഹിച്ചിട്ടുള്ളൂ. ആ ലോകാചാര്യന്മാരുടെ യത്നം സഫലമാകണമെങ്കിൽ നമ്മളിൽ ലക്ഷക്കണക്കിനാളുകളുടെ നിരന്തരമായ അദ്ധ്വാനം ഇനിയും ആവശ്യമുണ്ട്. പാർട്ടിയിലെ സാധാരണ മെമ്പറന്മാരായ നമ്മളും കമ്മ്യൂണിസത്തിന്നു വേണ്ടിയുള്ള സമരത്തിലെ പ്രവർത്തനത്തിൻെറ ഒരുഭാഗം നി

ർവ്വഹിക്കുകയും ചുമതലയുടെ ഒരു പങ്ക് ഏറ്റെടുക്കുകയും ചെയ്യുന്നു. മാർക്സ്, എംഗത്സ്, ലെനിൻ, സ്റ്റാലിൻ എന്നിവർ നിർവ്വഹിച്ചിട്ടുള്ളതോക്കുമ്പോൾ നമ്മുടെ പങ്ക് നിശ്ചയമായും വളരെ ചെറുതാണ്. എന്നിരുന്നാലും, നമുക്കെല്ലാം ന നമ്മുടെ പങ്കുണ്ട്. ഒരു വലിയ പങ്കിനും ചെറിയ പങ്കിനും തമ്മിൽ വ്യത്യാസമുണ്ടെന്നിരിക്കിലും, എല്ലാം പങ്കുതന്നെയാണ്. അതുകൊണ്ട്, മൊത്തം പ്രത്തനത്തിന്റെ ഒരു ഭാഗം നന്നായി നമുക്കു ചെയ്തുതീക്കുവാൻ കഴിഞ്ഞാൽ, അതിന്റെ അത്ഥം നാം നമ്മുടെ കടമ നിർവ്വഹിച്ചുവെന്നാണ്.

തീച്ചയായും, കൂടുതൽ വലിയൊരു പങ്കു നിർവ്വഹിക്കുന്നതിനു് നാം നമ്മുടെ സർവ്വകഴിവും ഉപയോഗിക്കണം. എന്നാൽ നമുക്കതിനു കഴിവില്ലെങ്കിൽ, നമ്മുടെ ചെറിയപങ്ക് നമുക്കു നിറവേററാം. നമ്മെ ഓരോരുത്തരേയും ഒററയ്ക്കെടുക്കുമ്പോൾ, അതൊരു വലിയ കാര്യമല്ല. ഏതുവിധത്തിലും കമ്മ്യൂണിസത്തിന്റെ ലക്ഷ്യം മുന്നോട്ടുപോകുന്നതിനെ നാം തടയാതിരിക്കുകയും ചെറുതായാലും വലുതായാലും നമ്മുടെ കടമ നിറവേററുകയുംവേണം. നമ്മുടെ സ്വന്തംപ്രവത്തനത്തിന്റെ നേരെ നാം സ്വീകരിക്കേണ്ട നില അതാണ്. സാങ്കേതികപ്രവത്തനം ചെയ്യുന്നതു തീരെ ഇഷ്ടപ്പെടാത്ത ചില സഖാക്കളുണ്ടു്; സാങ്കേതികപ്രവത്തനങ്ങളിലേർപ്പെട്ടുന്നതു തന്നത്താൻ ചെറുതാക്കലാണെന്നും, അനന്തരതലമുറയിൽ തങ്ങളെ പേരുകേട്ടവരാക്കുകയില്ലെന്നും (യഥാത്ഥത്തിൽ അവക്ക്, സാങ്കേതികപ്രവത്തകരുടെ ഇടയിൽനിന്നും ഉയന്നുവന്ന എഡിസൺ, സ്റ്റഖനോവ് മുതലായവരെപ്പോലെ ആകാൻ കഴിയും) സ്വന്തം കഴിവുകളെ പ്രകാശിപ്പിക്കുന്നതിനു് അതു പ്രതിബന്ധമായിരിക്കുമെന്നും അവർ വിചാരിക്കുന്നു. അത്തരം പ്രവത്തനത്തിലേർപ്പെട്ടുന്നതു് അവരെ സംബന്ധിച്ചേടത്തോളം കമ്മ്യൂണിസത്തിനു വലിയൊരു നഷ്ടമായിത്തീരുമെന്നു് അവർ വിചാരിക്കുമ്പോലെ തോന്നുന്നു. അതുകൊണ്ടു് എല്ലാ പാർട്ടിമെമ്പറന്മാക്കുമാവശ്യമായ ഉൽക്കഷേച്ഛയെ ഏറെക്കുറെ അവർ കളഞ്ഞുകുളിക്കുന്നു.

സഖാക്കളേ! അത്തരം ചിന്താഗതി തെററാണ്. സാങ്കേതികപ്രവത്തനം നമ്മുടെ പാർട്ടിപ്രവത്തനത്തിൽ ഏററവും മുഖ്യമായ ഒരു പങ്കു വഹിക്കുന്നുണ്ടു്. അത്തരം പ്രവർ

ത്തനം നടത്തുന്ന സഖാക്കളും, കമ്മ്യൂണിസത്തിനുവേണ്ടി മാറു തരത്തിലുള്ള പ്രവൎത്തനം നടത്തുന്ന സഖാക്കളെപ്പോലെത ന്നെ, തങ്ങളുടെ പങ്കു നിർവ്വഹിക്കുകയാണു്. ഒരു കമ്മ്യൂണിസ്റ്റുകാരൻ അതാതു കാലഘട്ടത്തിൽ പ്രാധാന്യമർഹിക്കുന്ന ഏതു പ്രവൃത്തിയും ചെയ്യണം, അതു തനിക്കിഷ്ടമുള്ളതാണോ അല്ലയോ, പൊതുജനസമ്മതി കിട്ടുന്നതാണോ അല്ലയോ എന്നൊന്നും ചിന്തിക്കേണ്ട കാൎയ്യമില്ല. ഉദാഹരണമായി, റഷ്യൻവിപ്ലവത്തിൻെറ വിജയത്തെത്തുടൎന്നു പ്രധാനമായ പാർട്ടിപ്രവൎത്തനവും രാഷ്ട്രീയപ്രവൎത്തനവും നടത്തുന്ന പല മുന്തിയ സഖാക്കളും പുതിയ സാമ്പത്തികനയം നടപ്പിലാക്കുന്നതിന്നു് കച്ചവടത്തിൻെറ കല പഠിക്കാൻ നിശ്ചയിക്കപ്പെട്ടു; കാരണം, ആ കാലഘട്ടത്തിൽ പ്രാപ്തിയോടെ കച്ചവടം നടത്തിയെങ്കിൽമാത്രമേ കമ്മ്യൂണിസ്റ്റ്പാർട്ടിക്കു സ്വകാൎയ്യ മുതലാളിത്തത്തെ കീഴടക്കാൻ കഴിയുമായിരുന്നുള്ളു. പാർട്ടി മെമ്പറന്മാരിൽ ആരുംതന്നെ വ്യാപാരം ചെയ്യുന്നത് ഇഷ്ട പ്പെട്ടില്ലെങ്കിലും അന്നു് അതു വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നായതുകൊണ്ടു് അവർ അതു ചെയ്തു. അവർ അങ്ങനെ ചെയ്തതു ശരിയായിരുന്നു, മാത്രമല്ല, അവർ അപ്രകാരം ചെയ്തില്ലെങ്കിൽ തെററാകുമായിരുന്നു.

ഇവിടെ ഞാനൊന്നാവൎത്തിച്ചു പറഞ്ഞുകൊള്ളട്ടെ, പാർട്ടിമെമ്പറന്മാൎക്കു ജോലി നിശ്ചയിക്കുമ്പോൾ അവരിൽ ഓരോ വ്യക്തിയുടേയും ഭിന്നസാഹചൎയ്യങ്ങളെ പാർട്ടിനേതാക്കന്മാർ പ്രത്യേകം പരിഗണിക്കുകയും, ആ ജോലി അവരുടെ വ്യക്തിവിശേഷതയ്ക്കു പററിയതാണോ, അവരുടെ പ്രത്യേക കഴിവുകളെ വളൎത്താനും വളരാനുള്ള അവരുടെ ഉത്സാഹത്തിനു പ്രോത്സാഹനം നല്കാനും സഹായകമാണോ എന്നും പ്രത്യേകം ശ്രദ്ധിക്കുകയും ചെയ്യേണ്ടതാണു്. പക്ഷേ, ജോലി നിശ്ചയിക്കപ്പെട്ടുകഴിഞ്ഞാൽ ഈ കാരണം പറഞ്ഞു് ഒരു പാർട്ടിമെമ്പർ ആ തീരുമാനത്തെ നിരസിക്കാൻ പാടുള്ളതല്ല.

നാലാമതായി, ബൂർഷ്വാവർഗ്ഗങ്ങളുടെ ആശയഗതിയെ പ്രബലമായി പ്രതിഫലിക്കുന്ന കുറച്ചു സഖാക്കൾ പാർട്ടിയിലുണ്ടു്. പാർട്ടിസഖാക്കളോടു് ഇടപെടുന്നതിലും പാർട്ടിയുടെ അഭ്യന്തരപ്രശ്നങ്ങളെ കൈകാൎയ്യം ചെയ്യുന്നതിലും, ശത്രുവി

നോടെട്ടക്കുന്ന സമ്പ്രദായങ്ങളാണ് അവർ സ്വീകരിക്കുക. കാരണം, പരസ്പരം സഹായിക്കുകയും സൌഹാർദ്ദം പുലർത്തുകയുമെന്ന മഹത്തും ആത്മാർത്ഥവുമായ, കമ്മ്യൂണിസത്തിൻേറയും തൊഴിലാളിവർഗ്ഗത്തിൻേറയും 'സ്പിരിററ്' അവക്കു തീരെയില്ല.

അത്തരം ആശയഗതിക്കാരായ ആളുകൾ തങ്ങളെ പാർട്ടിയിൽ ഉന്നത സ്ഥാനത്തേയ്ക്കു് ഉയർത്തുന്നതിനും പാർട്ടിയിൽ സ്വയം വളരുന്നതിന്നും ശ്രമിക്കുന്നു; എന്നാൽ അവർ അക്കാര്യം നേടുന്നത് മററുള്ളവരെ അടിച്ചുതാഴ്ത്തിക്കൊണ്ടും അവരുടെ വളർച്ച്യെ തടഞ്ഞുകൊണ്ടുമാണ്. അവർ മററുള്ളവരുടെ തലയ്ക്കുമീതെ ചാടിക്കയറാൻ ആഗ്രഹിക്കുന്നു: കൂടുതൽ കഴിവുള്ളവരെപ്പററി അസൂയപ്പെടുന്നു. മററുള്ളവർ അവരേക്കാൾ മുന്നോട്ടു പോവുകയോ അവരുടെ കൂടെ എത്തുകയോ അവരെ കടന്നുപോവുകയോ ചെയ്യുമ്പോൾ അവക്കതു തീരെ ഇഷ്ടമാകുന്നില്ല. മററുള്ളവരെ തങ്ങൾക്കു കീഴിലോ പുറകിലോ നിത്താൻ സാധിച്ചാലെ അവക്കു സന്തോഷമാകുകയുള്ളു. തങ്ങൾ മററുള്ളവരുടെ കീഴിലാകുന്നതിനെ അവർ ഇഷ്ടപ്പെടുന്നില്ല. അവർ മററുള്ളവരുടെ വിഷമതകളെറിച്ച് യാതൊന്നും ചിന്തിക്കാതെ സ്വന്തം ക്ഷേമത്തേയും സ്വന്തം വളർച്ച്യേയുംപററി മാത്രമേ ശ്രദ്ധിക്കാറുള്ളു. മററു സഖാക്കൾക്കു വിഷമതകളോ, തിരിച്ചടിയോ, ആശാഭംഗമോ, എതിർപ്പുകളോ നേരിടുമ്പോഴെല്ലാം അവർക്കവരിൽ സുഖമാണ്. രഹസ്യമായി അവർ ആഹ്ലാദിക്കുന്നു, അവക്ക് അനുഭാവമെന്നതേയില്ല. മററു സഖാക്കളെ ഉപദ്രവിക്കാൻ അവർ പ്ലാനിടുകപോലും ചെയ്യുന്നു. "കിണററിനടിയിലായിരിക്കുമ്പോൾ അന്യരുടെമേൽ കല്ലെറിയാൻ" അവർ നോക്കുന്നു; മററുള്ളവരുടെ വിഷമതകളിൽനിന്നും ദൌർബല്യങ്ങളിൽനിന്നും അവർ മുതലെടുക്കാൻ നോക്കുന്നു, അവരെ എതിക്കുവാനും അവരുടെ പേരു ചീത്തയാക്കാനും ആ സന്ദർഭം ഉപയോഗിക്കാൻ ശ്രമിക്കുന്നു. പാർട്ടിക്കുള്ളിൽ അവർ പാർട്ടിസംഘടനയിലുള്ള ദുർബലതകളെ ഉപയോഗപ്പെടുത്തി സ്വന്തം സ്വകാര്യശുദ്ധോദ്ദേശങ്ങൾ സാധിക്കാൻ പ്രവർത്തിക്കുകയും അത്തരം ദൌർബല്യങ്ങളെ ഊതിക്കത്തിച്ചു ചില സ്വകാര്യനേട്ടങ്ങളുണ്ടാക്കാൻ നോക്കുകയും ചെയ്യുന്നു. പാർട്ടിയ്ക്കുള്ളിൽ മററു

ള്ളവരെപ്പററി കിംവദന്തി പരത്തുന്നതിലും മററുള്ളവർ കേൾക്കാതെ അവക്കെതിരായി സംസാരിക്കുന്നതിലും സഖാക്കൾ തമ്മിലുള്ള ബന്ധത്തിൽ വിടവുണ്ടാക്കുന്നതിലും അവർ തല്പരരാണു്. പാർട്ടീയിലെ താത്വികാടിസ്ഥാനമില്ലാത്ത എല്ലാ വാദപ്രതിവാദങ്ങളിലും അവർ പങ്കെടുക്കാൻ ഇഷ്ടപ്പെടുന്നു, എല്ലാ 'വഴക്കു'കളിലും വലിയ താല്പര്യം കാണിക്കുന്നു. വിശേഷിച്ചും പാർട്ടി വിഷമതകളിലാണ്ടിരിക്കുമ്പോൾ, അവർ പാർട്ടിയ്ക്കുള്ളിൽ അത്തരം കലഹങ്ങൾ സൃഷ്ടിച്ച് അവയെ ആളിക്കത്തിക്കുന്നു.

ചുരുക്കത്തിൽ അവർ അങ്ങേയററം നീചബുദ്ധികളും തീരെ നേരും നെറിയുമില്ലാത്തവരുമാണു്. അത്തരക്കാർക്കു മാർക്സിസം-ലെനിനിസത്തിൻെറ സിദ്ധാന്തവും പ്രവർത്തനരീതിയും സ്വായത്തമാക്കാനും തൊഴിലാളിവർഗ്ഗത്തിൻെറ ആശയഗതിയെ പ്രതിഫലിപ്പിക്കാനും കഴിയുമെന്നുപ്പറയുന്നതു് വെറും നേരമ്പോക്കല്ലേ? അവരുടെ ചിന്താഗതി ക്ഷയിച്ചുകൊണ്ടിരിക്കുന്ന ചൂഷകവർഗ്ഗങ്ങളുടേതാണെന്നുള്ളതിന്നു യാതൊരു സംശയമില്ല; കാരണം എല്ലാ ചൂഷകന്മാരും തങ്ങളുടെ ശക്തിവളർത്തുന്നതിലേക്ക് മററുള്ളവരുടെ താല്പര്യങ്ങളെ യാറുമാറാക്കും. സ്വന്തം സമ്പത്തു വദ്ധിപ്പിക്കുന്നതിനോ കുഴപ്പം വരുമ്പോൾ തങ്ങളെ പാപ്പരത്തത്തിൽനിന്നു രക്ഷിക്കുന്നതിനോ മുതലാളികൾ വളരെയധികം ചെറുമുതലാളിമാരെ നശിപ്പിക്കുന്നു, എണ്ണമററ തൊഴിലാളികളെ പട്ടിണിപ്പിടുകയും ചെയ്യുന്നു. ജന്മികൾ അവരുടെ ഭൂമിയുടെ വിസ്തൃതിവദ്ധിപ്പിക്കാൻ കൃഷകരെ ചൂഷണംചെയ്യുന്നു, അവരിൽ അനേകംപേരുടെ ഭൂമി തട്ടിയെടുക്കുന്നു. ജമ്മനി, ഇററലി, ജാപ്പാൻ മുതലായ ഫാസിസ്റ്റ്രാജ്യങ്ങൾ അവയുടെ വിസ്തൃതി കൂട്ടുന്നതിനു് അന്യരാജ്യങ്ങളുടെ വളച്ചയെ തടഞ്ഞു; ആസ്ത്രിയാ, ചെക്കോസ്ലോവാക്യാ, എതോപ്യാ മുതലായ രാജ്യങ്ങളെ കീഴടക്കി; ചൈനക്കെതിരായി യുദ്ധമഴിച്ചുവിട്ടു. മററുള്ളവരുടെ താല്പര്യങ്ങളെ ശിഥിലമാക്കുന്നതും മററുള്ളവരെ പാപ്പരാക്കുന്നതിന്നും ചൂഷകന്മാരുടെ സ്വന്തവളച്ചയ്ക്കു് ഒഴിച്ചുകൂടാൻവയ്യാത്ത ഉപാധികളാണു്; കാരണം മററുള്ളവരുടെ കഷ്ടപ്പാടിന്മേലാണു് അവരുടെ സുഖം കെട്ടിപ്പെടുത്തിട്ടുള്ളതു്.

അതുകൊണ്ടു ചൂഷകന്മാരുടെയിടയിൽ ആത്മാർത്ഥവും ദൃഢവുമായ ഐക്യവും ആത്മാർത്ഥമായ പരസ്പരസഹായബോധവും മനുഷ്യസ്നേഹവും കാണുകയെന്നതു് അസാദ്ധ്യംതന്നെയാണു്. ചൂഷകവർഗ്ഗം മററുള്ളവർക്കെതിരായി വഞ്ചനാപൂർവമായ പദ്ധതികളും കാപട്യംനിറഞ്ഞ നടപടികളും സ്വീകരിക്കണം, കാരണം മററുള്ളവരെ പൊളിക്കുന്നതും പാപ്പരാക്കുന്നതും അവർക്കാദായകരമാണു്. എന്നാലും ബഹുജനങ്ങളുടെ മുമ്പാകെ കപടസന്യാസിമാരായും 'നീതിപാലക'ന്മാരായും നടിക്കാനും പച്ചക്കള്ളംപറയാനും അവർ നിർബ്ബന്ധിതരാകുന്നു. അധഃപതിച്ചുകൊണ്ടിരിക്കുന്ന ചൂഷകവർഗ്ഗത്തിൻെറ സ്വഭാവലക്ഷണങ്ങളാണിവയെല്ലാം. എങ്ങനെയോ ഇത്തരം സംഗതികൾ നമ്മുടെ പാർട്ടിയിലുള്ള ചില ആളുകളുടെ ആശയഗതിയിലും കടന്നുകൂടിയിട്ടുണ്ടു്. ചൂഷകന്മാർക്കു അത്തരം സംഗതികൾ അവരുടെ 'സമുന്നത'സദാചാരത്തിൻെറ നിലവാരമായിരിക്കാം, എന്നാൽ തൊഴിലാളിവർഗ്ഗത്തിനു് അവ വെറും വഞ്ചനയാണു്.

മേൽവിവരിച്ചതിൽനിന്നും തുലോം ഭിന്നമാണു തൊഴിലാളിവർഗ്ഗം. തൊഴിലാളിവർഗ്ഗം മററുള്ളവരെ ചൂഷണം ചെയ്യുന്നില്ല, എന്നാൽ മററുള്ളവരാൽ ചൂഷണംചെയ്യപ്പെടുന്ന ഒരു വർഗ്ഗമാണു്. തൊഴിലാളികൾക്കിടയിലോ, തൊഴിലാളികൾക്കും മർദ്ദിതരും ചൂഷിതരുമായ അദ്ധ്വാനിക്കുന്ന മറെറല്ലാ ജനവിഭാഗങ്ങൾക്കും തമ്മിലോ, താല്പര്യങ്ങളിൽ അടിസ്ഥാനപരമായ യാതൊരു വൈരുദ്ധ്യങ്ങളുമില്ല, സ്വയം നന്നാകുന്നതിനും സ്വന്തം മോചനം നേടുന്നതിനും തൊഴിലാളികൾക്കു മററു തൊഴിലാളികളുടെയോ അദ്ധ്വാനിക്കുന്ന ആളുകളുടെയോ താല്പര്യങ്ങളേയും വളർച്ചയേയും തുറുമാറാക്കേണ്ടയാവശ്യമില്ലെന്നു മാത്രമല്ല, നേരേമറിച്ചു് മററുള്ള എല്ലാ തൊഴിലാളികളോടും, അദ്ധ്വാനിജനങ്ങളോടും യോജിച്ചൊന്നാകേണ്ട ആവശ്യംകൂടിയുണ്ടു്. എന്നാൽമാത്രമേ തൊഴിലാളികൾക്കു തങ്ങളെത്തന്നെ നന്നാക്കുന്നതിനും സ്വന്തം നിലയുയർത്തുന്നതിനും സ്വയം മോചിതരാകുന്നതിനും കഴിയൂ. തൊഴിലാളവർഗ്ഗത്തിൻെറ മോചനംതന്നെ അദ്ധ്വാനിക്കുന്ന എല്ലാവിഭാഗം ജനങ്ങളുടേയും ഒട്ടാകെയുള്ള മനുഷ്യവർഗ്ഗത്തിൻെറയും മോചനത്തോടൊപ്പം മാത്രമേ ഉണ്ടാകയുള്ളൂ. ഒരൊ

ററ തൊഴിലാളിയെ മാത്രമായോ തൊഴിലാളികളിൽ ഒരു വിഭാഗത്തിനെ മാത്രമായോ മോചിപ്പിക്കാൻ സാദ്ധ്യമല്ല. മനുഷ്യവർഗ്ഗത്തിൻെറ മോചനസമരം അവസാനംവരെ നടക്കണം, അതു പകുതിവഴിക്കുവെച്ച് നിറുത്താനോ സന്ധിയാകാനോ പാടില്ല. ആ മോചനം മനുഷ്യസമുദായത്തിൻെറയാകെ സാമാന്യമായ പരിപൂർണ്ണമോചനമായിരിക്കണം.

തൊഴിലാളിവർഗ്ഗത്തിൻെറ ഈ വസ്തുനിഷ്ഠമായ നിലയെ പ്രതിഫലിപ്പിക്കുന്ന ഉത്ബുദ്ധരായ തൊഴിലാളികളുടെ ആശയഗതി ചൂഷകവർഗ്ഗത്തിൻെറ ആശയഗതിക്കു നേരെ വിപരീതമാണ്. ഒരുവശത്തു്, അവർ തീർച്ചയായും ജനങ്ങളുടെ പൊതുശത്രുവിനോട്ട് പെരുമാറുന്നതിൽ അങ്ങേയററം നിർദ്ദയമായ നടപടികളെടുക്കണം; മറുവശത്തു് തങ്ങളുടെ സ്വന്തം സഹോദരങ്ങളോടും സഖാക്കളോടും പെരുമാറുന്നതിൽ അത്തരം നടപടികൾ ഒരിക്കലും ഉപയോഗിക്കയുമരുത്; അങ്ങനെ, തങ്ങളുടെ സ്നേഹിതരുടേയും സഖാക്കളുടേയും നേരെ സ്വീകരിക്കുന്നവയിൽനിന്നു തങ്ങളുടെ ശത്രുക്കൾക്കെതിരായി സ്വീകരിച്ചിട്ടുള്ള നിലയേയും നടപടികളേയും വ്യക്തമായും വേർതിരിക്കണം. തൊഴിലാളികൾക്കു മഹത്തും ആത്മാർത്ഥവുമായ ഒരു സൗഹാർദ്ദമുണ്ട്. ചൂഷണത്തിന്നും മർദ്ദനത്തിന്നും വിധേയരായ എല്ലാ അദ്ധ്വാനിക്കുന്നവരോടും സ്വന്തം സഹോദരതൊഴിലാളികളോടും സ്നേഹവും സഹഭാവവും ഉണ്ട്. അവർ തങ്ങളുടെ സ്വന്തം സഹോദരങ്ങളുടെ നേരെ പെരുമാറുന്നതിൽ പരസ്പരസഹായത്തിൻെറയും ഉറച്ച ഐക്യത്തിൻെറയും ആത്മാർത്ഥമായ സമത്വത്തിൻെറയും മഹത്തായ ബോധം കാണിക്കുന്നു. തങ്ങളുടെ സ്വന്തം സഹോദരങ്ങളുടെ ഇടയിലോ മനുഷ്യസമുദായത്തിലാകെക്കെങ്കിലുമോ പ്രത്യേകമായ എന്തെങ്കിലും അവകാശങ്ങളുണ്ടെന്നു് അംഗീകരിക്കാൻ അവർ തീരെ കൂട്ടാക്കുന്നില്ലെന്നുതന്നെയല്ല, തങ്ങൾക്കുതന്നെ എന്തെങ്കിലും പ്രത്യേകാവകാശങ്ങളുണ്ടെന്ന ആശയം അവർ വെച്ചുപുലർത്തുന്നില്ല. അവർക്ക് അങ്ങനെയൊന്നു് അചിന്ത്യമാണ്. അപമാനമാണ്. തങ്ങളെ നന്നാക്കുന്നതിനും ഉയർത്തുന്നതിനും അവരാഗ്രഹിക്കുന്നു, എന്നാൽ അതേസമയം തങ്ങൾ മററുള്ളവരേയും വളർത്തണമെന്നും അദ്ധ്വാനിക്കുന്നവരായ എല്ലാ ജനങ്ങളേയും ഉയർത്തണമെന്നും

അപ്രകാരം ചെയ്യുന്നതുകൊണ്ടുമാത്രമേ അവക്ക് തങ്ങളെത്തന്നെ ഉയൎത്തുന്നതിനും സാധിക്കയുള്ളവെന്നും അവർ മനസ്സിലാക്കുന്നുമുണ്ട്. അവർ ആശയഗതിയിലോ രാഷ്ട്രവിജ്ഞാനത്തിലോ, പ്രവൎത്തനത്തിനോ മററുള്ളവരുടെ പിന്നിലാകാൻ ഇഷ്ടപ്പെടുന്നില്ല; പുരോഗതിക്കുവേണ്ടി പാടുപെടുകയെന്ന ശ്രേഷ്ഠമായ ഉൽക്കൎഷേച്ഛ അവക്കുണ്ട്, എന്നാലും അത്തരം കാൎയ്യങ്ങളിൽ കൂടുതൽ യോഗ്യത സമ്പാദിച്ച ആളുകളെ ബഹുമാനിക്കയും സ്നേഹിക്കയും സഹായിക്കയും ചെയ്യേണ്ടതാണെന്നും അവർ മനസ്സിലാക്കുന്നു. യാതൊരു ഈൎഷ്യയുംകൂടാതെ അങ്ങനെയുള്ളവരിൽനിന്നും അവർ പഠിക്കുവാൻ ശ്രമിക്കുന്നു. അവർ തങ്ങളുടെ വൎഗ്ഗത്തിൻേറയും ലോകത്തുള്ള എല്ലാ തൊഴിലാളികളുടേയും ഖേദകരവും വിഷമം നിറഞ്ഞതുമായ നിലയെപ്പററി അങ്ങേയററം ഉൽക്കണ്ഠയുള്ളവരാണ്. ലോകത്തെങ്ങുമുള്ള തൊഴിലെടുക്കുന്നവരുടെ മോചനസമരത്തെക്കുറിച്ചും അവരുടെ ജയപരാജയങ്ങളെക്കുറിച്ചും അവക്ക് ഉൽക്കണ്ഠയുണ്ട്. തൊഴിലാളികളുടെ ഓരോ ജയവും പരാജയവും, അവ ലോകത്തിൻെറ ഏതുഭാഗത്തു സംഭവിക്കുന്നതായാലുംശരി, അവരുടെ സ്വന്തം ജയവും പരാജയവുമാണെന്ന് അവർ ഗ്രഹിക്കുന്നുണ്ട്, മാത്രമല്ല അത്തരം ജയാപജയങ്ങളെക്കുറിച്ച് വലിയ അനുഭാവവും ഉൽക്കണ്ഠയും പ്രദശിപ്പിക്കുകൂടി ചെയ്യുന്നു.

അദ്ധ്വാനിക്കുന്ന ഏതു ജനവിഭാഗത്തിൻേറയും അഥവാ എല്ലാ മൎദ്ദിതജനങ്ങളുടേയും മോചനത്തിനുവേണ്ടിയുള്ള സമരത്തിൽ ഉദാസീനത കാണിക്കുന്നതോ, മററുള്ളവരുടെ വിഷമതകളിൽ രസം തോന്നുന്നതോ കുററകരമായിരിക്കുമെന്നാണ് അവർ കരുതുന്നത്. അവർ അവരുടെ സ്വന്തം സഹോദരന്മാരേയും സഖാക്കളേയും സ്നേഹിക്കുന്നു; അവരുടെ ദൗർബ്ബല്യങ്ങളേയും തെററുകളേയും കലവറകൂടാതെയും പരസ്യമായും ആത്മാൎത്ഥമായും ചൂണ്ടിക്കാണിക്കുന്നു (വാസ്തവത്തിൽ, ഇതാണ് യഥാൎത്ഥ സ്നേഹപ്രകടനം). താത്വികമായ കാൎയ്യങ്ങളിൽ. തങ്ങളുടെ സഖാക്കളോട് അവർ ഒരിക്കലും രാജിയാവുകയോ കീഴടങ്ങുകയോ ചെയ്യില്ല; അവരുടെ തെററുകളേയും ദൗൎബ്ബല്യങ്ങളേയും ഒരിക്കലും പ്രോത്സാഹിപ്പിക്കുകയില്ല. (അങ്ങനെ ചെയ്യുന്നത് സ്നേഹപ്രകടനമാകയില്ല).

നേരേമറിച്ച് അത്തരം തെററുകളേയും ദൗർബ്ബല്യങ്ങളേയും ജയിക്കുന്നതിനും തിരുത്തുന്നതിനും ആവശ്യമായ എല്ലാ സഹായങ്ങളും നൽകാൻ കഴിവുള്ളതെല്ലാം ചെയ്യുന്നു. തങ്ങളുടെ സഖാക്കളെ നിർഭാഗ്യകരമോ ആശയററതോ ആയ നിലയിലേയ്ക്കു തള്ളിവീഴ്ത്തുന്ന രീതിയിൽ അവരുടെ അത്തരം തെററുകളേയും ദുർബ്ബലതകളേയും അവർ ഉപയോഗപ്പെടുത്തുകയോ മൂർച്ചരിപ്പിക്കുകയോ ഇല്ല.

സ്വന്തം സഖാക്കളോടും സഹോദരന്മാരോടും പെരുമാറുന്നതിൽ അവർ 'തിന്മക്കുപകരം നന്മ കൊടുക്കുന്നു.' തങ്ങളുടെ തെററുകളെ മററു സഖാക്കൾ തിരുത്താൻ ഒരുങ്ങുകയാണെങ്കിൽ പകരംവീട്ടണമെന്ന ആഗ്രഹം അവർക്കൊട്ടുംതന്നെ ഉണ്ടാകയില്ല. അവർക്ക് തങ്ങളിൽനിന്നുമധികവും മററുള്ളവരിൽനിന്നു കുറച്ചും ആവശ്യപ്പെടുന്നതിന് കഴിവുണ്ട്. അവർ സ്വന്തം കാര്യത്തിൽ അങ്ങേയററം കണിശമുള്ളവരും മററു സഖാക്കളോട് കൂടുതൽ ദാക്ഷിണ്യമുള്ളവരുമാണ്. എങ്കിലും അവർ താത്വികകാര്യങ്ങളിൽ ദൃഢവും കണിശവുമായ നിലയെടുക്കുകയും നിഷ്കപടവും ഋജുവും നേരുംനെറിയുമുള്ളതും ഗൗരവപൂർണ്ണവുമായ നിലപാടു സ്വീകരിക്കുകയും ചെയ്യുന്നു. താത്വികകാര്യങ്ങളിൽ അവർക്ക് സന്ധിയില്ല. ഏതെങ്കിലും വഴിക്ക് പാർട്ടിയുടെ താല്പര്യങ്ങളെ നിഹനിക്കുന്നവരെ അവർ വെച്ചുപൊറുപ്പിക്കുകയില്ലെന്നു മാത്രമല്ല കാരണം കൂടാതെ തങ്ങളെ ആക്ഷേപിക്കുവാൻ അവർ ആരേയും അനുവദിക്കുകയുമില്ല. അതിരുകടന്നു സ്തുതിക്കുന്നവരോടും അടിസ്ഥാനമില്ലാതെ പ്രശംസിക്കുകയും മുഖസ്തുതിപറയുകയും ചെയ്യുന്നവരോടും അവർക്ക് പ്രത്യേകിച്ചും വെറുപ്പാണ്. തങ്ങളുടെ സ്വന്തം സഖാക്കളുടെ ഇടയിലുണ്ടാകുന്ന താത്വികാടിസ്ഥാനമില്ലാത്ത എല്ലാ മത്സരങ്ങളേയും അവർ എതിർക്കുകയും അതേസമയം അത്തരം വഴക്കുകളിൽ ഏർപ്പെടുന്നതിൽനിന്നും സ്വയം സൂക്ഷിച്ചുകൊള്ളുകയും ചെയ്യുന്നു. അവർ തങ്ങളെപ്പററി പരോക്ഷമായി മററുള്ളവർ ചെയ്യുന്ന നിരുത്തരവാദപരവും യാദൃച്ഛികവുമായ വിമർശനങ്ങൾക്കു വശംവദരാവുകയോ പ്രക്ഷുബ്ധരാവുകയോ ചെയ്യുന്നില്ല. മാത്രമല്ല തന്നിമിത്തം താത്വികകാര്യങ്ങളിലുള്ള സ്വന്തം നിലപാ

ടിനോ സമചിത്തതയ്ക്കോ ശാന്തതയ്ക്കോ കോട്ടം തട്ടിയ്ക്കുകയു മില്ല.

ഇവയെല്ലാം തൊഴിലാളിവർഗ്ഗത്തിൻെറ ആശയഗതിയെപ്രതിനിധീകരിക്കുന്നു; പാർട്ടിയിലെ ഓരോമെമ്പറും അവയെ പ്രതിഫലിപ്പിക്കുകയും വളർത്തുകയും പഠിക്കയും ചെയ്യേണ്ടതാണ്. മാർക്സ്, എംഗത്സ്, ലെനിൻ, സ്റ്റാലിൻ എന്നീ മഹാന്മാരായ നമ്മുടെ നേതാക്കന്മാരുടെ ജീവിതമാകെ ഈ ആശയഗതിയുടെ ഏററവും ഉയൎന്ന മാതൃകകളും മൂർത്തീകരണരൂപങ്ങളുമാണ്. ഇതെല്ലാം ഇന്നത്തെ സമുദായത്തിൽ മാനവരാശിയുടെ നേരും നെറിയും പ്രതിഫലിപ്പിക്കുന്നു. അതിനെ പ്രായോഗികമാക്കുന്നതു് കമ്മ്യൂണിസ്റ്റ്പാർട്ടിയാണുതാനും. എല്ലാ ദുഷ്ടതകളേയും ജയിച്ചു കീഴടക്കുവാൻ ആ നേരും നെറിയും നാം വളർത്തുകയും ഉയർത്തുകയും വേണം.

അഞ്ചാമതായി, നമ്മുടെ പാർട്ടിയിലും അതിൻെറ പല സംഘടനകളിലും ഇന്നും ഉദ്യോഗസ്ഥമേധാവിത്വം നിലനില്ക്കുന്നുണ്ട്. ഈ സംഗതിയെക്കുറിച്ചു് ഞാൻ വീണ്ടും വഴിയെ സംസാരിക്കുന്നുണ്ട്. ചില സഖാക്കളുടെയിടയിൽ സങ്കുചിതമനഃസ്ഥിതി, ഒട്ടാകെയുള്ള സ്ഥിതിയെ കണക്കിലെടുക്കാതെ ചെറിയ കാര്യങ്ങളെപ്പററി ചിന്തിക്കൽ മുതലായ ദൗർബ്ബല്യങ്ങൾ ഇപ്പോഴും നിലനില്ക്കുന്നു. അവൎക്ക് ഒരു കമ്മ്യൂണിസ്റ്റിൻെറ മഹത്തായ ചങ്കുറപ്പും ദൂരദർശിത്വവും ഇല്ല. വമ്പിച്ച കാര്യങ്ങളുടെനേരെ കണ്ണടയ്ക്കുന്നതിനാൽ മൂക്കിനുതാഴെയുള്ള നിസ്സാരകാര്യങ്ങളിലാണ് അവൎക്കു കൂടുതൽ ശ്രദ്ധ. പാർട്ടിയുടേയും വിപ്ലവത്തിൻേറയും മൎമ്മപ്രധാനങ്ങളായ പ്രശ്നങ്ങളിലാകട്ടെ, അതിപ്രധാനസംഭവങ്ങളിലാകട്ടെ അവൎക്കു വളരെയധികം താല്പര്യമില്ല. പകരം, ഒരു സൂചി അല്ലെങ്കിൽ ഒരു കഷണം നൂൽ, അല്ലെങ്കിൽ നിസ്സാരമായ ചില അഭിപ്രായങ്ങൾ എന്നിവയെപ്പററിയാണ് അവൎക്കു പലപ്പോഴും ഉൽക്കണ്ഠ. ആ നിസ്സാരസംഗതികളെക്കുറിച്ചു് വളരെ ഗൗരവമായും അവസാനമില്ലാതെയും അവർ മററുള്ളവരോട്ട് വാദപ്രതിവാദം നടത്തുകയും അടക്കാൻവയ്യാത്ത വികാരാവേശത്തിൽ മുഴുകുകയും ചെയ്യും. ചെറിയ ആനുകൂല്യങ്ങളോ സമ്മാനങ്ങളോ കൊടുത്തു് അവരെ എളുപ്പത്തിൽ പാട്ടിലാക്കാനും കഴിയും. ഗ്രാമീണസമുദായത്തിലെ ചെറുകിട

ഉല്ലാദകൻെറ സങ്കുചിതമനഃസ്ഥിതിയുടെ എല്ലാ സ്വഭാവഗു ണങ്ങളും അവരിൽ കാണാം.

കൂടാതെ, ഇപ്പോഴും വ്യക്തവും തിട്ടവുമായ യാതൊരു നിലപാട്ടമില്ലാത്ത ചില വ്യക്തികളുമില്ലാതില്ല. അവൎക്ക്, അതും ശരിയായിരിക്കാം ഇതും ശരിയായിരിക്കാം. അവർ ഇരുഭാഗത്തും ചേരുകയും എല്ലാവരേയും രസിപ്പിക്കാൻ ശ്ര മിക്കയും ചെയ്യാറുണ്ട്. തങ്ങൾ അങ്ങേയററം വെറുക്കുന്നവ രോട്ട് അവർ നേരിട്ട ലോഹ്യത്തിൽ കഴിയും. നേരിട്ട് അ വർ നിങ്ങളെപ്പററി ഭംഗിവാക്ക് പറയും, കണ്ണിൽനിന്നു തെററിയാൽ അധിക്ഷേപിക്കുകയും ചെയ്യും. അവർ ഒരേ ആളെപ്പററി ചിലരോട്ട് അധിക്ഷേപിക്കുകയും മററു ചില രോട്ട പ്രശംസിക്കുകയും ചെയ്യും. "പ്രസംഗിക്കുമ്പോൾ ആള കളേയും സാഹചര്യങ്ങളേയും ആദരിക്കുന്നുവെന്നു നടിക്കും", "ഒഴിക്കിനൊത്തു നീന്തും", വിശ്വാസപ്രമാണങ്ങളൊന്നും കൂ ടാതെ ജയിക്കുന്ന ഭാഗത്തു കൂട്ടം—ഇത്തരത്തിലാണു് അവരു ടെ സ്വഭാവവിശേഷങ്ങൾ. ചിലപ്പോഴവർ വെറും "വേ ലിമേലിരിക്കുന്ന കാക്ക"കളാണു്, ജയിക്കുന്ന ഭാഗമേതെന്നു നോക്കി ആ ഭാഗത്തു ചേരാൻവേണ്ടി, "മണ്ണും ചാണകവു" മല്ലാത്ത "ഇരുതലകൊത്തി"കളായ ഇത്തരം ജന്തുക്കൾ നമ്മു ടെ അണികളിലും തീരെ ഇല്ലെന്നു പറയാൻവയ്യ. ഒരു ദല്ലാ ളിയുടെ സ്വഭാവമാണവൎക്കുള്ളതു്.

കൂടാതെ, പഴയ സമുദായത്തിലുള്ള ചൂഷകവൎഗ്ഗങ്ങളുടെ പ്രലോഭനങ്ങളെ ചെറുത്തുനില്ക്കാൻ കഴിവില്ലാത്ത ചിലയാ ളുകളുണ്ട്. ഈ അനേകവൎണ്ണമായ ലോകവും മിന്നുന്ന പൊ ന്നും സുന്ദരികളായ യുവതികളും കാണുമ്പോൾ അവർ ആടി ക്കളിക്കാൻ തുടങ്ങുന്നു. തൽഫലമായി, അവർ പാതകം ചെ യ്യേന്നുവരും. അല്ലെങ്കിൽ പാർട്ടിയേയും വിപ്ലവത്തേയും വ ഞ്ചിച്ചുവെന്നും വരാം.

മാത്രവുമല്ല, പാർട്ടിയിലുള്ള ചില സഖാക്കളുടെ ആശ യഗതിയിൽ പെററിബൂൎഷ്വാസിയുടെ സ്വഭാവവിശേഷങ്ങ ളായ സാഹസികത്വവും അസ്ഥിരതയും, തെണ്ടിവൎഗ്ഗത്തി ൻെറയും പാപ്പരായ സാധുകൃഷിക്കാരുടേയും നശീകരണസ്വ ഭാവവും പലപ്പോഴും പ്രതിഫലിക്കാറുണ്ട്. ഈ പട്ടിക ഇ നിയും നീട്ടിക്കൊണ്ടു പോകേണ്ടതില്ല.

മൊത്തത്തിൽ പറഞ്ഞാൽ, നമ്മുടെ പാർട്ടിയിൽ മഹത്തും സുദൃഢവുമായ തൊഴിലാളിവർഗ്ഗത്തിൻെറ കമ്മ്യൂണിസ്റ്റാശയഗതിയെ പ്രതിനിധീകരിക്കുന്നവരെ കൂടാതെ, കുറഞ്ഞതോ കൂടിയതോ ആയ തോതിൽ, പലതരത്തിലുള്ള തൊഴിലാളിവർഗ്ഗവിരുദ്ധമായ ആശയഗതിയേയും ക്ഷയിച്ചുകൊണ്ടിരിക്കുന്ന ചൂഷകവർഗ്ഗങ്ങളുടെ ആശയഗതിയെപ്പോലും പ്രതിഫലിപ്പിക്കുന്ന ചില സഖാക്കളുമുണ്ട്: അത്തരം ആശയഗതി ചിലപ്പോൾ പാർട്ടിക്കുള്ളിൽതന്നെ മറഞ്ഞുകിടക്കുകയും വ്യക്തിപരമായ ചില ചെറിയ ദൈനംദിനപ്രശ്നങ്ങളിൽമാത്രം സ്വയം തെളിഞ്ഞുകാണുകയും ചെയ്യുന്നു. ചിലപ്പോൾ അതു വളരുകയും പാർട്ടിയിലുള്ള വിവിധ താത്വികപ്രശ്നങ്ങളിലും പ്രധാന രാഷ്ട്രീയപ്രശ്നങ്ങളിലും പാർട്ടിയ്ക്കുള്ളിലെ സമരങ്ങളിലും ശരിക്കും പ്രത്യക്ഷപ്പെടുകയും ചെയ്യുന്നു. പാർട്ടിസംഘടനയിലെ ചില വിഭാഗങ്ങളെ അഥവാ ചില കണ്ണികളെത്തന്നേയും അത്തരം തെററായ ആശയഗതി നിയന്ത്രിക്കുകയോ കാൻതിന്നുകയോ ചെയ്യുവെന്നും വരാവുന്നതാണ്. ഏററവും ഉയന്ന തോതിലേയ്ക്കു് അതു വളരുമ്പോൾ, ഉദാ: 'ചെൻതുസ്യൂ'വും 'ചാൻങ്കോ-ടോവോ'വും അതുപോലുള്ളവരും പാർട്ടിയിൽ അധികാരത്തിൽവന്ന കാലത്ത്, തൊഴിലാളിവർഗ്ഗവിരുദ്ധമായ ഇത്തരം തെററായ ആശയഗതി താല്ക്കാലികമായിട്ടാണെങ്കിലും പാർട്ടിനേതൃത്വത്തിൻെറ വലിയ ഭാഗത്തെ അഥവാ ഏററവും മുഖ്യമായ ഭാഗത്തെ കൈയടക്കിവയ്ക്കുകപോലും ചെയ്തിട്ടുണ്ട്. എന്നാൽ സാധാരണകാലങ്ങളിൽ ഇത്തരം ആശയഗതിയെ ശരിയായ തൊഴിലാളിവർഗ്ഗ ആശയഗതി തോല്പിക്കുന്നു. പാർട്ടിയ്ക്കുള്ളിലെ ആശയസമരം അതു തെളിയിച്ചിട്ടുണ്ട്.

ചില പാർട്ടിമെമ്പറന്മാരെ സംബന്ധിച്ചും ഇതേവിധം തന്നെയാണ്. ചിലപ്പോൾ, അവരുടെ തെററായ ആശയഗതി ഉറങ്ങിക്കിടക്കുകയും നിയന്ത്രണാധീനമായിരിക്കുകയും ചെയ്യും: എന്നാൽ മററു സന്ദർഭങ്ങളിൽ അവരുടെ പ്രവൃത്തികളെ നിയന്ത്രിക്കുന്ന സ്ഥിതിയിലേയ്ക്കു് വളന്നുവെന്നും വരാം. ഒരേ വ്യക്തിയിൽതന്നെയുള്ള ഭിന്നങ്ങളായ രണ്ടു്

ആശയഗതികൾക്കുതമ്മിൽ നടക്കുന്ന വൈരുദ്ധ്യങ്ങളും സമരങ്ങളും ഇതു തെളിയിക്കുന്നു.

നമ്മുടെ ആശയപരമായ വിദ്യാഭ്യാസമെന്നാൽ, തൊഴിലാളിവർഗ്ഗപരവും കമ്മ്യൂണിസ്റ്റുമായ ജീവിതവീക്ഷണവും നാം ബോധപൂർവ്വം സ്വീകരിക്കണമെന്നും തെററായതും തൊഴിവർഗ്ഗപരമല്ലാത്തതുമായ എല്ലാത്തരം ആശയഗതികളേയും കീഴടക്കുന്നതിനും ഇല്ലായ്മചെയ്യുന്നതിനുംവേണ്ടി വ്യക്തിപരമായ വളർച്ചയ്ക്കും തൊഴിലാളിവർഗ്ഗത്തിൻേറയും രാഷ്ട്രത്തിൻേറയും മനുഷ്യരാശിയുടേയും മോചന താല്പര്യങ്ങൾക്കും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ശരിയായ ഒരു ധാരണയുണ്ടായിരിക്കണമെന്നുമാണ്.

### പാർട്ടിയിലുള്ള വിവിധങ്ങളായ അബദ്ധ ചിന്താഗതികളുടെ മൂലകാരണം

സഖാക്കളേ! കമ്മ്യൂണിസ്റ്റ്പാർട്ടി ഇന്നത്തെ മനുഷ്യസമുദായത്തിൻെറ ഉജ്ജ്വലതരവും ഏററവും പുരോഗമനപരവുമായ വശത്തെയാണ് പ്രതിനിധീകരിക്കുന്നതു്. കമ്മ്യൂണിസ്റ്റ്പാർട്ടിയിലാണ് മനുഷ്യവംശത്തിൻെറ ഒന്നാന്തരം ആശയഗതിയായ മാർക്സിസം-ലെനിനിസം സ്ഥിതിചെയ്യുന്നതും വളരുന്നതും. കമ്മ്യൂണിസ്റ്റ്പാർട്ടിയിൽ വന്നുചേർന്നിട്ടുള്ള ആളുകൾ ലോകത്തുള്ളതിൽവെച്ച് ഏററവും ബോധമുള്ളവരും, പുരോഗമനസ്വഭാവമുള്ളവരും, ഏററവും ഉയർന്ന സന്മാർഗ്ഗബോധവും നീതിബോധവുംകൊണ്ടു വിവേകംവന്നവരുമാണ്. അവർ എല്ലാ ദുഷ്ട ശക്തികൾക്കുമെതിരായി വാശിയോടെ പടവെട്ടുകയും സുന്ദരമായ ഭാവിക്കുവേണ്ടിയും മനുഷ്യസമുദായത്തിൻെറ അവസാനമോചനത്തിനുവേണ്ടിയും പോരാടുകയും ചെയ്യുന്നു. ചൈനീസ്കമ്മ്യൂണിസ്റ്റ്പാർട്ടി ലോകത്തുള്ള ഒന്നാന്തരം കമ്മ്യൂണിസ്റ്റ്പാർട്ടികളിലൊന്നാണു. അതു മാർക്സിസ്റ്റ്-ലെനിനിസ്റ്റ് സിദ്ധാന്തമാകുന്ന ആയുധംധരിച്ചു് സുശക്തമായി നിലകൊള്ളുന്നു; അതേസമയം ചൈനയുടെ ചരിത്രത്തിലെ പൂർവ്വതലമുറകളിൽ മഹത്തായ നേട്ടങ്ങൾ വരുത്തിയിട്ടുള്ള ഒട്ടനേകം പുരോഗമനചിന്തകന്മാരു

ടേയും മഹാന്മാരുടേയും ഒന്നാന്തരം പാരമ്പര്യങ്ങളും അതിനു ണ്ട്. അതു ചൈനീസ് സമുദായത്തിന്റെ ഏററവും പുരോ ഗമനപരവും ഉജ്ജ്വലവുമായ വശത്തിനുവേണ്ടി നിലകൊ ള്ളുന്നു. അതിന്റെ സംഘടനയിൽ ഏററവും നല്ലവരായ ചൈനീസ് സ്ത്രീപുരുഷന്മാരാണ് ചേന്നിട്ടുള്ളതു്. അതു് ചൈനീസ് സമുദായത്തിലെ പഴയ ദുഷ്ടസ്വാധീനതകൾക്കും പാരമ്പര്യങ്ങൾക്കുമെതിരായി ദീർഘകാലം സമരംനടത്തുക യും മികച്ച അനുഭവങ്ങൾ സ്വരൂപിക്കുകയും ദീർഘകാല ത്തെ വിപ്ലവസമരത്തിൽക്കൂടിയുള്ള പരീക്ഷണങ്ങളെ തര ണംചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ സംഗതികളെല്ലാം കമ്മ്യൂ ണിസ്റ്റ്കാരായ നമുക്ക് അഭിമാനിക്കാൻ വകയുള്ളതാണ്. കൂടാതെ, പൂർണ്ണവിശ്വാസത്തോടും എല്ലാ തെളിവുകളോടും കൂടെ നമുക്ക് ഉറപ്പിച്ചുപറയാൻ കഴിയും അവസാനവിജയ വും അവസാനനേട്ടവും തീർച്ചയായും നാം കരസ്ഥമാക്കുമെ ന്നു്.

എന്നിരുന്നാൽക്കൂടിയും, നമ്മുടെ സംഘടനയിലുള്ള എ ല്ലാ കാര്യങ്ങളും പൂർണ്ണമാണെന്നു പറയാവുന്നതല്ല. നമ്മുടെ സംഘടന കുറവുകളും കുററങ്ങളുമില്ലാത്തതല്ല. നമ്മുടെ പാർട്ടി അണികളിൽ കൊള്ളരുതാത്തവർ തീരെ ഇല്ലാതായിട്ടില്ല, തനി "കെട്ടമുട്ടകൾ"പോലും ഉണ്ട്. ഇവരു കള്ളത്തരങ്ങളും ഉപദ്രവങ്ങളും കാണിക്കാൻ തീരെ സാദ്ധ്യമായ ഒരു സ്ഥിതി ഇനിയും വന്നിട്ടില്ലതാനും. അതായതു്, നമ്മുടെ ഉജ്ജ്വലമായ പാർട്ടിയിൽ ഇപ്പൊഴും ഇരുണ്ട വശങ്ങളുണ്ട്, ഇപ്പൊഴും മൂടൽനിറഞ്ഞ വശമുണ്ട്. ഞാൻ എണ്ണിയെണ്ണിപ്പറഞ്ഞിട്ടുള്ള കാര്യങ്ങളിവയൊക്കെയാണ്.

ഒരിക്കൽ ഒരു കുടുംബത്തിലേയ്ക്കു് ഒരു വിരൂപിയായ ജാമാതാവിനേയോ വിരൂപിണിയായ വധുവിനേയോ വേളി കഴിച്ചു കൊണ്ടുവന്നുവെന്നിരിക്കട്ടെ, പിന്നെ അവനേയോ അവളേയോ അതിഥികൾ കാണാതെ സൂക്ഷിക്കാൻ സാധ്യ മല്ല. ഈ ഇരുണ്ട കാര്യങ്ങളെ സംബന്ധിച്ചിടത്തോളം, 'പര സ്യമായ വിഴുപ്പ് അലക്കാതിരിക്കുക' എന്ന ഒരു നിലപാട് സ്വീകരിക്കാൻ ശ്രമിച്ചാൽപോലും നടക്കില്ല. ബഹുജനങ്ങൾ നമ്മുടെ പാർട്ടിയോട് നിരന്തരബന്ധത്തിലാണു കഴിയുന്ന

ത്, നമ്മുടെ അനുഭാവികൾ നമ്മെ സന്ദർശിക്കാൻ വരും, നമ്മെ ഉററുനോക്കിക്കൊണ്ടിരിക്കുന്ന അസംഖ്യമാളുകൾ, യുവാക്കന്മാരും യുവതികളും നമ്മിൽനിന്നും പഠിക്കുന്നതിനോ പാർട്ടിയിൽ ചേരുന്നതിനോ ആയി ഇവിടെ (യെനാവിൽ) വരാനാഗ്രഹിക്കുന്നുണ്ട്. അവരിവിടെ വന്നുചേരുമ്പോൾ നമ്മുടെ പുരോഗമനപരങ്ങളും ഉജ്ജ്വലങ്ങളും മനോഹരങ്ങളുമായ എല്ലാ കാര്യങ്ങളേയും നമ്മുടെ കുടുംബാംഗങ്ങളേയും കാണുന്നതിനുപുറമേ നമ്മുടെ വിരൂപരായ മരുമകനേയോ മരുമകളേയോകൂടി കാണും — അവരാണെങ്കിൽ അനേകമാളുകളുടെ മുമ്പിൽവെച്ച് വിഡ്ഢിത്തം പറയുകയും വിഡ്ഢിവേഷം സ്വയം കെട്ടുകയും ചെയ്യും, അപ്പോൾ, നമ്മുടെ അതിഥികളിൽ ചിലരും പുതിയ പുതിയ പാർട്ടിമെമ്പറന്മാരും അത്ഭുതപ്പെട്ടുപോകും. അവർ ഇങ്ങനെ ചില ചോദ്യങ്ങൾ ചോദിക്കും: കമ്മ്യൂണിസ്റ്റ്പാർട്ടി ഒന്നാന്തരമായിട്ടല്ലേ ഗണിക്കപ്പെട്ടുന്നതു? ഇതു വിചിത്രമല്ലേ?

പാർട്ടിയിൽ ചേരുന്നതിനുമുമ്പ്, നിലവിലുള്ള സമുദായത്തോട്ട് അങ്ങേയററം തൃപ്തിതോന്നി, യാതൊരു പോംവഴിയും കാണാതെ കമ്മ്യൂണിസ്റ്റ്പാർട്ടി മാത്രമാണ് ഏററവും ഉജ്ജ്വലമായ ആശ നൽകുന്നതെന്നു വിശ്വസിച്ച് പാർട്ടിയിലേയ്ക്കുവന്ന എത്രയോ ചെറുപ്പക്കാരായ സഖാക്കളുണ്ട്. പാർട്ടിയിൽ ചേർന്നുകഴിഞ്ഞാൽ പിന്നെ എല്ലാം തൃപ്തികരവും ആശാവഹവമായിത്തീർന്നുകൊള്ളുമെന്നു് അവർ വിചാരിച്ചു. എന്നാൽ അവർ ചേർന്നുകഴിഞ്ഞതിനുശേഷം അവക്കു തോന്നാൻ തുടങ്ങി പാർട്ടിയിലും ചില തെററുകളും കുറവുകളും ഇരുണ്ട വശങ്ങളുമുണ്ടെന്നു്. കൂടാതെ, വാസ്തവത്തിൽ എല്ലാ കാര്യത്തിലും അവരെ തൃപ്തിപ്പെടുത്തുവാൻ നമുക്കു സാദ്ധ്യമല്ല. (എന്തുകൊണ്ടെന്നാൽ അവക്കു തൃപ്തികരമായിക്കാണുന്നത്, ഏറെക്കുറെ പാർട്ടിയുടേയും വിപ്ലവത്തിൻേറയും താല്പര്യത്തോട്ടു യോജിക്കുന്നതായിരിക്കയില്ല. ഇന്നു് അവക്ക് യഥാർത്ഥമായി തോന്നുന്നത് അവരുടെ പഴയ ആദർശങ്ങളോട്ട് ശരിയായി പൊരുത്തപ്പെട്ടുന്നില്ല. അപ്പോൾ അവർ സംശയാലുക്കളും സംഭ്രമചിത്തരും ആകാൻതുടങ്ങി, പല ചോദ്യങ്ങളും ചോദിക്കാൻ തുടങ്ങി; "എന്തുകൊണ്ടാണ് കമ്മ്യൂണി

സ്റ്റ് പാർട്ടിയിൽ ഇത്തരം കാര്യങ്ങളും കാണുന്നത്?'' അവരിൽ ചിലർ യെനാനിൽ വന്നുചേരുന്നതിനും ജാപ്പവിരുദ്ധ സർവ്വകലാശാലയിൽ പ്രവേശിക്കുന്നതിനുംമുമ്പ് വിചാരിച്ചിരുന്നത് അവർ നേരത്തെ സ്വപ്നംകണ്ടിരുന്നതുപോലെ യെനാനും ജാപ്പവിരുദ്ധ യൂണിവേഴ്സിററിയും അത്ര മനോഹരമാണെന്നാണ്, എന്നാൽ അവരിവിടെ വന്നു യൂണിവേഴ്സിററിയിൽ പ്രവേശിച്ചശേഷം എല്ലാം തൃപ്തികരമല്ലെന്നു കണ്ടു, അപ്പോൾ വീണ്ടുമവർ കുഴങ്ങി, ഇപ്രകാരം ചോദിച്ചു, ''എന്തുകൊണ്ടാണ് യെനാനിലും ജാപ്പവിരുദ്ധ യൂണിവേർസിററിയിലും ഇപ്പോഴും ഇത്തരം അതൃപ്തികരമായ സംഗതികളുള്ളത്?'' ചിലയാളുകൾ ദോഷൈകദൃക്കുകളും നിരാശരുമായിത്തീരുകപോലും ചെയ്യു, കാരണം ഈ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുവാൻ അവക്ക് കഴിഞ്ഞില്ല.

അവരുടെ ചോദ്യങ്ങളെ സംബന്ധിച്ചിടത്തോളം, നമ്മുടെ പുതിയ പാർട്ടിമെമ്പറന്മാരോടും അനുഭാവികളോടും ശ്രദ്ധാപൂർവ്വം പെരുമാറുന്നതിലും അവരെ നയിക്കുന്നതിലും കാര്യമായി ശ്രദ്ധചെലുത്തണമെന്നും നാം ജാഗ്രതയായിരിക്കണമെന്നും അവക്കു പ്രതികൂലമായ ധാരണയുണ്ടാക്കാനിടവരുത്തണമെന്നും നമ്മുടെ പാർട്ടിമെമ്പറന്മാരോടും പ്രവത്തകരോടും നിർദ്ദേശിക്കുന്നതിനുപുറമേ, പാർട്ടിക്കുള്ളിലും പുറത്തുമുള്ള നമ്മുടെ സഖാക്കൾക്ക് ഒരു വിശദീകരണം നല്കേണ്ടതും അത്യാവശ്യമാണു്,

നമ്മുടെ പാർട്ടിയുടെ ഒന്നാംതരംസംഘടനയിൽ ഇന്നും ഇത്തരം വൃത്തികെട്ട സംഗതികളുണ്ടാകുന്നതെന്തുകൊണ്ടാണു്? അതിനുള്ള കാരണം വളരെ ലളിതമാണെന്നു ഞാൻ വിചാരിക്കുന്നു. നമ്മുടെ പാർട്ടി ആകാശത്തുനിന്നു പൊട്ടിവീണ ഒരു പാർട്ടിയല്ല; അതു് ഇന്നു നിലവിലുള്ള ചൈനീസ് സമുദായത്തിൽനിന്നുതന്നെ വളന്നുവന്ന ഒരു പാർട്ടിയാണു്. പൊതുവിൽ നമ്മുടെ പാർട്ടിമെമ്പറന്മാർ താരതമ്യേന ചൈനയിലെ ഏററവും നല്ല സ്ത്രീപുരുഷന്മാരും ചൈനീസ് തൊഴിലാളിവർഗ്ഗത്തിൻെറ മുന്നണിപ്പടയുമാണെന്നിരിക്കിലും, അവർ ചൈനീസ്സമുദായത്തിൻെറ എല്ലാവിഭാഗങ്ങളിൽനി

ന്നും വരുന്നവരും, ചൂഷകവർഗ്ഗത്തിൻെറ സ്വാധീനം—സ്വാൎത്ഥതയും ദുരാലോചനയും, സ്വേച്ഛാപ്രഭുത്വവും മററെല്ലാ വൃത്തികേടുകളും—നിറഞ്ഞ ഈ സമുദായത്തിൽതന്നെ ജീവിക്കുന്നവരുമാണു്. നമ്മുടെ ഒന്നാംതരം പാൎട്ടിമെമ്പറന്മാരിൽ മിക്കവരും ഇത്തരം സംഗതികളുടെ സ്വാധീനതയിൽപെട്ടു പോകാനിടയില്ല; എന്നാൽ സമുദായത്തിലെ ഈ വൃത്തികെട്ട സംഗതികൾ ഏറെക്കുറെ പാൎട്ടിയിലേയ്ക്കു് കൊണ്ടുവരികയോ പാൎട്ടിയിൽ പ്രതിഫലിപ്പിക്കുകയോ ചെയ്യുന്ന മററു പാൎട്ടിമെമ്പർമാർ ഇപ്പോഴും ഉണ്ടാകുമെന്നതിൽ അസാധാരണമായിട്ടെന്തുണ്ടു്? ചെളിയിൽനിന്നും ഇഴഞ്ഞുകേറിവരുന്നവനും തുടരെ ചെളിയിൽകിടന്നു ഉഴകുന്നവനുമായ ഒരുവൻെറ ദേഹത്തു ചെളി പററിയിരിക്കുമെന്നതിൽ അസാധാരണമായെന്തുണ്ടു്? അതു ഒട്ടുംതന്നെ അസാധാരണമല്ല, അതു് സഹജമാണു്. കമ്മ്യൂണിസ്റ്റ്പാൎട്ടിയിൽ ഇത്തരം വൃത്തികേടുകൾ തീരെ ഇല്ലായിരുന്നുവെങ്കിൽ വാസ്തവത്തിൽ അസാധാരണമായേനെ. ഇത്തരം വൃത്തികേടുകൾ നിറഞ്ഞ ഒരു സമുദായത്തിൽ തികച്ചും കളങ്കരഹിതമായ ഒരു കമ്മ്യൂണിസ്റ്റ്പാൎട്ടിയെ സൃഷ്ടിക്കുവാൻ എങ്ങനെ കഴിയും? കഴിയുമെന്നു് ഒരിക്കലും വിഭാവനം ചെയ്യാൻ വയ്യാ. ഈ വൃത്തികേടുകൾ നിലനില്ക്കുന്നിടത്തോളം കാലം, വർഗ്ഗഭേദം നിലനില്ക്കുന്നിടത്തോളം കാലം, ചൂഷകവർഗ്ഗത്തിൻെറ സ്വാധീനശക്തികൾ സമുദായത്തിൽ ഉള്ളെടത്തോളം കാലം കമ്മ്യൂണിസ്റ്റ്പാൎട്ടിയിലും ഈ വൃത്തികേടുകൾ ഉണ്ടാകാതെ തരമില്ലെന്നു പറയാൻ സാധിക്കും.

അതുകൊണ്ടു് വിപ്ലവം നടത്തുകയെന്ന കടമയാണു് കമ്മ്യൂണിസ്റ്റ് പാൎട്ടിയെ നേരിട്ടിരിക്കുന്നതു്; അതിന്നു് കമ്മ്യൂണിസ്റ്റ്പാൎട്ടി മെമ്പറന്മാർ സ്വയം വിദ്യാഭ്യാസം നടത്തുകയും സമരതീച്ചൂളയിൽ ഉരുക്കുപോലെ ഉറയ്ക്കുകയും വേണം ഇക്കാരണത്താൽ, സമുദായത്തിലുള്ള എല്ലാ ഇരുണ്ട കാര്യങ്ങൾക്കും പിന്നോക്ക ചിന്താഗതികൾക്കുമെതിരായി സമരങ്ങൾ സംഘടിപ്പിക്കുന്നതിനുപുറമേ, സമുദായത്തിലെ എല്ലാത്തരം ഇരുണ്ട വശങ്ങളേയും പിന്നോക്കതത്വങ്ങളേയും പ്രതിഫലിപ്പിക്കുന്ന ആടിക്കളിക്കുന്നവരും അസ്ഥിരരുമായ ആളുകളോടു് നാം പാൎട്ടിയ്ക്കുള്ളിലും സമരം നടത്തണം. ന

യുടെ പാട്ടിയ്ക്കുള്ളിലെ വൈരുദ്ധ്യങ്ങളുടേയും പാട്ടിയ്ക്കുള്ളിലെ സമരങ്ങളുടേയും അടിസ്ഥാനംതന്നെ ഇതാണ്. പാട്ടിയ്ക്കുള്ളിലും പുറത്തുമുള്ള വിവിധ സമരങ്ങൾക്കിടയ്ക്ക് സമുദായത്തെ അഴിച്ചുപണിയുന്നതിനും, ഇരുണ്ടവശങ്ങളേയും പിന്നോക്ക ചിന്തകളേയും ക്രമേണ നീക്കുന്നതിനും, അതേസമയം പാട്ടിയേയും പാട്ടിമെമ്പറന്മാരേയും പുതുക്കി വാക്കുന്നതിനും, അതേസമയം പാട്ടിയേയും പാട്ടിമെമ്പറന്മാരേയും സുശക്തവും സുദൃഢവുമായ നിലവാരത്തിലേക്ക് ഉയർത്തുന്നതിന്നു വേണ്ടി പാട്ടിയ്ക്കുള്ളിലെ വൈരുദ്ധ്യങ്ങളെ പരിഹരിക്കുന്നതിനും നാം പരിശ്രമിക്കുന്നു,

സഖാവു സ്റ്റാലിൻ പറഞ്ഞിട്ടുണ്ട്:

"തൊഴിലാളിവർഗ്ഗപാട്ടിയ്ക്കുള്ളിലുള്ള വൈരുദ്ധ്യങ്ങളുടെ മൂലകാരണങ്ങൾ രണ്ടു സാഹചര്യങ്ങളിലാണ് സ്ഥിതി ചെയ്യുന്നത്.

ഇ സഹചര്യങ്ങളേവ:

"ഒന്നാമതു വർഗ്ഗസമരത്തിനിടയ്ക്കു തൊഴിലാളിവർഗ്ഗത്തിന്റെയും അതിന്റെ പാട്ടിയുടേയുംമേൽ ബൂർഷ്വാസിയും ബൂർഷ്വാആശയ സംഹതിയും ചെലുത്തുന്ന സമ്മർദ്ദം—തൊഴിലാളിവർഗ്ഗത്തിലെ തീരെ ഉറപ്പില്ലാത്ത വിഭാഗങ്ങൾ, അതായതു് തൊഴിലാളിവർഗ്ഗപ്പാർട്ടിയിലെ തീരെ ഉറപ്പില്ലാത്ത വിഭാഗങ്ങൾ ഈ സമ്മർദ്ദത്തിന്നു കീഴടങ്ങുന്നു. തൊഴിലാളിവർഗ്ഗം സമുദായത്തിൽനിന്നും പൂർണ്ണമായി വേറിട്ടുനില്ക്കുന്നു, അതു സമുദായത്തിന്നു പുറത്തുനില്ക്കുന്നു, എന്നു കരുതുന്നതിൽ അർത്ഥമില്ല. തൊഴിലാളിവർഗ്ഗം സമുദായത്തിന്റെ ഒരു ഭാഗമാണ്, സമുദയായത്തിന്റെ സംഖ്യയില്ലാത്ത കെട്ടുപാടുകളെക്കൊണ്ടു് അതിന്റെ വിവിധ ഭാഗങ്ങളോടു് ബന്ധപ്പെട്ടുകിടക്കുന്ന ഒന്നാണ്. എന്നാൽ, പാട്ടി തൊഴിലാളിവർഗ്ഗത്തിന്റെ ഒരു ഭാഗമാകുന്നു. അതുകൊണ്ടു്, പാട്ടിക്കു ബൂർഷ്വാസമുദായത്തിന്റെ വിവിധ ഭാഗങ്ങളോടുള്ള ബന്ധത്തിൽനിന്നോ അവയുടെ സ്വാധീനശക്തിയിൽനിന്നോ സ്വതന്ത്രമായി നില്ക്കാൻ സാദ്ധ്യമല്ല. തൊഴിലാളിവർഗ്ഗത്തിന്റേയും അ

തിൻെറ പാൎട്ടിയുടേയും മേലുള്ള ബൂഷ്വാസിയുടേയും ബൂഷ്വാ തത്വസംഹതിയുടേയും സമ്മൎദ്ദം —ബൂഷ്വാ ആശയങ്ങളും ധൎമ്മനീതികളും, ആചാരമൎയ്യാദകളും, സ്വഭാവരീതികളുമെല്ലാം പലപ്പോഴും തൊഴിലാളിവൎഗ്ഗത്തിലേയ്ക്കും അതിൻെറ പാൎട്ടിയിലേയ്ക്കും തൊഴിലാളിവൎഗ്ഗത്തിൻെറ ചില വിഭാഗങ്ങൾമുഖേന, ചോൎന്നു കൂടിച്ചേരുന്നുണ്ടെന്ന വസ്തുതയിലാണു പ്രകടനമായിക്കാണുന്നതു്.

"രണ്ടാമതു്, തൊഴിലാളിവൎഗ്ഗത്തിൻെറതന്നെ സങ്കീൎണ്ണത, തൊഴിലാളിവൎഗ്ഗത്തിനുള്ളിൽതന്നെ വ്യത്യസ്തവിഭാഗങ്ങളുള്ളതു്. തൊഴിലാളിവൎഗ്ഗത്തെ, ഒരു വൎഗ്ഗമെന്നനിലയിൽ, മൂന്നുവിഭാഗങ്ങളായി തിരിക്കാവുന്നതാണെന്നു് ഞാൻ വിചാരിക്കുന്നു.

"തൊഴിലാളിവൎഗ്ഗത്തിൻെറ അടിസ്ഥാനജനവിഭാഗം, അതിൻെറ കാതൽ, അതിൻെറ സ്ഥിരമായ വിഭാഗം, അതാണു് ഒന്നാമത്തെ വിഭാഗം. മുതലാളിവൎഗ്ഗത്തോടുള്ള ബന്ധങ്ങളെ വളരെ മുമ്പേതന്നെ മുറിച്ചുകളഞ്ഞ തനിതൊഴിലാളിവിഭാഗമാണു് അതു്. ഈ തൊഴിലാളിവിഭാഗം മാൎക്സിസത്തിൻെറ ഏററവും വിശ്വസ്തമായ താങ്ങാണു്.

"രണ്ടാമത്തെ വിഭാഗത്തിൽ, തൊഴിലാളിവൎഗ്ഗേതരങ്ങളായ വൎഗ്ഗങ്ങളിൽനിന്നു്, കൃഷികരിലും ഇടത്തരക്കാരിലും ബുദ്ധിജീവികളിലുംനിന്നു്, ഈ അടുത്തകാലത്തുമാത്രം വന്നുചേൎന്നവർ ഉൾപ്പെടുന്നു. ഇതരവൎഗ്ഗങ്ങളിൽനിന്നും വന്നുചേരുന്ന ഈ ആളുകൾ, ഈ അടുത്തകാലത്തുമാത്രം തൊഴിലാളിവൎഗ്ഗഅണികളിൽ ചേൎന്നിട്ടുള്ളവർ, തൊഴിലാളിവൎഗ്ഗത്തിലേക്കു് അവരുടെ ആചാരക്രമങ്ങളും ശീലങ്ങളും സംശയങ്ങളും ചാഞ്ചാട്ടങ്ങളുംകൂടി അവരോടുകൂടെ കൊണ്ടുപോന്നിട്ടുണ്ടു്. ഈ വിഭാഗം എല്ലാത്തരത്തിലുമുള്ള അരാജകത്വപരവും അൎദ്ധാരാജകത്വപരവും അതിരുകടന്ന ഇടതുപക്ഷവാദപരവുമായ കൂട്ടുകെട്ടുകൾക്കു് ഏററവും പശിമയുള്ള വിളഭൂമിയാണു്.

"ഇനി മൂന്നാമത്തെ വിഭാഗം:

"തൊഴിലാളികൾക്കിടയിലെ പ്രഭുക്കന്മാർ, തൊഴിലാളിവർഗ്ഗത്തിലെ യജമാനവിഭാഗം, തൊഴിലാളികൾക്കിടയിൽ ഏററവും അധികം കഴിയാൻ വകയുള്ളവർ. ബൂഷ്വാസിയുമായി സന്ധിചെയ്യുകയെന്നതാണ് അവരുടെ ചിന്താഗതി, അധികാരത്തിലിരിക്കുന്നവരോട് ഒത്തിണങ്ങാനാണ് അവക്കു വാസന. 'നാട്ടിൽ പ്രമാണി'കളാകാനാണ് അവരുടെ ശ്രമം. പരസ്യമായി മിതവാദികളും തക്കംനോക്കികളുമായിത്തീരുന്നവർ ഇവരുടെയിടയിലാണുണ്ടാകുന്നതു്."

സഖാക്കളേ! നമ്മുടെ ഒന്നാന്തരം പാർട്ടിയിൽ ഇന്നും നിലനിന്നുപോരുന്ന തൊഴിലാളിവർഗ്ഗപരമല്ലാത്ത വിവിധ ആശയങ്ങളുടേയും തെററുകളുടേയും കുററങ്ങളുടേയും വൃത്തികേടുകളുടേയും ഉറവിടം ഇതാണ്. പാർട്ടിയിൽ ഇന്നും നിലനിന്നുപോരുന്ന ബഹുവിധവൈരുദ്ധ്യങ്ങളുടെ ഉല്പത്തിസ്ഥാനമിതാണ്.

## പാർട്ടിയിലും പാർട്ടിക്കുള്ളിലെ സമരത്തിലും തെററായ വിവിധചിന്താഗതികളുടെ നേരെ എടുക്കേണ്ട നിലപാട്

ചൂഷകവർഗ്ഗങ്ങളുടെ സ്വാധീനശക്തികൊണ്ടും, തൊഴിലാളിവർഗ്ഗത്തിന്റേയും നമ്മുടെ പാർട്ടിയുടേയും സങ്കീർണ്ണതകൊണ്ടും പാർട്ടിമെമ്പറന്മാരുടെയിടയിൽ വിഭിന്ന ആശയഗതികളും വീക്ഷണഗതിയും ആചാരക്രമങ്ങളും ശീലങ്ങളും മനോഭാവങ്ങളും ഉയന്നുവരുന്നു; പാർട്ടിമെമ്പറന്മാരുടെയിടയിൽ അവരുടെ ജീവിതതത്വങ്ങളിലും ലോകവീക്ഷണത്തിലും ധാർമ്മികബോധത്തിലും പല തോതിലുള്ള വ്യത്യസ്ഥതകൾ പൊങ്ങിവരുന്നു; പാർട്ടിമെമ്പറന്മാരുടെയിടയിൽ കാര്യങ്ങളെ നോക്കിക്കാണുന്ന രീതിയിലും വിവിധ വിപ്ലവപ്രശ്നങ്ങളെ സംബന്ധിച്ച് ചിന്തിക്കുന്ന വിധത്തിലും വ്യത്യസ്തതകളുത്ഭവിക്കുന്നു. ചിലർ സംഭവങ്ങളുടെ വളർച്ചയുടേയും പരസ്പരബന്ധത്തിന്റേയും വീക്ഷണത്തിലൂടെ തെററായതും വസ്തുനിഷ്ഠവുമായ രീതിയിൽ കാര്യങ്ങളെ നോക്കിക്കാണുന്നു; മററുള്ളവർ മാററവും അന്യോന്യബന്ധവുമില്ലെന്ന മട്ടിൽ

തെററായ, മനോനിഷ്ഠരീതിയിൽ കാര്യങ്ങളെ നോക്കിക്കാണുന്നു. ചിലർ കാര്യങ്ങളുടെ ഒരുവശത്തെ മാത്രം കാണുകയോ വലുതാക്കി പറയുകയോ ചെയ്യുന്നു. വേറെചിലർ മററൊരു വശത്തേയും, അതായതു് അവർ വളർച്ചയുടേയും വസ്തുനിഷ്ഠകാര്യങ്ങളുടെ, അന്യോന്യബന്ധത്തിൻേറയും നിയമങ്ങൾക്കനുസരിച്ച പ്രശ്നങ്ങളെ ഒട്ടാകെ നോക്കിക്കാണുന്നില്ല, നേരേമറിച്ച ഏകപക്ഷമായും മനോനിഷ്ഠമായും വീക്ഷിക്കുന്നു; അതുകൊണ്ട് പാർട്ടിമെമ്പറന്മാർക്കിടയിൽ പ്രവർത്തനരീതിയിൽ വ്യത്യാസങ്ങളുണ്ടാകുന്നു, വിഭിന്നാശയങ്ങളുത്ഭവിക്കുന്നു, വിഭിന്നങ്ങളായ വീക്ഷണവും വാദഗതികളും പൊന്തിവരുന്നു, അങ്ങനെ പാർട്ടിക്കുള്ളിൽ സമരങ്ങൾ ഉത്ഭവിക്കുന്നു.

വിപ്ലവത്തിൻെറ വഴിതിരിയൽഘട്ടങ്ങളിൽ, സദാ മൂർച്ഛകൂടിക്കൊണ്ടിരിക്കുന്ന വിപ്ലവസമരങ്ങളുടെ കാലഘട്ടങ്ങളിൽ, കഷ്ടപ്പാടുകൾ കൂട്ടുമ്പോൾ, ബൂർഷ്വാവർഗ്ഗത്തിൻേറയും അതിൻെറ ആശയസംഹിതയുടേയും സ്വാധീനശക്തിക്കും സമ്മർദ്ദത്തിനും കീഴിൽ, വിശേഷിച്ചും ഇത്തരം വ്യത്യാസങ്ങളും വാദഗതികളും അനിർവാര്യമായും വിശിതരൂപം കൈക്കൊള്ളുന്നു അതുകൊണ്ടു് പ്രശ്നത്തിൻെറ കാതൽ പാർട്ടിക്കുള്ളിൽ ആശയഗതിയിലും അഭിപ്രായങ്ങളിലും വ്യത്യസ്തതകൾ ഉണ്ടൊയെന്നതല്ല—ഇത്തരംവ്യത്യാസങ്ങളുണ്ടാകുമെന്നതീർച്ച. പാർട്ടിക്കുള്ളിലുള്ള വൈരുദ്ധ്യങ്ങളെ പരിഹരിക്കുന്നതെങ്ങനെ, ഈ വ്യത്യാസങ്ങളെ ഇല്ലാതാക്കുന്നതെങ്ങനെ, പാർട്ടിയിലുള്ള പലതരം തെററും തൊഴിലാളിവർഗ്ഗപരമല്ലാത്തതുമായ ആശയഗതികളെ ജയിച്ച കീഴടക്കുന്നതെങ്ങനെ- ഇതാണു് പ്രശ്നം സ്വാഭാവികമായി, നമുക്കു് ഈ വൈരുദ്ധ്യങ്ങളെ പരിഹരിക്കാൻ കഴിയുന്നതു് വ്യത്യാസങ്ങളെ തുടച്ചുനീക്കാനും തെററായ വിവിധാശയഗതികളെ ജയിക്കാനും കഴിയുന്നതു്, പാർട്ടിക്കുള്ളിലെ സമരംമുഖേന മാത്രമാണു്. എംഗൽസു പറഞ്ഞിട്ടുള്ളതുപോലെ: "യാതൊരാൾക്കും യാതൊരു കാലഘട്ടത്തിലും വൈരുദ്ധ്യങ്ങളെ വളരെക്കാലം ഒഴിച്ചുവെയ്ക്കാൻ സാദ്ധ്യമല്ല, സമരങ്ങൾകൊണ്ടേ വൈരുദ്ധ്യങ്ങൾ പരിഹരിക്കപ്പെട്ടു."

പലതരക്കാരായ ആളുകൾ, പാർട്ടിക്കകത്തും പുറത്തും, പാർട്ടിയിലുള്ള വിവിധ തെററുകളുടേയും കുറവുകളുടേയും അനാശാസ്യസംഗതികളുടേയും നേരെ പലതരം അഭിപ്രായങ്ങൾ ഉയർത്തിപ്പിടിക്കുകയും, പലതരം നിലപാട്ട സ്വീകരിക്കുകയും ചെയ്യുന്നു.

ഒരുകൂട്ടർ പാർട്ടിയിലെ തെററുകുററങ്ങളേയും അനാശാസ്യസംഗതികളേയും ഒന്നുകിൽ കാണുന്നില്ല അല്ലെങ്കിൽ കാണാനാഗ്രഹിക്കുന്നില്ല. അവർ എല്ലാം ശുഭമാണെന്നു കണ്ണുചിമ്മി വിശ്വസിക്കുകയും പാർട്ടിയിൽ എല്ലാം ശരിയായിരിക്കുന്നുവെന്നു കരുതി നടക്കുകയും ചെയ്യുന്നു; അതുകൊണ്ട് അവർ തങ്ങളുടെ ജാഗ്രത കുറയ്ക്കുകയും, തെററുകുററങ്ങൾക്കും അനാശാസ്യതകൾക്കും എതിരായ തങ്ങളുടെ സമരത്തിന്നു് അയവു വരുത്തുകയും ചെയ്യുന്നു.

മറെറാരുകൂട്ടം ആളുകൾ തെററുകുററങ്ങളും വൃത്തികെട്ട കാര്യങ്ങളുമല്ലാതെ മിക്കവാറും മറെറാന്നും കാണുന്നേയില്ല; അവർ പാർട്ടിയുടെ നല്ലവശം കാണുകയേ ഇല്ല. പാർട്ടിയിലുള്ള യാതൊന്നും നല്ലതല്ലെന്നു് അവർ കരുതുന്നു, അതുകൊണ്ട് അവർ ദോഷൈകദൃക്കുകളും ഭഗ്നാശരും പാർട്ടിയുടെ ഭാവിയിൽ വിശ്വാസം നശിച്ചവരുമായിത്തീരുന്നു. അല്ലെങ്കിൽ അവർ അമ്പരന്നു് ഈവക കാര്യങ്ങൾ 'ആപൽക്കര'മാണെന്നു മുറവിളികൂട്ടുന്നു.

ഈ രണ്ടു വീക്ഷണങ്ങളും തെററും ഏകപക്ഷവുമാണ്. നമ്മുടെ വീക്ഷണം ഈ രണ്ടിൽനിന്നും ഭിന്നമാകണം. ഒരു വശത്ത്, നമ്മുടെ പാർട്ടി ചൈനീസ് തൊഴിലാളിവർഗ്ഗത്തിന്റെ ഏററവും പുരോഗമനപരവും ഏററവും വിപ്ലവപരവുമായ രാഷ്ട്രീയ പാർട്ടിയാണെന്നു നമുക്കറിയാം. മറുവശത്ത്, നമ്മുടെ പാർട്ടിയിൽ ഇപ്പോഴും പലതരത്തിലുള്ള, (വലുതും ചെറുതുമായ) തെററുകളും കുറവുകളും അനാശാസ്യകാര്യങ്ങളും ഉണ്ടെന്നു നാം വ്യക്തമായും മനസ്സിലാക്കുന്നു. അതേസമയം ഈ സംഗതികളുടെ ഉത്ഭവസ്ഥാനം, അവയെ ക്രമേണ തിരുത്തുകയും തീരെ ഇല്ലാതാക്കുകയും ചെയ്യുന്ന രീതി ഇവയെപ്പററിയും നമുക്ക് വ്യക്തമായ ധാരണയുണ്ട്. അതുകൊണ്ടു നമ്മുടെ പ്രയത്നങ്ങളും പ്രവർത്തനവും നാം ശക്തിപ്പെട്ടു

ത്തുകയും നമ്മുടെ പാർട്ടിയേയും വിപ്ലവത്തേയും മുന്നോട്ട നീക്കുന്നതിന്നാവശ്യമായ സമരം നടത്തുകയുമാണ് വേണ്ടതു്.

പലതരത്തിലുള്ള ആളുകളുടെ നിലപാടുകളും വീക്ഷണങ്ങളും ഭിന്നങ്ങളായിരിക്കുന്നതുപോലെ പാർട്ടിയിലുള്ള അനാശാസ്യ സംഗതികളുടെനേരെയും വിഭിന്നങ്ങളായ നിലപാടുകളുണ്ടു്.

അവയിലൊന്നാമത്തെ നിലപാട്: പാർട്ടിയിലുള്ള അനാശാസ്യസംഗതികളും തെററുകളും കുററങ്ങളും കണ്ടു രസിക്കുകയും അവയെ ഒരു തരം ആത്മസംതൃപ്തിയോടെ എടുത്തു പറയുകയും പാർട്ടിയെ തുരങ്കംവെയ്ക്കുന്നതിലേയ്ക്കു് അവയെ എല്ലാവിധത്തിലും ഉപയോഗപ്പെടുത്തുകയും വലുതാക്കിക്കാണിക്കുകയും ചെയ്യുക (ചിലപ്പോൾ ഈ രീതി ചില തെററുകളെ എതിർക്കുകയും മറെറാരുവഴിക്കു അവയെ ചാലുവെച്ചുവിടത്തക്കവണ്ണം പ്രത്യേകരീതിയിൽ പാർട്ടിലെനിന്നെ പിന്താങ്ങുകയും ചെയ്യുകയെന്ന രൂപം കൈക്കൊള്ളുന്നു.) പാർട്ടിക്കുവെളിയിലുള്ള നമ്മുടെ ശത്രുക്കളും ചാരന്മാരും പാർട്ടിയിലൊളിച്ചരിക്കുന്ന ട്രോട്സ്കിയററുകാരും ഈ നിലപാടാണു സ്വീകരിച്ചിട്ടുള്ളത്.

രണ്ടാമത്തെ നിലപാട്: ചില വ്യക്തിപരമായ സ്വാത്മമോഹങ്ങളേയും ആഗ്രഹങ്ങളേയും തൃപ്തിപ്പെടുത്താൻവേണ്ടി ചില തെററായ ആശയഗതികളോടും ചീത്ത ഉദാഹരണങ്ങളോടും അനുഭാവം കാണിക്കുക, അവയെ സ്വീകരിക്കുകയും അവയിൽനിന്നു പഠിക്കുകയും ചെയ്യുക. പാർട്ടിയിൽ ചില ന്യൂനതകളും തെററുകളും ഉണ്ടായിരിക്കുന്നതു തങ്ങൾക്കു് അനുകൂലമാണെന്നു അവർ കരുതുന്നു, അതുകൊണ്ടു് അവർ സ്വയം ബോധപൂർവ്വമായോ അല്ലാതെയോ അവയുടെ വളർച്ചയെ പ്രോത്സാഹിപ്പിക്കുകയും അവയെ ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു. അവസരവാദികളും തീരെ അനാശാസ്യസ്വഭാവമുള്ളവരായ പാർട്ടിമെമ്പറന്മാരും സ്വീകരിക്കുന്ന നിലയാണിതു്.

മൂന്നാമത്തെ നിലപാട്: ഈ തെററുകളെയും ന്യൂനതകളേയും അനാശാസ്യസംഗതികളേയും തൊടാതെ വിട്ടേയ്ക്കുക, അവയുടെ ഇഷ്ടത്തിനു പൊയ്ക്കൊള്ളാൻ അനുവദിക്കുക. ഈ

നിലപാട്ട സ്വീകരിച്ചിട്ടുള്ള ആളുകൾ കാര്യങ്ങളെ നിസ്സാരമാക്കാൻ ശ്രമിക്കുകയും അവയ്ക്കെതിരായി സമരം ചെയ്യുന്നതിനെ ഇഷ്ടപ്പെടാതിരിക്കുകയും ചെയ്യുന്നു. അഥവാ അവർ പാർട്ടിയ്ക്കുള്ളിലെ സമരത്തേയും സ്വയംവിമർശനത്തേയും ഭയപ്പെടുന്നു, അവ ഉപദ്രവകരങ്ങളാണെന്നും പാർട്ടിക്കു നല്ലതല്ലെന്നും കണക്കാക്കുന്നു. അതുമല്ലെങ്കിൽ അവർ ഈവക കാര്യങ്ങളോട് അശ്രദ്ധ കാണിക്കുന്നു, അവയുണ്ടെന്നു കാണാൻ ഇഷ്ടപ്പെടുന്നില്ല; ഈ സംഗതികളുടെനേരെ ഉദാസീനവും അനുരഞ്ജനപരവും എല്ലാം കാണാത്തതുമായ ഒരു നിലപാട് സ്വീകരിക്കുന്നു. പാർട്ടിയോടുള്ള കടമയെ സംബന്ധിച്ച് വളരെ കുറഞ്ഞ ബോധംമാത്രമുള്ള, മിതവാദിത്വം ആണ്ടിറങ്ങിയിട്ടുള്ള, ഉദ്യോഗസ്ഥമേധാവികളായ പാർട്ടിമെമ്പറന്മാരെടുക്കുന്ന നിലപാടാണിതു്.

നാലാമത്തെ നിലപാട്: പാർട്ടിയിലുള്ള തെററുകുററങ്ങളോടും തെററായ ചിന്താഗതിയുള്ള ആളുകളോടും കഠിനമായ പക വിചാരിക്കുക. ഈ നിലപാടുള്ളവർ, അത്തരക്കാരായ ആളുകളുമായുള്ള ബന്ധത്തെ പച്ചയായി മുറിച്ചെറിയുകയും, ഒററയടിക്ക് അവരെ ശുദ്ധീകരിക്കുന്നതിനും പാർട്ടിയിൽനിന്നും പുറത്താക്കുന്നതിനും ശ്രമിക്കുകയും ചെയ്യുന്നു. എന്നാൽ ഇതിൽ അവർ തോററുപോകുകയോ അവക്ക് എതിർപ്പിനെ നേരിടേണ്ടിവരികയോ ചെയ്യുമ്പോൾ, അവർ ഒന്നും സാദ്ധ്യമല്ലെന്നമട്ടിൽ മനംമടുത്തു, നിരാശരായി കൈയൊഴിയുന്നു. അവർ അവരുടെ പാട്ടിനുപോകുന്നു, പാർട്ടിയിൽനിന്നും വിട്ടുനില്ക്കുകയോ വളരെയധികം അകന്നുപോകുകയോ ചെയ്യുന്നു. ഇത്തരത്തിലുള്ള അയഥാർത്ഥനില പാർട്ടിയ്ക്കുള്ളിലെ സമരങ്ങളേയും സ്വയംവിമർശനത്തേയും യാന്ത്രികമായി മനസ്സിലാക്കുന്നതിലും കാണാം. പാർട്ടിസഖാക്കളുടെയിടയിലുള്ള സമരം എത്രയധികം രൂക്ഷമാകുമോ അത്രയധികം നല്ലതാണെന്നു് അവർ വിചാരിക്കുന്നു; ഓരോ നിസ്സാരസംഗതിയേയും അവർ "താത്വികസമരത്തിന്റെ നിലവാര"ത്തിലേയ്ക്കുയർത്തുന്നു, അവർ എത്രയോ ചെറിയ തെററിനെപ്പോലും രാഷ്ട്രീയമായ അവസരവാദമായി ലേബലൊട്ടിക്കുന്നു, പാർട്ടിയുടെ സംഘടനാരീതികളേയും, പാർട്ടിയ്ക്കു പുറത്തുള്ള സ

മരങ്ങളിൽ ഏട്ടക്കുന്ന സമ്പ്രദായങ്ങളേയും സഖാക്കളെ ശിക്ഷിക്കുന്നതിനു ദുരുപയോഗപ്പെടുത്തുന്നു. വസ്തുനിഷ്ഠമായ ആവശ്യങ്ങളനുസരിച്ചും വസ്തുനിഷ്ഠകാര്യങ്ങളുടെ വളർച്ചയുടെ നിയമങ്ങളനുസരിച്ചും ഉചിതവും സ്ഥൂലവുമായ രീതിയിൽ. അവർ ഉൾപാർട്ടിസമരം നടത്തുന്നില്ല; എന്നാൽ, നേരെമറിച്ച്, യാന്ത്രികവും മനോനിഷ്ഠവും അതിർകടന്നതും വീണ്ടുവിചാരംകൂടാത്തതുമായ രീതിയിൽ 'സമരം' നടത്തുന്നു. അതുപരിതഃസ്ഥിതിയിലും പാർട്ടിക്കുള്ളിൽ സമരം നടത്തേണമെന്നും എത്രയധികം ഇടവിടാതെയും തീവ്രമായും സമരംനടത്തുമോ അത്രയധികം നല്ലതാണെന്നും അവർ വിചാരിക്കുന്നു. കരുതിക്കൂട്ടി ഉൾപ്പാർട്ടിസമരം സൃഷ്ടിക്കുകയും 'സമരംനടത്താനാളെ' അന്വേഷിച്ചു നടക്കുകയും ഇത്തരം യാന്ത്രികമായ 'സമരങ്ങളെ' ആശ്രയിച്ചു പാർട്ടിയുടെ പ്രവർത്തനത്തെ പുരോഗമിപ്പിക്കാൻ നോക്കുകയുമാണിതിൻെറ ഫലം. പാർട്ടിക്കുള്ളിലെ വൈരുദ്ധ്യങ്ങളുടെ മൂലകാരണം മനസ്സിലാക്കാത്തവരും പാർട്ടിക്കുള്ളിലെ അഭിപ്രായഭേദങ്ങളെ നേരിടേണ്ട വിധം അറിയാൻപാടില്ലാത്തവരും ഉൾപ്പാർട്ടിസമരത്തെപ്പററി യാന്ത്രികമായിമാത്രം മനസ്സിലാക്കിയിട്ടുള്ളവരുമായ പാർട്ടി മെമ്പറന്മാർ സ്വീകരിക്കുന്ന നിലപാടാണിതു്.

അഞ്ചാമത്തേതു് നാം വാസ്തവത്തിൽ സ്വീകരിക്കേണ്ട നിലപാടാണു്—മേൽപ്രസ്താവിച്ച നാലു നിലപാടിനുമെതിരായ നിലപാടു്.

1. ഒന്നാമതായിത്തന്നെ, പലവിധത്തിലുള്ള കാഴ്ചപ്പാടുകളിലും ആശയഗതികളിലും പലപ്രകാരത്തിലുള്ള അഭിപ്രായങ്ങളിലും വീക്ഷണങ്ങളിലും ഏതേതെല്ലാമാണു ശരിയായിട്ടുള്ളതെന്നും, പാർട്ടിയുടെയും വിപ്ലവത്തിൻെറയും ദീർഘകാലതാല്പര്യങ്ങൾക്കു് ഏതെല്ലാമാണു ഗുണകരമായിട്ടുള്ളതെന്നും, അവയിലേതെല്ലാമാണു തെററും ദോഷകരവും പാർട്ടിയുടേയും വിപ്ലവത്തിൻേറയും ദീർഘകാലതാല്പര്യങ്ങൾക്കെതിരുമായിട്ടുള്ളതെന്നും നാം മനസ്സിലാക്കുകയും കണ്ടുപിടിക്കുകയും വേണം. വിവാദവിഷയത്തിൻെറ രണ്ടുവശങ്ങളും തെററാണെന്നും, മൂന്നാമത്തെ അഭിപ്രായവും വീക്ഷണവുമാണു് ശരിയെന്നും വരാം, തൻേറടത്തോടുകൂടിയ സൂക്ഷ്മപരി

ശോധനങ്ങളും പരിഗണനങ്ങളുംശേഷം നാം നമ്മുടെ വ്യക്തമായ നില നിശ്ചയിക്കുകയും ശരിയായ വശത്തു നിലയുറപ്പിക്കുകയും ചെയ്യുന്നു. നാം ആരെയും കണ്ണുമടച്ച് അനുഗമിക്കുകയോ പൂജിക്കുകയോ ചെയ്യുന്നില്ല.

2. നാം പാർട്ടിയിലുള്ള നല്ലതും നേരും നെറിയുമുള്ളതുമായ എല്ലാററിനേയും പഠിക്കുകയും വളർത്തുകയും ഉയർത്തുകയും ചെയ്യുന്നു, ശരിയായ വീക്ഷണങ്ങളേയും അഭിപ്രായങ്ങളേയും നിലനിർത്തുന്നു. ചീത്ത മാതൃകകളെ നാം അനുകരിക്കുകയോ തെററായ ആശയഗതിയുടെ സ്വാധീനശക്തിക്കു സ്വയം കീഴ്പ്പെടുകയോ ചെയ്യാൻ പാടില്ല.

3. തത്വത്തിൽ തെററായ പല ആശയഗതികൾക്കുംവീക്ഷണങ്ങൾക്കുമെതിരായി, പാർട്ടിയിൽക്കാണുന്ന എല്ലാ അനാശാസ്യ സംഭവങ്ങൾക്കുമെതിരായി, അത്തരം തെററുകളെ തിരുത്താനും സംഭവങ്ങളില്ലാതാക്കാനുംവേണ്ടി ഇടതടവില്ലാതെ പരിശ്രമിക്കാൻ, നാം രാജിയില്ലാത്ത പോരാട്ടം നടത്തുന്നു, അവയോടൊരിക്കലും അനുരഞ്ജന മനോഭാവം സ്വീകരിക്കുന്നില്ല. ഈ തെററുകളുടേയും ധാരണകളുടേയും വളർച്ചയെ പാർട്ടിയുടെ താല്പര്യങ്ങളെ അപകടത്തിലാക്കുന്ന രീതിയിൽ മയപ്പെടുത്തുകയോ അനുവദിക്കുകയോ ചെയ്യരുത്. ഇത്തരം ഉൾപ്പാർട്ടിസമരത്തെ നാം ഭയപ്പെടുന്നില്ല.

4. എന്നാലും ,കേവലവും യാന്ത്രികവുമായ ഒരു നിലപാടു നാം സ്വീകരിക്കുന്നില്ല. തത്വങ്ങളുടെ കാര്യത്തിൽ സന്ധിയില്ലായ്മയും വ്യക്തതയും--അതോടൊപ്പം സമരരീതികളിൽ അയവും—ക്ഷമാപൂർവ്വവുമായ പ്രേരണകൊണ്ടു് കാര്യം തീർക്കുകയെന്ന മനോഭാവവും—ഇതായിരിക്കണം നമ്മുടെ നിലപാടു്. നീണ്ടകാലത്തെ സമരത്തിലൂടെ, തെററായ ആശയഗതികളെ വച്ചുപുലർത്തിപ്പോരുന്ന സഖാക്കളെ—പക്ഷെ, നന്നാക്കാൻകഴിയുന്നവരെ—വിദ്യാഭ്യാസം ചെയ്യിക്കുന്നതിന്നും വിമർശിക്കുന്നതിന്നും ഉരുക്കുപോലെ ഉറപ്പിക്കുന്നതിനും പരിഷ്കരിപ്പിക്കുന്നതിനും നാം ശ്രമിക്കുന്നു. പാർട്ടിയ്ക്കകത്തു വ്യത്യസ്തഘട്ടങ്ങളിൽ വിവിധ താത്വീകപ്രശ്നങ്ങൾക്കു് അത്യാവശ്യമായ ആശയസമരം സ്ഥൂലവും ഉചിതവുമായ രീതിയിൽ നാം നടത്തുന്നു. പക്ഷെ, യാന്ത്രികവും മനോനിഷ്ഠവും ഭ്രാ

നുപിടിച്ചതുമായ രീതിയിൽ ലക്കില്ലാത്ത സമരം നടത്തുകയില്ല. നാം സമരഭ്രാന്തന്മാരല്ല.

5. ഉൾപ്പാർട്ടി സമരങ്ങൾവഴി നാം പാർട്ടിയെ ഉറപ്പിക്കുകയും പാർട്ടിഅച്ചടക്കത്തേയും അന്തസ്സിനേയും ഉയർത്തുകയും ചെയ്യുന്നു; ഒരിക്കലും നന്നാകാത്തവക്കു സംഘടനാപരമായ ശിക്ഷ നല്കുന്നു, അവശ്യമാണെങ്കിലും അത്തരക്കാരെ പാർട്ടിയിൽനിന്നു പുറത്താക്കുന്നു—പാർട്ടിയുടെ ആരോഗ്യത്തിന്നും ദൃഢതയ്ക്കും ഉറപ്പുനല്കാൻവേണ്ടി. നല്ല പക്വതയുള്ള എല്ലാ പാർട്ടിമെമ്പറന്മാരും സ്വീകരിക്കേണ്ട നിലപാടിതാണ്.

മേൽ പ്രതിപാദിച്ച അഞ്ചുനിലപാടുകളിൽ അഞ്ചാമത്തേതുമാത്രമാണ് ശരിയായ ബോൾഷെവക്ക്നിലപാട്. ഒന്നാമത്തെയും രണ്ടാമത്തെയും നിലപാടുകൾ തെററാണെന്നു വളരെ വ്യക്തമാണ്. നമ്മുടെ തെററുകളേയും കുറവുകളേയും നമ്മുടെ പാർട്ടിയെ തുരങ്കംവെയ്ക്കുവാൻ ശത്രുക്കൾ എടുത്തുപയോഗിക്കുന്നതിൽ അത്ഭുതമില്ല. നമ്മുടെ ജാഗ്രതകൂ മൂർച്ചകൂട്ടുന്നതോടൊപ്പം, പാർട്ടിക്കകത്തു തെററുകളും കുററങ്ങളും ഉണ്ടാകുന്ന സന്ദർഭങ്ങളിലെല്ലാം അവയെ ഉപയോഗപ്പെടുത്തുൻ ശത്രുവിന്നു കിട്ടുന്ന സൌകര്യങ്ങളെ അങ്ങേയററം കുറക്കാൻ നോക്കണം. നമ്മുടെ പാർട്ടിയെ സ്നേഹിക്കുന്ന എല്ലാ സഖാക്കളുടേയും പ്രതിജ്ഞാബദ്ധമായ കടമയാണിതു്. പാർട്ടിയ്ക്കുള്ളിലെ സമരത്തിനിടയ്ക്കു് ഒരു പാർട്ടിമെമ്പർ ഈ സംഗതി അവഗണിക്കുകയോ തല്ക്കാലസമരത്തിലുള്ള വിജയത്തേക്കുറിച്ചും തൻെറ സ്വന്തം താല്ക്കാലികതൃപ്തിയേക്കുറിച്ചും മാത്രം ആലോചിച്ചുപ്രവർത്തിക്കുകയോ, ചീത്തയാളുകളിൽനിന്നു കിട്ടുന്ന സഹായത്തെ തള്ളിക്കളയാതിരിക്കുകയോ പകരം അവരുമായി യോചിക്കുകയോ പാർട്ടിയ്ക്കുള്ളിലെ സമരത്തിനിടയിൽ തൻെറ ഒരു പ്രത്യേക ഉദ്ദേശം സാധിക്കാൻവേണ്ടി പാർട്ടിക്കുപുറമേയുള്ള ചില ശക്തികളേയും സഹായത്തേയും ഉപയോഗപ്പെടുത്തുകയോ ചെയ്യുന്നുവെങ്കിൽ, അതു് അക്ഷന്തവ്യമായ ഒരു രാഷ്ട്രീയതെററായിരിക്കും; പാർട്ടിഅച്ചടക്കത്തെ പരസ്യമായി ലംഘിക്കലായിരിക്കും.

നമ്മുടെ പാർട്ടിമെമ്പറന്മാർ പാർട്ടിയിലുള്ള ശരിയായ ആശയഗതിയാണ് പ്രതിഫലിപ്പിക്കേണ്ടതു്, നല്ല മാതൃകകളിൽനിന്നുമാണ് പഠിക്കേണ്ടതു്, അല്ലാതെ പാർട്ടിയിലെ തെററായ ആശയഗതികളിൽനിന്നല്ല, ചീത്തമാതൃകകളിൽനിന്നുമല്ല അത്തരം തെററായ ആശയഗതികൾക്കും ചീത്ത മാതൃകകൾക്കുമെതിരായി അവർ സമരം ചെയ്യണം. എന്നാലും ശരിയായ ആശയഗതികളെ പ്രതിഫലിപ്പിക്കുകയും നല്ല മാതൃകകളെ അനുകരിക്കുകയും ചെയ്യുന്നതിന്നു പുറമെ ചിലപ്പോൾ ചില തെററായ ആശയഗതികളെ ഏറെക്കുറെ പ്രതിഫലിപ്പിക്കുകയും ദുഷ്ട മാതൃകകളെ അനുകരിക്കുകയും ചെയ്യുന്ന ചില സഖാക്കൾ പാർട്ടിയിൽ ഇപ്പോഴും ഇല്ലാതില്ല. ചില സഖാക്കൾക്ക് ചീത്തയാകാൻ പഠിക്കുന്നതു് വളരെ എളുപ്പവും നല്ലവനാകാൻ പഠിയ്ക്കുന്നതു് പ്രയാസവുമാണെന്നു തോന്നിപ്പോകും. ഇതു നമ്മുടെ കാൎയ്യമായ ശ്രദ്ധയെ അർഹിക്കുന്നു.

ഈ സഖാക്കൾ ,പാർട്ടിയിൽ എന്തെങ്കിലും തെററുകളുണ്ടാകുന്ന ഘട്ടത്തിൽ കരുതിക്കൂട്ടിയോ അല്ലാതെയോ ആ തെററുകളെ വളർത്തുവാനൊ വലുതാക്കിക്കാണിക്കാനോ സഹായിക്കാനിടയുണ്ട്; മാത്രമല്ല, പാർട്ടിക്കുള്ളിലെ സമരത്തിൻെറ ഘട്ടത്തിൽ അവർ പലപ്പോഴും തെററായ ഭാഗത്തു ചേരുന്നു. അല്ലെങ്കിൽ ചില പ്രത്യേകകാരണങ്ങളാൽ ജയിക്കുന്ന ഭാഗം പിടിക്കുന്നു. ഈ സഖാക്കളെ സാരമായി മുന്നോട്ടു നീക്കുകയും ഉറപ്പിക്കുകയും ചെയ്യാത്തില്ലെങ്കിൽ അവർ വളരാൻ വിഷമമാണു്.

പലതരത്തിലുള്ള തെററുകളുടേയും ന്യൂനതകളുടേയും അനാശാസ്യസംഗതികളുടേയുംനേരെ മിതവാദിത്തപരവും സ്വേച്ഛാധിപത്യപരവുമായ നില സ്വീകരിക്കുന്ന, മൂന്നാമത്തെ ഇനത്തിൽപ്പെട്ട സഖാക്കൾ നിശ്ചയമായും അങ്ങേയററം തെററും തികച്ചും ബോൾഷെവിക്കല്ലാത്ത വരുമാണെന്നു് മാർക്സിസ്റ്റ്-ലെനിനിസ്റ്റ് വിദ്യാലയത്തിലെ വിദ്യാൎത്ഥികളായ നിങ്ങൾക്ക് വ്യക്തമായിക്കാണുമെന്നു് ഞാൻ വിചാരിക്കുന്നു, എന്തുകൊണ്ടെന്നാൽ, നിങ്ങൾ പഠിച്ചുകഴിഞ്ഞിട്ടുള്ള 'പാർട്ടിസംവിധാനം' എന്ന പുസ്തകത്തിൽ പാർട്ടിയിലെ

സ്വയംവിമർശനത്തിൻേറയും ആശയപരമായ സമരത്തിൻേറയും ആവശ്യകഥയെപ്പററി ഒരദ്ധ്യായം മുഴുവൻ പ്രതിപാതിച്ചിട്ടുണ്ട്. അതുപോലെ ലെനിനും സ്റ്റാലിനും പല സന്ദർഭങ്ങളിലും ഈ വിഷയത്തെക്കുറിച്ച് വ്യക്തവും അവഗാഢവുമായ വിശദീകരണങ്ങൾ കൊടുത്തിട്ടുണ്ട്, അതു നിങ്ങൾക്കു നോക്കാവുന്നതാണ്. ചൈനീസ് പ്രസിദ്ധീകരണശാലയിൽനിന്നും പരസ്യപ്പെടുത്തിയിട്ടുള്ള 'രാഷ്ട്രീയപ്പാർട്ടികളെപ്പററി' എന്ന പുസ്തകത്തിലെ നാലും അഞ്ചും അദ്ധ്യായങ്ങൾ ഈ പ്രശ്നത്തെപ്പററി സുദീർഘമായി പ്രതിപാദിക്കുന്നുണ്ട്, അതുകൊണ്ട്, ഞാനിപ്പോൾ അതിൻെറ വിശദവിവരങ്ങളിലേയ്ക്ക് കടക്കേണ്ട ആവശ്യമില്ല. എന്നിരുന്നാലും, ഞാൻ പ്രത്യേകം ചൂണ്ടിക്കാണിക്കുവാനാഗ്രഹിക്കുന്നകാര്യം, ഇത്തരം നിലപാട് അവലംബിച്ചുപോരുന്ന വളരെയധികം സഖാക്കൾ ഇപ്പോഴും പാർട്ടിയിലുണ്ടെന്നാണ്. സ്വയംവിമർശനം നടത്തുന്നതിൽ, വിശേഷിച്ചും കീഴെനിന്നു മേലോട്ടുള്ള സ്വയം വിമർശനം നടത്തുന്നതിൽ, അതുപോലെതന്നെ പാർട്ടിയിൽ പ്രത്യക്ഷപ്പെടുന്ന പലതരം തെററുകളേയും ന്യൂനതകളേയും വ്യതിികേടുകളേയും തിരുത്തുന്നതിനും ഇല്ലാതാക്കുന്നതിനുംവേണ്ടി, ചുമതലാബോധത്തോടും ആത്മാർത്ഥതയോടുംകൂടിയും, ഔപചാരികമായുംഅവയെ തുറന്നുകാണിക്കുന്നതിൽ അവർ തീരെ പോരാത്തവരാണ്. ഈ സംഗതിയിൽ, നമുക്കിനിയും വലിയ വളർച്ച ആവശ്യമാണ് എന്നാൽ നിരുത്തരവാദപരവും അനൗപചാരികവും ഭീരുത്വംനിറഞ്ഞതുമായ വിമർശനവും അസംതൃപ്തിയും, ആളുകളെപ്പററിയും കാര്യങ്ങളെക്കുറിച്ചും ഏഷണികൂട്ടലും സൊള്ളുപറയലും ധാരാളം ഉണ്ടുതാനും. പാർട്ടിയിലെ മിതവാദിത്തത്തിൻെറ രണ്ടു പ്രത്യക്ഷരൂപങ്ങളാണിവ. ചില സഖാക്കളെ സംബന്ധിച്ചിടത്തോളം വിപ്ലവസമരത്തിലുള്ള അവരുടെ രാഷ്ട്രീയവളർച്ചയും ചങ്കുറപ്പും ഇന്നും അപര്യാപ്തങ്ങളാണെന്നും ഉൾപ്പാർട്ടിജനാധിപത്യത്തിൻെറ പ്രവർത്തനം ഇപ്പോഴും തൃപ്തികരമല്ലെന്നും ഇതു കാണിക്കുന്നു.

ചില സഖാക്കൾ തടി രക്ഷിക്കാൻ നോക്കുന്ന ഏർപ്പാടുപേക്ഷിക്കുവാൻ കൂട്ടാക്കുന്നില്ല, മററുള്ളവരെ മുഷിപ്പിക്കാനും അവരുടെ വിരോധത്തേയും എതിർവിമർശനത്തേയും നേരിടാ

നും ഭയപ്പെടുന്നു. അവർ പാർട്ടിക്കുള്ളിലെ എല്ലാവിധ തെറ്റുകളേയും ന്യൂനതകളേയും അവയുടെ പാട്ടിനുവിടുന്നു, 'എങ്ങനെയെങ്കിലും കടന്നുകൂടാ'മെന്ന തെററായ നിലയെടുക്കുന്നു, 'കുഴപ്പം കുറഞ്ഞാൽ അത്രയും നന്നായെ'ന്നാണ് അവരുടെ മനോഭാവം, എങ്കിലും അവർ മററുള്ളവരെ അവർ കേൾക്കാതെ വിമർശിക്കാറുമുണ്ട്. ഇതു പാർട്ടിക്കു ഗുണകരമല്ല, ദോഷകരമാണ്. അത്തരം നിരുത്തരവാദപരമായ വിമർശനവും സംഭാഷണവും പാർട്ടിക്കകത്തു താത്വികാടിസ്ഥാനമില്ലാത്ത വാദപ്രതിവാദങ്ങൾക്കും ഭിന്നിപ്പുകൾക്കും വഴിതെളിച്ചേക്കാം,, പാർട്ടിക്കുള്ളിൽ പതിയിരിക്കുന്ന ചാരന്മാർക്കും ചതിയാളുകൾക്കും പാർട്ടിക്കുള്ളിൽ കുത്തിത്തിരിപ്പുണ്ടാക്കുന്നതിന് അവസരം നല്കിയേക്കാം. മാത്രവുമല്ല, പാർട്ടിയിലെ തെററുകളും ന്യൂനതകളും ഇത്തരത്തിലുള്ള നിരുത്തരവാദപരമായ വിമർശനം മൂലം ഒരിക്കലും തിരുത്താവുന്നതല്ല. അതുകൊണ്ട് ചൈനീസ് കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ സെൻട്രൽകമ്മിററിയുടെ ആറാമത്തു സമ്പൂർണ്ണയോഗത്തിൽവച്ച് അംഗീകരിച്ച പാർട്ടിചട്ടങ്ങൾ അത്തരം നിരുത്തരവാദപരമായ വിമർശനത്തേയും സംഭാഷണത്തേയും നിരോധിക്കുകയും, പാർട്ടിക്ക് ഗുണകരമായ, ഉത്തരവാദിത്വമുള്ളതും ഔചാരികവുമായ ഉൾപ്പാർട്ടിസ്വയംവിമർശനത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

പലപ്രകാരത്തിലുള്ള തെററുകളും ന്യൂനതകളും അബദ്ധങ്ങളും തൊഴിലാളിവർഗ്ഗത്തിൻേറതല്ലാത്ത ആശയഗതികളും പാർട്ടിയിൽ നിലവിലുള്ളതുകൊണ്ട് ഈ തെററായ ആശയഗതികളിൽ ഓരോന്നും ചിലപ്പോൾ പാർട്ടിക്കകത്തെ ഒരു വ്യതിയാനമായി വളർന്നേക്കാനിടയുണ്ട്, ചില അടിസ്ഥാനതത്വങ്ങളെപ്പററി പാർട്ടിയിൽ അഭിപ്രായവ്യത്യാസം അതുകൊണ്ടുളവാകും; പാർട്ടിയുടെ പ്രവർത്തനൈക്യത്തെത്തന്നെ ബാധിക്കും. അത്തരം സാഹചര്യങ്ങളിൽ നാം പാർട്ടിയിൽ ശരിയായി സ്വയംവിമർശനം നടത്തുകയും പലതരം തെററുകളേയും ന്യൂനതകളേയും നിരന്തരം തുറന്നുകാട്ടുകയും തിരുത്തുകയും ചെയ്യുന്നില്ലെങ്കിൽ, തെററായ എല്ലാ ആശയഗതികളേയും പരാജയപ്പെടുത്തുകയും, പാർട്ടിയിലെ അഭിപ്രായങ്ങൾ തീർക്കാൻ ഉൾപ്പാർട്ടിസമരം നടത്തുകയും ചെയ്യുന്നി

ല്ലെങ്കിൽ; നേരേമറിച്ചു് അതിനുപകരം അശാസ്ത്രീയമായ ഒരു നിലപാടെടുക്കുകയും 'മദ്ധ്യവൎത്തി'നയം സ്വീകരിക്കുകയും എങ്ങനെയെങ്കിലും കടന്നുകൂടാൻ നോക്കുകയും ചെയ്യുകയാണെങ്കിൽ, പിന്നെ, "പാർട്ടിയേയും തൊഴിലാളിവർഗ്ഗത്തേയും, ബഹുജനങ്ങളേയും ശരിയായി വിദ്യാഭ്യാസം ചെയ്യിക്കുന്നതിനു നമുക്കു കഴിയുകയില്ല" (സ്റ്റാലിൻ). 'പുരോഗമിക്കുന്നതിനോ വളരുന്നതിനോ സാദ്ധ്യമല്ല', 'നാം തൊഴിലാളിവർഗ്ഗവിപ്ലവകാരികളല്ലാതാകുമെന്നു മാത്രമല്ല, തോററുപോന്നതിന്നു ശീട്ടുവാങ്ങുകയുംചെയ്യും' (ലെനിൻ)

സ്റ്റാലിൻ പറയുന്നു:

"താത്വികപ്രശ്നങ്ങളുടെ കാര്യത്തിൽ 'മദ്ധ്യവൎത്തിനയം' ആശയക്കുഴപ്പം സൃഷ്ടിക്കുന്ന 'നയ'മാണു്, അഭിപ്രായഭേദങ്ങൾക്കു മറപിടിക്കുന്ന 'നയ'മാണു്, പാർട്ടിയുടെ ആശയപരമായ അധഃപതനത്തിൻെറ 'നയ'മാണു്, പാർട്ടിയുടെ ആശയപരമായ മരണത്തിൻെറ 'നയ'മാണു്.

"താത്വികപ്രശ്നങ്ങളിൽ 'മദ്ധ്യവൎത്തിനയം' നമ്മുടെ നയമല്ല. അതു്, ദിനംപ്രതി ക്ഷയിച്ചുകൊണ്ടും ധാർമ്മികമായി അധഃപതിച്ചുകൊണ്ടുമിരിക്കുന്ന ഒരു പാർട്ടിയുടെ നയമാണു്. അത്തരമൊരു നയം ആ പാർട്ടിയെ, നിഷ്ഫലമായി പ്രവൎത്തിക്കുന്നതും തൊഴിലാളിവർഗ്ഗത്തിൽനിന്നും ഒററതിരിക്കപ്പെട്ടതുമായ ഒരു പൊള്ളയായ ഉദ്യോഗസ്ഥമേധാവിത്വസ്ഥാപനമായി മാറുന്നതിലേയ്ക്കു് നയിക്കാതിരിക്കാൻ തരമില്ല, ഈ വഴി നമുക്കുള്ളതല്ല.

അതുകൊണ്ടു്......പാർട്ടിക്കുള്ളിലുള്ള വൈരുദ്ധ്യങ്ങളെ സമരത്തിലൂടെ തീർക്കുകയെന്നതാണു് നമ്മുടെ പാർട്ടിയുടെ വളർച്ചയുടെ നിയമം......പാർട്ടിക്കുള്ളിലുള്ള വൈരുദ്ധ്യങ്ങളെ തീർത്തുകൊണ്ടാണു് 'അഖിലയൂണിയൻ കമ്മ്യൂണിസ്റ്റ്പാർട്ടി' (ബോൾഷെവിക്കുകാർ) വളൎന്നുവരുന്നതും ശക്തിപ്രാപിച്ചതും.

അതുകൊണ്ടു്, മിതവാദിത്വപരവും ഉദ്യോഗസ്ഥമേധാവിത്വപരവുമായ നില സ്വീകരിക്കുന്നതു തെററാണു്; പാ

ട്ടിക്ക് ഉറപ്പും വളർച്ചയും പുരോഗതിയും വരുത്താൻ കഴിയണമെങ്കിൽ, പാർട്ടിയിലുള്ള എല്ലാ അനാശാസ്യസംഭവങ്ങളേയും എതിർക്കുന്നതിനും അഭിപ്രായഭേദങ്ങൾ തീർക്കുന്നതിനുമുള്ള സ്വയംവിമർശനത്തെ വളർത്തുകയും ഉൾപ്പാർട്ടിസമരം നടത്തുകയും വേണം.

മിതവാദിത്തം മററൊരു രൂപത്തിലും പ്രത്യക്ഷമാകുന്നുമുണ്ട്. പാർട്ടിയിൽ ഏതെങ്കിലുമൊരു വാദവിഷയം പൊട്ടിപ്പുറപ്പെട്ടുകഴിയുമ്പോൾ പല സഖാക്കളും അവരുടെ ക്രമപ്രകാരമുള്ള ജോലി മാററിവെച്ചിട്ട് രാപ്പകൽ അവസാനമില്ലാതെ അതേപ്പററി അസംബന്ധമായ വിവാദങ്ങളിലേർപ്പെടുകയോ പാർട്ടിയിലുള്ള എല്ലാ കാര്യങ്ങളേയും കരുതിക്കൂട്ടി ആക്ഷേപിക്കുന്നതിൽ മുഴുകുകയോ ചെയ്യുന്നു; എന്താണിതിൻെറ ഫലം? അവർ പാർട്ടിഐക്യത്തെ ദുർബലപ്പെടുത്തുന്നു, പാർട്ടിപ്രവർത്തകരുടെ പ്രവർത്തനദൃഢതയെ തകർക്കുന്നു, പാർട്ടിഅച്ചടക്കത്തെ ക്ഷീണിപ്പിക്കുന്നു, പാർട്ടിനേതൃത്വത്തെ നിസ്സഹായമാക്കുന്നു, പാർട്ടിയുടെ അന്തസ്സിനെ നശിപ്പിക്കുന്നു. സമരവീര്യമുള്ള പാർട്ടിഘടകങ്ങളേയും പാർട്ടിസംഘടനയെത്തന്നെയും വെറും വാദപ്രതിവാദസമാജമായി മാററുന്നു. നമ്മുടെ ചില പാർട്ടിസംഘടനകളിൽ ഈവകകാര്യങ്ങൾ കഴിഞ്ഞകാലത്ത് പലതവണ ഉണ്ടായിട്ടുണ്ട്. സ്റ്റാലിൻ പറയുന്നതുപോലെ 'ഇതു സ്വയംവിമർശനമല്ല വെറും തെറിപറയലാണ്". 'ഇത് തൊഴിലാളിവർഗ്ഗത്തെ അപകീർത്തിപ്പെടുത്തലാണ്''. തൊഴിലാളികളുടേതല്ലാത്ത ബോൾഷെവിക്കുവിരുദ്ധമായ "സ്വയംവിമർശന"മാണ്. നാംപറയുന്ന സ്വയംവിമർശനവുമായി ഇതിനു യാതൊരു പൊരുത്തവുമില്ല. സ്വയംവിമർശനം വേണമെന്നു നാം വാദിക്കുന്നതിനു കാരണം പാർട്ടിയുടെ അന്തസ്സു നശിപ്പിക്കുകയല്ല, പാർട്ടിഅച്ചടക്കത്തിന്നു തുരങ്കംവെയ്ക്കുകയല്ല, പാർട്ടിനേതൃത്വത്തെ ക്ഷീണിപ്പിക്കുകയല്ല; നേരേമറിച്ച് പാർട്ടിയുടെ അന്തസ്സുയർത്തുകയും പാർട്ടിഅച്ചടക്കത്തെ ദൃഢപ്പെടുത്തുകയും പാർട്ടിനേതൃത്വത്തെ ബലപ്പെടുത്തുകയുമാണ്.

യാന്ത്രികമായ നിലപാടു സ്വീകരിക്കുന്ന നാലാമത്തെ ഇനത്തിൽപെട്ട സഖാക്കളും വഴിതെററിയവരാണ്. ഇതു

മേൽ പ്രസ്താവിച്ച മിതവാദിത്തത്തിന്നു നേരെ വിപരീതമായ നിലപാടാണു്. പാൎട്ടിയിലുള്ള തെററായ ആശയഗതികൾക്കു് ദൃഢമൂലമായ ഒരു സാമൂഹ്യാടിസ്ഥാനമുണ്ടെന്നും ഒററയടിയ്ക്കു് അവയെ നിശ്ശേഷം നശിപ്പിക്കുവാൻ സാധിക്കുകയില്ലെന്നും ഇവർ മനസ്സിലാക്കുന്നില്ല. പാൎട്ടിയിലുള്ള എല്ലാ സഖാക്കളും, വ്യത്യസ്തകാലഘട്ടങ്ങളിൽ, സമുദായത്തിലുള്ള ചില തെററായ ആശയങ്ങളെ ഏറക്കുറെ പ്രതിഫലിപ്പിക്കാനിടയുണ്ടു്. മാൎക്സ്, എംഗത്സ്, ലെനിൻ, സ്റ്റാലിൻ എന്നിവരെപ്പോലുള്ള അത്രത്തോളം നിഷ്ക്കളങ്കരും ഉറപ്പുള്ളവരും തെററുപററാത്തവരും കാൎയ്യങ്ങൾ കാണുന്നതിൽ സൂക്ഷ്മതയും അവഗാഢതയുമുള്ളവരുമായവൎക്കു മാത്രമേ തെററായ ഈ ആശയഗതികളുടെ പിടിയിൽനിന്നും പൂൎണ്ണമായും സ്വതന്ത്രരായിരിക്കുവാൻ കഴിയൂ. അതുകൊണ്ടുതന്നെയാണു് ഡാക്ടർ സൺയാത്സെൺ ലെനിനെ 'വിപ്ലവത്തിന്റെ യോഗി' യെന്നു വിളിച്ചതു്. നമ്മളിൽ ഓരോരുത്തരും നമ്മുടെ പ്രവൎത്തനത്തിനിടയ്ക്കു് ചില തെററുകൾ ചെയ്തുപോകുമെന്നുള്ളതു് അനിവാൎയ്യമാണു്. സമുദായത്തിലുള്ള തൊഴിലാളിവൎഗ്ഗപരമല്ലാത്ത ആശയഗതികളെ ചിലപ്പോഴൊക്കെ പ്രതിഫലിപ്പിക്കുകയും ചില തെററുകൾ പ്രവൎത്തിക്കുകയും ചെയ്യുന്നുണ്ടെങ്കിലും നന്നാക്കിയാൽ നന്നാകുന്നവരായ എല്ലാ സഖാക്കളേയും നാം കേവലം ത്യജിക്കാനും നാമാവശേഷമാക്കാനും പുറപ്പെട്ടാൽ, നാം സഹിഷ്ണുതയും വിട്ടുവീഴ്ചയും ചെയ്യാതിരുന്നാൽ, നമുക്കു് പാൎട്ടി കെട്ടിപ്പടുക്കുവാൻ സാദ്ധ്യമല്ല. അത്തരം തള്ളിക്കളയലിന്റേയും നശിപ്പിക്കലിന്റേയും അവസാനഫലം യാന്ത്രികമായ ഈ നിലപാടു സ്വീകരിക്കുന്ന സഖാക്കളെക്കൂടി പാൎട്ടിയിൽനിന്നു പുറന്തള്ളലാകാനിടയുണ്ടു്. കാരണം അവർ 'വിപ്ലവത്തിന്റെ യോഗി'കളല്ല; അവരും തെററുപററാതിരിക്കാൻ നിവൃത്തിയില്ല. ഉദാഹരണത്തിനു് കഴിഞ്ഞകാലത്തു് പിന്തിരിപ്പൻവിഭാഗങ്ങളെ അമൎത്തുന്നതിന്നുള്ള പ്രക്ഷോഭത്തിന്നിടയിൽ, ഈ യാന്ത്രികനിലപാടു സ്വീകരിച്ചതുകൊണ്ടു്, ചില സഖാക്കൾ തെററുകൾ ചെയ്തിട്ടുണ്ടു്. ഈ നിലപാടു സ്വീകരിക്കുന്ന സഖാക്കൾ, കമ്മ്യൂണിസത്തിനുവേണ്ടിയുള്ള സമരത്തിനിടയ്ക്കു് മനുഷ്യസമുദായത്തെയാകെ കമ്മ്യൂണിസ്റ്റ്സമുദായത്തിലെ സ്വാതന്ത്ര

ഹിതരായ പൗരന്മാരാക്കി മാററുകയാണ് ഏററവും മഹത്തും അതേസമയത്തു ദുഷ്കരവുമായ കടമയെന്നു് പ്രത്യേകിച്ചും മനസ്സിലാക്കുന്നില്ല. ഈ തത്വം അവർ മനസ്സിലാക്കുന്നുണ്ടെങ്കിൽ, ദീർഘകാലത്തെ സ്മരത്തിനിടയ്ക്കു് എല്ലാവിധ ദൗർബല്യങ്ങളോടുംകൂടിയ മനുഷ്യരെയാകെ ഉരുക്കുപോലുറപ്പിക്കുകയും പഠിപ്പിക്കുകയും ഉയന്ന നാഗരികതയോടുകൂടിയ കമ്മ്യൂണിസ്റ്റുകാരാക്കി മാററുകയും ചെയ്യാമെന്നു് അവർ മനസ്സിലാക്കുന്നുണ്ടെങ്കിൽ, പാർട്ടിയിൽ ചേർന്നിട്ടുള്ള, പക്ഷേ ഇപ്പോഴും പഴയ സമുദായത്തിൻെറ ആശയാവിശിഷ്ടങ്ങളെ ഏറെക്കുറെ വച്ചുപുലത്തുന്ന, പാർട്ടിമെമ്പറന്മാരെ പഠിപ്പിക്കുന്നതിനും പരിഷ്കരിക്കുന്നതിനും എന്തുകൊണ്ടു് അവക്കു കഴിവില്ല?

സ്വാഭാവികമായിത്തന്നെ, ഈ പാർട്ടിമെമ്പറന്മാരെ പരിഷ്കരിക്കുന്നതിനും പഠിപ്പിക്കുന്നതിനും ദീർഘകാലത്തെ ക്ഷമാപൂർവ്വമായ അദ്ധ്യയനവും ദൃഢീകരണവുമാവശ്യമുണ്ടു്. അതൊരു വിഷമമേറിയ ജോലിയാണു്.. എന്നുവരികിലും, ബുദ്ധിമുട്ടുള്ള ഈ ചെറിയ കടമ നിറവേററുന്നതിനു നാം വിമുഖത കാണിക്കുകയും പിന്മാറുകയുംചെയ്യുകയാണെങ്കിൽ ലോകത്തേയും മനുഷ്യരാശിയേയും മാററുന്നതിനെക്കുറിച്ചു് സംസാരിക്കുവാൻ നമുക്കെങ്ങനെ കഴിയും? ലോകത്തേയും മനുഷ്യരാശിയേയും മാററുകയെന്ന ഏററവും പ്രയാസമേറിയ ഈ കടമ ഏറെറടുക്കുവാൻ—അതിൽനിന്നും ഒഴിഞ്ഞുമാറുവാനല്ല—നാം തീരുമാനമെടുത്തുകഴിഞ്ഞ സ്ഥിതിക്ക് നമ്മെ അധൈര്യപ്പെടുത്തുവാനും പേടിപ്പിക്കുവാനും ഇന്നു് ലോകത്തു് മറെറന്തു ദുഷ്കരമായ ചുമതലയുണ്ടു്? ജീവിതവീക്ഷണത്തേയും ലോകവീക്ഷണത്തേയും സംബന്ധിച്ച കമ്മ്യൂണിസ്റ്റ് തത്വശാസ്ത്രത്തിൽ വിശ്വസിക്കുന്ന പാർട്ടിമെമ്പറന്മാർ യാതൊരു വിഷമതകളിലും ബുദ്ധിമുട്ടുകളിലും കുലുങ്ങാത്തവരും ഭയപ്പെടാത്തവരുമാണു്, അതേസമയം ലോകസംഭവങ്ങളുടെ വളർച്ചയുടെ ഗതി ക്ലിഷ്ടമാണെന്നുമവക്കറിയാം. യാന്ത്രികമായ നിലപാടു സ്വീകരിക്കുന്ന സഖാക്കൾ കമ്മ്യൂണിസമെന്ന ലക്ഷ്യത്തിൻെറ പ്രയാസമേറിയതും ക്ലിഷ്ടവുമായ സ്വഭാവത്തെ ഇനിയും മനസ്സിലാക്കുന്നില്ല. അവർ ക്ലേശങ്ങളെ ഭയ

പ്പെട്ടകയും, വളവും തിരിവുമൊന്നുമില്ലാത്ത നേർമാർഗ്ഗത്തിൽ സഞ്ചരിക്കുവാനും, ഒററയടിയ്ക്കു് എല്ലാ വൃത്തികേടുകളേയും തുടച്ചെറിയുവാനും അവരുടെ ആദർശലോകത്തിലേയ്ക്കു് ഒററച്ചാട്ടത്തിന്നു കുതിച്ചെത്താനും ആഗ്രഹിക്കുന്നുവെങ്കിൽ തീർച്ചയായും അവർ സ്വയം തലതല്ലിപ്പൊളിയ്ക്കും. അതിന്നുശേഷം അവർ ദോഷൈകദൃക്കുകളും ആശയററവരുമായിത്തീരും, കമ്മ്യൂണിസത്തിൻെറ ഭാവിയിൽ വിശ്വാസം നശിക്കും, അങ്ങനെ അവരുടെ തൊഴിലാളിവർഗ്ഗപരമല്ലാത്ത ആശയഗതിയുടെ പൊരുള് പുറത്താകും. ഏറെക്കുറെ ഈയൊരു നിലപാട് സ്വീകരിക്കുന്ന വളരെയേറെ സഖാക്കൾ ഇപ്പോഴും നമ്മുടെ പാർട്ടിയിലുണ്ടെന്നു വരുന്നതു് എത്ര പരിതാപകരം!

പാർട്ടിയ്ക്കുള്ളിലെ സമരം ആവശ്യമാണെന്നുള്ളതിനു കാരണം, പാർട്ടിയുടേയും തൊഴിലാളിവർഗ്ഗത്തിൻേറയും വളർച്ചയുടെ ഗതിയിൽ പാർട്ടിയ്ക്കുള്ളിൽ തത്വങ്ങളെ അടിസ്ഥാനമാക്കിയുള്ള ഭിന്നാഭിപ്രായങ്ങൾ പൊന്തിവരുമെന്നതാണു്; ആ സന്ദർഭങ്ങളിൽ, 'ഏതെങ്കിലുമൊരു തത്വത്തിനുവേണ്ടി, അഥവാ സമരത്തിൻെറ ഏതെങ്കിലുമൊരു ലക്ഷ്യപ്രാപ്തിക്കുവേണ്ടി, അതുമില്ലെങ്കിൽ ലക്ഷ്യത്തിലേക്കു നയിക്കുന്ന ഏതെങ്കിലുമൊരു സമരരീതിക്കുവേണ്ടി' നടത്തുന്ന സമരംകൊണ്ടുമാത്രമേ ഭിന്നാഭിപ്രായങ്ങളെ കീഴടക്കുന്നതിനും വൈരുദ്ധ്യങ്ങളെ പരിഹരിക്കുന്നതിനും കഴിയൂ. യാതൊരുതരം സന്ധികൊണ്ടും പ്രയോജനമില്ല. നാം സമരം ചെയ്യുന്നതിനും വഴക്കടിക്കുന്നതിനും താല്പര്യമുള്ളവരായതുകൊണ്ടല്ല പാർട്ടിക്കുള്ളിലെ സമരം ആവശ്യമാകുന്നതു്. അതായതു്, പ്രശ്നങ്ങൾ തത്വത്തിൻെറ പരിധിയിലേക്ക് വളർന്നുകഴിയുമ്പോൾ, സമരംകൊണ്ടല്ലാതെ മറെറാന്നുകൊണ്ടും അവയെ പരിഹരിക്കാൻ സാദ്ധ്യമല്ലെന്നു വരുമ്പോൾ, അവയെ തീർക്കാൻ നാം പാർട്ടിയ്ക്കുള്ളിൽ വിട്ടുവീഴ്ചയില്ലാതെ സമരംനടത്തണം. തിരക്കിട്ടും വിട്ടുവീഴ്ചയില്ലാതെയും തീരാത്ത വെറുപ്പോടും ദൈനംദിനനയങ്ങളേയും തീരെ പ്രായോഗികമായ കാര്യങ്ങളേയും സംബന്ധിക്കുന്ന എല്ലാ അഭിപ്രായഭേദങ്ങൾക്കെതിരായും നാം ഉൾപ്പാർട്ടിസമരം നടത്തണമെന്നു് ഇപ്പറഞ്ഞതിനർത്ഥമില്ല.

സഖാവ് സ്റ്റാലിൻ പറഞ്ഞിട്ടുണ്ട്:

"തല്ക്കാലനയം സംബന്ധിച്ച പ്രശ്നങ്ങളിലും തനിപ്രായോഗികസ്വഭാവമുള്ള കാര്യങ്ങളിലും പാർട്ടിക്കുള്ളിലുള്ള വിപരീതാഭിപ്രായക്കാരോട് എല്ലാവിധത്തിലും യോജിപ്പിലെത്താൻ നമുക്കു കഴിയണം, കഴിഞ്ഞേതീരു"

നമ്മുടെ പാർട്ടിയിൽ അവസരവാദപരമായ ആശയങ്ങൾ പ്രത്യക്ഷപ്പെട്ടപ്പോഴും സിദ്ധാന്തപരമായ അഭിപ്രായഭേദങ്ങൾ ഉണ്ടാകുമ്പോഴും ഈ അബദ്ധസിദ്ധാന്തങ്ങളേയും അവസരവാദത്തേയും എതിർക്കുന്നതിനും അവയെ കീഴടക്കുന്നതിനും നാം സമരം നടത്തണം; പാർട്ടിയിൽ സിദ്ധാന്തപരമായ അഭിപ്രായവ്യത്യാസമില്ലാത്തപ്പോഴും അവസരവാദമുണ്ടാകാത്തപ്പോഴുമെല്ലാം ചില വെറും പ്രായോഗികസംഗതികളെക്കുറിച്ച് സഖാക്കളുടെയിടയിലുണ്ടാകുന്ന നിസ്സാരമായ അഭിപ്രായവ്യത്യാസങ്ങളെ മനോനിഷ്ഠമായും കരുതിക്കൂട്ടിയും വലുതാക്കിക്കാണിക്കാൻ ശ്രമിക്കുകയും, അതിനെ 'സിദ്ധാന്തത്തിലുള്ള അഭിപ്രായഭേദ'മാക്കി എടുക്കുകയും, ചില സഖാക്കളെ ഉൾപ്പാർട്ടിസമരത്തിന്റെ ഉന്നമാക്കാൻ 'അവസരവാദി'കളെ കണ്ടുപിടിക്കുന്നതിന്നോടിനടക്കുകയും ചെയ്യണമെന്ന് ഇതിനർത്ഥമില്ല. അത്തരം ഉന്നങ്ങളുടെനേർക്ക് തീവമിക്കുന്നതുകൊണ്ടുമാത്രം, പാർട്ടിയുടെ പ്രവർത്തനവും പാർട്ടിയുടെ വളർച്ചയും തൊഴിലാളിവിപ്ലവസമരത്തിന്റെ വിജയവും ഐന്ദ്രജാലികമായി വികസിക്കുമെന്നു കരുതണമെന്നും ഇതിനർത്ഥമില്ല. തീർച്ചയായും ഇതു പാർട്ടിക്കുള്ളിലെ സമരം കാര്യമായി നടത്തലല്ല, നേരേമറിച്ച് ഇതു പാർട്ടിയെ കേവലം പരിഹാസപാത്രമാക്കിത്തീർക്കലാണ്; എത്രയും ഗൌരവമേറിയ ഒരു കാര്യമായ പാർട്ടിക്കുള്ളിലെ സമരത്തെക്കൊണ്ടു കുട്ടിക്കളി കളിക്കുകയാണ്.

താത്വികമായി തെറ്റുചെയ്യുകയും അവസരവാദപരമായ ആശയങ്ങൾ പ്രകടിപ്പിക്കുകയും ചെയ്തതിനുശേഷം ചില സഖാക്കൾ ഗുണദോഷം കൈക്കൊള്ളാതിരിക്കയും, പാർട്ടി വിമർശനത്തെ അവഗണിക്കയും, സ്വന്തം തെറ്റുകളിൽതന്നെ വാശിപിടിച്ചുനില്ക്കുകയും, പാർട്ടിയുടെ നയത്തിനെതിരായി

സമരം ചെയ്യുന്നതിലും പാർട്ടിസമരത്തിലും ഉദ്ധതന്മാരും ദുഃശാഠ്യക്കാരുമായി ത്തീരുകയും ഇരുതലകുത്തുന്ന നിലയെടുക്കുകയും ചെയ്യുകയാണെങ്കിൽ, അവരെ നബന്ധിക്കുകയും, പരസ്യമായി വിമർശിക്കുകയും, സംഘടനാപരമായ ശിക്ഷ ചുമത്തുകയും ചെയ്യേണ്ടതാവശ്യമായിത്തീരും. എന്നാൽ തെററുചെയ്ത സഖാക്കൾ അവരുടെ തെററുകളിൽതന്നെ വാശിപിടിച്ചു നില്ക്കാതിരിക്കുകയും, ചർച്ചയും ഗുണദോഷത്തിനും ശേഷം അവരുടെ തെററുകൾ തിരുത്തുന്നതിനും പഴയ വീക്ഷണഗതികൾ ഉപേക്ഷിക്കുന്നതിനും താല്പര്യം പ്രകടിപ്പിക്കുകയുമാണെങ്കിൽ, അഥവാ അവർ അവരുടെ തെററുകളെക്കുറിച്ചു് ശാന്തമായി ചിന്തിക്കാനും മററു സഖാക്കളുമായി നിഷ്പക്ഷബുദ്ധിയോടെ ചർച്ചചെയ്യുവാനും തുടങ്ങുകയാണെങ്കിൽ, നാം അവരെ എതിർക്കുകയോ ശിക്ഷിക്കുകയോ ചെയ്യരുത്. സ്വയം വിമർശനവും ഉൾപാർട്ടിസമരവും നടത്തുന്നതിൽ കൂടുതൽ വെറുപ്പുകാണിച്ചാൽ കൂടുതൽ നല്ലതാണെന്നോ, കൂടുതൽ സഖാക്കളെ ശിക്ഷിക്കുന്നത് കൂടുതൽ നല്ലതാണെന്നോ, നാം കരുതുന്നില്ല. സ്വയംവിമർശനത്തിൻേറയും ഉൾപ്പാർട്ടിസമരത്തിൻേറയും ഏററവും ഉന്നതമായ ലക്ഷ്യം പാർട്ടിയെ ഫലപ്രദമായി വിദ്യാഭ്യാസം ചെയ്യിക്കയും തെററുചെയ്തവരായ സഖാക്കളെ പഠിപ്പിക്കയും തെററു തിരുത്തുകയും പാർട്ടിയെ ദൃഢീകരിക്കയുമാണ്. സഖാക്കളെ എതിർക്കുന്നതിനുപകരം, സമാധാനപരമായ വാദപ്രതിവാദവും, ഗുണദോഷവും, വിമർശനവും മുഖേന ഈ ഉദ്ദേശം സാധിക്കുമെങ്കിൽ—ഇതു സാദ്ധ്യമാണെങ്കിൽ, തീർച്ചയായും അതു് ഏററവും നല്ലതാണ്. എന്നുവരികിലും, കഴിഞ്ഞ ചില കാലഘട്ടങ്ങളിൽ, സിദ്ധാന്തത്തെ അടിസ്ഥാനമാക്കിയുള്ള അഭിപ്രായവ്യത്യാസങ്ങളുടെ അഭാവത്തിൽനിന്നും ഉടലെടുക്കുന്ന അഭ്യന്തരമായ പാർട്ടിസമാധാനവും ഐക്യവും ആശാസ്യവും ആവശ്യവുമാണെന്നു തുറന്നുപറയുന്ന അഭിപ്രായങ്ങൾ ഒരിക്കലും വളരെ അപൂർവ്വമായേ പ്രകടിപ്പിച്ചുകേട്ടിട്ടുള്ളു. പുറമേയ്ക്കു കിറുക്കന്മാരെന്നു തോന്നുന്ന ചിലരെ സംബന്ധിച്ചിടത്തോളം തത്വത്തിലും നയത്തിലുമുള്ള ഐക്യത്തിൽനിന്നുണ്ടാകുന്നതാണെങ്കിൽകൂടി ഉൾപ്പാർട്ടിസമാധാനം ചീത്തയാണ്; കാര്യമൊന്നുമില്ലാതെ ഉൾപ്പാർട്ടിസരം കരുതിക്കൂട്ടിയുണ്ടാക്കിയാൽ മാത്രമേ നാം 'ബോൾഷെവിക്ക

ക്'ളാവുകയുള്ളു. തീർച്ചയായും ഇത്തരക്കാരായ ആളുകൾ ബോൾഷെവിക്കുകളേ അല്ല, അവർ ഒട്ടുമുക്കാലും എത്രശ്രമിച്ചാലും നന്നാകാത്തവരും 'ബോൾഷെവിക്ക്' എന്ന പേരു തട്ടിയെടുത്ത സ്ഥാനമോഹികളുമാണു്.

മുമ്പു പറഞ്ഞ നാലു നിലപാടുകളും തെററാണെന്നു പറഞ്ഞതിന്നു കാരണമിതാണു്. പാർട്ടിയിലുള്ള തെററുകൾ, കുററങ്ങൾ, അനാശാസ്യസംഗതികൾ ഇവയെ കൈകാര്യം ചെയ്യുന്നതിൽ എന്തു നിലപാടാണു നാം സ്വീകരിക്കേണ്ടതെന്ന ചോദ്യത്തിനു ഇതാണു് ഉത്തരം. വാസ്തവംപറഞ്ഞാൽ, പാർട്ടിക്കുള്ളിലും പുറത്തുമുള്ള ഇരുണ്ടവശങ്ങൾക്കെതിരായ സമരം മുഖേനയാണു് നാം ലോകത്തേയും മാനവസമുദായത്തേയും മാററാൻ നോക്കുന്നതു്, പാർട്ടിയേയും നമ്മെതന്നെയും മാററാൻനോക്കുന്നതു്. പാർട്ടിക്കു വെളിയിലുള്ള വർഗ്ഗസമരത്തിൻെറ പ്രതിഫലനമാണു പാർട്ടിക്കുള്ളിലെ സമരം പാർട്ടിക്കു വെളിയിൽവെച്ചു നടക്കുന്ന വർഗ്ഗസമരം—വിപ്ലവകരമായ ബഹുജനസമര—ത്തിന്നിടക്കു പാർട്ടി സ്വയം ഉരുക്കുപോലുറപ്പിക്കുകയും വളരുകയും ദൃഢീകരിക്കുകയും ചെയ്യുന്നു, അതേസമയംതന്നെ പാർട്ടിക്കുള്ളിലെ സമരത്തിനിടക്കു്, വിപ്ലവപരമായ ബഹുജനസമരത്തെ കൃത്യമായും ശരിയായും ഫലപ്രദമായും നയിക്കാൻവേണ്ട ദൃഢതയും ഐക്യവും നേടുകയും ചെയ്യുന്നു.

അതുകൊണ്ടു് പാർട്ടിക്കകത്തുള്ള തെററുകളും കുററങ്ങളും അനാശാസ്യസംഭവങ്ങളുമുണ്ടാകുന്നതിനോടു ഒരു മിതവാദിത്തനിലപാടെടുക്കുന്നതു്, പാർട്ടിയിൽ താത്വികമായ അഭിപ്രായങ്ങളെ നിഷേധിക്കുന്നതു്, ഉൾപ്പാർട്ടിസമരത്തിൽനിന്നൊഴിഞ്ഞുമാറുന്നതു്, ഉൾപ്പാർട്ടിസമരങ്ങളെ മറച്ചുവെച്ചു് എങ്ങനെയെങ്കിലും കഴിഞ്ഞുകൂടാൻ നോക്കുന്നതു് തീരെ തെററും ശത്രുവിനു സഹായകവുമാണു്. കാരണം അതു വർഗ്ഗസമരത്തിൻെറ മൌലികനിയമത്തിന്നും സമരത്തിലൂടെ ലോകത്തേയും മാനവസമുദായത്തേയും മാററുകയെന്ന നമ്മുടെ മൌലികനിലപാടിനും എതിരാണു്.

പാർട്ടിക്കു പുറമേയുള്ള വർഗ്ഗസമരത്തിൽനിന്നു്—ബഹുജനങ്ങളുടെ വിപ്ലവസമരത്തിൽനിന്നു ഉൾപ്പാർട്ടിസമരത്തെ

വേർതിരിക്കുന്നതു തെററായിരിക്കും. എന്നാൽ ഉൾപ്പാർട്ടിസമരം വെറും പൊള്ളയായ സൊള്ളലായിത്തീരും. കാരണം ബഹുജനങ്ങളുടെ വിപ്ലവസമരത്തിൽനിന്നും സ്വയം വേർപെട്ടുകൊണ്ടു് പാർട്ടിക്കു് ഉരുക്കുപോലെ ഉറയ്ക്കാനാകട്ടെ, വളരാനാകട്ടെ, ഐക്യപ്പെടാനാകട്ടെ സാദ്ധ്യമല്ല.

എന്നാലും കാര്യം മറെറഅററത്തോളം കൊണ്ടുപോകുന്നതും ശരിയല്ല; ശ്രമിച്ചാൽ നന്നാകാനിടയുള്ള സഖാക്കളുടെ തെററുകുററങ്ങളുടെ നേരെ യാന്ത്രീകമായ നിലപാടു സ്വീകരിക്കുന്നതും, കരുതിക്കൂട്ടി ഉൾപ്പാർട്ടിസമരം സൃഷ്ടിക്കുന്നതും ശരിയല്ല—കാരണം അതു പാർട്ടിയെ തുരങ്കംവെയ്ക്കും. നമ്മുടെ പാർട്ടിയെ അക്രമിക്കുന്നതിനു് ശത്രുവിനു അവസരം നല്കും. മാത്രമല്ല, ഇതു പാർട്ടിയുടെ വളർച്ചയുടെ നിയമങ്ങൾക്കു് എതിരുമാണു്. പാർട്ടിയിലുള്ള സത്യസന്ധന്മാരായ സഖാക്കൾ ചില തെററുകൾ ചെയ്തുവെന്ന കാരണത്താൽ ഉടനെ അവരുമായി തെററിപ്പിരിയരുതു്; പിന്നയൊ, കാര്യമായും അനുഭാവത്തോടും അവരെ ഗുണദോഷിക്കയും വിദ്യാഭ്യാസംചെയ്യിക്കയും ഉരുക്കുപോലെ ഉറപ്പിക്കാൻ ശ്രമിക്കയും വേണം. കൂടിയേ തീരൂ എന്ന ഘട്ടത്തിലല്ലാതെ നാം അവരെ പരസ്യമായി എതിർക്കയോ പാർട്ടിയിൽനിന്നു പുറത്താക്കയോ ചെയ്യാൻ പാടുള്ളതല്ല.

ഇപ്പോഴും പാർട്ടിയ്ക്കകത്തു തെററുകളും കുററങ്ങളുമുണ്ടെങ്കിലും, ഒററപ്പെട്ട വ്യക്തികളുടേതായ ചില വൃത്തികേടുകൾ ഇന്നും നമ്മുടെ പാർട്ടിയിൽ നിലവിലുണ്ടെങ്കിലും, തൊഴിലാളിപ്രസ്ഥാനത്തിൻെറ വളർച്ചയിലും ബഹുജനങ്ങളുടെ മഹത്തായ വിപ്ലവസമരത്തിലുംവെച്ചു ഇവയെ നാം നിശ്ചയമായും നശിപ്പിക്കുമെന്നും നമുക്കതിനു കഴിയുമെന്നും പൂർണ്ണമായും വിശ്വസിക്കുന്നവരാണു് നാം. ചൈനീസു് കമ്മ്യൂണിസ്റ്റു്പാർട്ടിയുടെ കഴിഞ്ഞ പത്തുവർഷത്തിന്മേലുള്ള സമരചരിത്രവും, അതിൻെറ ബഹുമുഖമായ മഹത്തായ പുരോഗതിയും, ലോകത്തിലെ എല്ലാ രാജ്യങ്ങളിലേയും തൊഴിലാളിപ്രസ്ഥാനത്തിൻെറ വളർച്ചയുടെ ചരിത്രവും ഇക്കാര്യത്തിൽ നമുക്കു പൂർണ്ണമായ ബോദ്ധ്യംനല്കുന്നുണ്ടു്.

പാർട്ടിയ്ക്കുള്ളിലെ സമരമെന്നത് പാർട്ടിയുടെ വിപ്ലവ സമരത്തിൻെറ അനുപേക്ഷണീയവും കാതല്യമായ ഭാഗമാണ്. അതുകൊണ്ടു നമ്മുടെ സഖാക്കൾ പാർട്ടിയ്ക്കു വെളിയിലുള്ള സമരത്തിനിടയ്ക്കു് ഉരുക്കുപോലെ ഉറപ്പിക്കയും വിദ്യാഭ്യാസം നടത്തുകയും ചെയ്താൽമാത്രം പോരാ, രണ്ടു മുന്നണിയിലുള്ള ഉൾപ്പാർട്ടിസമരത്തിലൂടെയും ഉരുക്കുപോലെ ഉറപ്പിക്കയും വിദ്യാഭ്യാസംചെയ്യുകയും വേണം. എങ്കിലും, ഈ തത്വം ഇനിയും പൂർണ്ണമായി ബോദ്ധ്യപ്പെടാത്തവരും ഈ വിഷയത്തിൽ സ്വയം വിദ്യാഭ്യാസവും ദൃഢീകരണവുമില്ലാത്തവരുമായ സഖാക്കൾ ഇപ്പോഴും കുറച്ചൊന്നുമല്ല. ഈ സംഗതി പാർട്ടിയ്ക്കുള്ളിലെ താത്വികാടിസ്ഥാനമില്ലാത്ത സമരത്തിലും താഴെപ്പറയുന്ന ഉദാഹരണങ്ങളിലും പ്രത്യക്ഷമാകുന്നുണ്ടു്; നമ്മുടെ ചില സഖാക്കൾ, വിശേഷിച്ചും വളരെക്കാലം പട്ടാളത്തിൽ ചേർന്നു സേവനമനുഷ്ഠിച്ചിട്ടുള്ളവർ, എതിർവിപ്ലവത്തിനെതിരായ സമരത്തിൻെറ കാലഘട്ടത്തിൽ ഒരിക്കലും ആടിക്കളിക്കയോ പരാതിപ്പെടുകയോ അധൈര്യപ്പെടുകയോ ചെയ്തിട്ടില്ല. സമരം എത്ര ക്രൂരവും കഠിനവുമായിരുന്നെന്നോ, എത്ര എതിർപ്പുകളും തെററുകളും അനീതികളും അവർ അനുഭവിച്ചിട്ടുണ്ടെന്നോ ഉള്ളതു് അവക്കു് കാര്യമായിരുന്നില്ല. എന്നാൽ ഉൾപ്പാർട്ടിസമരത്തിൽ യാതൊരു വിമർശനവും എതിർപ്പും അനീതികളും ഒരൊററവാക്കുപോലും, അവക്കു സഹിക്കാനാവുന്നില്ല. അല്ലെങ്കിൽ അവർ സംശയാലുക്കളാകുന്നു, മററുള്ളവർ പറയുന്നതെല്ലാം തങ്ങളെപ്പററിയാണെന്നു ധരിക്കുന്നു, അങ്ങനെ അവർ പരാതിപ്പെടാനും ഭഗ്നാശരാകാനും ഇടയാകുന്നു. സഖാക്കളെ, ഇത്തരം സംഭവങ്ങളെ നമുക്കു കാര്യമായി ശ്രദ്ധിക്കാതിക്കാൻ നിവൃത്തിയില്ല.

അവർ എതിർവിപ്ലവത്തിനെതിരായി ഉറച്ചുനിന്നു സമരംചെയ്യുവരായതുകൊണ്ടും പാർട്ടിയെ അവരുടെ പ്രിയപ്പെട്ട മാതാവായി പരിഗണിക്കുന്നതുകൊണ്ടും പൊതുവിൽ നാമവരെ നല്ല സഖാക്കളായെണ്ണേണ്ടതുണ്ടു്. എതിർവിപ്ലവത്തിനെതിരായ പല കഠിനയുദ്ധങ്ങളും നടത്തി, മഹിമയേറിയ സ്വന്തം അമ്മയുടെ മടിയിലേയ്ക്കു തിരിച്ചെത്തിയതിനുശേഷം

അവർ പ്രോത്സാഹനവും ആശ്വാസവും വാത്സല്യവുമാണു പ്രതീക്ഷിക്കുന്നതു്; കൂടുതൽ എതിർപ്പുകളും വിമർശനവും അനീതിയുമല്ല അവർക്കു് അത്തരം പ്രതീക്ഷകളുണ്ടാവുന്നതു സ്വാഭാവികം മാത്രമാണു്. എങ്കിലും, അവർ കണ്ടുക്കാക്കാത്തതോ തികച്ചും കണക്കാക്കാത്തതോ ആയ ഒരു പ്രധാനസംഗതിയുണ്ടു്. പാർട്ടിയിൽ ഇപ്പോഴും പലതരം തെററുകളും കുററങ്ങളുമുള്ളതുകൊണ്ടു് ഉൾപാർട്ടിസമരം നടത്തേണ്ടതാവശ്യമാണു്, അതിൽ ഓരോ സഖാവും പങ്കെടുക്കുകയുംവേണം. ഉൾപാർട്ടിസമരത്തിനിടയിൽ എല്ലാവർക്കും തെററോ ശരിയോആയ വിമർശനങ്ങളും എതിർപ്പുകളും അനീതിയും അധർമ്മവുംപോലും നേരിടുമെന്നതു് അനിവാര്യമത്രേ. ഓരോ സഖാവും ഇതു സഹിച്ചേ മതിയാവൂ. നമ്മുടെ പാർട്ടി അത്ര ഹൃദയശൂന്യമായതുകൊണ്ടല്ല, നേരേമറിച്ചു് വർഗ്ഗസമരത്തിൻെറ കാലഘട്ടത്തിൽ പാർട്ടിയിൽ ഇതൊരു ഒഴിച്ചുകൂടാത്ത സംഭവമായതുകൊണ്ടാണു്. എങ്കിലും, ഈ സഖാക്കൾ ഇക്കാര്യം ധരിക്കുന്നില്ല; അതുകൊണ്ടു് അവർ ഈ കാര്യങ്ങളെ നേരിടുമ്പോൾ, അത്ഭുതപ്പെടുന്നു, അങ്ങേയററം വിഷമമനുഭവിക്കുന്നു, നിരാശരാകുന്നു.

ഇക്കാര്യത്തിൽ, ഞാൻ കരുതുന്നു. നമ്മുടെ സഖാക്കൾ മററു സഖാക്കളുമായി യോജിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം, ആത്മാർത്ഥതയോടും കലവറകൂടാതെയും അവരോടു പെരുമാറണം, യാദൃച്ഛികമായ മുള്ളുവാക്കുകൾകൊണ്ടോ അവരുടെ നേർക്കു മൂർച്ചയേറിയ പരിഹാസങ്ങളെറിഞ്ഞിട്ടോ അവരുടെ വികാരങ്ങളെ നോവിക്കരുതു്, പ്രത്യേകിച്ചും സഖാക്കളെ നിരുത്തരവാദപരമായി പിന്നിൽനിന്നു വിമർശിക്കരുതു്. ഏററവും പിടിവാശിക്കാരും തങ്ങളുടെ തെററുകളിൽ ഉറച്ചുനില്ക്കുകയും പാർട്ടിയിൽ എല്ലാത്തരം കുററങ്ങളും ചെയ്യുകയും ചെയ്യുന്നവരുമായവരെ ഒഴിച്ചാൽ, തെററുചെയ്യുന്ന സഖാക്കളെ പൊതുവിൽ, അവരുടെ സാന്നിദ്ധ്യത്തിലും സഹായകരവും സ്നേഹപൂർവ്വവുമായ രീതിയിലും വ്യക്തമായും ആത്മാർത്ഥമായും നാം ഗുണദോഷിക്കയും വിമർശിക്കയുംവേണം. നാം, വിശിഷ്യ താരതമ്യേന കൂടുതൽ ഉത്തരവാദപ്പെട്ട നമ്മുടെ സഖാക്കൾ പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യമാണിതു്. ഒരു

പഴയ ചൈനീസ് ചൊല്ല് നാം മനസ്സിൽ ധരിക്കുന്നതു കൊള്ളാം: "ഒരു മൂച്ചയുള്ള കത്തികൊണ്ടു് ശരീരം മുറിയുക യാണെങ്കിൽ ആ വ്രണം ഉണങ്ങും, എന്നാൽ കൊള്ളിവാക്കു കളുണ്ടാക്കുന്ന പക ഒരിക്കലും ക്ഷമിക്കപ്പെട്ടുകയില്ല." മറുവശത്തു്, നമ്മുടെ സഖാക്കൾ ഉൾപാർട്ടിസമരത്തിനു തയ്യാറാവുകയും വിമർശനത്തേയും, എതിർപ്പുകളേയും തെററിദ്ധാരണകളേയും അനീതികളേയും സഹിക്കാനൊരുങ്ങുകയുംവേണം; വിശേഷിച്ചും മററുള്ളവർ നടത്തുന്ന നിരുത്തരവാദപരവും തെററുമായ വിമർശനത്തേയും അപവാദത്തേയും കേട്ടു ക്രുദ്ധരാകാതിരിക്കുവാൻ ശ്രദ്ധിക്കണം. പാർട്ടിസംഘടനകളിൽ സഖാക്കൾ തമ്മിൽ നടക്കുന്ന ഔപചാരികമായ പരസ്പരവിമർശനത്തിന്നപ്പുറമേ, നമ്മുടെ ആശയഗതിയും പെരുമാററവും പ്രവർത്തനവും ശരിയായിരിക്കുന്നിടത്തോളം, ആവശ്യമാണെങ്കിൽ, മററുള്ളവരുടെ അബദ്ധധാരണകൾക്കും നിരുത്തരവാദപരമായ വിമർശനത്തിനും മറുപടിയായി ചില വിശദീകരണങ്ങൾ നൽകാം, അത്തരം വിശദീകരണങ്ങൾകൊണ്ടു പ്രയോജനമില്ലെങ്കിൽ മററുള്ളവർ, ഇഷ്ടംപോലെ എന്തും പറഞ്ഞുകൊള്ളട്ടെ എന്നു വിട്ടുന്നതാണു നല്ലതു്. വേറെ രണ്ടു പഴയ ചൈനീസ്ചൊല്ലുകൾകൂടി നമ്മുടെ മനസ്സിലിരിക്കട്ടെ: 'താൻ കേൾക്കാതെ തന്നെപ്പററി മററുള്ളവർ സൊള്ളാതിരിക്കുകയും മററുള്ളവരെക്കുറിച്ചു് സ്വയം സൊള്ളുകയും ചെയ്യാതെ ആരുണ്ടു്?' 'കൊടുങ്കാററിളകുമ്പോൾ, മീൻപിടുത്തത്തോണിയിൽ ശാന്തമായി ഇളകാതിരിക്കുക.' ഒരുതരത്തിലല്ലെങ്കിൽ മറെറാരുതരത്തിൽ തെററിദ്ധരിക്കപ്പെടാത്ത ഒരാളുപോലുമില്ല. ഒരുഭാഗത്തു് ഏതു തെററിദ്ധാരണയും സഹിക്കുന്നതിനു നാം ശക്തരാകണം, താത്വികാടിസ്ഥാനമില്ലാത്ത സമരങ്ങളിൽനാമുൾപ്പെട്ടുകയുമരുതു്; മറുഭാഗത്തു നാം എല്ലായ്പോഴും ജാഗ്രതയായിരിക്കുകയും നമ്മുടെ സ്വന്തം ആശയങ്ങളേയും നടപടികളേയും പരിശോധിക്കയും വേണം.

അതായതു്, നമ്മുടെ യാദൃച്ഛികവാക്കുകൾ നിമിത്തം മററു സഖാക്കളുടെ മനോവികാരങ്ങൾക്കു ക്ഷതമുളവാക്കരുതു്. എന്നാൽ മററുള്ളവർ നമ്മുടെമേൽ വാരിയെറിയുന്ന ഏതു

വാക്കുകളേയും പൊറുക്കുന്നതിനു നാം ശക്തരായിരിക്കയും വേണം.

നാം പാർട്ടിയിൽ താത്വികാടിസ്ഥാനമില്ലാത്ത ചർച്ചകൾക്ക് സമൂലം എതിരാണ്. അവ താത്വികാടിസ്ഥാനമില്ലാത്തവയായതുകൊണ്ടു്, പാർട്ടിക്ക് ഉപദ്രവകരവും പ്രയോജനമില്ലാത്തതുമാണ്. അവ താത്വികാടിസ്ഥാനമില്ലാത്തവയായതുകൊണ്ടുതന്നെ, അവയിൽ നന്മയോ തിന്മയോ, തെറേറാ ശരിയോ ഇല്ല, താത്വികാടിസ്ഥാനമില്ലാത്ത സമരങ്ങളിൽ ആരാണു ശരി, ആരാണു തെററു്, അല്ലെങ്കിൽ ആരാണു നല്ലവൻ, ആരാണു മോശക്കാരൻ എന്നൊന്നും കണ്ടുപിടിക്കാൻ നാമാരും തലകായേണ്ട കാര്യമില്ല, കാരണം, അങ്ങനെ തീർച്ചപ്പെടുത്താൻ സാദ്ധ്യമല്ല, ഇത്തരം താത്വികാടിസ്ഥാനമില്ലാത്ത സമരത്തെ നാം അടിമുടി എതിക്കുന്നു; അതിലേർപ്പെട്ടിരിക്കുന്ന സഖാക്കളോട് അതിൽനിന്നു നിരുപാധികം പിൻവലിക്കുവാനും താത്വികപ്രശ്നങ്ങളിലേയ്ക്കു തിരിയുവാനും ആവശ്യപ്പെടുന്നു. താത്വികാടിസ്ഥാനമില്ലാത്ത തക്കങ്ങളിൽ നാം സ്വീകരിക്കേണ്ട നയമിതാണ്. പാർട്ടി നല്കുന്ന നിരോധനത്തേയും നമ്മുടെ എതിർപ്പിനേയും വകവെയ്ക്കാതെ, താത്വികാടിസ്ഥാനമില്ലാത്ത വാദങ്ങൾ പാർട്ടിയിൽ ഇനിയും ഉണ്ടാവുകയാണെങ്കിൽ, അഥവാ താത്വികമായ സമരങ്ങളിൽ താത്വികാടിസ്ഥാനമില്ലാത്ത അനേകം പ്രശ്നങ്ങളെ വാരിവലിച്ചിടുകയാണെങ്കിൽ, നാമെന്തുചെയ്യണം? താത്വികാടിസ്ഥാനമില്ലാത്ത പ്രശ്നങ്ങൾ നമ്മുടെമേൽ ചെലുത്തുകയും നാമതിൽ കുടുങ്ങിപ്പോവുകയും ചെയ്യുകയാണെങ്കിൽ നാമെന്തുചെയ്യണം? ഇതുപോലുള്ള കാര്യങ്ങളിൽ, നമ്മുടെ ശ്രദ്ധ മുഴവനും താത്വികപ്രശ്നങ്ങളിൽകേന്ദ്രീകരിക്കണം, താത്വികാടിസ്ഥാനമില്ലാത്ത പ്രശ്നങ്ങളെ തള്ളിക്കളയണം, മേല്പറഞ്ഞ നയങ്ങൾക്കനുസരിച്ചു താത്വികാടിസ്ഥാനമില്ലാത്ത പ്രശ്നങ്ങളെ സഗൗരവം നേരിടണം, താത്വികാടിസ്ഥാനമില്ലാത്ത തക്കങ്ങളിൽ കുടുങ്ങിപ്പോകാതെ അവസാനംവരെ നമ്മുടെ നിലപാടിലുറച്ചുനില്ക്കണം. നാം 'തെററി'നെ തെററുകൊണ്ടു് തിരുത്താൻ നോക്കരുത്. മററുള്ളവരുടെ തെററുകളെ എതിക്കാൻ നാം ശരിയുടെ ഭാഗത്തു നീക്കുപോക്കില്ലാതെ ഉറച്ചുനില്ക്ക

ണം. നമ്മുടെ ചില സഖാക്കൾക്ക് ഇതു ചെയ്യാൻ അത്ര എളുപ്പമുള്ളതല്ല. അതുകൊണ്ട് നാം ദൃഢീകരണവും വിദ്യാഭ്യാസവും നടത്തണം.

ഒററവാക്കിൽ പറഞ്ഞാൽ, നമ്മുടെ ആശയപരമായ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം മൗലികമായി പാർട്ടിയോടു കൂറുള്ളവരും നിഷ്കളങ്കരും പുരോഗമനവാദികളുമായ മാതൃകാമെമ്പറന്മാരായും പ്രവർത്തകരായും നമ്മെ ദൃഢപ്പെടുത്തുകയാണ്. അതിനു തഴെപ്പറയുന്ന കാര്യങ്ങൾ നാമനുഷ്ഠിക്കണം.

1. മാർക്സിസം-ലെനിനിസത്തിന്റെ പഠനവും വിപ്ലവപ്രവർത്തനവും മുഖേന നമ്മുടെ പാർട്ടി-വർഗ്ഗനിലപാടിനെ ഉറപ്പിച്ചു കെട്ടിപ്പടുക്കുക.

2. നമ്മുടെ സ്വന്തം ആശയങ്ങളേയും നടപടികളേയും പരിശോധിക്കുകയും തെററായ ആശയങ്ങളെ തിരുത്തുകയും, അതേസമയം ജീവിതത്തേയും ലോകവീക്ഷണത്തേയും ഉറച്ച പാർട്ടിനിലപാടിനേയും സംബന്ധിച്ച കമ്മ്യൂണിസ്റ്റ്തത്വശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ പ്രശ്നങ്ങളേയും മററു സസഖാക്കളേയും വീക്ഷിക്കുകയും ചെയ്യുക.

3. പാർട്ടിയിലുള്ള പലതരം തെററായ ആശയഗതികൾക്കെതിരായി, വിശിഷ്യ അന്നന്നുള്ള വിപ്ലവസമരത്തെ ബാധിക്കുന്ന കാര്യങ്ങളിൽ, സമരത്തിൽ ഒരു ഉചിതമായ നിലപാടും രീതിയും എപ്പോഴും സ്വീകരിക്കുക.

4. ആശയഗതിയിലും സംഭാഷണത്തിലും നടപടിയിലും നാം നമ്മെത്തന്നെ നിഷ്കർഷയായി നിയന്ത്രിക്കുക. ഒരു ഉറച്ച നിലപാടെടുത്തുകൊണ്ടും തത്വത്തിലുറച്ചുനിന്നും അന്നന്നത്തെ വിപ്ലവസമരത്തെ സംബന്ധിക്കുന്ന രാഷ്ട്രീയാശയങ്ങളേയും പ്രസംഗങ്ങളേയും പ്രവർത്തനങ്ങളേയും നാം പ്രത്യേകം നിയന്ത്രിക്കണം. കൂടാതെ പല നിസ്സാരകാര്യങ്ങളിൽപോലും (സ്വകാര്യജീവിതം, നടപടി മുതലായവ) ശ്രദ്ധപതിപ്പിക്കുന്നതു് വളരെ നന്നായിരിക്കും. എന്നാൽ മററു സഖാക്കളെ

സംബന്ധിച്ചിടത്തോളം, താത്വികപ്രശ്നങ്ങളും പ്രധാനമായ രാഷ്ട്രീയപ്രശ്നങ്ങളുമൊഴിച്ച്, അവരുടെ മേൽ ചുമത്തുന്ന നമ്മുടെ നിബന്ധനകൾ അത്ര കഠിനമായിരിക്കരുത്. 'നിസ്സാരകാര്യങ്ങളെ'സംബന്ധിച്ചു കുററം കാണാൻ നാം ശ്രമിക്കരുത്.

സഖാക്കളേ! എൻെറ അഭിപ്രായത്തിൽ, കമ്മ്യൂണിസ്റ്റ് പാർട്ടി മെമ്പറന്മാരുടെ മൗലികമായ ആശയവിദ്യാഭ്യാസമെന്നാൽ ഇതാണ്.

### അനുബന്ധം ഒന്നു്

# മനുഷ്യൻെറ വർഗ്ഗസ്വഭാവം

വർഗ്ഗങ്ങളുള്ള ഒരു സമുദായത്തിൽ മനുഷ്യൻെറ വർഗ്ഗസ്വഭാവമാണു് അവൻെറ പ്രകൃതിയും സത്തും എല്ലാംതന്നെ തീർച്ചപ്പെടുത്തുന്നതു്.

ഒരു ഭിന്നവർഗ്ഗസമുദായത്തിൽ എല്ലാ മനുഷ്യരും ഏതെങ്കിലും പ്രത്യേകവർഗ്ഗത്തിൽപ്പെട്ട മനുഷ്യരായി നിലകൊള്ളുന്നു. അതുകൊണ്ടു്, അവൻെറ വർഗ്ഗനിലയാണു് അവൻെറ സാമൂഹ്യസ്വഭാവം നിർണ്ണയിക്കുന്നതു്. ഒരാളുടെ വർഗ്ഗനില മററൊരാളുടേതിൽനിന്നു ഭിന്നമായതുകൊണ്ടു് അയാളുടെ സാമൂഹ്യസ്വഭാവവും മററൊരാളുടേതിൽനിന്നു ഭിന്നമായിരിക്കും. പണ്ടുകാലത്തു് * മെൻസിയൂസ്സും കോട്സേയും സുൺട്സേയും മററും 'മനുഷ്യപ്രകൃതി നന്മയോ തിന്മയോ' എന്നു യാതൊരു ഫലവുമില്ലാതെ തർക്കിച്ചു. ഇതിനു കാരണം, ഒന്നുകിൽ അവർ മനുഷ്യൻെറ സാമൂഹ്യസ്വഭാവത്തിലുള്ള വർഗ്ഗഭിന്നതകളെ മനസ്സിലാക്കിയില്ല, അല്ലെങ്കിൽ അതിനെ കരുതിക്കൂട്ടി മറച്ചുവെയ്ക്കുവാൻ നോക്കി. ഒരു ഭിന്നവർഗ്ഗസമുദായത്തിൽ നന്മയേയും തിന്മയേയും സംബന്ധിച്ചുള്ള മനുഷ്യരുടെ ആശയങ്ങൾ വിഭിന്നങ്ങളാണു്. ഏതിനെയാണോ ചൂഷകർ നന്മയായി കരുതുന്നതു് അതിനെ ചൂഷിതർ തിന്മയായി കരുതുന്നു, അതുപോലെ മറിച്ചും. സ്വാഭാവികമായി, വർഗ്ഗങ്ങൾ തമ്മിലുള്ള ബന്ധത്തെ കണക്കിലെടുക്കാതെ 'മനുഷ്യസ്വഭാവം നന്മയോ തിന്മയോ' എന്ന പ്രശ്നത്തെപ്പററി

---

* മൂന്നുപേരും ചൗരാജവംശഭരണത്തിൻെറ അവസാനകാലത്തെ പ്രധാന കൺഫ്യൂഷ്യൻപണ്ഡിതന്മാരായിരുന്നു. (1122-255-ക്രി: മു:) മനുഷ്യപ്രകൃതിയെ സംബന്ധിച്ച് ഭിന്നവീക്ഷണഗതിക്കാരായിരുന്നു അവർ. മനുഷ്യപ്രകൃതി മൗലികമായി നല്ലതാണെന്ന അഭിപ്രായക്കാരനായിരുന്നു മെൻസിയൂസ്; അതു തിന്മയാണെന്നു് സുൺട്സേയും; അതു മാറിക്കൊണ്ടിരിക്കുമെന്നു് കോട്സേയും സിദ്ധാന്തിച്ചു.

തക്കിച്ചിട്ട് എവിടേയും എത്തുകയില്ല. അതുപോലെതന്നെ, നാം ഒരു തൊഴിലാളിവർഗ്ഗനിലപാട് സ്വീകരിക്കുന്നില്ലെങ്കിൽ ആളുകളുടെ ഗുണദോഷങ്ങളെ നിർണ്ണയിക്കാൻ സാദ്ധ്യമല്ല; അവരുടെ പാർട്ടിസ്പിരിററിനെപ്പററി വിധിയെഴുതാൻ അത്രപോലും കഴിയില്ല.

ഒരു മനുഷ്യൻെറ വർഗ്ഗസ്വഭാവം നിർണ്ണയിക്കുന്നതു് അവൻെറ വർഗ്ഗനിലയാണ്. അതായതു്, ഒരു നിശ്ചിതജനവിഭാഗത്തിൽപ്പെട്ട ആളുകൾ വളരെക്കാലമായി ഒരു നിശ്ചിതവർഗ്ഗത്തിൻെറ നില, അതായതു് സാമൂഹ്യോല്പാദനത്തിൽ ഒരു പ്രത്യേകനില, വഹിച്ചുവന്നിട്ടുണ്ടെങ്കിൽ, ഒരു നിശ്ചിതരീതിയിൽ വളരെക്കാലം ഉല്പാദിപ്പിക്കുകയും ജീവിക്കുകയും പോരാട്ടുകയും ചെയ്തിട്ടുണ്ടെങ്കിൽ, അവർ അവരുടെ പ്രത്യേക ജീവിതരീതിയും, പ്രത്യേകതാല്പര്യങ്ങളും ആവശ്യങ്ങളും മനശാസ്ത്രങ്ങളും ആശയങ്ങളും ആചാരക്രമങ്ങളും അഭിപ്രായങ്ങളും സ്വഭാവരീതികളും മററു ജനവിഭാഗങ്ങളും വസ്തുക്കളുമായുള്ള ബന്ധങ്ങളും സൃഷ്ടിക്കുന്നതായിരിക്കും. ഇവയെല്ലാം മററു ഗ്രൂപ്പുകൾ സൃഷ്ടിച്ചിട്ടുള്ളവയിൽനിന്നു് വ്യത്യസ്തങ്ങളോ വിപരീതങ്ങളോ ആണ്. ഈ വിധത്തിൽ മനുഷ്യരുടെ സവിശേഷസ്വഭാവലക്ഷണങ്ങൾ, അവരുടെ സവിശേഷവർഗ്ഗസ്വഭാവം, രൂപീകരിക്കപ്പെടുന്നു,

സമുദായത്തിലെ ഭിന്നവർഗ്ഗങ്ങളിൽപ്പെട്ട മനുഷ്യർക്ക് ഭിന്നമായ താല്പര്യങ്ങളും ആവശ്യങ്ങളും ആശയങ്ങളും ആചാരക്രമങ്ങളും ഉള്ളതുപോലെ, അവർക്ക് രാജതന്ത്രം, ധനശാസ്ത്രം, സംസ്കാരം മുതലായ സമുദായത്തിലും ചരിത്രത്തിലുമുള്ള എല്ലാക്കാര്യങ്ങളും വീക്ഷിക്കുന്നതിൽ ഭിന്നമാർഗ്ഗങ്ങളും, അവയുമായി ഇടപെടുന്നതിൽ ഭിന്നനയങ്ങളുമുണ്ട്. ഭരണാധികാരിവർഗ്ഗങ്ങൾ തങ്ങളുടെ താല്പര്യങ്ങൾക്കും ആവശ്യങ്ങൾക്കും അഭിപ്രായങ്ങൾക്കും അനുയോജ്യമായ വിധത്തിൽ നിയമങ്ങളും നടപടിക്രമങ്ങളും നിർമ്മിക്കുന്നു. തൽഫലമായി, സമുദായത്തിലെ രാഷ്ട്രീയവും, സാമ്പത്തികവും, സംസ്കാരികവുമായ വ്യവസ്ഥകളെല്ലാം ഭരണാധികാരിവർഗ്ഗങ്ങളുടെ ആയുധമായിത്തീരുകയും അവയിലെല്ലാം വർഗ്ഗസ്വഭാവം ഇറുകിപ്പിടിക്കുകയും ചെയ്യുന്നുണ്ട്.

നാനാവർഗ്ഗങ്ങളുള്ള ഒരു സമുദായത്തിൽ, മനുഷ്യരുടെ എല്ലാ ആശയങ്ങളിലും വചനങ്ങളിലും പെരുമാററത്തിലും സാമൂഹ്യവ്യവസ്ഥകളിലും സിദ്ധാന്തങ്ങളിലും. ചില വർഗ്ഗങ്ങളുടെ പ്രത്യേകതാല്പര്യങ്ങളേയും ആവശ്യങ്ങളേയും പ്രതിനിധീകരിക്കുന്ന ഒരു വർഗ്ഗസ്വഭാവത്തിൻെറ മുദ്ര പതിഞ്ഞിട്ടുണ്ടാവും. മനുഷ്യരുടെ വ്യത്യസ്ഥങ്ങളായ ആവശ്യങ്ങളിൽനിന്നും സിദ്ധാന്തങ്ങളിൽനിന്നും ആശയങ്ങളിൽനിന്നും വചനങ്ങളിൽനിന്നും പെരുമാററത്തിൽനിന്നും അവരുടെ വ്യത്യസ്തമായ വർഗ്ഗസ്വഭാവം കണ്ടുപിടിക്കാൻ കഴിയും.

ഉദാഹരണത്തിന്, സ്വാഭാവികകാർഷികസാമ്പത്തിക വ്യവസ്ഥയുടേയും കൈത്തൊഴിൽവ്യവസായത്തിൻേറയും ഉല്പാദനരീതിയാണ നാട്ടുവാഴിസമുദായത്തിൻെറ അടിസ്ഥാനം. അത്തരം ഉല്പാദനത്തിൽ നാട്ടുവാഴിപ്രഭുക്കൾ കൃഷകരുടെ മിച്ചമായ അദ്ധ്വാനത്തെ ചൂഷണം ചെയ്യാൻ കഴിയുന്ന നിലയിലാണ്. അവർ ഒട്ടുംതന്നെ അദ്ധ്വാനിക്കാതെ, പാട്ടത്തേയും ജന്മിഭോഗത്തേയും, ആശ്രയിച്ചു ജീവിക്കുന്നു അതുകൊണ്ട് അവർ കൂടുതൽ ഭൂമികയ്യടക്കാനും സ്ഥിരമായി കൈവശം വെയ്ക്കാനും ആഗ്രഹിക്കുന്നു. കൃഷിക്കാർ കൂടുതൽ പാട്ടമടയ്ക്കണമെന്നും പ്രതിഫലംകൂടാതെ വേറേയും സേവനങ്ങൾ അനുഷ്ടിക്കണമെന്നും അവർ കല്പിക്കുന്നു, കൃഷിക്കാരെ ചവിട്ടിയമർത്താനും ചൂഷണംചെയ്യാനുമുള്ള തങ്ങളുടെ അവകാശം ന്യായമാണെന്നു അംഗീകരിക്കാൻ അവർ ആവശ്യപ്പെടുന്നു —ഇതാണ് അവരുടെ നാട്ടുവാഴിസ്വഭാവവും മററുള്ളവരെ വിഴുങ്ങുന്ന സമ്പ്രദായവും ധൂർത്തും അലസതയും ക്രൂരതയും ആഭിജാത്യവും സൃഷ്ടിക്കുന്നതു്.

ആധുനിക വ്യവസായത്തിലെ യന്ത്രമുപയോഗിച്ചുള്ള ഉല്പാദനരീതിയാണ മുതലാളിത്തസമുദായത്തിൻെറ അടിസ്ഥാനം. അത്തരം ഉല്പാദനത്തിൽ മുതലാളിവർഗ്ഗം തൊഴിലാളിവർഗ്ഗത്തിൻെറ മിച്ചമായ അദ്ധ്വാനത്തെ ചൂഷണംചെയ്യുന്നതിന് ഉല്പാദനോപകരണങ്ങളുടേയും എല്ലാ ഉല്പന്നങ്ങളുടേയും ഉടമയാണ്. അവരുടെ ഉപജീവനമാർഗ്ഗം തൊഴിലാളികൾ നിർമ്മിക്കുന്ന മിച്ചവിലയെ ആശ്രയിച്ചിരിക്കുന്നു. അങ്ങനെയിരിക്കെ, അവർ ചരക്കുകളുടേയും അദ്ധ്വാനശ

ക്തിയുടേയും സ്വാതന്ത്ര്യമായ ക്രയവിക്രയവും സ്വാതന്ത്ര്യമത്സരവും ആഗ്രഹിക്കുന്നു. തങ്ങളുടെ എതിരാളികളെ ഇല്ലായ്മവരുത്തുന്നതിനും തങ്ങൾക്കുമാത്രമായി സാമ്പത്തികവും രാഷ്ട്രീയവുമായ കുത്തക സ്ഥാപിക്കുന്നതിനുംവേണ്ടി അവർ സാമ്പത്തികമാർഗ്ഗങ്ങൾ ഉപയോഗിക്കുന്നു. അവർ തങ്ങളുടെ സ്വകാര്യസ്വത്തു് അലംഘനീയമാണെന്നവകാശപ്പെട്ടുകയും തൊഴിലാളികൾ അളവിലും (കൂടുതൽ ജോലിസമയവും കൂടുതൽ വേഗവും) ഗുണത്തിലും (കൂടുതൽ നല്ലതും പരിചയം നേടിയതുമായ വൈദഗ്ധ്യം) കൂടുതൽ അദ്ധ്വാനമിച്ചം തങ്ങൾക്കു നൽകണമെന്നു് ആവശ്യപ്പെട്ടുകയും ചെയ്യുന്നു. തങ്ങൾക്കു ധനികരായിത്തീരുവാനും, സമുദായത്തിൻെറ സമ്പത്തു കുത്തകയാക്കുവാനുമുള്ള അവകാശം ന്യായമാണെന്നുതൊഴിലാളികളംഗീകരിക്കണമെന്നു് അവരാവശ്യപ്പെട്ടുന്നു. അങ്ങനെ കിടമത്സരം, കുത്തകാധികാരം ധൂർത്തു്, തങ്ങളുടെ സംഘടനയുടെ കേന്ദ്രീകൃതവും യാന്ത്രികവുമായ സ്വഭാവം മുതലായ അവരുടെ സ്വഭാവങ്ങളുണ്ടാകുന്നു. ഈവിധമാണു് മുതലാളിവർഗ്ഗത്തിൻെറ സ്വഭാവലക്ഷണങ്ങൾ.

കൃഷിക്കാരുടെ കാര്യമെട്ടുക്കുക, കൃഷിക്കാർ ദീർഘകാലമായി ഭൂമിയുമായി ബന്ധിക്കപ്പെട്ടവരാണു്; ചിന്നിച്ചിതറിക്കിടക്കുന്നതും, സ്വാതന്ത്ര്യവും, ലളിതവും സ്വയംസമ്പൂർണ്ണവും പരസ്പരസഹകരണം കുറഞ്ഞതുമായരൂപത്തിലുള്ള ഉല്പാദനത്തിലേർപ്പെട്ടിട്ടുള്ളവരാണു്. അവരുടെ ജീവിതരീതി ലളിതവും വ്യക്തിപരവുമാണു്. അവർ പാട്ടത്തിൻേറയും കൂലിയില്ലാത്ത സേവനങ്ങളുടേയും ഭാരം ചുമക്കുന്നു ഇങ്ങനെ, അവരുടെ അയഞ്ഞുകുഴഞ്ഞ ജീവിതരീതികൾ യഥാസ്ഥിതികത്വം, സങ്കുചിതമനഃസ്ഥിതി, പിന്നോക്കനില, സ്വകാര്യഉടമകളുടെ വീക്ഷണഗതി, നാട്ടുവാഴിപ്രഭുക്കൾക്കെതിരായ കലാപം, രാഷ്ട്രീയസമത്വം വേണമെന്ന ആവശ്യം മുതലായവസ്തുകളൊരുക്കുന്നു. ഈവിധമാണു് കർഷകവർഗ്ഗത്തിൻെറ സ്വഭാവലക്ഷണങ്ങൾ.

തൊഴിലാളിവർഗ്ഗം, അതിസൂക്ഷ്മമായ തൊഴിൽവിഭജനത്തോട്ടുകൂടി ഉല്പാദനം നടത്തിക്കൊണ്ടിരിക്കുന്ന വൻകിടവ്യവസായങ്ങളിലൊന്നാണു കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നതു്; അവരുടെ എല്ലാ പ്രവർത്തനങ്ങളേയും യന്ത്രങ്ങളും പരസ്പരാശ്ര

യവും നിയന്ത്രിക്കുന്നു; തങ്ങളുടെ അദ്ധ്വാനശക്തി വില്ക്കുന്നവരും യാതൊരു ഉല്പാദനോപകരണങ്ങളും കൈവശമില്ലാത്തവരുമായ കൂലിവേലക്കാരാണവർ; ജീവിതോപായമായി കൂലിയെയാണു് അവർ ആശ്രയിക്കുന്നതു്; അവരുടെ അടിസ്ഥാനതാല്പര്യങ്ങൾ അദ്ധ്വാനിക്കുന്ന മററു ജനവിഭാഗങ്ങളുടെ താല്പര്യങ്ങൾക്കെതിരല്ല. അതുകൊണ്ടു് അവരുടെ വമ്പിച്ച ഐക്യം, അന്യോന്യസഹകരണം, സംഘടനാബോധം, അച്ചടക്കബോധം, പുരോഗമനപരമായ വീക്ഷണം പൊതുവുടമ വേണമെന്ന ആവശ്യം, എല്ലാ ചൂഷകന്മാർക്കുമെതിരായ കലാപം, സമരധീരത, പിടിവാശി മുതലായ ഗുണങ്ങൾക്കു് അടിസ്ഥാനം സൃഷ്ടിക്കപ്പെടുന്നു. ഈവിധമാണു് തൊഴിലാളിവർഗ്ഗത്തിൻെറ സ്വഭാവലക്ഷണങ്ങൾ

എല്ലാ ചൂഷകവർഗ്ഗങ്ങളും ചൂഷിതരെ വഞ്ചിക്കുന്നു, കൊള്ളയടിക്കുന്നു; ചൂഷിതരുല്പാദിപ്പിക്കുന്ന മിച്ചവിഭവങ്ങൾക്കോ മിച്ചവിലക്കോവേണ്ടി തമ്മിൽതമ്മിൽ പോരടിക്കുകയും ചെയ്യുന്നു; അങ്ങനെ വഞ്ചന, മനുഷ്യദ്രോഹം, പരസ്പരം കൊള്ളചെയ്യൽ മുതലായ അവരുടെ ഗുണങ്ങളുത്ഭവിക്കുന്നു. ചരിത്രത്തിലെ പല യുദ്ധങ്ങളും ചൂഷിതരുണ്ടാക്കുന്ന മിച്ചവിഭവങ്ങളും മിച്ചവിലയും പിടിച്ചടക്കി പങ്കിടുന്നതിൻെറ പേരിൽ ചൂഷകവർഗ്ഗങ്ങൾ തമ്മിൽതമ്മിൽ കലഹിച്ചതുമൂലം ഉണ്ടായിട്ടുള്ളതാണു്.

എല്ലാ ചൂഷകന്മാർക്കും പൊതുവായ ഒരു വിശേഷത, മററു ജനങ്ങളുടെ കഷ്ടതകളിന്മേലാണു് തങ്ങളുടെ സൗഖ്യം അവർ കെട്ടിപ്പടുക്കുന്നതെന്നാണു്. ഒരു വ്യക്തിക്കോ ചെറിയ ഒരുകൂട്ടം ആളുകൾക്കോ പ്രത്യേകാവകാശങ്ങളും സൗഭാഗ്യങ്ങളും ഉണ്ടാക്കാൻവേണ്ടി മുഴുവൻ മനുഷ്യസമുദായത്തിൻേറയും അല്ലെങ്കിൽ ബഹുഭൂരിപക്ഷം ജനങ്ങളുടേയും സൗഖ്യത്തെ ബലിയർപ്പിക്കുക, അവരെ വിശപ്പിനും തണുപ്പിനും അവമാനത്തിനും വിധേയരാക്കുക—ഈവിധമാണു് എല്ലാ ചൂഷകരുടെയും 'ഉൽകൃഷ്ടസ്വഭാവത്തിൻെറ', 'മഹത്വത്തിൻെറ', 'മാന്യത'യുടെ അടിത്തറ.

തൊഴിലാളിവർഗ്ഗത്തിൻേറയും കമ്മ്യൂണിസ്റ്റുകാരുടേയും കാര്യം നേരേമറിച്ചാണ്. തങ്ങളുടെ സൗഖ്യത്തെ മററെല്ലാവരുമായി പങ്കിട്ടുകയെന്ന അടിസ്ഥാനത്തിന്മേൽ കെട്ടിപ്പടുക്കുവാൻ അവർ ആഗ്രഹിക്കുന്നു. അദ്ധ്വാനിക്കുന്ന വിസ്തൃതനവിഭാഗത്തിൻേറയും എല്ലാ മനുഷ്യരാശിയുടേയും മോചനത്തിനുവേണ്ടിയുള്ള സമരത്തിൽ അവർ തങ്ങളെത്തന്നെ മോചിപ്പിക്കുവാനും ചുരുക്കം ചിലൎക്കുമാത്രമായ പ്രത്യേകാവശ്യങ്ങളെ നിശ്ശേഷം നീക്കുവാനും നോക്കുന്നു. ഇങ്ങിനെയാണ്, കമ്മ്യൂണിസ്റ്റ്കാരുടേതായ ഉൽകൃഷ്ടസ്വഭാവത്തിൻേറയും മഹത്വത്തിൻേറയും, മാന്യതയുടേയും ധാൎമ്മികബോധത്തിൻേറയും, അടിത്തറ.

ഒരു ഭിന്നവൎഗ്ഗസമുദായത്തിലെ ജനങ്ങളുടെ വിവിധലക്ഷണങ്ങൾ ഇങ്ങനെയെല്ലാമാണ്. ഈ വൎഗ്ഗലക്ഷണങ്ങൾ, ദീർഘകാലമായി ഉല്പാദനത്തിൽ മനുഷ്യരെടുക്കുന്ന പ്രത്യേകനിലയുടേയും, അവരുടെ പ്രത്യേകമായ ഉല്പാദനബന്ധങ്ങളുടേയും, പ്രത്യേകജീവിതരീതിയുടേയും ഫലമായി ക്രമേണ രൂപമെടുത്തതാണ്. അവ മനുഷ്യരുടെ ഒരുതരം പ്രകൃതിയായിത്തീരുന്നു. ഈ പ്രകൃതി സ്വഭാവത്തിൽ സാമൂഹ്യമാണ്,

മനുഷ്യരുടെ ഇത്തരം വർഗ്ഗലക്ഷണങ്ങളുടെ ഏററവുമുയൎന്ന രൂപമാണ് പാൎട്ടിസ്പിരിററ്. അതുകൊണ്ട് മനുഷ്യൎക്കു പലതരത്തിലുള്ള പാൎട്ടിസ്പിരിററുകളുണ്ട്. നാടുവാഴിവർഗ്ഗത്തിൻെറ, മുതലാളിവർഗ്ഗത്തിൻെറ, തൊഴിലാളിവർഗ്ഗത്തിൻെറ—ഓരോരുത്തരുടേയും പാൎട്ടിസ്പിരിററ്.

ഒരു കമ്മ്യൂണിസ്റ്റ്കാരൻെറ പാൎട്ടിസ്പിരിററ് തൊഴിലാളിവൎഗ്ഗത്തിൻെറ വർഗ്ഗസ്വഭാവം, പൊരുള്, താല്പൎയ്യങ്ങൾ എന്നിവയുടെയെല്ലാം ഏററവും ഉയൎന്ന രൂപമാണ്. ഒരു കമ്മ്യൂണിസ്റ്റ്കാരനെ പാൎട്ടിസ്പിരിററിൽ ഉറപ്പിക്കുകയും വളൎത്തുകയും ചെയ്യുകയെന്നതു് അയാളുടെ ആന്തരസത്തയെത്തന്നെ വീണ്ടും വാൎത്തെടുക്കുകയാണ്.

കമ്മ്യൂണിസ്റ്റ്പാൎട്ടി, തൊഴിലാളിവർഗ്ഗത്തിൻെറ മഹത്തും പുരോഗമനപരവുമായ അനേകം സ്വഭാവലക്ഷണങ്ങളെ ഏററവും ഉയൎന്ന നിലവാരത്തിലേയ്ക്കു വികസിപ്പിക്കേ

ണ്ടതാണ്. ഓരോ കമ്മ്യൂണിസ്റ്റ്കാരനും ഈ സ്വഭാവലക്ഷ ണങ്ങൾക്കനുസരിച്ച് തന്നത്താൻ പുതുതായി രൂപപ്പെടുത്തു കയും ഈ സർവ്വോൽകൃഷ്ടമായ സ്വഭാവലക്ഷണങ്ങൾ ഉൾ ക്കൊള്ളുകയും വേണം, ഇതാണ് ആത്മസത്തയെത്തന്നെ വീ ണ്ടും വാർത്തെടുക്കുകയെന്നു പറഞ്ഞാൽ. വ്യവസായത്തൊഴി ലാളികളുടെ അണികളിൽനിന്നു വരാത്ത എല്ലാ പാർട്ടിമെമ്പ റന്മാരും തൊഴിലാളിവർഗ്ഗത്തിന്റേതല്ലാത്ത സ്വഭാവലക്ഷ ണങ്ങൾ ഉൾക്കൊള്ളുന്നവരാണ്; അതുകൊണ്ടുതന്നെ പ്രത്യേ കിച്ചും അവരെ വീണ്ടും വാർത്തെടുക്കേണ്ടതായിട്ടുണ്ട്.

തൊഴിലാളിവർഗ്ഗത്തിന്റെ ഈ സ്വഭാവലക്ഷണങ്ങൾ മാററാൻ വയ്യാത്തവയല്ല. തൊഴിലാളിവർഗ്ഗത്തിന്റെ ഉത്ഭ വത്തിനും വളർച്ചയ്ക്കുമിടയ്ക്കാണ് അതിന്റെ ഈ സ്വഭാവല ക്ഷണങ്ങൾ രൂപം പ്രാപിച്ചതും വളർന്നതും, അവസാനമായി മാർക്സിസം-ലെനിനിസത്തെ സൃഷ്ടിച്ചതും. ഭാവിയിലെ സോ ഷ്യലിസ്റ്റ്പരിണാമഘട്ടത്തിലും, സോഷ്യലിസം കമ്മ്യൂണി സത്തിലേയ്ക്കു കടക്കുന്ന കാലഘട്ടത്തിലും, തൊഴിലാളിവർഗ്ഗം സമുദായത്തേയും മനുഷ്യരാശിയുടെ ആത്മസത്തയേയും അ തേസമയം സ്വന്തം സത്തയേയും സ്വഭാവങ്ങളേയും തുടർച്ചയാ യി മാററിത്തീർക്കും. കമ്മ്യൂണിസ്റ്റ്സമുദായത്തിൽ മനുഷ്യർത മ്മിലുള്ള വർഗ്ഗവ്യത്യാസങ്ങളും അതുപോലെ മനുഷ്യരുടെ വർഗ്ഗസ്വഭാവലക്ഷണങ്ങളും നശിച്ചുപോകുന്നതാണ്. അ തിനുശേഷം മനുഷ്യസമുദായത്തിന്റെ പൊതുസ്വഭാവം, അ തായതു് പൊതുവായ മനുഷ്യപ്രകൃതി രൂപമെടുക്കും. മനു ഷ്യസമുദായത്തിന്റേതന്നെ ആത്മസത്ത പുതുതായി വാ ർത്തെടുക്കപ്പെടുന്നതിന്റെ വളർച്ചയിങ്ങനെയാണ്.

പക്ഷേ, ലോകചരിത്രത്തിൽ കമ്മ്യൂണിസ്റ്റ്കാരും മാർ ക്സിസ്റ്റുകാരും മാത്രമാണ്, തങ്ങളുടെയെന്നപോലെ മററെ ല്ലാ ജനങ്ങളുടേയും എല്ലാ ചരിത്രപരവും സാമൂഹ്യവുമായ സംഗതികളുടേയും വർഗ്ഗസ്വഭാവവും പാർട്ടിസ്പിരിററും അംഗീ കരിക്കുന്നതു്. തൊഴിലാളിവർഗ്ഗത്തിന്റെ പ്രത്യേകമായ വ ർഗ്ഗനില ഈ സത്യത്തെ പരസ്യമായി പ്രഖ്യാപിക്കുന്നതി നും അംഗീകരിക്കുന്നതിനും കമ്മ്യൂണിസ്റ്റ്കാരെ ശക്തരാക്കു ന്നുവെന്നതാണ് ഇതിനു കാരണം. ഈ സത്യപ്രഖ്യാപനം

തൊഴിലാളിവർഗ്ഗത്തിനു യാതൊരു ഹാനിയുമുണ്ടാകുന്നില്ല, നേരേമറിച്ചു് അതു ചൂഷക വർഗ്ഗങ്ങൾക്കു കാര്യമായൊരടി കൊടുക്കുന്നു; കാരണം, അവരുടെ വഞ്ചനയെ തുറന്നുകാണിക്കുകയും ചുരുക്കം ചിലരുടെ താല്പര്യങ്ങൾ സംരക്ഷിക്കുവാൻ അവർക്കു കൂടുതൽ വിഷമമുണ്ടാക്കുകയും ചെയ്യുന്ന ഒന്നാണതു്. മററു യാതൊരു പാർട്ടിയും വർഗ്ഗവുംതന്നെ തങ്ങളുടെ പാർട്ടിബോധവും വർഗ്ഗസ്വഭാവവും സമ്മതിക്കുന്നില്ല, അവർ പാർട്ടിക്കുപരിയായും വർഗ്ഗത്തിനുപരിയായും സ്വയം ചിത്രീകരിക്കുവാൻ ശ്രമിക്കുന്നു. വാസ്തവത്തിൽ, 'പാർട്ടിക്കുപരി', 'വർഗ്ഗത്തിനുപരി' തുടങ്ങിയ അസംബന്ധത്തിനു പിന്നിൽ ചൂഷക വർഗ്ഗങ്ങളുടെ സ്ഥാപിതതാല്പര്യങ്ങൾ ഒളിഞ്ഞുകിടക്കുന്നുണ്ടു്. ചൂഷിതജനങ്ങളുടെ മുമ്പിൽ അവർ തങ്ങളുടെ പാർട്ടിബോധവും വർഗ്ഗസ്വഭാവവും സമ്മതിക്കുവാൻ ധൈര്യപ്പെടുന്നില്ല. തങ്ങളുടെ വ്യാമോഹങ്ങളും അജ്ഞതയും കാരണം പെററിബൂർഷ്വാസി 'കക്ഷിക്കുപരി, വർഗ്ഗത്തിനുപരി' ഇത്യാദി വഞ്ചനയെ സ്വീകരിക്കുന്നുണ്ടു്.

വ്യാമോഹങ്ങളിൽ മുഴുകിക്കഴിയുകയും കാര്യമായ പ്രവർത്തനത്തേയും സമരത്തേയും ഭയപ്പെടുകയുമെന്നതാണു് പെററിബൂർഷ്വാസിയുടെ സ്വഭാവവിശേഷം.

KRK
5365

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. 320·532 Acc. No 11135

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 6 MAY 1983 | 20 OCT 2001 | |
| 8 JUN 1983 | 29 FEB 2008 | |
| 11 OCT 1984 | 11 OCT 2011 | |
| 17 NOV 1984 | | |
| 17 OCT 1985 | | |
| 8 MAY 1987 | | |
| 19 MAR 1988 | | |
| 24 SEP 1988 | | |
| 25 OCT 1988 | | |
| 2 NOV 1989 | | |
| 27 AUG 1997 | | |

CL. No. 320·532 Acc. No. 11135

AUTHOR വോച്ചി, ല്യൂഷാ

TITLE എങ്ങനെ നല്ല കമ്മ്യൂണി സ്റ്റാകാം

11135

320·532

വോച്ചി, ല്യൂഷാ

എങ്ങനെ നല്ല കമ്മ്യൂണിസ്റ്റാകാം

KOTTAYAM PUBLIC LIBRARY

Call No. 320.532 Acc. No. 11135

Author ബോച്ചി, ലക്ഷ്മി

Title ഞങ്ങളെ നല്ല കമ്മ്യൂണിസ്റ്റാക്കൂ

Indic Digital Archive Foundation

gpura.org